

ഇ. ഹരികുമാർ

# വെള്ളിത്തിരയിലെന്ന പോലെ

# ഇ. ഹരികുമാർ

## അമ്പതു വർഷത്തെ സാഹിത്യജീവിതം



Vellithirayilennapole
**വെള്ളിത്തിരയിലെന്നപോലെ**
(collection of short stories in Malayalam)
Author: E. Harikumar

Electronic version published in 2013
This book is meant for distribution among research organisations
absolutely free of cost.

Address: E. Harikumar
5B, Avenue Crest Apartments
Avenue Road, Mundupalam
Kuriachira P.O.
Thrissur 680 006
Phone: (0487) 2251779
E-Mail: e.harikumar.novelist@gmail.com
Web: www.e-harikumar.com

Copyright © 2013 by E. Harikumar

© Copyright of the sketches, monograms, logo and other materials used in this story to create pages as they appeared in the periodicals, belongs to the respective publishers of periodicals and/or artists.

*cover design based on sketch by artist ajayan*
*for the story oru chocolate viplavam published*
*in malayala manorama annual issue*

## ഇ. ഹരികുമാർ

1943 ജൂലൈ 13 ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി.എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ്. ഭാര്യ: ശുഭ. കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചുവന്നു. 1962 തൊട്ട് ചെറുകഥകളെഴുതിത്തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72ൽ പ്രസിദ്ധപ്പെടുത്തി. 15 കഥാസമാഹാരങ്ങളും 9 നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**പുരസ്കാരങ്ങൾ:**

1988 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദിനോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.

1997 ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.

1998 ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.

2006 ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.

2012 ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ കാസറ്റ് റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തക പ്രസിദ്ധീകരണം എന്നിവയിലേർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

**കൃതികൾ:**

**ചെറുകഥാസമാഹാരങ്ങൾ:**

കൂറകൾ, വൃഷഭത്തിന്റെ കണ്ണ്, കുങ്കുമം വിതറിയ വഴികൾ, ദിനോസറിന്റെ കുട്ടി, കാനഡയിൽ നിന്നൊരു രാജകുമാരി, ശ്രീപാർവ്വതിയുടെ പാദം, സൂക്ഷിച്ചുവച്ച മയിൽപ്പീലി, പച്ചപ്പയ്യിനെ പിടിക്കാൻ, ദൂരെ ഒരു നഗരത്തിൽ, കറുത്ത തമ്പ്രാട്ടി, അനിതയുടെ വീട്, ഇളവെയിലിന്റെ സാന്ത്വനം (കഥകൾ 1966-1996), നഗരവാസിയായ ഒരു കുട്ടി, എന്റെ സ്ത്രീകൾ (സ്ത്രീപക്ഷ കഥകൾ), വെള്ളിത്തിരയിലെന്നപോലെ.

**നോവലുകൾ:**

ഉറങ്ങുന്ന സർപ്പങ്ങൾ + ശാപശില, ആസക്തിയുടെ അഗ്നിനാളങ്ങൾ, ഒരു കുടുംബപുരാണം, എഞ്ചിൻഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി, അയനങ്ങൾ, തടാകതീരത്ത്, കൊച്ചമ്പ്രാട്ടി, പ്രണയത്തിനൊരു സോഫ്റ്റ്‌വെയർ, അറിയാത്തലങ്ങളിലേയ്ക്ക്.

**ഓർമ്മകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ:**

നീ എവിടെയാണെങ്കിലും.

ഈ ഓർമ്മകൾ മരിക്കാതിരിക്കട്ടെ.

**വിലാസം:** 5-ബി, അവന്യു ക്രെസ്റ്റ് അപാർട്മെന്റ്സ്
അവന്യു റോഡ്, മുണ്ടുപാലം
കുരിയച്ചിറ (പി.ഒ.)
തൃശ്ശൂർ 680 006
ഫോൺ: 091-0487-2251779

**ഇ-മെയിൽ:** harikumar_e@yahoo.com,
e.harikumar.novelist@gmail.com

**website:** www.e-harikumar.com

# കഥകൾ


അവതാരിക

വെള്ളിത്തിരയിലെന്നപോലെ

ലാവണ്യ

കേളൻ

ഒരു ചോക്കളേറ്റ് വിപ്ലവം

കാലത്തിന്റെ അടയാത്ത വാതിലുകൾ

സ്ത്രീ, അവസാന രംഗത്തിൽ മാത്രം
പ്രവേശിക്കുന്ന കഥാപാത്രം.

ഒരു സന്തുഷ്ട കുടുംബം

ശ്രീപാർവ്വതി

ഇനിയും മടുത്തിട്ടില്ലാത്ത ഒരു സമകാലീന കഥ

ദൈവത്തിന്റെ സ്വപ്നങ്ങൾ

അമ്മേ അവര് നമ്മടെ ആകാശം കട്ടെടുത്തു

കുറേ ചിത്രങ്ങളുള്ള ഒരു രാത്രി, അതിൽ
ഒരു ചെറുപ്പക്കാരനും ചെറുപ്പക്കാരിയും

ഈ നിരത്തിൽ താവളങ്ങളില്ല

ഒരു  നാലു വയസ്സുകാരന്റെ പ്രശ്നങ്ങൾ

## അവതാരിക
## ‘വെള്ളിത്തിരയിലെന്നപോലെ’
### ഇ. ഹരികുമാർ

യന്ത്രവത്കരണം സ്ത്രീകളെയാണ് കൂടുതൽ ബാധിക്കുന്നത്. ഇതിനെപ്പറ്റി ഞാൻ നേരത്തെ ഒരു കഥയെഴുതിയിരുന്നു. ‘ഒരു ദിവസത്തിന്റെ മരണം’. അതിൽ മുംബൈയിലെ ഫാക്ടറികളിലെ യന്ത്രവത്കരണമാണ് കാണിച്ചിരിക്കുന്നത്. മറിച്ച് നമ്മുടെ നാട്ടിൽ യന്ത്രവത്കരണം ഉണ്ടാകുന്നത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിലാണ്. ഒരു കാലത്ത് ക്ഷീണിച്ചതെങ്കിലും സന്തോഷത്തോടെ ചിരിക്കുന്ന മുഖവുമായി ബഹളം വച്ച് കെട്ടിടം പണിയിലേർപ്പെട്ടിരുന്ന സ്ത്രീകൾ ഇപ്പോൾ എവിടെ?

നമ്മുടെ നാട്ടിൽ ജോലി നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാനുള്ള ഒരു പദ്ധതിയും നടപ്പിലാക്കുന്നില്ല. അതിന്റെയെല്ലാം ഫലം വളരെ തിക്തമാണ്. ഈ സമാഹാരത്തിലെ രണ്ടു കഥകളുടെ വിഷയം ജോലി നഷ്ടപ്പെടുന്ന സ്ത്രീകളാണ്; അവരെ ഒരു വിധത്തിലും സഹായിക്കാത്ത ഭർത്താക്കന്മാരും.

‘സ്ത്രീ അവസാന രംഗത്തിൽ മാത്രം പ്രവേശിക്കുന്ന കഥാപാത്രം’, ‘അമ്മേ അവര് നമ്മടെ ആകാശം കട്ടെടുത്തു’ എന്നീ കഥകൾ സ്വയം സംസാരിക്കുന്നു. ആദ്യത്തെ കഥയിൽ ഒരു മാധ്യമപ്രവർത്തക കെട്ടിടം പണിയിൽ ഏർപ്പെട്ടിരിയ്ക്കുന്ന സ്ത്രീകളെപ്പറ്റി ഒരു സ്റ്റോറിയുണ്ടാക്കാൻ ഇറങ്ങിത്തിരിച്ചതായിരുന്നു. അവസാനം അവൾക്ക് സ്ത്രീകളെ കാണാൻ പറ്റിയത് കെട്ടിടം പണിയിലല്ല, മറിച്ച് തീരെ പ്രതീക്ഷിക്കാത്ത പരിസരങ്ങളിലാണെന്നത് ഞെട്ടിക്കുന്നതായിരുന്നു. രണ്ടാമത്തെ കഥയാകട്ടെ വിശദാംശങ്ങളിലേയ്ക്കു കടക്കുന്നു, അതുകൊണ്ടുതന്നെ കൂടുതൽ ഹൃദയസ്പർശിയുമാകുന്നു. ആദ്യത്തെ കഥയിൽ ഒരു പത്രപ്രവർത്തകയുടെ കണ്ണിൽക്കൂടിയാണ് കഥ പുരോഗമിക്കുന്നത്, മറിച്ച് രണ്ടാമത്തെ കഥ ജോലി നഷ്ടപ്പെടുന്ന ഒരു സ്ത്രീയുടെ ജീവിതത്തിന്റെ ഒരു പരിച്ഛേദം തന്നെയാണ്. ഭർത്താവ് അവളെ കൊള്ള ചെയ്യുന്നതിനു പകരം കുറച്ചെങ്കിലും സഹായിച്ചിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്ന ഒരു സ്ഥിതിവിശേഷം. പക്ഷെ അങ്ങിനെയുള്ള ഭർത്താവിൽ നിന്ന് രക്ഷപ്പെട്ടു എന്ന ഒരേ കാരണംകൊണ്ട് അതിനെ ദുരന്തമെന്നും വിളിക്കാൻ വയ്യാതായിരിക്കുന്നു.

നമ്മൾ ജീവിച്ചുകൊണ്ടിരിക്കുന്നത് ഒരു പ്രത്യേക സാമ്പത്തിക ഘടനയുടെ കീഴിലാണ്. ഇവിടെ ധാരാളം പണമുണ്ട്. എന്നാൽ ആ പണം ഒരു വിഭാഗം ജനങ്ങളുടെ കയ്യിൽ മാത്രമാണെന്നത് ഒരു വിരോധാഭാസമാണ്. ഭൂരിപക്ഷം ജനങ്ങളും കഴിയുന്നത് കഷ്ടിച്ച് ജീവിക്കാനുള്ള വരുമാനത്തിലാണ്. ഈ വൈരുദ്ധ്യം പല വൃത്തികേടുകൾക്കും തുടക്കമിടുന്നു. നമ്മൾ അധികം ശ്രദ്ധ കൊടുത്തിട്ടില്ലാത്ത ഒരു വിഷയമാണ്, വലിയ ഷോപ്പിങ് മാളുകളും ഡിപ്പാർട്ട്മെന്റ് സ്റ്റോറുകളും വരുമ്പോൾ ചെറിയ ചെറിയ കടകളുടെ അവസ്ഥ എത്രത്തോളം കഷ്ടമാണെന്ന കാര്യം. അവ ഓരോന്നായി പൂട്ടിപ്പോവുകയേ ഗതിയുള്ളു. അവരൊന്നും വലിയ മുതലാളിമാരല്ല. ഒരു മാതിരി നന്നായി കഴിയാനുള്ള വരവുണ്ടാക്കുന്നു എന്നു മാത്രം. മൾട്ടിനേഷനലുകളുടെ കാലത്ത് അവരെല്ലാം ചെറിയ മീനുകൾ മാത്രം. അതിനേക്കാൾ കഷ്ടമാണ് അവിടെ ജോലിയെടുത്തുകൊണ്ടിരുന്ന പാവപ്പെട്ടവരുടെ സ്ഥിതി. നിസ്സാരമായ ആ ജോലിയും പോയാലോ? ‘ഒരു ചോക്കളേറ്റ് വിപ്ലവം’ എന്ന കഥ ഈ അവസ്ഥയെപ്പറ്റിയാണ്. അഞ്ചുനില കെട്ടിടം മുഴുവൻ നിറഞ്ഞുനിൽക്കുന്ന വലിയ ഡിപ്പാർട്മെന്റ് സ്റ്റോറിൽ സേയ്ൽസ് ഗേളായി ജോലിയെടുക്കുന്ന ബിന്ദു എന്ന പെൺകുട്ടിയുടെ കാഴ്ചപ്പാടിലൂടെയാണ് കഥ ഉരുത്തിരിയുന്നത്. ഒരു വലിയ മാളിൽ ജോലിയായതുകൊണ്ട് അവൾ ഒരു പ്രത്യേക മാനസികവസ്ഥയിലാണ് കഴിയുന്നത്. അച്ഛൻ ജോലിയെടുക്കുന്ന ചെറിയ പലചരക്കുകട അവൾക്കു പിടിക്കുന്നില്ല. അങ്ങിനെയൊന്നുമല്ല കടകൾ നടത്തേണ്ടത് എന്നുവരെ അവൾക്കഭിപ്രായമുണ്ട്. പക്ഷെ ആ കട ബിസിനസ്സില്ലാതെ പൂട്ടേണ്ട ഗതികേടു വരികയും അച്ഛന് ചെറുതെങ്കിലും ഒരു ജോലിയുണ്ടായിരുന്നത് നഷ്ടപ്പെടുകയും ചെയ്യുമ്പോഴാണ് ‘ഉയർന്നു വരുന്ന ഷോപ്പിങ് മാളുകൾക്കു മുമ്പിൽ തന്റെ കുടുംബം ഒരു കാഷൽട്ടിയാവുകയാണെന്ന് ബിന്ദുവിനു മനസ്സിലാവുന്നത്.’

‘കേളൻ’ എന്നത് കുറച്ചൊരസാധാരണമായ കഥയാണ്. ഭാര്യ മറ്റൊരാളുടെ കൂടെ തന്റെ അഞ്ചു വയസ്സായ മകളേയും കൂട്ടി പോകുകയാണ്. അതോടെ അയാൾ അതുവരെ ചെയ്തിട്ടില്ലാത്ത രണ്ടു ദുശ്ശീലങ്ങൾക്കടിമയാകുകയാണ്. കുടിയും വേശ്യകളും. അങ്ങിനെയിരിക്കുമ്പോഴാണയാൾ ബസ്സ് സ്റ്റോപ്പിൽനിന്ന് ഒരമ്മയെയും മകളെയും കാണുന്നത്. വേശ്യകളാണെന്നു കരുതി വീട്ടിൽ കൊണ്ടുവന്നപ്പോഴാണ് നിജസ്ഥിതി മനസ്സിലാവുന്നത്. അത് അയാളുടെ ജീവിതത്തിൽ വളരെ കാര്യമായൊരു മാറ്റമുണ്ടാക്കുകയാണ്.

ഇന്നത്തെ രാഷ്ട്രീയപ്പോരുകളുടെയും രക്തച്ചൊരിയലുകളുടെയും പശ്ചാത്തലത്തിലെഴുതിയ കഥയാണ് ‘ഈ നിരത്തിൽ താവളങ്ങളില്ല’ എന്നത്.

‘വെള്ളിത്തിരയിലെന്നപോലെ’ എന്ന കഥ തൃശ്ശൂർ ആകാശവാണി വളരെ മനോഹരമായ റേഡിയോ നാടകമായി അവതരിപ്പിച്ചിട്ടുണ്ട്. സ്ത്രീകളെ സംബന്ധിച്ചേടത്തോളം വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഞാനീ കഥയിലൂടെ വെളിച്ചത്തു കൊണ്ടുവരാൻ ശ്രമിച്ചത്. ഈ കഥ കേരളത്തിൽ എവിടെയും എന്നും സംഭവിക്കുന്ന കഥയാണ്, പക്ഷെ അതിനെ ഒരു പ്രത്യേക കോണിൽ അവതരിപ്പിയ്ക്കാനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. എന്റെ ‘അയനങ്ങൾ’ എന്ന നോവലിൽ പ്രധാന കഥാപാത്രം സുനിൽ പറയുന്നുണ്ട്:

'ഞാനൊരു ദൈവവിശ്വാസിയാണ്.' സുനിൽ പറഞ്ഞു. 'ഞാൻ അമ്പലങ്ങളിൽ പോകും പള്ളികളിൽ പോകും, ഗുരുദ്വാരകളിൽ പോകും. പ്രാർത്ഥിക്കും. അനീതികൾ എനിക്ക് സഹിക്കാൻ കഴിയുന്നതിലും അപ്പുറത്താണ്. അനീതികൾക്കെതിരായി നടപടിയെടുക്കാൻ ഞാൻ ദൈവത്തിന് ഒന്നല്ല പല അവസരവും കൊടുക്കും. ഒന്നും നടക്കുന്നില്ലെന്നു കണ്ടാൽ നീതിയ്ക്കായി ഞാൻ മറ്റ് ദൈവങ്ങളെ ആശ്രയിക്കുന്നു. അവർ എന്നെ ഒരിക്കലും നിരാശപ്പെടുത്തിയിട്ടില്ല.'

'ഏതാണാ ദൈവങ്ങൾ?'

'ഏതാണാ ദൈവങ്ങൾ?' എന്ന അപർണ്ണയുടെ ചോദ്യത്തിന് സുനിൽ ഉത്തരമൊന്നും കൊടുക്കുന്നില്ല. പക്ഷെ 'വെള്ളിത്തിരയിലെന്ന പോലെ' എന്ന കഥയിൽ അതിന് വളരെ വ്യക്തമായ ഉത്തരമുണ്ട്, അത് ആശാസ്യമാണെങ്കിലും അല്ലെങ്കിലും.

'കാലത്തിന്റെ അടയാത്ത വാതിലുകൾ' ഹൃദയാഘാതം മൂലം ഐ.സി.യുവിൽ കിടക്കുന്ന ഒരാളുടെ കഥയാണിത്. ഭാര്യയുടെയും ദൂരെ അമേരിക്കയിൽ ജോലിയെടുക്കുന്ന മകന്റെയും, പോരാത്തതിന് ആശുപത്രിയിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും സ്നേഹം കാരണം അയാളുടെ തിരിച്ചുവരവ് സുഗമമാകുന്നു. അതിനോടൊപ്പം അയാൾ ചെറുപ്പമായിരുന്നപ്പോൾ കേട്ടിരുന്നതും ഇഷ്ടപ്പെട്ടതുമായ ഒരുപാട് പാട്ടുകളുടെ ഈണങ്ങളും സ്നേഹബന്ധങ്ങളുടെ ഓർമ്മകളും രോഗമുക്തിയ്ക്ക് സഹായകമാകുന്നു.

സീരിയലുകളുമായി ബന്ധപ്പെട്ട സ്ത്രീ പീഡനം ഒരു വാർത്തയേ അല്ലാതായിരിക്കുന്നു ഇപ്പോൾ. ഞാനെന്തിന് അതിനെപ്പറ്റി ഒരു കഥയെഴുതി? 'ഇനിയും മടുത്തിട്ടില്ലാത്ത ഒരുസമകാലീന കഥ'. ഈ കഥയിൽ ഒരു മാഫിയ ഗാങ്ങില്ല. ആ പെൺകുട്ടിയുടെ നഗ്നചിത്രങ്ങളും ലൈംഗിക മൂവികളുമെടുത്ത സീരിയലുകാരനും അവളുടെ ശത്രുവല്ല. പിന്നെ ആരാണവളുടെ ശത്രു?

'ലാവണ്യ' എന്ന കഥയെഴുതാൻ കാരണമെന്താണെന്നറിയില്ല. പെൺകുട്ടികളുടെ സൗന്ദര്യം അവരുടെ നിറത്തിലാണെന്ന മിഥ്യാബോധം ഉടച്ചു വാർക്കാൻ ഈ കഥ ഉപകരിക്കും. പൊതു ധാരണക്ക് വിപരീതമായി പുരുഷന്റെ സ്നേഹം കൂടുതൽ ലഭിക്കുന്നത് നിറം കുറഞ്ഞ പെൺകുട്ടികൾക്കാണെന്ന അഭിപ്രായമുണ്ട് എനിക്ക്. ഈ കഥയിലെ അന്ത്യത്തിലെ ലാവണ്യയുടെ ഭ്രമകല്പന, വിവരമില്ലാത്ത അമ്മ കുട്ടിയായിരിക്കുമ്പോൾ തൊട്ടേ നിറത്തിന്റെ കാര്യത്തിൽ അവളിൽ കുത്തിനിറച്ച അപകർഷതാബോധത്തിൽനിന്നുളവായ പ്രത്യേക മാനസികാവസ്ഥയെ കാണിക്കുന്നു.

'ശ്രീപാർവ്വതി' എന്ന കഥ സ്വാഭാവികവും പ്രകൃത്യതീതവുമായ സംഭവങ്ങൾ കോർത്തിണക്കി രചിച്ചതാണ്. കഥയിൽ അലൗകികമായൊരു പ്രതിഭാസമുണ്ടെന്നു തിരിച്ചറിയുന്നത് അവസാനത്തെ ഖണ്ഡികയിൽ മാത്രമാണ്.

'ഒരു നാലു വയസ്സുകാരന്റെ പ്രശ്നങ്ങൾ' അല്പം നർമ്മത്തോടെ എഴുതിയ കഥയാണ്. പക്ഷെ കാതലായിട്ടുള്ള പ്രശ്നങ്ങൾ ഇവിടെ മറക്കുന്നില്ല. പ്രശ്നങ്ങൾ പ്രശ്നങ്ങൾതന്നെയായി നിലകൊള്ളുന്നു.

ഈ സമാഹാരത്തിലെ കഥകൾ എന്റെ പ്രിയപ്പെട്ട വായനക്കാർക്കായി സമർപ്പിക്കുന്നതിൽ സന്തോഷമുണ്ട്.

back to index

# വെള്ളിത്തിരയിലെന്നപോലെ

***ഞാ***യറാഴ്ച.

രാവിലെ ചെമ്മീൻകെട്ടിൽ നല്ല തിരക്കാണ്. പതിവുകാർ ചെമ്മീനും കരിമീനും വാങ്ങാൻ ഒന്നുകിൽ സഞ്ചിയുമായി നേരിട്ട് വരുന്നു, അല്ലെങ്കിൽ ഡ്രൈവർമാരെ അയയ്ക്കുന്നു. ഒരു പതിനൊന്നു മണിയോടെ കച്ചവടം അവസാനിപ്പിച്ച് ജോസ് വഞ്ചിയിൽ പോകുന്നു. പിന്നെ അയാളും അയാളുടേതു മാത്രമായ സ്വകാര്യലോകവുമാണ്. ഒരു ഒറ്റയാന്റെ ജീവിതം. അവിടെ ആർക്കും പ്രവേശനമില്ല. ആ സമയത്താണയാൾ മീനുകൾക്ക് ഭക്ഷണം കൊടുക്കുന്നതും സ്വപ്നം കാണുന്നതും. അങ്ങിനെ സ്വപ്നം കണ്ട് അലയുമ്പോഴാണ് കരയിൽ ഒരു പെൺകുട്ടി നിൽക്കുന്നത് കാണുന്നത്. ചൂരിദാർ ധരിച്ച പെൺകുട്ടി. അവളുടെ ഷാളും തലമുടിയും കാറ്റിൽ പറക്കുന്നു.

ഒരു പെൺകുട്ടി! തന്നെ അന്വേഷിച്ച് ഒരു പെൺകുട്ടി നിൽക്കുന്നു. മീനിനു വേണ്ടിയല്ലെന്ന് അവളുടെ നിൽപു കണ്ടപ്പോൾ മനസ്സിലായി. പിന്നെ? ആദ്യ പ്രേരണയിൽ അയാൾ മീനുകൾക്ക് ഭക്ഷണം കൊടുക്കുന്നതു നിർത്തി കരയിൽ നിന്ന് വീണ്ടും തുഴഞ്ഞകന്നു. തന്റെ ജീവിതത്തിൽ ആരും വരണ്ട, ഒരു പെൺകുട്ടിപോലും. പെണ്ണുങ്ങൾക്കു വേണ്ടി പോണ്ട സ്ഥലങ്ങൾ അയാൾക്കറിയാം. അയാൾ ആവശ്യമുള്ളപ്പോൾ അങ്ങോട്ടു പോവ്വാണ് പതിവ്. ആരും പക്ഷെ അയാളെ തേടി ഇവിടെ വരേണ്ട.

'ജോസേട്ടാ........'

അവൾ വിളിയ്ക്കുകയാണ്. അയാൾ തുഴച്ചിൽ നിർത്തി. ആ വിളിയിൽ എന്തൊക്കേയോ ഉണ്ട്. ധൃതി, അടുപ്പം, പിന്നെ ശബ്ദത്തിന്റെ അതിപരിചയം. എവിടേയോ മറന്നിട്ട ഒരീണം പോലെ. വീണ്ടും ആ വിളി കാറ്റിൽ ഒഴുകിവന്നപ്പോൾ അയാൾ വഞ്ചി തിരിച്ചു.

കരയോടടുക്കും തോറും അയാൾക്കവളെ തിരിച്ചറിയാൻ കഴിഞ്ഞു. ഇനി അറിയേണ്ടത് ഇത്രേം കൊല്ലം കഴിഞ്ഞിട്ട് അവളെന്തിനാണ് തന്നെ അന്വേഷിച്ചു വന്നത്ന്ന് മാത്രം.

തുഴ വഞ്ചിയിലിട്ട് കരയിലേയ്ക്ക് ചാടിയിറങ്ങി കയർ കുറ്റിമേൽ കൊളുത്തി അയാൾ ഷർളിയുടെ അടുത്തേയ്ക്കു ചെന്നു.

'എന്താ പെണ്ണേ, നിനക്ക് വഴി തെറ്റിയോ, ഇനിയങ്ങോട്ട് റോഡില്ല, കായലാണ്.'

'വഴി തെറ്റീതല്ല ജോസേട്ടാ ഇപ്പഴാണ് ശരിയ്ക്ക്ള്ള വഴി മനസ്സിലായത്.'

'എന്തു പറ്റീ മോളേ?' ഷർളിയുടെ ശബ്ദത്തിലെ കയ്പ്പുരസം അയാൾക്കനുഭവപ്പെട്ടു, അതു മറച്ചുവെയ്ക്കാനവൾക്കുദ്ദേശമുണ്ടായിരുന്നില്ല എന്നതും.

അവൾ ചുറ്റും നോക്കി. കായൽ പരന്നുകിടക്കുന്നതിനിടയിൽ ഒന്നു രണ്ടിടത്ത് വളരെ ചെറിയ തുരുത്തുകൾ. ആ തുരുത്തുകളിൽ കണ്ടൽക്കാടുകൾക്കിടയിൽ ഒന്നുരണ്ടു ഗതികിട്ടാത്ത തെങ്ങുകൾ മാത്രം. മറ്റു മരങ്ങളൊന്നുമില്ല. ശരിയാണ് നന്ദിത പറഞ്ഞത്. ഇയ്യാൾക്ക് ഒരേകാന്തവാസം തന്ന്യാണ്. ഉപ്പു വിളഞ്ഞ് വെള്ള നിറമായ കരയുടെ ചുറ്റുവട്ടത്തും ആൾവാസമൊന്നുമില്ല.

'ജോസേട്ടാ, ഞാൻ സാമുവലിനെ വേണ്ടാന്ന് വെയ്ക്ക്യാണ്. വിടുവിയ്ക്കാൻ കേസു കൊടുത്തിരിയ്ക്ക്യാണ്.'

'എന്തേ?'

'ആ മനുഷ്യൻ എന്നെ ഉപദ്രവിച്ചതിന് കണക്കില്ല. പറേമ്പ ഒരു കൊല്ലായിട്ട്ള്ളു കല്യാണം കഴിഞ്ഞിട്ട്. ഒരു പത്തു കൊല്ലത്തെ പീഡനം ഞാനനുഭവിച്ചു കഴിഞ്ഞു..... എന്റെ ആഭരണങ്ങളെല്ലാം അയാള് അഴിച്ചുകൊണ്ടോയി തൂക്കി വിറ്റു. എന്റെ അപ്പൻ കഷ്ടപ്പെട്ടുണ്ടാക്ക്യ രണ്ടുലക്ഷം രൂപേം അയാള് നശിപ്പിച്ചു. സ്ത്രീധനായിട്ട് കൊടുത്തതാ.'

'അങ്ങിന്യൊക്ക്യാണോ സ്ഥിതി?' അയാൾ പറഞ്ഞു. 'ഇതൊന്നും ഞാനറിഞ്ഞില്ല.'

ഷർളി ഒന്നും പറയാതെ നിൽക്കുകയാണ്. അവൾക്ക് കുറേ പറയാനുണ്ടെന്ന് ജോസിനു മനസ്സിലായി. അതു പറയാനുള്ള ഒരവസരത്തിനായി കാത്തുനിൽക്കയാണവൾ.

'ഒരു കാര്യം ചെയ്യാം.' ജോസേട്ടൻ പറഞ്ഞു. നമുക്ക് വഞ്ചീല് പോവാം. ഇവിടെ നിന്നാൽ ശര്യാവില്ല. ഇനീം വല്ലോരും മീൻ വാങ്ങാൻ വന്നൂടാന്നില്ല. നെനക്ക് വെഷമാവും. നെനക്ക് വിശ്വാസംണ്ട്ച്ചാൽ മാത്രം ന്റൊപ്പം വഞ്ചീല് വന്നാമതി.'

'എനിക്ക് കുട്ടീല് തൊട്ട് പതിനാറാം വയസ്സ്വരെണ്ടായിര്ന്ന വിശ്വാസം ജോസേട്ടനില് ഇപ്പഴുംണ്ട്. പോരെ?'

'ന്നാ വാ.'

വഞ്ചി കരയിൽ നിന്നകന്നു. ഷർളി ഭയത്തോടെ വെള്ളത്തിലേയ്ക്കു നോക്കി.

'എന്താ പേടിണ്ടോ?'

'കുറേശ്ശെ.'

'ഇവിട്യൊന്നും മുങ്ങിച്ചാവാന്ള്ള വെള്ളം കൂടില്ല്യ. എന്റെ ചെമ്മീൻ പാടാണ്. കൊറച്ചപ്രത്ത് പോയാൽ കായല് തൊടങ്ങും. അവിട്യക്കെ നല്ല ആഴം കാണും.'

'അങ്ങോട്ടു പോണോ?' അവൾ വെള്ളത്തിലേക്ക് നോക്കി ഭയത്തോടെ ചോദിച്ചു.

'നീ പേടിക്കാണ്ടിരിയ്ക്ക്.' അയാൾ തുഴയുകയാണ്.

‘അപ്പൊ എന്തേണ്ടായത്ന്ന് പറേ?’
വഞ്ചി ഒരു ചെറിയ തുരുത്തിന്റെ മറവിലെത്തിയിരുന്നു. അവിടെനിറയെ കണ്ടൽക്കാടുകളാണ്. തണലുണ്ടെന്നു മാത്രമല്ല പുറത്തുനിന്ന് ആരും കാണുകയുമില്ല.
വഞ്ചി കണ്ടലിന്റെ കട്ടികൂടിയ വേരിൽ കെട്ടിയിട്ടശേഷം അയാൾ അവളുടെ നേരെ തിരിഞ്ഞു.
‘ഇനി പറേ.’
‘ആ മനുഷ്യൻ എന്നെ വല്ലാതെ ഉപദ്രവിച്ചിട്ട്ണ്ട്.’
‘എന്തിനേ അയാള് നെന്നെ ഉപദ്രവിച്ചത്ന്ന് പറേ?’
‘എന്തെങ്കിലും കാരണം വേണോ? കുറേ അകത്താക്കിക്കൊണ്ടാണ് രാത്രി വരാ. പിന്നെ എന്തെങ്കിലും പറഞ്ഞ് എന്നെ തല്ലാനും ചവിട്ടാനും തൊടങ്ങും. കണ്ടോ?’
ഷർളി അവൾക്കു പറ്റിയ ക്ഷതങ്ങളുടെ പാടുകൾ ഓരോന്നോരോന്നായി കാണിച്ചു. ഓരോ പാടുകൾക്കു പിന്നിലും ഓരോ കഥകളുണ്ട്. അവൾ വ്യക്തമായി ഓർക്കുന്ന കഥകൾ. ഓരോ ആഭരണം ചോദിയ്ക്കുമ്പോഴും കൊടുക്കാൻ മടിച്ചതിന്, അപ്പന്റെ കയ്യിൽനിന്ന് സ്കൂട്ടറ് വാങ്ങാനുള്ള പണം ചോദിച്ചു മേടിയ്ക്കാത്തതിന്, അപ്പന്റെ ആകെയുള്ള വീടും അഞ്ചു സെന്റ് സ്ഥലവും അയാളുടെ പേരിൽ എഴുതിക്കൊടുക്കാത്തതിന്, പിന്നെ ഒരു കാര്യവുമില്ലാതെ ഉപദ്രവിയ്ക്കാനുള്ള രസം കൊണ്ട് ചെയ്തതിന്റെ ഓർമ്മക്കുറിപ്പുകൾ. മാറിൽ സിഗററ്റ് കുത്തിക്കെടുത്തിയതിന്റെ പാടുകൾ.......
‘ഞാനതൊക്കെ ചോദിക്കണംന്ന് വെച്ചിരിക്ക്യായിരുന്നു. നെന്നെ ഞാൻ മുമ്പ് കണ്ടീര്ന്നപ്പൊ നീ ഇങ്ങിന്യൊന്നും ആയിര്ന്നില്ല്യല്ലൊ. ഇപ്പോൾ നെന്റെ മുഖത്ത് ചിരിയേയില്ലല്ലൊ. പണ്ടിങ്ങന്യായിരുന്നോ?’ ഒരു നിമിഷം കണ്ണടച്ചിരുന്ന ശേഷം അയാൾ പറഞ്ഞു. ‘എനിക്കിപ്പൊ എന്താ തോന്ന്ണത്ന്നറിയ്യോ?’
ഷർളി ഒരു ചോദ്യത്തോടെ അയാളെ നോക്കി.
‘നെന്റെ കഴുത്ത് പിടിച്ച് ഈ കായലിലേയ്ക്ക് തള്ളിയിടാനാണ്. ഇത്ര്യൊക്കെ സംഭവിച്ചിട്ടും നീ അയാളെ ഒരു ചൂലെടുത്തടിച്ച് പൊറത്താക്കിയില്ലല്ലൊ. അവൻ നെന്നെ ഉപദ്രവിച്ചപ്പൊഴൊക്കെ നെന്റെ കയ്യോള് എവ്ട്യായിരുന്നു?’ അയാൾ പല്ലിറുമ്മി. ‘എന്നോടൊന്നു പറയായിരുന്നില്ലേ?’
എന്താണ് പറയേണ്ടതെന്നറിയാതെ ഷർളി തലയും താഴ്ത്തിയിരുന്നു. ജോസേട്ടനെ കാണാൻ വന്നത് കുഴപ്പമായോ എന്നാണവൾ ആലോചിച്ചിരുന്നത്. കുട്ടിക്കാലത്ത് ഒപ്പം കളിച്ചതാണ്, ഒപ്പം സ്കൂളിൽ പോയതാണ്. അയാൾക്കവളെ വളരെ ഇഷ്ടമായിരുന്നു. ആരെങ്കിലും അവളെ ഉപദ്രവിയ്ക്കുകയാണെങ്കിൽ ശിക്ഷ കൊടുക്കുന്നത് ജോസേട്ടനായിരുന്നു. തന്റെ ജീവിതത്തിനു ചുറ്റും ഒരു കവചമായി ഉണ്ടായിരുന്ന ആൾ. പിന്നെ എപ്പോഴോ തമ്മിൽ അകന്നു. ജോസേട്ടൻ പഠിത്തം നിർത്തി ചെമ്മീൻകെട്ടിലേയ്ക്കു തിരിഞ്ഞു. താൻ കഷ്ടിച്ച് ഒരു ഡിഗ്രിയെടുത്തു, ഒരു കമ്പ്യൂട്ടർ കോഴ്സ് തീർത്തു. കല്യാണവും കഴിഞ്ഞു. ഇപ്പോൾ നന്ദിതയാണ് ജോസേട്ടന്റെ കാര്യം ഓർമ്മിപ്പിച്ചത്.
‘അപ്പൊ നീയ് പോലീസ് സ്റ്റേഷനില് പരാതി കൊടുത്തില്ലേ?’
‘കൊടുത്തപ്പ പറഞ്ഞു കുടുംബക്കോടതീലാണ് കൊടുക്കേണ്ടത്ന്ന്. അവിടെ പോയി പരാതി കൊടുത്തു. അയാളും കൊടുത്തു പരാതി. അവസാനം വാദി പ്രതിയാവണ മട്ടായി. എന്നോട് പരാതിയെല്ലാം പിൻവലിച്ച് അയാള്ടെ ഒപ്പം പോയി താമസിക്ക്യാ നല്ലത്ന്നാ അവര്ടെ ഉപദേശം.
‘പള്ളീല് പോയി അച്ചനോട് പറഞ്ഞു എനിക്ക് ഈ കല്യാണത്തീന്ന് ഒഴിവാവണംന്ന്. അയാള്ടെ ഉപദ്രവൊക്കെ വിവരിച്ച് കൊടുത്തിട്ടും അച്ഛൻ പറഞ്ഞത് ദൈവം കൂട്ടിച്ചേർത്തതിനെ നമുക്ക് പിരിയ്ക്കാൻ പാടില്ലാന്നാ. ഞാനൊന്ന് അവനെ ഉപദേശിച്ചുനോക്കട്ടേന്നും. ഒരു ഞായറാഴ്ച കൊറെ നേരം ഉപദേശിയ്ക്കണതൊക്കെ കണ്ടു. അന്ന് രാത്ര്യാണ് ഏറ്റവും അധികം കുടിച്ചതും എന്നെ ഏറ്റവും കൂടുതല് ഉപദ്രവിച്ചതും.
അതു കഴിഞ്ഞപ്പൊ ഞാനൊരു വക്കീലിനെ കണ്ടു. രാജശേഖരന്നാ പേര്. അയാളതൊക്കെ പെട്ടെന്ന് ശര്യാക്കാംന്ന് പറഞ്ഞു. കൊറച്ച് പേപ്പറൊപ്പിടാൻ വൈകീട്ട് വീട്ടില് ചെല്ലാൻ പറഞ്ഞു. അവ്ടെ ചെന്നപ്പൊ അയാള് ഒറ്റയ്ക്കേള്ളൂ. അകത്തേയ്ക്കു വരാൻ പറഞ്ഞു. ചെന്നപ്പൊ............’
‘ചെന്നപ്പൊ?’
അവൾ ഒന്നും പറയാതെ കരയാൻ തുടങ്ങി.
‘എന്തു പറ്റീ മോളെ?’
കരച്ചിൽ ഒരു തേങ്ങലിലൊതുങ്ങിയപ്പോൾ സംസാരിക്കാനുള്ള സാവകാശം അവൾക്കുണ്ടായി.
‘ഞാനൊരു വിധത്തിൽ അവ്ടന്ന് ഓടി രക്ഷപ്പെട്ടതാണ്.’
‘ആ നാറീനെ എനിക്കൊന്ന് കാണണം. അപ്പൊ നീയും വരണം എന്റെ ഒപ്പം. നീയെന്തിനാണ് ഒറ്റയ്ക്ക് എല്ലായിടത്തും പോണത്? ആരെയെങ്കിലും കൂട്ടിക്കൂടെ?’
‘എനിയ്ക്ക് ആരും ഇല്ല ജോസേട്ടാ.’
‘അപ്പനോ?’
അവൾ വീണ്ടും കരയാൻ തുടങ്ങി.
‘കരയാതെ പെണ്ണേ, നമുക്ക് വഴിണ്ടാക്കാം. നെന്നെ ഉപദ്രവിച്ച ആ നാറികളില്ലെ, അവറ്റ ഓരോന്നോരോന്നായി നെന്റെ കാൽക്കല് വന്ന് വീഴണത് കാണാം. പോരെ?’
തിരിച്ചുള്ള വരവിൽ അവൾ വാതോരാതെ സംസാരിയ്ക്കുകയായിരുന്നു. ഭർത്താവ് അവളെ മറ്റുള്ളവരിൽനിന്നും ഒറ്റപ്പെടുത്തുകയാണുണ്ടായത്. അവളുടെ വീട്ടുകാർക്കെല്ലാം രാത്രി പത്തിമണിയ്ക്കു ശേഷം ഫോൺ ചെയ്ത് അസ

ഭ്യവർഷം നടത്തിയത്, അവളെ വീട്ടിൽ കയറ്റിയാൽ കഥകഴിക്കുമെന്ന് ഭീഷണിപ്പെടുത്തിയത്..........ജോസേട്ടൻ ഒന്നും പറയാതെ തുഴഞ്ഞുകൊണ്ടിരുന്നു. അയാൾ പിന്നീടൊന്നും ചോദിയ്ക്കുകയുണ്ടായില്ല. ഷർളി പറഞ്ഞേടത്തോളം കൊണ്ടുതന്നെ അയാൾക്ക് ഒരു ഭീകരരൂപം വരച്ചുണ്ടാക്കാൻ പറ്റിയിരുന്നു. അതിനു മുമ്പിലൂടെ ഒരു സാധു പെൺകുട്ടി സഹായത്തിനായി ഒറ്റയ്ക്ക് അലഞ്ഞു നടക്കുന്ന ചിത്രവും. അയാൾ പല്ലിറുമ്മി.

*തിങ്കളാഴ്ച രാത്രി.*

സാമാന്യം വലിയ ടെലിഫോൺ ബൂത്തിലേയ്ക്കു കടന്നുവന്ന നീണ്ടുമെലിഞ്ഞ ചെറുപ്പക്കാരൻ ചോദിച്ചു.
‘ഞാൻ ജോസ്. ഇവിടെ ഒരുത്തൻ വരാറില്ലെ ഒരു സാമുവൽ? അവനെവിടെ?’
ഒരു ഫിലിം ഹീറോവിന്റെ തടിയോ എടുപ്പോ ഒന്നുമുണ്ടായിരുന്നില്ലെങ്കിലും അയാളുടെ മുഴങ്ങുന്ന ശബ്ദവും നോട്ടവും അവിടെ കൂടിയിരുന്ന് വെടി പറഞ്ഞിരുന്ന ചെറുപ്പക്കാർക്കിടയിൽ ഭീതി പരത്തി. അവർ മുഖത്തോടു മുഖം നോക്കി.
ആഗതൻ പോക്കറ്റിൽ നിന്ന് ഒരു പാസ്സ്പോർട്ട് വലുപ്പത്തിലുള്ള  ഫോട്ടോ കയ്യിലെടുത്തു അതിൽ നോക്കിപ്പഠിച്ചശേഷം വീണ്ടും അവരെ ഓരോരുത്തരെയായി നോക്കി. അവർ മറുപടിയൊന്നും പറഞ്ഞില്ല. ഫോട്ടോ തിരിച്ച് പോക്കറ്റിലിട്ടുകൊണ്ട് അയാൾ വീണ്ടും ചോദിച്ചു.
‘ആ ചെറുക്കനെവിട്യാണ്?’
കൂടിയിരിയ്ക്കുന്നവർ ഇപ്പോൾ എഴുന്നേറ്റു. അവർ സ്ഥലം വിടാനുള്ള പുറപ്പാടാണ്. വന്ന ആൾ അതിൽ ഏറ്റവും തടിയും പൊക്കവുമുള്ള ചെറുപ്പക്കാരന്റെ അടുത്തു ചെന്ന് അവന്റെ കോളറിൽ പിടിച്ചു.
‘പറയെടാ, ആ തെണ്ടി എവിട്യാണ്ന്ന്?’
മറ്റുള്ളവർ വാതിലിന്റെ അടുത്തെത്തി, കൂട്ടുകാരനെ വിട്ടു പോകാൻ വിഷമമായി നിൽക്കുകയാണ്. ചെറുപ്പക്കാരന്റെ കോളർ വിടാതെത്തന്നെ ജോസ്, കൗണ്ടറിൽ വല്ലാത്തൊരു മുഖവുമായി നിൽക്കുന്ന ഉടമസ്ഥനെ നോക്കി.
‘എന്താ തന്റെ പേര്?’
‘രാജേഷ്ന്നാ...... മാഷ്ക്ക് എന്താ വേണ്ടത്?’
‘ഇവരൊക്കത്തന്ന്യല്ലെ രാത്രി പത്തു മണി മുതൽ ആ പാവം പെൺകുട്ടീം അവള്ടെ ബന്ധുക്കളേം ഫോൺ ചെയ്ത് അസഭ്യം പറേണതും ഭീഷണിപ്പെട്ത്തണതും?’
ബൂത്തുകാരൻ എന്താണ് പറയേണ്ടതെന്നറിയാതെ വാതിൽക്കൽ കാത്തുനിന്നവരെ നോക്കി. അവർ എന്തൊക്കയോ ആംഗ്യം കാണിയ്ക്കുന്നുണ്ടെന്ന് തിരിഞ്ഞുനോക്കാതെത്തന്നെ ജോസിനു മനസ്സിലായി.
‘പറയട നായെ.’
‘ഇവര് രാത്രി പത്തു മണിയ്ക്ക് ശേഷം ഇവിടെ വന്ന് ഫോൺ ചെയ്യാറ്ണ്ട്. അത് ആർക്കൊക്ക്യാണ്ന്ന് അറീല്ല.’
‘നമ്പററീല്ലല്ലെടാ നാറീ?’
‘അറിയാം......’
‘ആ നാറിയെവിടെ?’
‘ആര് സാമുവലോ?’
‘അതെ വേഗം പറേ.’
‘അറീല്ല്യ. ഇന്ന് വന്നിട്ടില്ല.’
‘വരുമ്പൊ പറേ, അവനെ തട്ടാൻ ക്വൊട്ടേഷൻ കിട്ടീട്ട് വര്വാണ്ന്ന്. അവനെ മാത്രല്ല ഒപ്പള്ള ഒന്ന് രണ്ട് പേരുംണ്ട്. എന്താടാ നെന്റെ പേര്?’ അയാൾ തന്റെ വലത്തെ കയ്യിന്റെ തുമ്പിൽ തൂങ്ങിനിൽക്കുന്ന ചെറുപ്പക്കാരനോട് ചോദിച്ചു.
‘മണിയൻ.’
‘ങാ, നെന്റെ പേരുംണ്ട് അതില്.’ ജോസ് തിരിഞ്ഞു നോക്കിയപ്പോഴേയ്ക്ക് വാതിൽക്കൽ കൂട്ടുകാരനെ കാത്തു നിന്നിരുന്ന മൂന്ന് പയ്യന്മാരും ഓടി രക്ഷപ്പെട്ടിരുന്നു.
‘എടാ മണിയാ, നീ പോയി നെന്റെ കൂട്ടുകാരനോട് പറേ അവന്റെ ദിവസം എണ്ണീരിക്കുണൂന്ന്. മനസ്സിലായോ?’
മണിയൻ തലയാട്ടി. ജോസ് അവന്റെ കോളറിലെ പിടി വിട്ടു. അവൻ ഷർട്ടു നേരെയാക്കി ഒരു ലോക്കൽ ഗുണ്ടയ്ക്ക് ആകാവുന്നത്ര സ്വാഭാവികത മുഖത്തു വരുത്തി ബൂത്തിൽനിന്ന് പുറത്തു കടന്നു. ജോസ് ബൂത്തുകാരന്റെ നേരെ തിരിഞ്ഞു.
‘എടാ തനിയ്ക്ക് കിട്ടാൻ പോണത് പോലീസുകാരടെ അട്ത്ത്ന്നാ, മനസ്സിലായോ? തന്റെ ബൂത്തിന്റെ നമ്പറ് ഈ നാറികള് ഡയല് ചെയ്ത ഓരോരുത്തര്ടേം ഫോണില്ണ്ട്. ഫോൺ ചെയ്ത സമയും, നമ്പറും. അവര് ഒടനെ ഇവിടെ എത്തും. മറ്റുള്ളോരെ ഞാൻ കൈകാര്യം ചെയ്തോളാം. അത് പോലീസുകാർക്ക് വിട്ടുകൊടുത്താൽ ശര്യാവില്ല. ഇന്ന് തിങ്കളാഴ്ച. ഞാൻ കശാപ്പൊന്നും ചെയ്യാറില്ല. മനസ്സിലാവ്ണ്ണ്ടോ? രണ്ടീസത്തിനുള്ളില് ഞാൻ വരും. ആ നാറ്യോട് പറഞ്ഞേയ്ക്ക്.’
ജോസിന്റെ കണ്ണുകൾ നോക്കാൻ ഭയമായി രാജേഷ് തല താഴ്ത്തി നിന്നു. ജോസ് ബൂത്തിൽനിന്ന് പുറത്തു കടന്നു. സാമാന്യം നല്ല ബൂത്താണ്. നാലു ടെലഫോണുണ്ട്, പിന്നെ ഒരു ഒറ്റ രൂപ ഫോൺ പുറത്തും. പോരാത്തതിന് ഫോട്ടോസ്റ്റാറ്റ് മെഷിനുമുണ്ട്. ഒരു മാതിരി കഴിഞ്ഞു കൂടാനുള്ള വകയൊക്കെയുണ്ട്. എന്നിട്ടാണിവൻ ആ നാറിക

ളുടെ ഒപ്പം ചേർന്ന് തെമ്മാടിത്തം കാട്ടണത്.

*ബുധനാഴ്ച വൈകുന്നേരം.*

ഷർളി ബസ്സിറങ്ങി ഇടനിരത്തിലേയ്ക്കു കടന്നു. ഒപ്പമുണ്ടായിരുന്ന ആൾ കുറച്ചു വിട്ടു നടക്കാൻ തുടങ്ങി. അയാൾ പിന്നിൽനിന്ന് വിളിച്ചു പറഞ്ഞു.

'നീ ധൈര്യമായി പൊയ്ക്കൊ. ഞാനവിടെണ്ടാവും.'

'ശരി, ജോസേട്ടാ.'

അഡ്വോക്കേറ്റിനു ഫോൺ ചെയ്തപ്പോൾ പറഞ്ഞത് വൈകീട്ട് ആറുമണിയ്ക്കുതന്നെ വീട്ടിലെത്താമെന്നായിരുന്നു. ഇപ്പോൾ സമയം ആറിന് അഞ്ചു മിനിറ്റ്. അവളുടെ ഊഹം ശരിയായിരുന്നു. ബെല്ലടിക്കാതെത്തന്നെ അഡ്വോക്കേറ്റ് വാതിൽ തുറന്നു. അയാളുടെ ചിരി വാതിൽ നിറഞ്ഞുനിന്നു. അതിനിടയിലൂടെ ഷർളി അകത്തേയ്ക്കു കയറി.

'അന്നെന്തിനാണ് ഓടിപ്പോയത്?' അയാൾ ഒരു ചെറിയ ചിരിയോടെ ചോദിച്ചു. 'ഇതൊക്കെ സാധാരണ നടക്കാറ്ള്ളതല്ലെ?'

'അയിരിയ്ക്കാം. പക്ഷെ ഞാനതൊന്നും പതിവില്ല.' ഷർളി പറഞ്ഞു.

'പിന്നെ എന്തിനാണ് കുട്ടി വന്നത്?' അയാൾ നിരാശയോടെ ചോദിച്ചു. 'ഫോൺ ചെയ്തപ്പോ ഞാൻ വിചാരിച്ചു..........'

'ഉത്തരം ഉമ്മറത്തു കാത്തുനിൽക്ക്ണ്ണ്ട്.' അവൾ ഗൗരവം വിടാതെ പറഞ്ഞു.

അഡ്വോക്കേറ്റ് എഴുന്നേറ്റ് ഉമ്മറത്തേയ്ക്കു കടക്കുംമുമ്പ് അയാളെ എതിരേറ്റത് മുഷ്ടി ചുരുട്ടിയ ഒരു കൈയ്യായിരുന്നു. അയാൾ തെറിച്ചു നിലത്തു വീണു. ആ ഇടിയുടെ ആഘാതം തന്റെ മൂക്കിലാണ് വന്നതെന്ന പോലെ ഷർളി മൂക്കു പിടിച്ചു. ഇതെല്ലാം സിനിമയിലും സീരിയലിലുമല്ലാതെ ശരിയ്ക്കുള്ള ജീവിതത്തിൽ അവൾ കണ്ടിട്ടില്ല. കാണുമെന്ന പ്രതീക്ഷയുമില്ലായിരുന്നു.

അഡ്വോക്കേറ്റ് ചാടി എഴുന്നേറ്റു. മൂക്കു തപ്പിയപ്പോൾ തടഞ്ഞ ചോര മുണ്ടിൽ തുടച്ച് അയാൾ ചോദിച്ചു.

'എന്താ നിങ്ങള് ചെയ്യണത്?'

'നിങ്ങൾ ഷർളിയോടു ചോദിച്ച ചോദ്യത്തിനുള്ള മറുപടി. എങ്ങിനെണ്ട്?'

'ഞാൻ കേസു കൊടുക്കും.'

'കൊടുക്കെട നായെ, വാദിക്കാൻ നീതന്നെ കോടതീല് പോണ്ടിവരും. ഒരു കേസിനുവേണ്ടി വന്ന ചെറുപ്പക്കാരിയെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ച പ്രതിയാണ് നീ. ഞാൻ സാക്ഷിയായിട്ടുണ്ടാവും.'

'നിങ്ങളാരാണ്?'

'ഞാനവളുടെ തന്ത, എന്താ പോരെ?'

'ശരി, ശരി. നിങ്ങൾ രണ്ടു പേരും ഇവിടെനിന്ന് പോകുമോ?' അയാൾ ആകെ ഉലഞ്ഞിരുന്നു.

'അങ്ങിന്യങ്ങട്ട് പോവ്വാൻ പറ്റ്വോ? ഷർളി ആദ്യത്തെ ദിവസം കോടതീന്ന് കണ്ടപ്പൊ തന്ന ഫീസില്ലെ ഇരുനൂറു രൂപ? അത് തിരിച്ചു കൊടുക്ക്.'

അയാൾ അകത്തു പോയി നൂറിന്റെ രണ്ടു നോട്ടുകളുമായി വന്ന് അത് ജോസിനുനേരെ നീട്ടി.

'താൻ എനിക്കല്ല തരണ്ടത്. ഞാനല്ലല്ലൊ പണം തന്നത്?'

അഡ്വോക്കേറ്റ് പണം ഷർളിയുടെ നേരെ നീട്ടി.

'ശരി. ഇനി താൻ ഇവൾക്കും എനിയ്ക്കും കഷ്ടപ്പാടുണ്ടാക്കിയതിന്റെ ഫീസ്. ഞാൻ ഒരു മണിക്കൂറിൽ ഉണ്ടാക്കണത് ചുരുങ്ങിയത് ആയിരത്തഞ്ഞൂറ് രൂപ്യാണ്. ഒരു ആയിരത്തിൽ സെറ്റിൽ ചെയ്യാം. രൂപ വേഗം കൊണ്ടുവാ.'

'ഇത് പിടിച്ചുപറിയാണ്.'

'ബലാൽസംഗത്തിന്റെ അത്ര രസല്ല്യല്ലെ?'

അയാൾ ഒന്നും പറയാതെ അകത്തുപോയി രണ്ട് അഞ്ഞൂറിന്റെ നോട്ടെടുത്തു കൊണ്ടുവന്ന് ഷർളിയുടെ നേരെ നീട്ടി. അവൾ ജോസിനെ നോക്കി.

'അത് വാങ്ങ് മോളെ.'

'ഇനി ഒന്ന് പറയട്ടെ.' ജോസ് പറഞ്ഞു. 'എന്തെങ്കിലും ഇതിനെപ്പറ്റി പുറത്ത് മിണ്ടിയാൽ തന്റെ ചവായിരിയ്ക്കും ഈ ഗട്ടറില് കെടക്കാ. മനസ്സിലായോ?'

അഡ്വോക്കേറ്റ് തലയാട്ടി.

ബസ്സ് സ്റ്റോപ്പിലേയ്ക്ക് നടക്കുമ്പോൾ ഷർളി ചിരിച്ചുകൊണ്ട് പറഞ്ഞു.

'ജോസേട്ടാ, ഈ വക്യൊക്കെ ഞാൻ സിനിമേല് മാത്രേ കണ്ടിട്ടുള്ളു.'

'ഇപ്പ മനസ്സിലായില്ലെ, നമ്മള് ജീവിയ്ക്കണ ലോകം സിനിമേലാണ് കൂടുതൽ സത്യസന്ധായിട്ട് കാണിക്കണത്ന്ന്? നമ്മളൊക്കെ കള്ളത്തരം കാണിച്ച് ജീവിക്ക്യാണ്. നമ്മളല്ലാത്ത എന്തോ ആണ് നമ്മളെന്ന് നടിച്ചിട്ട്.'

ഷർളിയ്ക്ക് അയാൾ പറയുന്നതു മുഴുവൻ മനസ്സിലായില്ല. അവൾ അഞ്ഞൂറിന്റെ രണ്ടു നോട്ടുകൾ ജോസേട്ടനു നേരെ നീട്ടി. അയാൾ പറഞ്ഞു.

'എടുത്തു വയ്ക്ക്, നെനക്കാവശ്യാവും.'

*അന്നു വൈകുന്നേരം തന്നെ.......*

വീട്ടിൽ കാലെടുത്തുവച്ച ഷർളിയ്ക്ക് കൂടുതൽ തമാശകൾ കാണാനുള്ള ഭാഗ്യമുണ്ടായി. അതുവരെ കസേലയിലിരുന്ന ഒരാൾ എഴുന്നേറ്റ് അവളുടെ കാൽക്കൽ വീണു.

'ഞാൻ നീ പറേണപോലെ എന്തും ചെയ്യാം ഷർളി. എനിയ്ക്ക് മാപ്പു തരണം.' അയാൾ എഴുന്നേറ്റ് അവളുടെ മുമ്പിൽ മുട്ടുകുത്തിയിരുന്നു. 'നാളെത്തന്നെ കുടുംബക്കോടതീല് പോവാം. നാളെ പറ്റേങ്കില് പള്ളീല് പോയി അച്ചനോട് സംസാരിച്ച് കാര്യങ്ങളൊക്കെ ശരിയാക്കാം. നീ അയാളോട് ഒന്ന് ഇപ്പത്തന്നെ പറേ എന്നെ........'

കാഴ്ച തമാശയുണ്ടാക്കുന്നതായിരുന്നു. ഇതിനു മാത്രം എന്തേണ്ടായത്? ഷർളി ആലോചിയ്ക്കുകയായിരുന്നു. അപ്പൻ കയ്യിൽ ഒരു കെട്ട് നോട്ടുകളുമായി ഇരിയ്ക്കുകയാണ്.

'ഞാനൊരു ഇരുപത്തയ്യായിരം കൊണ്ടന്നിട്ട്ണ്ട്. എന്റെ കയ്യില് ഇത്രേള്ളു. ബാക്കി തരാൻ ഒരു കൊല്ലത്തെ സമയം വേണം. പണ്ടങ്ങളും ഞാൻ കഴീണതും വേഗംണ്ടാക്കിത്തരാം. നീ ഇപ്പത്തന്നെ അയാൾക്ക് ഫോൺ ചെയ്ത് പറേ എന്നെ ഒന്നും ചെയ്യല്ലേന്ന്. പൊറത്തെറങ്ങാൻ പേട്യാവുണു.'

*വീണ്ടും ഞായറാഴ്ച.*

രാവിലെ മീൻ വാങ്ങാൻ വന്ന പതിവുകാർ പോയി ഒഴിഞ്ഞു കിടക്കുന്ന കരയിൽ അകലെനിന്ന് അടുക്കുന്ന വഞ്ചിയും നോക്കി ഷർളി കാത്തുനിന്നു. ഒരു പൊട്ടു മാത്രമായ വഞ്ചിയും തുഴക്കാരനും സാവധാനത്തിൽ വലുതായി അടുത്തെത്തി.

വഞ്ചി കരയിലടുപ്പിയ്ക്കാതെ അയാൾ ചോദിച്ചു.

'എന്തിനാ പെണ്ണേ ഫോൺ ചെയ്ത് കാണണംന്ന് പറഞ്ഞത്? പ്രശ്നൊക്കെ തീർന്നില്ലേ?'

'ജോസേട്ടന് നന്ദി പറയാനാ.'

'പോടി കഴ്തേ. പോമ്പ ദാ ആ കല്ലിന്റെ അപ്രത്ത് വച്ച സഞ്ചീല് കൊറച്ച് മീന്ണ്ട്. അത് കൊണ്ടോയി നെനക്ക് വേണ്ടി ഒന്നും ചെയ്യാൻ പറ്റാതിര്ന്ന അപ്പന് കറി വച്ചു കൊടുക്ക്.'

അയാൾ തുഴഞ്ഞു. അവൾ വീണ്ടും വിളിച്ചു.

'ജോസേട്ടാ.......'

അയാൾ തിരിഞ്ഞുനോക്കാതെ കൈവീശുക മാത്രം ചെയ്തു. അവൾ സഞ്ചിയെടുത്തുനോക്കി. അതിൽ നിറയെ കൊഞ്ചും കരിമീനും. ഒരാഴ്ച തിന്നാൽ തീരില്ല.

ഷർളി, അകന്നുപോകുന്ന വഞ്ചിക്കാരനെ നോക്കി. അയാൾ ചെമ്മീൻ കെട്ടിൽനിന്ന് കായലിലേയ്ക്കും, പിന്നെ അകലെ കടലിലേയ്ക്കും തുഴഞ്ഞു പോകുകയാണ്. വഞ്ചി സാവധാനത്തിൽ ഒരു പൊട്ടു മാത്രമായി തിരമാലകൾക്കപ്പുറത്തെവിടേയോ മറയുന്നതുവരെ അവൾ നോക്കിനിന്നു. പിന്നെ കണ്ണിൽ പൊടിഞ്ഞ ജലം ഷാളിന്റെ തലപ്പുകൊണ്ട് തുടച്ച് തിരിഞ്ഞു നടന്നു.

back to index

# ലാവണ്യ

**താ**നൊരു കറുത്ത കുട്ടിയാണെന്ന ബോധത്തോടെ ലാവണ്യ വളർന്നു. അമ്മ അവളെ ലാളിച്ചിരുന്നത് 'എന്റെ കറമ്പിമോളെ' എന്ന വിളിയോടെയാണ്. വളരെ കുട്ടിയിൽ അവൾ ആ വിളി കേൾക്കുമ്പോൾ കൈകാലുകൾ കുടഞ്ഞ് തൊണ്ണും കാട്ടി ചിരിച്ചിട്ടുണ്ടാകണം. മഞ്ഞ നിറം കയറിയ ചെറിയൊരു ഫോട്ടോവിൽ അവൾ ആ പോസിലാണ് കിടന്നിരുന്നത്. മിലിട്ടറിയിലുണ്ടായിരുന്ന അമ്മാവൻ ഒരിക്കൽ പൂന യിൽ നിന്നു വന്നപ്പോൾ മൂപ്പരുടെ ബോക്സ് ക്യാമറയിലെടുത്ത ആ ഫോട്ടോ ലാവണ്യ മുതിർന്നപ്പോൾ ആൽബത്തിൽനിന്നു അടർത്തിയെടുത്ത് അവളുടെ സ്വകാര്യ ആൽബത്തിലേയ്ക്കു മാറ്റി. ഉടുതുണിയില്ലാത്ത ആ ചിത്രം മറ്റുള്ളവർ കണ്ടിരുന്നത് അവൾക്ക് ഇഷ്ടമായിരുന്നില്ല. ഒരിക്കൽ അമ്മ വിരുന്നുകാർക്ക് ആൽബം കാണിച്ചുകൊടുക്കുമ്പോൾ മകളുടെ ഫോട്ടോ ഉണ്ടായിരുന്നിടത്തെ വിടവ് കണ്ടുപിടിച്ചു. മകൾ എത്ര കൗതുകമുള്ള ശിശുവായിരുന്നു എന്നതിന് തെളിവായി വിരുന്നുകാർക്ക് കാണിച്ചുകൊടുക്കാൻ മറ്റൊരു ഫോട്ടോ ഇല്ലാതെ അമ്മ വല്ലാതെ കഷ്ടപ്പെട്ടിരുന്നു. സ്ഥിരമായി വന്നിരുന്ന വിരുന്നുകാർക്ക് അതൊരാശ്വാസമായി. ആവർത്തനംകൊണ്ടു വിരസമായ അമ്മയുടെ നിരവധി വാക്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു, 'ലാവണ്യ എന്തു ഭംഗിയുള്ള കുട്ടിയായിരുന്നൂന്നറിയ്യോ?' എന്നത്. അതു കുറഞ്ഞുകിട്ടിയതോടെ വിരുന്നുകാരുടെ മുഖത്തു പ്രകടമായി വന്ന ആശ്വാസം ലാവണ്യ ശ്രദ്ധിക്കാറുണ്ട്.

പക്ഷെ അവളോടു സംസാരിക്കുമ്പോൾ അമ്മ എപ്പോഴും വിളിച്ചിരുന്നത് 'കറമ്പി മീനാക്ഷി' എന്നായിരുന്നു. അവളുടെ നിറം അത്ര മോശമൊന്നുമായിരുന്നില്ല. അനുജത്തിയുടെ മൂന്നു മക്കളും നല്ല നിറമായതുകൊണ്ടായിരിക്കണം സ്വന്തം മകൾ നിറമില്ലെന്നു അമ്മയ്ക്കു തോന്നാൻ കാരണം. നിറം നന്നാവാൻ അവർ കാലാകാലത്തായി കുളിപ്പിക്കുമ്പോൾ പലതരം എണ്ണകളും അതു കഴുകിക്കളയാൻ പലതരം പൊടികളും ഉപയോഗിച്ചു. ഉരച്ചുകളയാൻ ഈഞ്ച, വാക മുതലായവ പ്രയോഗിച്ചു. അവൾ വേദനിച്ച് ഉറക്കെ കരയുമ്പോൾ അമ്മ വാത്സല്യത്തോടെ പറയും. 'അമ്മെടെ കറമ്പി മീനാക്ഷീടെ നെറം നന്നാവാനല്ലെ?'

ഇങ്ങിനെ വേദന സഹിക്കേണ്ടി വരികയാണെങ്കിൽ തനിയ്ക്ക് ഇപ്പോഴുള്ള നിറം മതിയെന്ന് അവൾ കരച്ചിലിന്നിടയിൽ വിളിച്ചു പറയും. വിരുന്നുകാർ അമ്മയുടെ ചോദ്യത്തിന് മറുപടിയായി 'ഓ സതിച്ചേച്ചി, ഇപ്പ നെറം കൊറച്ച് നന്നായിട്ട്ണ്ട്' എന്നു പറയും. ഒപ്പംതന്നെ, നുണ പറഞ്ഞ് ആത്മാവിനെ വിറ്റതിലുള്ള ഖേദം കളയാനായി പിറ്റേന്ന് അമ്പലത്തിൽ പോകുമ്പോൾ ഒരു രൂപ കൂടുതൽ ഭണ്ഡാരത്തിൽ നിക്ഷേപിയ്ക്കാമെന്ന് നേരുകയും ചെയ്യും.

'എന്റെ കറമ്പിമീനാക്ഷീ.....' ആദ്യരാത്രിയിൽ വരൻ വിളിച്ചപ്പോൾ അവൾ ചിരിച്ചു.

'അമ്മയും എന്നെ ആ പേരാണ് വിളിച്ചിരുന്നത്.'

'അത് നല്ല പേരാണ്.' പ്രമോദ് പറഞ്ഞു. 'ലാവണ്യ എന്ന പേരിനേക്കാൾ നല്ലത്. ലാവണ്യ എന്ന പേര് കേക്കുമ്പോ വല്ല കോൾഡ് ക്രീമും ആണ് ഓർമ്മ വര്വാ.'

വരന് നല്ല നിറമായിരുന്നു. നിറം മാത്രമല്ല ഭംഗിയും. ബന്ധുക്കൾ പതുക്കെ അടക്കം പറഞ്ഞു. 'നോക്കു അവൾക്ക് കിട്ടിയ പയ്യൻ. ആരെങ്കിലും വിചാരിച്ചോ ഇത്ര നല്ല വരനെ അവൾക്ക് കിട്ടുംന്ന്?'

ലാവണ്യയ്ക്കുതന്നെ അതൊരദ്ഭുതമായിരുന്നു. പെണ്ണു കാണാൻ വന്നപ്പോൾ പയ്യൻ അവളോട് അര മണിക്കൂർ സംസാരിച്ചിരുന്നു. അവളുടെ ഡിഗ്രി വെറും ബി.എ. ആണെന്നറിഞ്ഞപ്പോൾ അയാൾ പറഞ്ഞു.

'ഈ ഡിഗ്രികൊണ്ട് എന്തു ജോലിയാണ് കിട്ടുക? സാരല്യ. കുക്കിങ് എങ്ങിനെ?'

'അച്ഛനോടു ചോദിച്ചാൽ നല്ല അഭിപ്രായം പറയും. അമ്മ ഒരിക്കലും നല്ല അഭിപ്രായം പറഞ്ഞിട്ടില്ല.'

'അതെന്താ അങ്ങിനെ?'

'ഞാനുണ്ടാക്കണതെല്ലാം അച്ഛന്റെ രുചിക്കനുസരിച്ചുള്ള ഭക്ഷണാണ്'

'എന്തൊക്ക്യാണ് അച്ഛന്റെ രുചികള്?'

'അച്ഛന് ചോറും ഒരു മെഴുക്കുപുരട്ടിയും മൊളകൂഷ്യൂം മാത്രം മതി.'

'അതൊക്കെ മകള് നന്നായി ഉണ്ടാക്കും അല്ലെ?'

'ഒരു മാതിരി.'

'അമ്മടെ രുചികള്?'

'നേരത്തെ പറഞ്ഞ മൂന്ന് ഐറ്റം ഒഴിച്ച് ലോകത്തുള്ള സകലതും.'

സംഗതികളുടെ ഗൗരവം മനസ്സിലാക്കിയപോലെ അയാൾ മൂളി. അടുത്ത മുറിയിൽ അയാളുടെ അമ്മ ഇരുന്ന് നാട്ടുവർത്തമാനങ്ങൾ പറഞ്ഞു. പയ്യൻ സംസാരിച്ച് എഴുന്നേറ്റപ്പോഴാണ് താൻ അയാളുടെ കാര്യങ്ങളൊന്നും അന്വേഷിച്ചില്ല എന്ന് ലാവണ്യ ഓർത്തത്. ആകെ മനസ്സിലായത് അയാളുടെ പേര് പ്രമോദ് എന്നാണെന്നു മാത്രം. അതു പിന്നെ നേരത്തെ അറിയുകയും ചെയ്യാം. ജോലി ചെയ്യുന്ന കമ്പനിയുടെ പേർ പറഞ്ഞത് അവൾക്ക് മനസ്സിലായില്ല. അതുപോലെ ജോലി എന്താണെന്നും. എന്തോ കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട ജോലിയാണെന്നു മാത്രം. അതൊക്കെ പിന്നെ അച്ഛനോടു ചോദിച്ചു മനസ്സിലാക്കാം. മറ്റു പല കാര്യങ്ങളും..... ഇനി തിരിച്ചു വിളിച്ച് സംസാരിയ്ക്കാൻ പറ്റുമോ? എന്തായാലും ഇതു നടക്കില്ല എന്നവൾക്കുറപ്പായിരുന്നു. ഒന്നാമത് പയ്യന്റെ നിറം, വല്ല ഹിന്ദി ഫിലിംസ്റ്റാർ പോലുണ്ട്. താൻ ഒപ്പം നിന്നപ്പോൾ രാത്രിയും പകലും പോലെയുണ്ട്. രണ്ടാമത് തന്റെ ഒന്നിനും കൊള്ളാത്ത ബി.എ. ബിരുദം. മൂന്നാ

മത് പാചകസിദ്ധികൾ. ഇതൊന്നുമല്ല പയ്യന് ആവശ്യമെന്ന് അവൾക്കു മനസ്സിലായി. പോരാത്തതിന് അയാളുടെ അമ്മയുടെ നോട്ടം. അവളെ തീരെ അംഗീകരിയ്ക്കാത്ത ഒരു നോട്ടമായിരുന്നു. നിരാകരിച്ചുകൊണ്ട് എന്നുതന്നെ പറയാം. ഇനി പോയിട്ട് വേണം ഇങ്ങിനത്തെ ഒരാലോചന കൊണ്ടുവന്നതിന് ദല്ലാൾക്കിട്ട് നാലു കൊടുക്കാനെന്ന ഭാവം.

അവർ പോയ ഉടനെ അമ്മ ഓടിവന്ന് ചോദിച്ചു. 'അയാളെന്തു പറഞ്ഞു.'

'ഒന്നും പറഞ്ഞില്ല. നമ്മള് വടയ്ക്കും കേക്കിനും ചെലവാക്കിയ പണം നഷ്ടം. അമ്മയ്ക്ക് ഇനിയും മധുരപലഹാരങ്ങള് വാങ്ങാഞ്ഞിട്ടായിരുന്നു!'

'എന്തേണ്ടായത്?' അച്ഛനാണ് ചോദിച്ചത്.

'ബി.എ. ഡിഗ്രികൊണ്ട് എന്തു ജോലി കിട്ടാനാ?' പയ്യനെ അനുകരിച്ചുകൊണ്ട് അവൾ പറഞ്ഞു. 'കുക്കിങ്ങൊക്കെ അറിയ്യോ?' ഞാൻ പറഞ്ഞു ചോറുണ്ടാക്കാം, പിന്നെ മെഴുക്കുപിരട്ടീം മൊളകൂഷ്യൂം. അതോടെ പയ്യൻ ഡൗണായി.'

'ഇങ്ങിന്യൊക്കെ മറുപടി കൊടുത്താലേയ്.........' അമ്മയ്ക്കു ദേഷ്യം പിടിച്ചു.

'അമ്മേ, അയാൾക്ക് വേറെ നല്ല പെൺകുട്ട്യോളെ കിട്ടും. അത്ര നല്ല പയ്യനാണ്. ഇതയാള് ഒരു റിഹേഴ്സലിന് വന്നതായിരിയ്ക്കും.'

ഇതൊക്കെയാണ് പശ്ചാത്തലം. അതുകൊണ്ട് പിറ്റേന്ന് വരന്റെ അച്ഛൻ ഫോൺ ചെയ്തപ്പോൾ ശരിയ്ക്കും അദ്ഭുതമായിരുന്നു.

'അവന് ആ കുട്ടിതന്നെ മതീന്നാ പറയണത്?' അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു. ആ പറച്ചിലിൽ കൂടുതൽ ആന്തരാർത്ഥങ്ങളുണ്ടെന്ന് ലാവണ്യ ഊഹിച്ചെടുത്തു. അമ്മയ്ക്ക്, അവൾ പ്രതീക്ഷിച്ച പോലെത്തന്നെ അവളെ ഇഷ്ടമായിട്ടില്ലെന്നും മകന്റെ നിർബ്ബന്ധം കാരണം അവരും സമ്മതം മൂളിയതാവണമെന്നും. മരുമകളവിടെ വന്നിട്ടുവേണം ഒരു അമ്മായിയമ്മപ്പോര് തുടങ്ങാൻ എന്നായിരിക്കും വിചാരം. എന്തെങ്കിലും ആവട്ടെ.

'കണ്ടില്ലെ അമ്മേ, എന്റെ കുക്കിങ് ടാലന്റ് മനസ്സിലാക്കിയ ഒരാളെങ്കിലും ഉണ്ട്, മനസ്സിലായോ?'

'രണ്ടാള്.' അച്ഛൻ പറഞ്ഞു. 'ഒന്ന് അച്ഛൻ, പിന്നെ ആ പയ്യൻ.'

'അയാള്ടെ തലേല് അതായിരിയ്ക്കും എഴുതിവച്ചിരിക്കണത്.' അമ്മ പറഞ്ഞു. തന്നെക്കുറിച്ചുള്ള ദുഃസൂചനകൾ അച്ഛൻ കേട്ടില്ലെന്ന് നടിച്ചു.

'പിന്നെ എന്തൊക്ക്യാണ് മൂപ്പര് പറഞ്ഞത്?'

ഇനി അര മണിക്കൂർ നേരത്തേയ്ക്ക് അച്ഛന് കോളായി. ഫോണിൽ ആകെ അഞ്ചു മിനുറ്റ് നേരമേ സംസാരിച്ചിട്ടുള്ളു. 'ഇഷ്ടായി, ഇനി വേണ്ട കാര്യങ്ങളൊക്കെ തുടങ്ങാം. മകന് ഇനി ഇരുപതു ദിവസം കൂടിയേ ലീവുള്ളു. അതിനുമുമ്പ് വിവാഹം നടത്തണം. അപ്പൊ ഒരു നിശ്ചയത്തിനൊക്കെ സമയണ്ടോ? ഞങ്ങക്ക് നിർബ്ബന്ധൊന്നുംല്ല്യ. നിങ്ങള് ഒരു ദിവസം വന്നാമതി, നമുക്ക് പഴേ മട്ടിലുള്ള ഒരു നിശ്ചയം നടത്താം. കാരണോമ്മാരൊക്കെ കൂടീട്ട്. പോരെ? അതിനുമുമ്പെ നിങ്ങള് ഒരു ദിവസം എന്തായാലും വരണം. വീട് കാണണ്ടെ?......'

ആദ്യത്തെ രാത്രി സ്വന്തം വീട്ടിൽത്തന്നെ വേണമെന്ന ഒരേയൊരു നിർബ്ബന്ധമേ ലാവണ്യയ്ക്കുണ്ടായിരുന്നുള്ളു. അതു നന്നായെന്ന് അവൾക്കു പിന്നീടു തോന്നി. ഉച്ചയ്ക്ക് രണ്ടു മണിയ്ക്കാണ് വരന്റെ വീട്ടിൽ കേറേണ്ട സമയം. അവിടെ രണ്ടു മണിക്കൂർ മാത്രം. അവിടുത്തെ പാർട്ടി കഴിഞ്ഞ് തിരിച്ച് പാടുരാശിയ്ക്കു മുമ്പ് വീട്ടിലേയ്ക്ക്. വരന്റെ വീട്ടിൽ ചെലവാക്കിയ സമയം എങ്ങിനെയൊക്കെയോ കഴിഞ്ഞു എന്നല്ലാതെ അവൾക്ക് ഓർമ്മയൊന്നുമില്ല. പലരും വന്നു, അവരെ ആശീർവദിച്ചു. ഒരു കാര്യം മാത്രം ഓർമ്മയിൽ നിന്നു. ഗെയ്റ്റു കടന്ന ഉടനെ അവളുടെ മുമ്പിൽ ഉയർന്നുനിന്ന ആ പഴയ കെട്ടിടം. ഒരു പ്രേതഭവനംപോലെ. പുരാതനമായ ഒരു തറവാടാണ് വരന്റേതെന്ന് അച്ഛനും അമ്മയും കൂടിയുള്ള സംസാരത്തിൽ നിന്ന് മനസ്സിലായെങ്കിലും അവർ താമസിക്കുന്നത് ഇത്ര പഴയ കെട്ടിടത്തിലാണെന്ന് അവൾക്കു രൂപമുണ്ടായിരുന്നില്ല. ഭാഗ്യത്തിന് അവൾ മൂന്നു ദിവസത്തിനുള്ളിൽ ചെന്നൈയ്ക്ക് വണ്ടി കയറും. പ്രമോദിന്റെ ലീവ് ഒരാഴ്ചയ്ക്കുള്ളിൽ തീരും.

പ്രമോദിന്റെ അമ്മ വലിയ കുഴപ്പക്കാരിയാണെന്നു തോന്നിയില്ല. ഒരുപക്ഷെ ഒരു കുഴപ്പക്കാരി അമ്മയുടെ ഒപ്പം താൻ ഇരുപത്തിരണ്ടു വർഷം ജീവിച്ചതുകൊണ്ടായിരിക്കണം. പടിക്കൽ വച്ച് അവളെയും പ്രമോദിനെയും അമ്മയും അമ്മായിയും കൂടി താലത്തിൽ വിളക്കുമായി വന്ന് ആരതി ഉഴിഞ്ഞ് തലയിൽ അരിയും പൂവുമിട്ട് സ്വീകരിക്കുമ്പോൾ ഒരു അമ്മായിയമ്മപ്പോരെടുക്കുന്നതിന്റെ യാതൊരു ലക്ഷണവും കണ്ടില്ല. മാത്രമല്ല പടിക്കൽനിന്ന് ഉമ്മറത്തേയ്ക്കുള്ള നീണ്ട പാതയിൽക്കൂടി നടക്കുമ്പോൾ അവർ തിരിഞ്ഞ് പറയുകയും ചെയ്തു.

'മോളെ സൂക്ഷിക്കണേ, നിറയെ കല്ലുകള്ണ്ട്.'

നിറയെ സ്നേഹം, ലാവണ്യ കരുതി, പക്ഷെ എപ്പഴാണ് പോരെടുക്കുക എന്നുപറയാൻ കഴിയില്ലല്ലൊ. നിറയെ കല്ലുകളുണ്ട് എന്നു പറയുന്നത് അവൾ മറ്റൊരർത്ഥത്തിലാണെടുത്തത്. കല്ലുകളുണ്ട്, പുത്തരിയിൽത്തന്നെ കടിയ്ക്കാതെ നോക്കിക്കോ എന്ന്.

'വലതുകാൽ വച്ച് കയറു......' ആരോ പറഞ്ഞു.

അകത്ത് തളത്തിൽ നിറപറയുടെയും നിലവിളക്കിന്റെയും മുമ്പിൽ വിരിച്ച പുൽപ്പായിൽ രണ്ടുപേരെയും ഇരുത്തി. ഇനി പാലും പഴവും കൊടുക്കുന്ന ചടങ്ങ്. വീഡിയോവിന്റെ വിളക്കുകൾ പ്രകാശിച്ചു. ആ വെളിച്ചത്തിൽ ചെറുപ്പക്കാരികൾ തൊട്ട് വയസ്സായവർ വരെയുള്ള ഒന്നര ഡസൻ സ്ത്രീകളും, പോരാത്തതിന് നാലോ അഞ്ചോ ആണുങ്ങളും വീഡിയോ ക്യാമറയിൽ പെടുന്നില്ലെ എന്ന് ഉറപ്പുവരുത്തി വധൂവരന്മാർക്ക് പാലും പഴവും കൊടുത്തു.

'ദൈവമേ, എന്റെ സാരി ഇനി ഒന്നിനും കൊള്ളില്ല.' ലാവണ്യ മനസ്സിൽ കരുതി.

പാലു കൊടുക്കുന്നവരുടെ തിരക്കു കഴിഞ്ഞപ്പോൾ കിട്ടിയ ഒരൊഴിവിൽ പ്രമോദ് ചോദിച്ചു.

‘എന്താണ് ഇങ്ങിനെ ടെൻസ് ആയി ഇരിക്കണത്?’

അവൾ വെറുതെ തലയാട്ടി.

‘ഒന്ന് ഭംഗിയായി ചിരിച്ചോളൂ, നമ്മളിപ്പോൾ രണ്ട് അഭിനേതാക്കളാണ്. പിന്നെ വീഡിയോ കാണുമ്പോൾ ആൾക്കാര് വിചാരിക്കും നിനക്കിഷ്ടല്ല്യാത്ത കല്യാണായിരുന്നുന്ന്.’

താൻ ചിരിച്ചിട്ട് കുറേ നേരമായെന്ന് മനസ്സിലായപ്പോൾ അവൾ ചെറുതായി ചിരിച്ചു.

‘ഇപ്പൊ നല്ല ഭംഗിണ്ട്.’

‘എന്താ വധൂം വരനുംകൂടി ശൃംഗാരം?’ ഭംഗിയുള്ളൊരു ചെറുപ്പക്കാരി കുനിഞ്ഞുനിന്ന് അവരോടു ചോദിച്ചു.

‘ഇതെന്റെ മുറപ്പെണ്ണാണ്.’ അദ്ഭുതത്തോടെ അവളെ നോക്കിയ ലാവണ്യയോട് പ്രമോദ് പറഞ്ഞു, ‘പേര് ഗായത്രി. ഞാനവളെ കെട്ടാത്തതിന്റെ കുശുമ്പാണ്.’

‘ഓ, എനിയ്ക്ക് നിന്നേക്കാൾ നല്ല പയ്യനെ കിട്ടീലോ. നിന്നെ ആർക്കു വേണം?’

‘ഇതാ ഇവൾക്ക്.’ ലാവണ്യയെ ചൂണ്ടിക്കൊണ്ട് പ്രമോദ് പറഞ്ഞു. ‘അല്ലെ?’

അവൾ നന്നായൊന്ന് ചിരിച്ചു.

‘എണീറ്റോളൂ.’ ആരോ പറഞ്ഞു.

പ്രമോദിന്റെ അമ്മ വന്ന് അവളെ അകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ഇടനാഴികയിലും മുറികളിലും ഒക്കെയായി നിറയെ സ്ത്രീകളുണ്ടായിരുന്നു. ആരെയൊക്കെയോ പരിചയപ്പെടുത്തി. അതൊരു വെറും ചടങ്ങു മാത്രമാണെന്നും, താൻ ആരുടെയും മുഖമോ പേരോ ഓർമ്മിയ്ക്കാൻ പോകുന്നില്ലെന്നും ലാവണ്യയ്ക്ക് അറിയാമായിരുന്നു.

തിരിച്ച് വീട്ടിലേയ്ക്കുള്ള യാത്ര. രാത്രിയും സദ്യ തന്നെയായിരുന്നു. നിറയെ ആളുകൾ. ഇവരൊക്കെ എപ്പോഴാണ് പോകുന്നത്? എല്ലാവരും പോയി വീടൊഴിഞ്ഞു കിട്ടിയാൽ മതിയെന്നായിരിക്കുന്നു അവൾക്ക്. എത്ര ദിവസായി ഈ തിരക്ക്?

രാത്രി എല്ലാവരും പുറത്തുകടന്നു മുറിയുടെ വാതിലടച്ചപ്പോൾ പ്രമോദ് പറഞ്ഞു.

‘ഇതാണ് കല്യാണങ്ങൾക്കൊക്കെള്ള കുഴപ്പം. അതു കഴിയുമ്പഴേയ്ക്ക് മനുഷ്യൻ തളർന്നു പോകുന്നു.’

‘ഞാനും അത് തന്ന്യാ വിചാരിച്ചോണ്ടിരുന്നത്.’

‘അതെന്താ കാര്യംന്നറിയ്യോ?’ പ്രമോദ് ചിരിച്ചുകൊണ്ട് പറഞ്ഞു. ‘ഒരു പെണ്ണിനെ കിട്ട്യാല് നല്ലോണം നോക്കണംന്നാണ്. ഇനി വേറൊന്നിനെ കിട്ടണംന്ന്ണ്ടെങ്കില് ഇത്രേം അദ്ധ്വാനണ്ട്ന്ന് കാണിക്കാനാണത്.’

‘അതോണ്ടെങ്കിലും എന്നെ എവിടീം കൊണ്ടെ ഇടില്ല്യാന്ന് വിചാരിക്കുണു.’

‘അയ്യോ, ഈ സുന്ദരിയെ എവിടെങ്കിലും കൊണ്ടെ ഇടേ? നല്ല കാര്യായി.’

അന്തരീക്ഷം പെട്ടെന്ന് മാറിയതായി ലാവണ്യയ്ക്ക് തോന്നി. മുറിയിലെ മുല്ലപ്പൂവിന്റെ സുഗന്ധം ആദ്യമായി അവൾക്കനുഭവപ്പെട്ടു. തളർച്ച ഉണർവ്വിനു വഴിമാറി.

‘ഞാൻ വിളക്ക് ഓഫാക്കട്ടെ.’ പ്രമോദ് പറഞ്ഞു.

കിടന്നു കഴിഞ്ഞപ്പോൾ ലാവണ്യയ്ക്ക് പ്രമോദിന്റെ വീട്ടിൽ കണ്ട ചെറുപ്പക്കാരിയെ ഓർമ്മ വന്നു. നല്ല നിറം, നല്ല സുന്ദരി. അവൾ ചോദിച്ചു.

‘പ്രമോദിന്റെ മുറപ്പെണ്ണ് എന്നു പറഞ്ഞ ആ കുട്ടിയില്ലെ?’

‘ഉം.’

‘ആ കുട്ടി നല്ല സുന്ദര്യാണല്ലൊ. എന്തേ അവളെ കല്യാണം കഴിക്കാതിരുന്നത്?’

‘അയ്യേ, അവളെന്റെ പെങ്ങളെ പോല്യാണ്. ഞങ്ങളൊപ്പം കളിച്ച് വളർന്നതാ. ഏകദേശം ഒരേ പ്രായാണ്. അവള് ആറു മാസം താഴ്യാണ്ന്ന് മാത്രം. അവളടെ കല്യാണം നാലു കൊല്ലം മുമ്പ് കഴിഞ്ഞിരിക്കുണു. മൂന്നു വയസ്സുള്ള മകളുണ്ട്. നല്ല സുന്ദരി. നീ കണ്ടില്ലാ അല്ലെ?’

‘ഊംഉം. അല്ലാ, ഒരു രണ്ടരമൂന്നു വയസ്സുള്ള പെൺകുട്ടി അവിട്യൊക്കെ ഓടിക്കളിക്കണ കണ്ടിരുന്നു. നല്ല നെറള്ള കുട്ടി. അവളായിരിക്കും. പിന്നെ ഞാനൊരു കാര്യം ചോദിക്കട്ടെ?’

‘പറയൂ.’

‘നമുക്കൊരു മോളുണ്ടാവുമ്പൊ അത്ര ഭംഗിണ്ടാവ്വോ? ആ നെറും ഭംഗീം?’

‘എന്താ അങ്ങിന്യൊക്കെ തോന്നാൻ കാരണം?’

‘എനിയ്ക്കു തോന്ന്വാണ് ഉണ്ടാവില്ലാന്ന്. പ്രമോദിന് നല്ല നെറംണ്ട്. പക്ഷെ എന്റെ നെറം മോശാണ്. അപ്പൊ എന്റെ നെറം കിട്ടിയാലോ?’

‘നിന്റെ നിറം അത്ര മോശൊന്നും അല്ല. പിന്നെ കുട്ടിയ്ക്ക് അല്പം നെറം മോശാണെങ്കിൽത്തന്നെ എന്താ? നെറത്തിലൊക്കെ എന്തു കിടക്കുന്നു?’

ലാവണ്യ ഒന്നും പറഞ്ഞില്ല. അവൾ സ്വന്തം കുട്ടിക്കാലം ഓർക്കുകയായിരുന്നു. ഇനി എന്റെ മോൾക്കും അങ്ങിനെയൊരു കുട്ടിക്കാലമുണ്ടാവുകയാണെങ്കിലോ?

‘എന്താ അങ്ങിന്യൊക്കെ തോന്നണത്?’

‘എന്തോ എനിയ്ക്കു തോന്ന്വാണ് പ്രമോദിന്റെ അമ്മയ്ക്ക് എന്നെ ഇഷ്ടായിട്ടില്ലാന്ന്.’

‘നെറം കാരണോ?’

‘ഉം.’

‘നീ ഭാവനേല് കാണണതാണ്. അമ്മ പാവാണ്. പിന്നെ അമ്മയ്ക്ക് എന്തു നെറാണ്ള്ളത്. അമ്മമ്മയ്ക്ക് അതിലേറെ കൊറവായിരുന്നു നെറം. എനിയ്ക്ക് കിട്ടീത് അച്ഛന്റെ നെറാണ്. അങ്ങിന്യൊക്കെ വിചാരിച്ച് വെറുതെ മനസ്സ് കേടു വരുത്തണ്ട. എന്റെ അമ്മയ്ക്ക് നെന്നെ നല്ല ഇഷ്ടായിരിക്കുണു.’

‘ഞാൻ പറയണത്......’ അവളുടെ ചുണ്ടുകൾ മറ്റൊരു ജോടി ചുണ്ടുകൾ കൊണ്ട് അടയ്ക്കപ്പെട്ടു. വാക്കുകൾ മുദ്ര വെയ്ക്കപ്പെട്ടു. അവിടെ മൗനത്തിന്റെ ഭാഷ മാത്രമേയുള്ളു. അതിൽ സംശയമില്ല, സന്ദേഹമില്ല, ഒരു വിധത്തിലുള്ള അവ്യക്തതയുമില്ല. മാന്ത്രികനിമിഷങ്ങൾ മിനുറ്റുകളും മണിക്കൂറുകളുമായപ്പോൾ ലാവണ്യ അതിൽനിന്ന് ഉണർന്നു. അവൾ ചോദിച്ചു.

‘എന്നെ ഇഷ്ടായോ?’

‘ഇനിയും സംശയംണ്ടോ?’

‘ഉറക്കം വര്ണ്ണ്ടോ?’

‘ഇങ്ങിനെ ഒരു സുന്ദരി അടുത്തു കിടക്കുമ്പോ എങ്ങിന്യാണ് ഉറക്കം വര്വാ?’

‘എന്നാ നമ്ക്ക് സംസാരിക്ക്യാ?’

‘പറ്റുന്നിടത്തോളം?’

‘അതെന്താ?’

‘എപ്പഴാണ് ഇനിയും പ്രലോഭനങ്ങള് വന്ന് പെടാന്നറിയില്ലല്ലൊ.’

എങ്ങിനെയാണ് തുടങ്ങേണ്ടത് എന്നവൾ ആലോചിച്ചു. ഒരുപാടു കാര്യങ്ങൾ സംസാരിക്കാനുണ്ട്. അതിനൊരു അടുക്കും ചിട്ടയുമുണ്ടാക്കാൻ കഴിയുമോ?

‘ആ വീട്ടില് ആരൊക്ക്യാണ് താമസിക്കണത്? ഇന്ന് കൊറേ പേരെ കണ്ടു. അമ്മ എല്ലാവരേം പരിചയപ്പെടുത്തി. എനിയ്ക്കുണ്ടോ ഇനി അവരെയൊക്കെ മനസ്സിലാവുണു?’

‘വീട്ടില് എന്റെ അമ്മീം അച്ഛനും അമ്മടെ വല്ല്യമ്മേം മാത്രം. വേറെ ആരുംല്ല്യ. വല്ല്യമ്മയ്ക്ക് നല്ലോണം വയസ്സായിരിക്കുണു. അവര്ടെ കാര്യം നോക്കാനുള്ളതോണ്ട് അമ്മയ്ക്ക് എങ്ങട്ടും പോവാൻ പറ്റാറില്ല. ഇന്നലെ നമ്മളവിടെ ഉണ്ടായിരുന്ന സമയത്ത് അവരുറങ്ങ്വായിരുന്നു. അതോണ്ടാണ് നിന്നെ അങ്ങോട്ട് കൊണ്ടുചെന്ന് കാണിക്കാതിര്ന്നത്.’

‘അവര്ക്ക് ആരുംല്ല്യേ?’

‘അതൊരു സങ്കടായിട്ട്ള്ള കാര്യാണ്. രണ്ടാൺമക്കളായിരുന്നു. ഒരാൾ മുപ്പതാമത്തെ വയസ്സില് മരിച്ചു. മറ്റ്യാള് എവിട്യാണ്ന്ന് ആര്ക്കും അറീല്ല്യ.’

‘പാവം.’

‘പെൺമക്കളില്ലാത്തതുകൊണ്ട് അവര്ക്ക് അമ്മയെ വല്ല്യ കാര്യായിരുന്നു. അവര്ക്ക് കഷ്ടിച്ച് പരസഹായല്ല്യാതെ സ്വന്തം കാര്യം നോക്കാം എന്നേയുള്ളു. അവരെ ഒറ്റയ്ക്കിട്ട് എങ്ങട്ടും പോവാൻ വയ്യ.’

‘നിങ്ങടെ വീട് വളരെ പഴേതാണ്ന്ന് തോന്നുണു? കണ്ടാൽ പേടി തോന്നും. വല്ല പ്രേതഭവനം പോലെണ്ട്.’

‘ശര്യാണ്. വളരെ പഴേ വീടാണ്. വളരെ വല്യ വീടായിരുന്നു. ഏകദേശം മുപ്പത്തഞ്ച് നാൽപ്പത് കൊല്ലം മുമ്പ് കൊറെയൊക്കെ പൊളിച്ചുകളഞ്ഞു. ഞാനെപ്പഴും പറയാറ്ണ്ട് അച്ഛനോട് അതു മുഴുവൻ പൊളിച്ചുകളഞ്ഞ് വേറെ വീട് പണിയാൻ. അതൊക്കെ ഇനി അമ്മടെ വല്ല്യമ്മടെ കാലത്തിന് ശേഷെ പറ്റു.’

‘എന്തേ?’

‘അവര്ക്കതിനോട് സെന്റിമെന്റൽ അറ്റാച്ച്മെന്റുണ്ട്. എന്തായാലും നാളെ കാണാം അവരെ.’

അവൾ മൂളി. ഉറക്കം പാതി മൂളലിനെ അപഹരിച്ചു. രാവിലെ അഞ്ചു മണിയ്ക്ക് എഴുന്നേറ്റ് തുടങ്ങിയതാണ് കുളിച്ച് പുറപ്പെട്ട് അമ്പലത്തിൽ പോക്കുതൊട്ടുള്ള ശ്രമങ്ങൾ.

രാവിലെ എഴുന്നേറ്റപ്പോൾ പ്രമോദ് പറഞ്ഞു. ‘നല്ല കക്ഷിയാണ്. നമുക്ക് സംസാരിക്കാംന്ന് പറഞ്ഞിട്ട്, എവിടെ ആള്?’

‘നല്ല ക്ഷീണണ്ടായിരുന്നു. ഞാനൊറങ്ങിപ്പോയി.’ അവൾ ക്ഷമാപണത്തോടെ പറഞ്ഞു.

‘സാരല്യ,’ പ്രമോദ് ചിരിച്ചുകൊണ്ട് പറഞ്ഞു. ‘നമുക്കാ കോട്ടം ഇപ്പോൾ തീർക്കാം.......’

വരന്റെ വീട്ടിലേയ്ക്കുള്ള യാത്ര രസകരമായിരുന്നു. ഒരേ വഴിയ്ക്കാണ് പോകുന്നതെങ്കിലും പുതിയൊരു വഴിയിലൂടെ പോകുന്ന പ്രതീതി. ഇങ്ങിനെയായാൽ മതിയായിരുന്നു പ്രമോദിന്റെ ഒപ്പമുള്ള ജീവിതം മുഴുവൻ. ഓരോ ദിവസവും പുതിയൊരു പാതയിലൂടെ സഞ്ചരിക്കുന്ന മട്ടിൽ.

വീട്ടിൽ തിരക്ക് കുറവായിരുന്നു. നാലോ അഞ്ചോ സ്ത്രീകളും രണ്ടോ മൂന്നോ പുരുഷന്മാരും മാത്രം. അവരാകട്ടെ ഓടിനടന്ന് ജോലിയെടുക്കുകയാണ്. പ്രമോദിന്റെ അച്ഛൻ ഒന്നും പറയാതെ വെറുതെ ചിരിച്ചുകൊണ്ട് നിൽക്കുകയാണ്.

‘ഇന്ന് വൈകുന്നേരം കുറച്ചു തിരക്കുണ്ടാവും പാർട്ടിയ്ക്ക്. അതും കഴിഞ്ഞാൽ തിരക്കൊഴിയും.’ അമ്മ പറഞ്ഞു. ‘നമുക്ക് ആദ്യം ചെയ്യേണ്ട ഒരു കാര്യണ്ട്. എന്റെ വല്ല്യമ്മണ്ട്. അവര് അധികം നടക്കാനൊന്നും വയ്യാണ്ടെയിരിക്ക്യാണ്. അവരെ കണ്ടിട്ട് അനുഗ്രഹം വാങ്ങണം. പക്ഷെ ഇപ്പൊ അവരെ കാണാൻ പറ്റില്ല. രാവിലത്തെ കാര്യങ്ങളൊക്കെ കഴിഞ്ഞ് കുളിക്കാൻ പത്തര, പതിനൊന്നാവും. അതു കഴിഞ്ഞിട്ട് പോവാം നമുക്ക്. എനിക്ക് അമ്മേപോലത്തെ ഒരാളാണ്. ഇപ്പൊ കല്യാണം കാരണം കഴിഞ്ഞ രണ്ടുമൂന്നു ദിവസായിട്ട് രാവിലത്തെ കാര്യങ്ങൾക്ക് വേറൊരു സ്ത്രീയെ ആക്കിയിട്ട്ണ്ട്. മുഴുവൻ തൃപ്ത്യായിട്ടില്ല. ആ സ്ത്രീയെ ചീത്ത പറഞ്ഞോണ്ടിരിക്ക്ണ്ണ്ട്.’

‘മോള് ഒരു ഭാഗത്ത് പോയി വിശ്രമിയ്ക്ക്.’ അച്ഛൻ പറഞ്ഞു. ‘ഇനി വൈകുന്നേരം വീണ്ടും തിരക്കായിരിക്കും. പ്രമോദേ നീ ഈ കുട്ടിയ്ക്ക് വീടും പറമ്പും ഒക്കെ കാണിച്ചുകൊടുക്ക്.’

ലോകത്തിലെ എല്ലാവരിൽനിന്നും രക്ഷപ്പെട്ട് പ്രമോദിന്റെ ഒപ്പം ഒറ്റയ്ക്ക്. പതിനൊന്ന് മണിയാവരുതേ എന്ന വൾക്കു തോന്നി. പക്ഷെ പതിനൊന്നേകാലിന് അമ്മയുടെ വിളി കേട്ടു. ‘പ്രമോദേ.....’

അവർ മുകളിൽനിന്ന് ഇറങ്ങിവന്നു. അമ്മയോടൊപ്പം വല്ല്യമ്മയെ കാണാൻ ഇരുണ്ട ഇടനാഴികയിലൂടെ നടക്കു മ്പോൾ ലാവണ്യ ഓർത്തു. പ്രമോദ് ഒപ്പമുണ്ടായിരുന്നെങ്കിൽ. എന്തോ ആ ഇരുണ്ട ഇടനാഴികകൾ അവളുടെ ധൈര്യം കെടുത്തിയിരുന്നു. മുറിയിൽ എന്തൊക്കെയോ മണം കലർന്നുണ്ടാകുന്ന, തീരെ സുഖമില്ലാത്ത ഒരു അന്തരീക്ഷമാ യിരുന്നു.

‘വല്ല്യമ്മയ്ക്ക് വെളിച്ചം വയ്യ, അതൊണ്ട് ജനല് തൊറക്കാറില്ല. ഇപ്പൊ മോളെ കാണാൻ വേണ്ടി തൊറന്നിടാൻ പറഞ്ഞതാ.’ അവളുടെ മുഖത്തെ രുചിക്കാത്ത ഭാവം മനസ്സിലായിട്ടെന്നപോലെ അമ്മ പറഞ്ഞു.

‘വല്ല്യമ്മേ, ഇതാ ലാവണ്യ.’

മെലിഞ്ഞ് നന്നെ വയസ്സായ ഒരു സ്ത്രീ. അവർ കിടയ്ക്കയിൽ അവരുടെ അടുത്തേയ്ക്കവളെ ഇരിയ്ക്കാൻ ക്ഷണി ച്ചു.

‘നല്ല കുട്ട്യാണ്. ആ ചെക്കനോട് ഇവളെ നന്നായി നോക്കണംന്ന് പറയണം. അവനെവിടെ?’

‘അവൻ ഉമ്മറത്ത്ണ്ട്.’

‘കണ്ടില്ലെ, അവനല്ലെ ഇവളെ എനിയ്ക്ക് കാണിച്ചുതരണ്ടത്?’

‘ഇപ്പഴത്തെ കുട്ട്യോളല്ലെ വല്ല്യമ്മേ.’

‘ശരി മോളെ, നന്നായി വരട്ടെ. എനിക്കൊന്ന് കിടക്കണം. കൊറച്ച് നേരം കെടക്കട്ടെ.’

‘വല്ല്യമ്മയ്ക്ക് ഈ സമയത്തൊരു ഉറക്കണ്ട്.’ മുറിയ്ക്കു പുറത്തു കടക്കുമ്പോൾ അമ്മായിയമ്മ പറഞ്ഞു.

ഇടനാഴിക നീണ്ടുപോകുന്നത് അടുക്കളയിലേയ്ക്കാണ്. അതിനുമുമ്പ് ഇടത്തോട്ടു തിരിഞ്ഞ് ഇരുട്ടുപിടിച്ച ഒരു മൂലയുണ്ട്. അവിടെയെത്തിയപ്പോൾ അമ്മായിയമ്മ നിന്നു. ‘വല്ല്യമ്മടെ മുറിയിൽനിന്ന് ഈ എടനാഴികേലേയ്ക്കും വാതില്ണ്ട്. മുമ്പ് ഈ ഭാഗം അങ്ങിനെ നീണ്ടു പോവ്വായിരുന്നു. നിറയെ മുറികള്. എന്റെ കുട്ടിക്കാലത്താണ് അതൊക്കെ പൊളിച്ചുമാറ്റി വീട് ഈ നെലേലാക്കീത്.’

‘ചേച്ചീ....’ ആരോ അവരെ അടുക്കളയിൽനിന്നു വിളിച്ചു.

അവർ മുന്നോട്ടു നടക്കുകയായിരുന്നു. ഇടത്തുവശത്തായി അവൾ ആദ്യത്തെ വാതിൽ കണ്ടു. മുറിയുടെ ഇരു ട്ടിൽനിന്ന് ഒരു രൂപം നടന്നുവരുകയാണ്. അവൾ അമ്മായിയമ്മയെ നോക്കി. അവരുടെ മുഖം അവ്യക്തമായിരുന്നു. അവർ പറയുന്നതും തീരെ വ്യക്തമല്ല.

‘എന്റെ അമ്മയാണ്.....’ എന്നാണവർ പറഞ്ഞതെന്ന് ലാവണ്യ ഊഹിച്ചെടുത്തു. വീണ്ടും നടക്കുകയാണ്. വലത്തു വശത്തായി മറ്റൊരു വാതിൽ. അതിൽനിന്ന് വളരെ മെലിഞ്ഞ് ക്ഷീണിച്ച ഒരു രൂപം വാതിൽക്കലേയ്ക്ക് നടന്നു വരു ന്നു. ‘അച്ഛൻ......’ വീണ്ടും മുന്നോട്ടു നടത്തംതന്നെ. വാതിലുകൾ, ഒരോ വാതിലിലും നടന്നുവരുന്ന അവ്യക്തരൂപ ങ്ങൾ. അവൾ തിരിഞ്ഞു നോക്കി. അമ്മായിയമ്മ എപ്പഴോ അപ്രത്യക്ഷയായിരിക്കുന്നു. അവൾ നടത്തം വേഗത്തി ലാക്കി. എങ്ങിനെയാണ് രക്ഷപ്പെടുക എന്നറിയാതെ അവൾ ഓടുകതന്നെയാണ്. നിർത്താതെ, എവിടെയും എത്താ തെ.

back to index

# കേളൻ

**രാ**ത്രി ഒമ്പതു മണി. സ്ഥിരം പതിവുള്ള പൂശൽ കഴിഞ്ഞ് കേളൻ ഷാപ്പിൽ നിന്നിറങ്ങി. ബസ്സ് സ്റ്റോപ്പിലെത്തിയപ്പോഴാണ് രണ്ടു സ്ത്രീകൾ നിൽക്കുന്നത് കണ്ടത്. രാത്രി എട്ടു മണി കഴിഞ്ഞാൽ ബസ്സ് സ്റ്റോപ്പിനടുത്ത് സ്ത്രീകൾ ഒറ്റയ്ക്കും ഇരട്ടയ്ക്കും നിൽക്കുന്നത് കണ്ടു പരിചയമുള്ള കേളൻ അവരെ നന്നായി ഒന്നു നോക്കി. എങ്ങിനെ, കൊള്ളാമോ? ബസ്സ് സ്റ്റോപ്പിനു മുകളിലെ തെരുവു വിളക്ക് എപ്പോഴും കേടായി കിടക്കുകയാണ് പതിവ്. അതിനെന്താണ് കാരണം എന്നയാൾക്കു മനസ്സിലായില്ല. മറ്റു വിളക്കുകൾ കത്തിനിൽക്കുമ്പോൾ ബസ്സ് സ്റ്റോപ്പിലെ വിളക്കിനുമാത്രം ഒരാട്ടം? അങ്ങിനെയിരിയ്ക്കുമ്പോൾ ഒരു ദിവസം അതു കത്തും, പിറ്റേന്നു ഫ്യൂസാവാൻ മാത്രം.

രണ്ടും ചെറുപ്പാണല്ലൊ. അയാൾ ചിന്തിയ്ക്കുകയാണ്. കാര്യമായി ചിന്തിക്കേണ്ട വിഷയമായതുകൊണ്ട് അയാൾ നിഴലിൽ നിൽക്കുന്ന രൂപങ്ങളുടെ ഘടന നോക്കിപ്പഠിയ്ക്കുകയായിരുന്നു. ഒന്ന് അല്പം തടിയുള്ളതാണ്, മറ്റേത് മെലിഞ്ഞിട്ടാണ്, കുറേക്കൂടി ചെറുപ്പവും. അതെന്തായാലും വേണ്ട. മൂത്തത് മതി. അയാൾ അവരുടെ അടുത്തേയ്ക്കു നീങ്ങി. എങ്ങിനെയാണ് തുടങ്ങേണ്ടത്? കാര്യമൊക്കെ ശരിതന്നെ അയാൾ ഈ കാഴ്ച കാണാൻ തുടങ്ങിയിട്ട് കുറച്ചു കാലമായി. നന്ദിനി അയാളെ ഉപേക്ഷിച്ചു പോയിട്ട് കൊല്ലം ഒന്നു തികഞ്ഞു. അന്നു പറഞ്ഞു, 'ഈ കേളന് ഒരു പെണ്ണ് പോയാൽ ആയിരം പെണ്ണ്ങ്ങളെ കിട്ടുമെടീ.'

'എനിക്ക് ആണുങ്ങളെ ആരേം കിട്ടൂലാ, ന്നാ പോരെ?' നന്ദിനി അഞ്ചു വയസ്സു മാത്രം പ്രായമുള്ള മഞ്ജുവിന്റെ കയ്യും പിടിച്ച് നടന്നു. 'വാടീ.....'

പടിക്കൽ കാത്തുനിൽക്കുന്ന ചെറുപ്പക്കാരന്റെ ഒപ്പം അവൾ നടന്നകന്നപ്പോൾ, അന്തംവിട്ട് തുറന്ന വായ അടച്ചത് കള്ള്ഷാപ്പിലായിരുന്നു. അത് വായുടെ കാര്യം. മനുഷ്യശരീരത്തിൽ മറ്റവയവങ്ങളുമുണ്ട്. അവയുടെ കാര്യങ്ങളും കൂടി നോക്കണമല്ലൊ. അങ്ങിനെയാണ് കേളൻ ബസ്സ് സ്റ്റോപ്പിനടുത്ത് നിഴലിൽ പരുങ്ങുന്ന രൂപങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങിയത്. ആയിരമൊന്നുമായില്ല. നാലോ അഞ്ചോ എണ്ണം മാത്രം. സാരല്ല്യ, ഇനിയും ജീവിതമുണ്ടല്ലോ.

കേളൻ അവരുടെ അടുത്തു ചെന്നു. അടുത്തെത്തിയപ്പോൾ അയാൾ ആകെ ആശയക്കുഴപ്പത്തിലായി. മൂത്തത് നല്ല പെണ്ണാണ്, ശരി. പക്ഷെ മറ്റേത് നന്നെ ചെറുപ്പമാണ്. സുന്ദരിയും. ആരെ വേണം? അയാൾ ഒരു കലക്കിക്കുത്തു നടത്തി. ജയിച്ചത് മൂത്തവൾതന്നെ. അയാൾ അവളോടു പറഞ്ഞു.

'വാ, പോവാം.'

ആ സ്ത്രീ അദ്ഭുതത്തോടെ അയാളെ നോക്കി. അയാൾ അടുത്തു വരുന്നതു കണ്ടപ്പോൾ രാത്രി താമസിക്കാനൊരു സ്ഥലം വേണം ഒപ്പം വരട്ടെയെന്ന് ചോദിയ്ക്കാൻ പോവുകയായിരുന്നു അവൾ. നഗരത്തിന്റെ ചെളിക്കുണ്ടുകളും ചതിക്കുഴികളും അവൾക്കറിയില്ല. എങ്ങിനെയാണ് ഒരു ബസ്സ് സ്റ്റോപ്പിൽ രാത്രി കഴിച്ചുകൂട്ടുക എന്നതു കൊണ്ടാണ് അവൾ ചോദിയ്ക്കാൻ ഒരുമ്പെട്ടതുതന്നെ. അപ്പോഴാണ് അയാൾ ഇങ്ങോട്ടു പറയുന്നത്. 'വാ, പോവാം'

അവർ മകളെ നോക്കി. അവളുടെ കണ്ണിൽ ഭയമുണ്ടായിരുന്നു. ആ മനുഷ്യന്റെ നിശ്വാസത്തിൽ കള്ളിന്റെ മണമുണ്ടായിരുന്നത് അവൾക്കു മനസ്സിലായി. സ്കൂളിലേയ്ക്കും തിരിച്ചുമുള്ള ബസ്സ് യാത്രകളിൽ അവൾക്കാ മണം പരിചിതമായിരുന്നു. ഒന്നും പറയാതെ അവൾ അമ്മയുടെ ഒപ്പം നടക്കാൻ തുടങ്ങി.

ബസ്സ് സ്റ്റോപ്പിന്റെ നിഴലുകൾ പിന്നിട്ട് അടുത്ത തെരുവു വിളക്കിനു താഴെയെത്തിയപ്പോൾ ഒപ്പം കൊണ്ടുപോകുന്ന പെണ്ണിനെ ഒന്നു നന്നായി കാണട്ടെ എന്നു കരുതി കേളൻ തിരിഞ്ഞു നോക്കി. ഒന്നിനു പകരം രണ്ടെണ്ണം. രണ്ടു പെണ്ണുങ്ങൾ. അയാൾ കണ്ണു തിരുമ്മി നോക്കി. ഏയ് ഇത് കുടിച്ചേന്റെ കേടൊന്നും അല്ല. രണ്ടെണ്ണം തന്നെണ്ട്. ഞാൻ വിളിച്ചത് വല്ത്നെ മാത്രാന്ന് ചെറ്തിന് മനസ്സിലായിട്ടില്ല.

എന്റെ തേവരെ! ഞാൻ ഇരട്ടി പണം കൊടുക്കേണ്ടി വരൂലോ. പക്ഷെ രണ്ടു പേരുടെ ഒപ്പം എന്നുള്ളത് രസായിരിക്കും. അതിന്ള്ള താക്കത്തൊക്കെ കേളനുണ്ട്. താക്കത്ത് എന്ന വാക്ക് ഏതോ ഹിന്ദി സിനിമയിൽ നിന്നു കിട്ടിയതാണ്. അതാകട്ടെ അയാൾ തന്റെ ലൈംഗികശേഷിയോടു ബന്ധപ്പെടുത്തിയാണ് എപ്പോഴും പറയാറ്.

'അതിന്ള്ള താക്കത്തൊക്കെണ്ട് എനിയ്ക്ക്.' അയാൾ അവരെ നോക്കി പറഞ്ഞു.

'എന്താ?'

'ഇപ്പൊ അങ്ങനെ മനസ്സിലാക്ക്യാ മതി. കാര്യം വരുമ്പൊ മനസ്സിലാവും. ന്നാ പോരെ?'

അമ്മ തലയാട്ടി. പുലിവാലു പിടിച്ചോ ആവോ? തന്റെ മുമ്പിൽ വളരെയധികം വഴികളൊന്നുംണ്ടായിര്ന്നില്ല്യ. വൈകുന്നേരം തൊട്ട് നിൽക്കണതാണ്. മോളടെ ഇന്റർവ്യൂ കഴിഞ്ഞപ്പോ നാലു മണിയായി. എന്തു തെരക്കായിരുന്നു അവിടെ. അതു കഴിഞ്ഞ് ഒരു ഹോട്ടലിൽ പോയി എന്തൊക്ക്യോ കഴിച്ചൂന്ന് വരുത്തി, നാട്ടിലേയ്ക്കുള്ള ബസ്സ് സ്റ്റോപ്പ് ചോദിച്ചു മനസ്സിലാക്കി. അവസാനത്തെ ബസ്സ് അഞ്ചു മണിയ്ക്കാണ്. അതിൽ പോയി എങ്ങനെങ്കിലും രണ്ടു ബസ്സുകള് മാറിക്കയറി നാട്ടിലെത്തുമ്പൊ രാത്രി പതിനൊന്നെങ്കിലും ആവും. അവിട്യ്യൊന്നും രാത്രി എത്തിപ്പെട്ടാൽ ശര്യാവില്ല. അതോണ്ട് കുടുംബായിട്ട് ആരെയെങ്കിലും കണ്ടാൽ അവര്ടെ ഒപ്പം ഇവിട്യ്യന്നെ കൂടാംന്ന് കരുതി നിന്നു. അവസാനത്തെ ബസ്സ് കയറിപ്പറ്റാൻ കഴിയാത്തവിധം തെരക്കായിരുന്നു.

ഇരുട്ടിത്തുടങ്ങ്യപ്പഴാണ് ചെയ്തതിന്റെ അബദ്ധം മനസ്സിലായത്. തെരക്കാണെങ്കില് തെരക്ക്, ആ ബസ്സിൽത്തന്നെ എങ്ങനേങ്കിലും കയറിക്കൂടായിരുന്നു. കുടുംബായിട്ട് ഒരൊറ്റ ആള് സ്റ്റോപ്പിലേയ്ക്ക് വന്നില്ല, ബസ്സീന്ന് എറങ്ങീതു

ല്ല്യ. മാത്രല്ല പ്രശ്നക്കാര് അടുത്തു വരാനും തോണ്ടാനും പിടിയ്ക്കാനും തൊടങ്ങി. അയ്യേ, നാട്ടിൻപുറം എത്ര ഭേദാണ്? അങ്ങനെ ഇരിയ്ക്കുമ്പഴാണ് ഇയ്യാള് വന്ന് പറഞ്ഞത്. 'വാ പോവാം.' ഇനീം അവ്ടെ നിന്നാ കൊഴപ്പാണ്ന്ന് തോന്നി. രണ്ടും കല്പിച്ച് ഇയ്യാള്ടെ ഒപ്പം എറങ്ങിത്തിരിച്ചു. ഇയ്യാള്ടെ വീട്ടില് ഭാര്യേം കുട്ട്യോളുംണ്ടാവൂലോ. വീട്ടില് ആരും കാത്തിരിയ്ക്കാനില്ല. എനിയ്ക്ക് മോളും മോക്ക് ഞാനും മാത്രം. രണ്ടു കൊല്ലം മുമ്പ് ഭർത്താവ് മരിച്ചേപ്പിന്നെ അങ്ങിന്യാ സ്ഥിതി. ഇത്ര കഷ്ടപ്പെട്ട് അർദ്ധരാത്രി നാട്ടിലെത്തീട്ട് കാര്യൊന്നുംല്ല. മോക്ക് ഈ ജോലി കിട്ട്യാല് നാട്ടിലെ നാല് സെന്റ് സ്ഥലൂം കൊച്ചു പെരേം വിറ്റ് ഇവിടെ ഒരു ചെറ്യ വീട് വാങ്ങിക്കായിരുന്നു. അതോടെ നാടായിട്ട്ള്ള ബന്ധം തീരെ അറുക്കാം, അത്ര സുഖല്ല്യാത്ത ഓർമ്മകളും.

രണ്ടു പെണ്ണുങ്ങൾ എന്നത് കേളന്റെ മനസ്സിനെ കുറേശ്ശെ അലട്ടാൻ തുടങ്ങിയിരുന്നു. ഇതുവരെ അങ്ങിനെയൊന്നുണ്ടായിട്ടില്ല. അതുകൊണ്ട് എങ്ങിനെണ്ടാവും എന്നും അറീല്ല്യ. വയസ്സ് നാല്പത്തഞ്ചായി. മുമ്പൊക്ക്യാണെങ്കില് ധൈര്യായിട്ട് പറയായിരുന്നു. സാരല്ല്യ ഒരു കയ്യ് നോക്കാം. വീട്ടിലേയ്ക്കു നടക്കുമ്പോൾ അയാൾ അവരോട് കുറച്ചു കൂടി അടുത്തു നടന്നു. അവര് ചെയ്യണത് ഇങ്ങനത്തെ ജോല്യാണ്. പക്ഷെ അവരും മനുഷ്യമ്മാരല്ലെ. സാധാരണ മനുഷ്യമ്മാരോട് കാണിക്കണ മര്യാദ്യൊക്കെ ഇവരോടും കാണിയ്ക്കണ്ടെ? ചെലപ്പൊ അതിന് തിരിച്ചടി കിട്ടും ചെയ്യും. 'താൻ എന്നെ കൊണ്ടോണത് എന്തിനാ, വർത്താനം പറഞ്ഞിരിയ്ക്കാനാണോ? കാര്യം നടത്തി പണം തന്ന് ഒഴിവാക്ക് മനുഷ്യാ.......' അങ്ങിനെ വല്ലപ്പോഴും തിരിച്ചടി കിട്ടുന്നുണ്ടെങ്കിലും അയാൾ ആ പതിവ് നിർത്തിയില്ല. പല പെണ്ണുങ്ങൾക്കും അതിഷ്ടമാണ്. അവർ മറുപടി പറയും, നുണയാണെങ്കിലും. ചിലരാകട്ടെ സെൽഫോൺ നമ്പറു കൂടി തരും. 'ചേട്ടന്റെ വല്ല ഫ്രന്റ്സുംണ്ടെങ്കില് അവർക്കും ഈ നമ്പറ് കൊടുക്കണംട്ടോ. നല്ലോർക്ക് കൊടുക്കണം ട്ടോ. വല്ല അലവലാതികളെ കിട്ട്യാ അന്നത്തെ ദിവസം പോക്കാ ചേട്ടാ.'

അങ്ങിനത്തെ പെണ്ണുങ്ങളുമായി പെരുമാറാൻ എളുപ്പാ, സുഖാ. നമ്മള് കൊടുക്കണ കാശ് മൊതലായീന്ന് തോന്നും. അവരെല്ലാം നേരിട്ട് കച്ചോടം ചെയ്യണോരാണ്. മൂന്നാമതൊരാള് എടപെട്ട് കമ്മീഷൻ വാങ്ങാനില്ല. അങ്ങിനത്തോര്യാണ് സഹായിക്കണ്ടത്.

കേളൻ നടത്തം പതുക്കെയാക്കി പിന്നിൽ നടന്നിരുന്ന സ്ത്രീകളുടെ അടുത്തെത്തി. ഒരു സംഭാഷണം തുടങ്ങാൻ മാത്രം അടുത്തെത്തിയപ്പോൾ അയാൾ മൂത്ത പെണ്ണിനോട് ചോദിച്ചു.

'എന്താ നെന്റെ പേര്?'

'എന്റെ പേര് സുമതീന്നാ. ഇവള്ടെ പേര് സുസ്മിതാന്നാ. ഞങ്ങള്.......'

'ഞാൻ ചോയ്ച്ചേന്ള്ള മറുപടി മാത്രം പറഞ്ഞാ മതി.' ഇവറ്റകൾക്കൊക്കെ മേൽക്കയ്യ് കൊടുത്താൽ ശരിയാവില്ല. തലേല് കേറും.

'ശരി......'

'ന്റെ വീട് ദാ ആ കാണണതാ.' ഒരോടിട്ട വീട് ചൂണ്ടിക്കാട്ടി കേളൻ പറഞ്ഞു.

കുറേ ചോദ്യങ്ങൾ മുക്തി കിട്ടാതെ സുമതിയുടെ ചുണ്ടിൽ കെട്ടടങ്ങി. വീട്ടിൽ ആരൊക്കെണ്ട്. എന്ത് ജോല്യാണ് ചെയ്യണത്......

അവർ തമ്മിലുള്ള അകലം കൂടി. പടിവാതിൽ തുറന്ന് കേളൻ അകത്തു കടന്നു, സ്ത്രീകളും അകത്തു കടന്നപ്പോൾ അടച്ച് വീട്ടിലേയ്ക്കു നടന്നു. ഉമ്മറത്തെ വിളക്കിന്റെ സ്വിച്ചിട്ട് അയാൾ ഷർട്ടിന്റെ പോക്കറ്റ് തപ്പി താക്കോൽ പുറത്തെടുത്തു. വാതിലിന്റെ പുറം ദ്വാരത്തിൽ താക്കോലിടാൻ ശ്രമിയ്ക്കുമ്പോഴാണ് സുമതി ചോദിച്ചത്.

'വീട്ടില് ഭാര്യേം കുട്ട്യോളും ഒന്നുംല്ല്യേ?'

താക്കോൽ തിരിയാൻ മടിച്ചു നിന്നു. അയാൾ കുനിഞ്ഞ നിൽപ്പിൽ ഉറച്ചുപോയി. ആ ചോദ്യം പൊള്ളിയ്ക്കുന്നതാണ്. അത് കുഴിച്ചുമൂടാൻ വെച്ച ഓർമ്മകളെ അനവസരത്തിൽ പുറത്തെടുത്തു. അയാൾ ആലോചിക്കുകയാണ്. ഇവളെന്തിനാണ് എന്റെ ഭാര്യടെ കാര്യം അന്വേഷിക്കണത്? അതിനെപ്പറ്റി ആലാചിച്ചപ്പോഴാണ് മനസ്സിലായത് കാര്യങ്ങളൊന്നും താൻ കരുതുന്ന പോലല്ലെന്നും താൻ കബളിപ്പിയ്ക്കപ്പെട്ടുവെന്നും. വാതിൽ തുറന്ന് ചുമരിലെ സ്വിച്ച് തപ്പി മുറിയിലെ വിളക്കു കത്തിച്ച് അയാൾ പറഞ്ഞു.

'അകത്തു വാ.'

അമ്മയും മോളും അകത്തു കടന്നു. സാമാന്യം നല്ല മുറി. അവരുടെ വീടുപോലെത്തന്നെയാണ്. ആ മുറിയിൽ നിന്ന് രണ്ടു വാതിലുകൾ. ഒന്ന് അടുക്കളയാണെന്നു മനസ്സിലായി. മറ്റേത് കെടക്കണ മുറിയായിരിയ്ക്കണം. അയാൾ തെളിഞ്ഞ വെളിച്ചത്തിൽ അവരെ പഠിയ്ക്കുകയായിരുന്നു. ഉദ്ദേശം രണ്ടു മിനുറ്റു നേരത്തെ പഠനത്തിനു ശേഷം അയാൾ ചോദിച്ചു.

'നിങ്ങള് അമ്മേം മോളും ആണല്ലെ?'

സുമതി തലയാട്ടി. അവൾ അയാളെയും പഠിക്കുകയായിരുന്നു. അധികം തട്യൊന്നുല്ല്യ. തലമുടി നരച്ചുതുടങ്ങിയിരിയ്ക്കുണു. നേരിയ മീശ. ക്ഷീണിച്ച് കവിളൊട്ടീരിയ്ക്കുണു. ഭക്ഷണൊന്നും സമയത്തിന് കഴിയ്ക്ക്ണ്ണ്ടാവില്ല. ഭാര്യ പോയിട്ട് ദിവസെത്ര്യായി ആവോ. നാട്ടില് പോയതായിരിയ്ക്കും.

'അപ്പൊ എന്തിനേ നിങ്ങളാ ബസ്സ് സ്റ്റോപ്പില് നിന്നിര്ന്നത്?'

'ഭാര്യ എന്നാ വരണത്?'

അയാൾക്ക് ഭാര്യയുണ്ടാകുമെന്ന ഊഹത്തിലാണവൾ അതു ചോദിച്ചത്. വീടിന്റെ കിടപ്പിലും അയാളുടെ പെരുമാറ്റത്തിലും ഒരു സ്ത്രീയ്ക്കു മാത്രം നേടാൻ പറ്റുന്ന എന്തോ ഉണ്ടായിരുന്നു. ഒരു പെണ്ണിന്റെ കൈപെരുമാറ്റത്തിന്റെ .......

'ഓള് ഇനി വരില്ല.'
'ഏ....?'
'ഓള് അടികൂടിപ്പോയതാ. ഓള്ക്ക് ഞാൻ ചെയ്യണതൊന്നും പോര. എനിയ്ക്ക് കഴീണതല്ലേ ചെയ്യാൻ പറ്റൂ. ഓള്ക്ക് അതൊന്നും പോര. പിന്നെ ദെവസൂം വഴക്കാ.'
'നിങ്ങള് കുടിക്കണതോണ്ടാണോ?'
'ഏയ് തൊട്ട്ല്ല്യായിരുന്നു. ഓള് പോയ ശേഷാ ഞാൻ ഷാപ്പില് കേറാൻ തൊടങ്ങീതന്നെ. ഓളെന്റെ മോളേം പിടിച്ചോണ്ട് പോയി. അതൊക്കെ പോട്ടെ. നിങ്ങള് എന്തിനാ ആ സ്റ്റോപ്പില് നിന്നീര്ന്നത്?'
അവർ തന്റെ ദിവസം ഭംഗിയായി നശിപ്പിച്ചുവെന്നയാൾ പറഞ്ഞില്ല.
'മോള്ടെ ഇന്റർവ്യു കഴിഞ്ഞപ്പൊ നേരം വൈകി. ബസ്സ് പിടിച്ച് നാട്ടിലെത്തുമ്പൊ പന്ത്രണ്ടെങ്കിലും ആവും. അപ്പൊ എന്താ ചെയ്യണ്ടത്ന്ന് ആലോചിച്ചിരിക്കുമ്പളാ നിങ്ങള് വന്ന്ട്ട് പോവ്വാന്ന് പറഞ്ഞത്. ആൾക്കാര് ശല്യം ചെയ്യാൻ തൊടങ്ങീരുന്നു. അപ്പൊ മാന്യനായിട്ട്ള്ള ഒരാള് വന്ന് വിളിച്ചപ്പോ രാത്രി താമസിയ്ക്കാൻ ഒരിടായല്ലൊന്ന് സമാധാനിച്ചു. ഞങ്ങള് രാവിലെ നേരത്തെത്തന്നെ പൊയ്ക്കോളാം.'
'ആരാ നിങ്ങളോട് പോവാൻ പറഞ്ഞത്?'
സുമതിയുടെ സംസാരം എവിടെയോ ഒക്കെ കൊള്ളുകയാണ്. ഞാനും ഒരു മാന്യനായിരുന്നു, ഒരു കാലത്ത്. അല്ലെങ്കിൽ ഇപ്പോഴുമല്ലേ? എന്താ മാന്യന്മാർക്ക് രാത്രി വെളിച്ചല്ല്യാത്ത ബസ്സ് സ്റ്റോപ്പില് കാത്തുനിക്കണ പെണ്ണുങ്ങളെ വിളിച്ചു കൊണ്ടു പൊയ്ക്കൂടെ വീട്ടിലേയ്ക്ക്? ആരും കാത്തുനിൽക്കാനില്ലാത്ത ഒഴിഞ്ഞ വീട്ടിലേയ്ക്ക്? ഒറ്റയ്ക്ക് ഞാൻ മാത്രള്ള വീട്ടിലേയ്ക്ക്? ആരാണവരോട് പോവാൻ പറയണത്. പക്ഷെ ഒരൊറ്റ പെണ്ണും താമസിച്ചില്ല. അവർ കാശ് എണ്ണിവാങ്ങി, സ്വപ്നങ്ങളൊന്നും തരാതെ സ്ഥലം വിട്ടു. ഇപ്പോൾ ഇതാ ഒരു സ്ത്രീ പറയുന്നു അവര് ഒരു രാത്രി താമസിക്കാൻ വന്നതാണ്ന്ന്. അവര് അമ്മീം മോളുമാണ്. ഞാനിപ്പഴും മാന്യൻതന്ന്യാണ്. മാന്യനല്ലെങ്കില് ഇതാണോ അവസ്ഥ? ആരോട് എങ്ങിന്യാ പെരുമാറേണ്ടത്ന്ന് എനിയ്ക്ക് നല്ലോണം അറിയാം.
'നിങ്ങള് ഭക്ഷണം കഴിച്ചോ?' അമ്മ ചോദിച്ചു.
ഭക്ഷണം? അയാൾ ആലോചിയ്ക്കുകയാണ്. അയാളുടെ രാത്രിഭക്ഷണമെന്താണ്? അങ്ങനെയൊന്നുണ്ടോ?
'ഞാനിപ്പണ്ടാക്കാം. ഒറങ്ങാറായിട്ടില്ലല്ലൊ?'
ഒറക്കം? അതും ഭക്ഷണത്തിന്റെ മാതിര്യാണ്. ചെലെ ദിവസങ്ങളിൽ മാത്രം. ഇന്നു മാത്രായിട്ട് എന്തിനതൊരുത്സവാക്കുണു? അയാൾ പറഞ്ഞു.
'നിക്കൊന്നും വേണ്ട.'
അടുക്കളയിലേയ്ക്കു പോകാൻ തിരിഞ്ഞ അമ്മയും പിന്നാലെ നടന്ന മകളും തിരിഞ്ഞുനിന്നു. അയാൾ ഓർത്തു. ഈ സാധു പെണ്ണുങ്ങള് ഒന്നും കഴിച്ചിട്ടുണ്ടാവില്ല. പാവങ്ങള്. അവറ്റെ എന്തിന് പട്ടിണിയ്ക്കിടണം?
'ഉണ്ടാക്കിക്കോ, മൂന്നു പേർക്കും. പച്ചക്കറി കാര്യായിട്ടൊന്നുണ്ടാവില്ല.'
'അതു സാരല്ല്യ.'
അയാൾ കയ്യുള്ള കസേലയിൽ ഇരുന്ന് ഓരോന്നോർത്ത് ഒന്ന് മയങ്ങി. സ്വപ്നങ്ങളില്ലാത്ത, കുട്ടിക്കാലത്ത് ഉറക്കത്തിൽ എപ്പോഴും കണ്ടിരുന്ന പൂക്കളും മഴവില്ലും ഇല്ലാതെ വെറും ഇരുട്ടു മാത്രം നിറഞ്ഞ ഉറക്കം.
'മാമാ....'
ആ പെൺകുട്ടിയുടെ വിളി കേട്ടാണ് കേളൻ ഉണർന്നത്. അവൾ തൊട്ടടുത്തു നിന്ന് അയാളെ കുലുക്കി വിളിയ്ക്കുകയായിരുന്നു. എന്തുറക്കാമാണിതപ്പാ! ചോറും കൂട്ടാനും മേശപ്പുറത്തു നിരത്തിയിട്ടുണ്ട്. കുറേക്കാലത്തിനു ശേഷം വീട്ടിലുണ്ടാക്കിയ ഭക്ഷണത്തിന്റെ മണം അയാളെ തേടി വന്നു. മൂക്കു വിടർത്തി ആ മണം ആസ്വദിച്ചുകൊണ്ട് അയാൾ എഴുന്നേറ്റു.
രാത്രി കുറേനേരം ഓരോന്നാലോചിച്ച് കേളൻ കിടന്നു. ഊണിനു മുമ്പുണ്ടായ കൊച്ചുറക്കം കാരണം കുറേ നേരത്തേയ്ക്ക് അയാൾക്കുറക്കം വന്നില്ല. മോള് ഒരു പത്തു കൊല്ലം കഴിഞ്ഞാൽ ഇന്നു വന്ന പെൺകുട്ടിയെപ്പോലെ മുതിർന്നവളാകുമെന്ന് കേളൻ ഓർത്തു. കിടപ്പുമുറിയിൽ അമ്മയും മോളും നല്ല ഉറക്കമായിരിയ്ക്കണം. അവർ വാതിൽ വെറുതെ ചാരിയിട്ടേ ഉള്ളു. അതയാളെ സന്തോഷിപ്പിച്ചു. തന്നിലുള്ള വിശ്വാസമാണതു കാണിക്കുന്നത്. പുറത്തെ മുറിയുടെ അരുകിൽ ഇട്ട വീതി കൂടിയ ബെഞ്ചിലിട്ട കിടയ്ക്കയിൽ കിടന്നുകൊണ്ട് അയാൾ എപ്പോഴോ ഉറങ്ങിപ്പോയി.
രാവിലെ മോള് ചായ കൊണ്ടുവന്നപ്പോഴാണ് കേളൻ എഴുന്നേറ്റത്. അവൾ കുളിച്ച് കുറി തൊട്ട് കൂടുതൽ സുന്ദരിയായിരിയ്ക്കുണു. ഇന്നലെയിട്ടിരുന്ന ചൂരിദാർ മാറ്റി നീണ്ട പാവാടയും ബ്ലൗസുമാക്കിയിരിയ്ക്കുന്നു. ചെറിയ പെണ്ണ്.
'അമ്മയെവിടെ മോളെ?'
'അമ്മ കഞ്ഞീം ചമ്മന്തീംണ്ടാക്ക്വാണ്. എന്താണ്ടാക്കണ്ടത്ന്ന് ചോദിക്കാൻ കൊറച്ച് നേരം കാത്തു. മാമൻ നല്ല ഒറക്കായിരുന്നു.'
അയാൾ ചിരിച്ചു. മൂന്നുപേരുംകൂടി മേശപ്പുറത്തിരുന്ന് നാളികേരച്ചമ്മന്തി കൂട്ടി കഞ്ഞി കുടിച്ചപ്പോൾ കേളൻ നല്ല കാലങ്ങളോർത്തു. പക്ഷെ അതൊന്നും തനിയ്ക്കു വിധിച്ചതല്ല. മറ്റുള്ളവർക്ക്, കൂടുതൽ ഭാഗ്യം ചെയ്തവർക്ക്.
'എങ്ങിന്യാ ചേട്ടന് നന്ദി പറേണ്ടത്ന്നറീല്യ.'
അതിന് മാത്രം ഒന്നും ഞാൻ ചെയ്തിട്ടില്ലല്ലൊ. അയാൾ മനസ്സിൽ പറഞ്ഞു. നന്ദി എന്ന വാക്ക് കേക്കണ്ടീര്ന്നത്

വേറെ ആള്ടെ അട്ത്ത്ന്നായിരുന്നു. അത് കേക്ക്വണ്ടായില്ല.

ബസ്സ് എട്ടര മണിയ്ക്കായിരുന്നു. അതിൽ കയറുന്നതിനു മുമ്പ് അമ്മ പറഞ്ഞു.

'ചേട്ടാ മോക്ക് ഇവിടെ ജോലി കിട്ട്വാണെങ്കില് ഞങ്ങള് ഇനീം വരാം. ഇപ്പ പോട്ടെ.'

പുറപ്പെട്ടു നീങ്ങിയ ബസ്സ് പുറത്തുവിട്ട പുകയും സഹിച്ച് കേളൻ കുറച്ചു നേരം അവിടെത്തന്നെ നിന്നു. പിന്നെ മുഖത്തെ രണ്ടു ദിവസം വളർച്ചയുള്ള കുറ്റിരോമങ്ങൾ തടവിക്കൊണ്ട് തിരിഞ്ഞു നടന്നു. പോയവർ കുറേ സ്വപ്ന ങ്ങൾ തന്റെ ജീവിതത്തിൽ വിതറിയിരിയ്ക്കയാണ്. അവ സ്വപ്നങ്ങളാണോ, കബളിപ്പിയ്ക്കപ്പെട്ട ആത്മാവിന്റെ തേങ്ങലുകളാണോ എന്നയാൾക്കുറപ്പാക്കാൻ കഴിഞ്ഞില്ല.

back to index

# ഒരു ചോക്കളേറ്റ് വിപ്ലവം

**അ**തൊരു ചോക്കളേറ്റ് വിപ്ളവമായിരുന്നു. എല്ലാവർക്കും അഭിമാനിയ്ക്കാവുന്ന ഒരു കാര്യം. അഞ്ഞൂറു രൂപ വിലയുള്ള ചോക്കളേറ്റ്! ഷോപ്പിങ് മാളിലെ മൂന്നാം നിലയിലാണ് ചോക്കളേറ്റുകളും ബിസ്കറ്റും മറ്റും വച്ചിരിക്കുന്നത്. ആദ്യം കരുതിയത് വില ടാഗ് ചെയ്ത ജോൺസനു് തെറ്റു പറ്റിയതായിരിയ്ക്കുമെന്നാണ്. പിന്നെ അതു ശരിയായ വില തന്നെയാണെന്ന് മനസ്സിലായപ്പോൾ ബിന്ദു അന്തം വിട്ടുപോയി. അഞ്ചാം നിലയിൽ ക്രോക്കറി സെക്ഷനിൽ ജോലിയെടുക്കുന്ന സരിത അതിൽ അസ്വാഭാവികമായൊന്നും കണ്ടില്ല. അഞ്ഞൂറു രൂപയ്ക്ക് ഒരു ചോക്കളേറ്റുണ്ടെങ്കിൽ അതു വാങ്ങാനും ആൾക്കാരുണ്ടാവും. അത് ശരിയാണെന്ന് നഗരത്തിലെ ഏറ്റവും വലിയ ഷോപ്പിങ്ങ് മാളിൽ ജോലിയെടുക്കുന്ന ബിന്ദുവിന്നറിയാം. പക്ഷെ അവൾക്കത് ഉൾക്കൊള്ളാൻ പറ്റിയിട്ടില്ല.

‘ഒരു ചോക്കളേറ്റിന് അഞ്ഞൂറു രൂപയാണെടീ. ഒരൊറ്റ ചോക്കളേറ്റിനേയ്.’

‘അതിനെന്താ നീയിത്ര വെകിളി പിടിയ്ക്കണത്? അങ്ങിന്യൊരു ചോക്കളേറ്റ്ണ്ടെങ്കിൽ അതു വാങ്ങാനുള്ള കഴിവുണ്ടാക്കാണ് വേണ്ടത്.’

അതാണവളുടെ ആദർശം. സ്നേഹിതയുടെ അമ്പരപ്പോ അങ്കലാപ്പോ അവൾക്കില്ല. ഒരു സാധനം അവൾക്കിഷ്ടപ്പെട്ടാൽ അതു സ്വന്തമാക്കാനുള്ള ശ്രമങ്ങൾ ചെയ്യുന്നു. അതു കയ്യിൽകിട്ടുന്നതുവരെ അവൾ ഒതുങ്ങിയിരിയ്ക്കുകയുമില്ല. ഒരുപക്ഷെ അടുത്തൊരു ദിവസംതന്നെ ബിന്ദുവിനെ അദ്ഭുതപ്പെടുത്തിക്കൊണ്ട് ആ ചോക്കളേറ്റ് വാങ്ങുകയും ചെയ്യും. തനിയ്ക്കാ ചോക്കളേറ്റ് സ്വാദു നോക്കാനുള്ള ഒരേയൊരവസരം സരിത അതു വാങ്ങുമ്പോഴായിരിക്കുമെന്ന് ബിന്ദുവിന്നറിയാം. അല്ലെങ്കിൽ ഒരു വിലപിടിച്ച ചോക്കളേറ്റ് നുണയുന്നതിലൊക്കെ എന്തിരിയ്ക്കുന്നു. എല്ലാം ഒന്നുതന്നെ.

വീട്ടിലെത്തി അമ്മയോട് ഇക്കാര്യം പറഞ്ഞപ്പോൾ ബിന്ദു പ്രതീക്ഷിച്ചപോലൊന്നും അമ്മ കാണിച്ചില്ല, പറഞ്ഞുമില്ല. അമ്മയിൽനിന്ന് അവൾ കൂടുതൽ പ്രതീക്ഷിച്ചിരുന്നു. ആ സ്ത്രീ പക്ഷെ സാധാരണ മട്ടിൽ അതെല്ലാം കേട്ടിരുന്നു. അദ്ഭുതമൊന്നും കാണിയ്ക്കാതെ, വികാരമൊന്നുമില്ലാതെ. സരസ്വതിയെ സംബന്ധിച്ചേടത്തോളം അതൊരു വാർത്തയേയായിരുന്നില്ല. അവൾ ജോലിയെടുക്കുന്ന ബഹുനില മാളികയിൽ താമസിയ്ക്കുന്നവർ അദ്ഭുതപ്പെടാനുള്ള അവളുടെ കഴിവ് വളരെ സാവധാനത്തിൽ നശിപ്പിച്ചിരിയ്ക്കുന്നു, നാലു വീടുകളിൽ അഞ്ചു കൊല്ലത്തോളം ജോലിയെടുത്തപ്പോൾ സരസ്വതി മനസ്സിലാക്കി, തനിയ്ക്കും കുടുംബത്തിനും ഒരു രണ്ടാംതരം പൗരത്വമേയുള്ളു എന്ന്. രണ്ടാംതരം പൗരന്മാർക്ക് ഒന്നാംതരം പൗരന്മാരുടെ ജീവിതം പറ്റില്ലെന്നും അതിനാശിക്കരുതെന്നും. അതുകൊണ്ടവൾ തൃപ്തയാണോ? അറിയില്ല. ഇപ്പോൾ മകൾ ജോലിയെടുക്കുന്ന അഞ്ചുനില ഡിപ്പാർട്ടുമെന്റ് ഷോപ്പിൽ അഞ്ഞൂറു രൂപയുടെ..........

രാത്രി അച്ഛൻ വരുമ്പോൾ ഒമ്പതു മണിയാവും. അച്ഛൻ ജോലിയെടുക്കുന്ന പലചരക്കു കട അടുത്തുതന്നെയാണ്. പക്ഷെ കട അടച്ച് വരാന്തയിൽ നിരത്തിയ ചാക്കുകളും, പച്ചക്കറിയും മറ്റും നിറച്ച കൊട്ടകളും പഴക്കുലകളും അകത്തേയ്ക്കെടുത്തുവച്ച് കട അടച്ച്, സ്കൂട്ടറിൽ പോകാൻ തയ്യാറായി നിൽക്കുന്ന ജോർജ്ജു മുതലാളിയുടെ കയ്യിൽ താക്കോൽ കൊടുത്ത് സൈക്കിളിൽ വീട്ടിലെത്തുമ്പോൾ ഒമ്പതു മണിയാവും. കുട്ടിക്കാലത്ത് അച്ഛനെ കാത്തിരുന്ന് ഉറങ്ങിപ്പോയിരുന്നത് ബിന്ദുവിനോർമ്മയുണ്ട്. അച്ഛന്റെ വിയർപ്പൊട്ടുന്ന ഷർട്ടിന്റെ പോക്കറ്റിൽ കടയിൽനിന്ന് മുതലാളി കാൺകെ എടുത്ത ചെറിയ മിട്ടായിയുണ്ടാവും. മകളെ ഉറക്കത്തിൽ നിന്നുണർത്തുന്നതിന്നൊരു ദുർബലമായ ന്യായീകരണം. പിന്നെപ്പിന്നെ മകൾ വലുതായതോടെ അതു താനെ നിന്നുപോയി.

‘അമ്മയൊന്ന് വന്നുനോക്ക്. കാണണ്ടത്തന്ന്യാ. എന്തോരം സാധനങ്ങളാ. അഞ്ച് നെലേല് നെറയെ സാധനങ്ങളാ. ഒരു നെലേല് പലചരക്കും പച്ചക്കറീം, അത് തന്നെ എല്ലാം വൃത്ത്യാക്കി തൂക്കി പാക്കറ്റില് നെറച്ചത്, ഒരു നെലേല് നെറയെ കുട്ട്യോള്ക്ക്ള്ള സാധനങ്ങള്, പിന്ന്യൊരു നെലേല്........’

സരസ്വതിയ്ക്ക് അതൊന്നും കേൾക്കണമെന്നുണ്ടായിരുന്നില്ല. അവൾ ജോലിയെടുക്കുന്ന വീടുകളിലെ ചേച്ചിമാർ അതെല്ലാം പല തവണ പറഞ്ഞതാണ്. പക്ഷെ ബിന്ദുവിന്റെ ഉത്സാഹം നശിപ്പിയ്ക്കാൻ വയ്യാത്തതുകൊണ്ട് അവൾ ശ്രദ്ധിച്ചു കേട്ടു.

‘ആൾക്കാര് അമ്മാ ഒരു വണ്ടീം ഉന്തിക്കൊണ്ട് റാക്കിന്റെ ഏടേല്ക്കൂടെ നടക്കും. ആവശ്യള്ളത് എടുത്ത് വണ്ടീല് ഇടും. എന്നിട്ട് ആ വണ്ടീം ഉന്തിക്കൊണ്ട് ഞങ്ങടെ മുമ്പിലെത്തും. അപ്പൊ ഞങ്ങള് കമ്പ്യൂട്ടറില് ബില്ലിട്ട് കാശു വാങ്ങും.........’ അവൾ നിർത്തി എന്തോ ആലോചിച്ചു. ‘.........അമ്മാ എന്തോരം കാശാണ് ആൾക്കാര്ടെ കയ്യിലൊക്കെ.’

ബില്ലടയ്ക്കാൻ വേണ്ടി ഹാന്റ് ബാഗ് തുറന്ന് അതിൽ അട്ടിയായി കിടക്കുന്ന നോട്ടുകൾ മുഴുവൻ പുറത്തെടുക്കുന്ന സ്ത്രീകൾ. അതുപോലെ ആയിരത്തോടടുത്തോ അല്ലെങ്കിൽ അതിൽ കൂടുതലായോ വരുന്ന ബിൽ തുകയ്ക്കു വേണ്ടി പാന്റ്സിന്റെ പോക്കറ്റിൽനിന്ന് എടുക്കുന്ന പഴ്സുകളിൽ നിന്ന് അഞ്ഞൂറിന്റെയും ആയിരത്തിന്റെയും നോട്ടുകൾ അനായാസേന പുറത്തെടുക്കുന്ന പുരുഷന്മാർ. അവളുടെ അച്ഛന്റെ കയ്യിൽ ശംബളം കിട്ടുന്ന ദിവസം മാത്രമേ വലിയ നോട്ടുകൾ കാണു. അതും അഞ്ഞൂറിന്റെ രണ്ടോ മൂന്നോ നോട്ടുകൾ മാത്രം.

സരസ്വതിയേയും അലട്ടിയിരുന്ന ചോദ്യമാണത്. ആൾക്കാര്ടെ കയ്യിലൊക്കെ എന്തോരം കാശാണ്. അവൾ പക്ഷെ ആ സ്ഥിതിവിശേഷത്തോട് പൊരുത്തപ്പെട്ടിരുന്നു. പക്ഷെ ബിന്ദുവിനെ സംബന്ധിച്ചേടത്തോളം അതിപ്പോഴും പുകഞ്ഞു കൊണ്ടിരിയ്ക്കുന്ന, ഉത്തരം കിട്ടിയിട്ടില്ലാത്ത സമസ്യയാണ്. ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളുമായി സമര

സപ്പെടാൻ മാത്രം പക്വത വന്നിട്ടില്ലാത്ത ഒരു പതിനാറുകാരിയാണവൾ. അവൾക്ക് കിട്ടുന്നത് ആയിരത്തിഎണ്ണൂറു രൂപയാണ്. ഒരുമാതിരി നല്ല ശമ്പളമാണ്. ഇതേ ജോലി ഇതിലും ആയാസത്തോടെ രാവിലെ എട്ടുമുതൽ രാത്രി എട്ടരവരെ ചെയ്യുന്നതിന് അച്ഛനു കിട്ടുന്നത് കഷ്ടിച്ച് രണ്ടായിരമാണ്, അതും പതിനഞ്ചു കൊല്ലം ജോലിയെടുത്തശേഷം. അതു നോക്കുമ്പോൾ രണ്ടുമാസം മുമ്പ് ആയിരത്തെണ്ണൂറ് രൂപയ്ക്ക് ജോലിയ്ക്ക് ചേർന്ന തന്റെ ശമ്പളം എത്ര കൂടുതലാണ്. പക്ഷെ ഈ ശമ്പളംകൊണ്ട് അവൾക്ക് താൻ ജോലിയെടുക്കുന്ന മാളിലെ പതിവുകാരെപ്പോലെ വാരിവലിച്ച് വാങ്ങാൻ പറ്റുമോ? എന്താണിങ്ങനെ?

വൈകുന്നേരം ബസ്സ് സ്റ്റോപ്പിൽ നിൽക്കുമ്പോൾ സരിത അവളെ തോണ്ടി വിളിച്ചു.

'ദേ, നീയൊന്നു നോക്കിയേ.'

'എന്ത്?'

'ദാ അവ്ടെ ഒരാണും പെണ്ണും നിക്കുണു. അവര്ടെ സംസാരൊന്ന് കേട്ടുനോക്ക്.'

ബിന്ദു ശ്രദ്ധിച്ചു.

'..........കിലോമീറ്ററിന് രണ്ടു രൂപ. അതിൽ കൊറയൂല.' സ്ത്രീ പറയുകയാണ്.

'ഒന്നരയാണെങ്കിൽ മതി. അല്ലെങ്കിൽ വേണ്ട.' പുരുഷൻ.

'അര രൂപയ്ക്ക് വേണ്ടി നിങ്ങള് ഇങ്ങനെ പെശകണോ?.....'

ബിന്ദുവിന് ആദ്യം തോന്നിയതും അതുതന്നെയായിരുന്നു. അര രൂപയ്ക്കുവേണ്ടി എന്തിനാണ് പെശകണത്? പക്ഷെ എന്തിനെപ്പറ്റിയാണ് അവർ സംസാരിയ്ക്കുന്നതെന്ന് ബിന്ദുവിന് മനസ്സിലായില്ല. അവൾ സരിതയെ നോക്കി. അവളാകട്ടെ ആ കാഴ്ച കണ്ട് ആസ്വദിയ്ക്കുകയായിരുന്നു.

'സരിതേ അവരെന്തിനെപ്പറ്റിയാണ് സംസാരിയ്ക്കണത്?'

സരിത ചിരിച്ചു. 'അത് ബിസിനസ്സാ മോളെ. നീയതൊന്നും അറിയണ്ട.'

വിലപേശലുകൾക്ക് ശേഷം ക്യൂവിൽ നിൽക്കുന്ന ആട്ടോവിൽ കയറുന്ന ആണും പെണ്ണും എങ്ങോട്ടാണ് പോകുന്നത്? സരിതയോട് ചോദിച്ചപ്പോൾ ആവോ എനിക്കറിയില്ല എന്നു പറഞ്ഞ് അവൾ ഒഴിഞ്ഞു മാറി. പതിനാറു വയസ്സുള്ള ഒരു പെൺകുട്ടി അറിയേണ്ട കാര്യങ്ങളാവില്ല അതൊന്നും.

അച്ഛൻ വന്നത് അല്പം വാസനയുമായാണ്. അമ്മ മൂക്കു പിടിച്ചു.

'നിങ്ങള് കുടിച്ചിട്ടാ വന്നിരിക്കണേ?'

'സ്വൽപം കുടിച്ചു. എന്ന്വൊന്നും ഇല്ലല്ലൊ.'

'അതിനർത്ഥം എടയ്ക്ക് കുടിക്കണംന്നാണോ? നോക്ക് ഒരു പെണ്ണിനെ കെട്ടിച്ചയക്കണ്ടതാ. അതോർത്തോ.'

'പേടിയ്ക്കണ്ട. ഇനി കുടിയ്ക്കാന്ള്ള പണൊന്നുംണ്ടാവില്ല.'

'എന്തേ?'

'ജോർജ്ജേട്ടന്റെ കട പൂട്ടാൻ പോവ്വാ. ആ വെഷമത്തില് സ്വല്പം കുടിച്ചതാ.'

'എന്റീശ്വരമ്മാരെ. ശര്യാണോ നിങ്ങള് പറേണത്?'

അച്ഛൻ തലയാട്ടി.

'കച്ചോടം കൊറഞ്ഞിരിയ്ക്കുണു. എല്ലാരും പോണത് രണ്ടും നാലും നെലള്ള വല്യെ ഡിപ്പാർട്ട്മെന്റ സ്റ്റോറിലേയ്ക്കാണ്. അവിടെ നല്ല സാധനങ്ങള് കിട്ടും. കല്ലും മണ്ണും ഒന്നുംല്യാതെ വൃത്ത്യാക്കി പാക്ക് ചെയ്ത് ഒന്നാം ഗ്രേഡ് തന്നെ കൊടുക്കും. ഞങ്ങള്ടെ വെലേക്കാളും കൊറഞ്ഞ വെലയ്ക്ക്?'

'അതെങ്ങന്യാ?'

'അവര് അത്ര്യധികം വരുത്ത്ണ്ണ്ട്. അപ്പൊ അവർക്കും നല്ലോം വെല കൊറച്ച് കിട്ടും. കൊറഞ്ഞ വെലയ്ക്ക് നല്ല സാധനങ്ങള് കിട്ടാണെങ്കി പ്പിന്നെ ആരെങ്കിലും ഞങ്ങടെ കടേന്ന് വാങ്ങ്വോ? പോരാത്തതിന് ഉള്ളീത്തന്നെ പോയി തെരഞ്ഞെടുക്കാനും പറ്റും. പച്ചക്കറ്യായാലും വേണ്ടില്ല പലചരക്കായാലും വേണ്ടില്ല. അവിട്ന്ന് വാങ്ങ്യോര് പറേണത് നല്ല സാധനാ കിട്ടണത്ന്നാ. എന്തായാലും ഒന്നോ രണ്ടോ മാസം കൂടിണ്ടാവും ഞങ്ങടെ കട. അത് കഴിഞ്ഞാ നിർത്തും. ഇപ്പത്തന്നെ പുത്യ സ്റ്റോക്കൊന്നും എട്ക്ക്ണില്ല. പാവം ജോർജ്ജേട്ടൻ. അയാള്ടെ കഷ്ടകാലം.'

'എന്തു കഷ്ടകാലം?' ബിന്ദു ചോദിച്ചു. 'അയാളൊരു മൊതലാളിയില്ലെ. അയാൾക്കതു വേണം.'

'മൊതലാള്യോ? മൊതലാളീന്ന് വിളിക്കുണു, ശര്യന്നെ. പക്ഷെ എന്തു മൊതലാളി മോളെ. ഈ കടള്ളതോണ്ട് അയാളും കുടുംബും കഞ്ഞി കുടിയ്ക്കുണു. ജോർജ്ജേട്ടൻ മൊതലാളീന്ന് പറഞ്ഞാൽ നെന്റെ കടേടെ ഒടമസ്ഥനെ നീയെന്താണ് വിളിക്ക്യാ? നീയ്യന്നെ പറയാറില്ല്യെ മാനേജർതന്നെ വര്വാ പുത്യാ കാറിലാണ്ന്ന്. ഇവിടെ മേനേജരും ഒടമസ്ഥനും ഒക്കെ ഒരാളന്നെ. ന്ന്ട്ട് അയാൾക്ക് ആകെള്ള വണ്ടി ഒരു പഴേ സ്കൂട്ടറാണ്. തറവാട്ടുസ്വത്തായി കിട്ട്യ ഒരോടിട്ട ചെറ്യോ വീട്ടിലാണ് താമസം. അയാളാണോ മൊതലാളി?'

ബിന്ദു നിശ്ശബ്ദയായി. അവൾക്കു മുകളിൽ ഉള്ള മുതലാളിയെ അവൾ കാണുന്നില്ല. അയാൾ ദൂരെയെവിടേയോ ആണ്. ഒരുപക്ഷെ കടലുകൾക്കപ്പുറത്ത്. അയാൾ വില കുറയ്ക്കുന്നത് മത്സരം ഇല്ലാതാക്കാനാണ്. ജോർജ്ജേട്ടനെപ്പോലുള്ള ചെറുകിടക്കാരെ നശിപ്പിയ്ക്കാൻ. അതു കഴിഞ്ഞാൽ അവർ ഉന്നം വെയ്ക്കുക കുറച്ചുകൂടി വലിയവരെയാണ്. അവരെയും നശിപ്പിച്ചുകഴിഞ്ഞാൽ പിന്നെ അടുത്ത നിലയിലുള്ളവർ. അങ്ങിനെ കുത്തകയാവാൻ.

'അതൊക്കെ ശര്യാണ്. പക്ഷെ നിങ്ങടെ കടേന്ന് ഒരു സാധനം വാങ്ങ്യാല് ഒരു നയാപൈസ കൊറയ്ക്കില്ല. ന്നാള് സരിത അവിട്ന്ന് ഒരു സോപ്പു വാങ്ങി. എട്ടുരൂപ അറുപതുപൈസ്യാണ് വെല. ന്ന്ട്ട് ജോർജ്ജേട്ടൻ ഇല്ലാത്ത ചില്ലറ്യൊക്കെ തപ്പി ഒരുരൂപ നാല്പത് പൈസ്യന്നെ എണ്ണിക്കൊടുത്തു. ഒന്നര രൂപ തിരിച്ചുകൊടുത്താ മതി. അങ്ങേര്ടെ

കയ്യില് എന്തോരം അമ്പതു പൈസണ്ടായിരുന്നു. ആ സോപ്പില് ആകെ പത്തു പൈസ്യാണോ ലാഭം കിട്ടണത്? അതേ സോപ്പ് തന്നെ ഞങ്ങള് വിൽക്കണത് ഏഴര രൂപയ്ക്കാണ്. അവള് ചോദിച്ചൂത്രെ മാക്സിമം റീട്ടെയ്ൽ പ്രൈസ്പോലെ ഒരു മിനിമം റീട്ടെയ്ൽ പ്രൈസും ഇല്ലേന്ന്. അയാള് ഒന്ന് ചിരിച്ചൂന്ന് മാത്രം.'

'അതൊക്കെ ശര്യാണ്. നയാപൈസ കൊറക്കില്ല ജോർജ്ജേട്ടൻ.'

'അതൊക്കത്തന്ന്യാ ആൾക്കാര് വല്യവല്ല്യേ മാളുകളും ഒക്കെ വെക്കണതും ആവശ്യക്കാര് സാധനങ്ങള് വാങ്ങാൻ അവടേയ്ക്ക് ഓടണതും. കല്ല് കടിയ്ക്കാത്ത അരീം പയറും പരിപ്പും മറ്റിടത്ത് കിട്ടണേക്കാൾ കൊറഞ്ഞ വെലയ്ക്ക് കിട്ടുമ്പൊ ആരായാലും പോവും. പിന്നെ ഇത്രീം കാലായിട്ട് അയാൾക്ക് ആ കട കൊറച്ചുകൂടി ഒന്ന് നന്നാക്കായിര്ന്നില്ല്യേ? സ്ഥലല്യാഞ്ഞിട്ടാണോ? സാധനങ്ങളൊക്കെ വൃത്ത്യാക്കീട്ട് പാക്കറ്റിലാക്കി വെയ്ക്ക്യാ. പിന്നെ എല്ലാ സാധനങ്ങളും രണ്ടോ മൂന്നോ തരം വര്ണ്ണ്ട്. അതിൽ ഞങ്ങടെ കട വാങ്ങണത് ഒന്നാം തരാണ്. നിങ്ങള് വാങ്ങണത് രണ്ടോ, മൂന്നോ ഗ്രേഡാണ്. ഇടണ വെല ഒന്നാം തരത്തിന്റീം. അല്ലെ?'

'ഇതൊക്കെ ആരാ നിന്നോട് പറഞ്ഞത്?' തന്റെ മകൾക്ക് ഇത്രയൊന്നും അറിവുണ്ടായിരുന്നില്ലെന്ന് അയാൾക്കറിയാം. ആരോ മകളെ അറിവുള്ളവളാക്കുന്നുണ്ട്. നല്ലതുതന്നെ.

'ഇതൊക്കെ സരിത പറേണതാ. അവള്ടെ ചേട്ടന് നല്ല അറിവ്ണ്ട്. അയാള് പറ്യാണ് നമ്മടെ കൊള്ളരുതായ്മ്യോണ്ടാണ് കുത്തകകള് വര്ണ്ണ്ന്ന്.'

ശരിയായിരിയ്ക്കാം. അയാൾക്കു തോന്നി, അവൾ പറഞ്ഞതൊക്കെ ശരിയാണ്.

തിങ്കളാഴ്ച വൈകുന്നേരം ബസ്സ്സ്റ്റോപ്പിലെത്തിയപ്പോൾ സരിത കൈ സഞ്ചി തുറന്ന് ആ ചോക്കളേറ്റ് പെട്ടിയെടുത്തു. അതേ ചോക്കളേറ്റ്. അഞ്ഞൂറു രൂപയുടെ, പണക്കാർ മാത്രം തിന്നുന്ന, അവർക്കു മാത്രം വാങ്ങാൻ കഴിയുന്ന ആ ചോക്കളേറ്റ്. അന്തം വിട്ട് നോക്കി നിൽക്കുന്ന സ്നേഹിതയ്ക്ക്, പെട്ടിയുടെ സെല്ലോഫേയ്ൻ റാപ്പർ തുറന്ന് ഒരു കഷ്ണം കൊടുത്ത്, ഒരു കഷ്ണം തനിയ്ക്കുമെടുത്ത് സരിത ആ പെട്ടിയടച്ചു.

തിങ്കളാഴ്ചയാണ് ഡ്യൂട്ടി മാറുക. ഇന്നുമുതൽ സരിതയ്ക്ക് മൂന്നാം നിലയിലും ബിന്ദുവിന് അഞ്ചാം നിലയിലുമാണ് ഡ്യൂട്ടി. അവൾ സ്നേഹിതയോട് സ്വരം താഴ്ത്തി ചോദിച്ചു.

'നീയിത് അടിച്ചുമാറ്റിയതാണോടി?'

'ഊംഹും.' സരിത ചിരിച്ചുകൊണ്ട് പറഞ്ഞു. 'നമ്മുടെ ഷാപ്പിൽ നിന്ന് ഒരു മൊട്ടുസൂചി അടിച്ചുമാറ്റാൻ പറ്റുംന്ന് തോന്ന്ണ്ണ്ടോ?'

'അത് ശര്യാണ്, എന്നാലും.....'

'ഏയ്, ഞാൻ ശരിയ്ക്കും കാശുകൊട്ത്ത് വാങ്ങീതാ. ദാ ബില്ല്. ഈ ബില്ല് ഞാനുംകൂടിയല്ല അടിച്ചത്. ഷെർലിയാ.'

ബില്ലു ശരിയ്ക്കുള്ളതുതന്നെ. ആ പങ്കപ്പാടിൽ വായിൽ അലിഞ്ഞുപോകുന്ന ചോക്കളേറ്റിന്റെ സ്വാദുകൂടി ശരിയ്ക്ക് ആസ്വദിയ്ക്കാൻ ബിന്ദുവിന് കഴിഞ്ഞില്ല.

'അപ്പൊ നെനക്ക് എവിടന്ന് കിട്ടി ഇത്രേം പണം?'

'തനിയ്ക്ക് ഒരു കഷ്ണം കൂടി വേണോ?'

ബിന്ദു വേണ്ടെന്ന് തലയാട്ടി.

'ബാക്കിള്ള ചോക്കളേറ്റ് ഞാനിതിന്റെ പ്രായോജകരുമായി പങ്കുവയ്ക്കാൻ പോവ്വാണ്.'

'പ്രായോജകരോ?'

'നീ ടീവീല് കേട്ടിട്ടില്ലേ, ഈ പരിപാടിയുടെ പ്രായോജകർ ഇന്നയിന്ന കമ്പനികളാണെന്ന്? എന്നുവച്ചാൽ സ്പോൺസേഴ്സ്.'

'അപ്പൊ ആരാണ് ഇതിന്റെ സ്പോൺസറ്?'

'അതൊന്നും നിയറിയണ്ട. നീ കൊച്ചുകുട്ടിയല്ലെ?'

ബസ്സു വന്നു. സരിത പറഞ്ഞു.

'നീ പൊയ്ക്കോ, ഇന്ന് എനിയ്ക്ക് ഒരു ഫ്രണ്ടിനെ കാണണം.'

പുറപ്പെടാൻ തുടങ്ങിയ ബസ്സിൽ ബിന്ദു ചാടിക്കയറി. സന്ദർഭത്തിന്റെ അപകടാവസ്ഥ മുതലെടുത്തുകൊണ്ട് കിളി അവളെ തൂക്കി ബസ്സിലേയ്ക്കിട്ടു.

അഞ്ഞൂറു രൂപയുടെ ചോക്കളേറ്റ് സ്വാദു നോക്കിയ കാര്യം പറഞ്ഞപ്പോൾ സരസ്വതിയ്ക്കതിന്റെ മുഴുവൻ ചരിത്രവുമറിയണം. മുഴുവൻ പറയാൻ കഴിയാത്തതുകൊണ്ട് അവൾ എങ്ങും തൊടാത്ത വിധത്തിൽ കാര്യങ്ങൾ പറഞ്ഞൊഴിഞ്ഞു. ചിലപ്പോൾ പൊട്ടിയ പാക്കറ്റുകൾ വില്പനയ്ക്കു വെയ്ക്കാതെ ജോലിക്കാർക്ക് വളരെ വിലക്കുറവിൽ കൊടുക്കാറുണ്ട്. അങ്ങിനെ വല്ലതുമാവും. സരസ്വതിയുടെ പ്രശ്നം ഒരു ചോക്കളേറ്റ് സ്വാദു നോക്കുന്നതല്ല. അവൾ പറഞ്ഞു.

'മോളെ, നെനക്ക് ജോലി കിട്ട്യപ്പ ചേർന്ന കുറി എങ്ങിന്യാ നെകത്താൻ പോണത്?'

'എന്താമ്മാ പ്രശ്നം?'

'അച്ഛന്റെ ജോലി ഈ മാസംകൂട്യേണ്ടാവുള്ളുന്നാ പറേണത്. ജോർജ്ജേട്ടൻ സാധനങ്ങളൊക്കെ ഒന്നായിട്ട് ആർക്കോ കൊട്ക്ക്വാത്രെ. അച്ഛന്റെ ശമ്പളം കൊണ്ടാണ് വീട്ടുചെലവ് കഴിഞ്ഞീര്ന്നത്. എന്റെ ശമ്പളം മുഴുവൻ ഓരോ കുറീലേയ്ക്കായി പോവും. ഇപ്പൊ നെന്റെ ശമ്പളൂം. അപ്പൊ കഞ്ഞികുടിയ്ക്കാൻ നമ്മളെന്താ ചെയ്യാ?'

'നമ്ക്ക് എന്റെ കുറി നിർത്ത്യാലോ അമ്മാ. അതിപ്പൊ തൊടങ്ങീട്ടല്ലെള്ളു.'

'നിർത്താനൊക്കെ എളുപ്പാണ്. ഒരു രണ്ടോ മൂന്നോ കൊല്ലത്തിനുള്ളില് നെന്റെ കല്യാണംണ്ടാവും. അപ്പഴോ?'

'എന്താ ചെയ്യാ?'

‘ഞാനിപ്പൊത്തന്നെ നാലു വീട്ടില് ജോലിയെട്ക്ക്ണ്ണ്ട്. ഇനി അഞ്ചാമതൊരു വീട്ടില് ജോലി തൊടങ്ങാൻ വയ്യ. ഒന്നാമത് സമയല്ല്യ, പിന്നെ അഞ്ച് മണിയാമ്പളേയ്ക്കന്നെ തീരെ വയ്യാതാവ്ണ്ണ്ട്. നടു നിവർത്താൻ വയ്യ. ഇവ രൊക്കെ വാഷിങ് മെഷിന്ണ്ടെങ്കിലും ടെറസ്സില് പൊരിവെയിലത്ത് കല്ലുമ്മല് തിരുമ്പിയ്ക്കും.’

ഉയർന്നു വരുന്ന ഷോപ്പിങ് മാളുകൾക്കു മുമ്പിൽ തന്റെ കുടുംബം ഒരു കാഷ്വൽട്ടിയാവുകയാണെന്ന് ബിന്ദുവിനു മനസ്സിലായി.

ഊണു കഴിച്ച് കിടക്കുമ്പോൾ അവൾ ആലോചിക്കുകതന്നെയായിരുന്നു. അച്ഛൻ കട്ടിലിന്മേൽ കിടന്ന് ഉറക്കമായി രുന്നു. താഴെ പായയിൽ നിവർത്തിയ കട്ടി കുറഞ്ഞ കിടക്കയിൽ അമ്മയും ക്ഷീണിച്ച് ഉറക്കത്തിലേയ്ക്കു വീഴുകയാ ണ്. അവൾ അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ട് ചോദിച്ചു.

‘എന്താമ്മാ നമ്മക്ക് അവര്ടത്ര്യോന്നും പണംണ്ടാവാത്തത്?’

സരസ്വതി മറുപടി പറഞ്ഞില്ല.

‘ന്നാലും ഒരു ചോക്കളേറ്റിന് അഞ്ഞൂറു രൂപ. അതാ റാക്കിമ്മല് നെറയെ നെരത്തിവെച്ചിരിയ്ക്ക്യാണ്. അതു വാങ്ങാൻമാത്രം പണംള്ളോര് അമ്മാ........’

സരസ്വതി ക്ഷീണിച്ച് ഉറക്കമായിരുന്നു.

back to index

# കാലത്തിന്റെ അടയാത്ത വാതിലുകൾ

**അ**തൊരു നല്ല കാലമായിരുന്നു. തൊള്ളായിരത്തി അറുപതുകൾ. ആ ഇരുപത്തിനാലു വയസ്സുകാരൻ കൽക്കത്തയിൽ ജോലിയെടുക്കുകയാണ്. മനസ്സിൽ നിറയെ സംഗീതവും ഹൃദയത്തിൽ സ്നേഹത്തിന്റെ നീരൊഴുക്കും അനുഭവപ്പെട്ടിരുന്ന കാലം. ഹൃദയത്തിൽ പെറ്റ്യുല ക്ലാർക്കിന്റെയും നാൻസി സിനാത്രയുടെയും ഈണങ്ങൾ താരാട്ടു പാടി ഉറക്കിയിരുന്ന കാലം. പിറന്ന നാട്ടിൽനിന്ന് വളരെ ചെറുപ്പത്തിൽ വേരുപിടിയ്ക്കുന്നതിനു മുമ്പ് പിഴുതെടുത്ത് വലിച്ചെറിയപ്പെട്ട ഒരു ചെറുപ്പക്കാരന് ആശ്വാസം പകർന്ന ഈരടികൾ, പാട്ടുകാർ. ഫ്രാങ്ക് സിനാത്ര, എൽവിസ് പ്രെസ്ലി, സൈമൺ ഏന്റ് ഗാർഫങ്കൽ, കാർപന്റേഴ്സ്........ കോളാമ്പിയിൽ നോക്കിയിരിയ്ക്കുന്ന നായയുടെ ചിത്രമുള്ള റെക്കോഡ് പ്ലെയർ അയാൾക്ക് വ്യക്തമായി ഓർമ്മയുണ്ട്. അതായിരുന്നു അയാളുടെ ഏറ്റവും വിലപിടിച്ച സമ്പാദ്യം. അതുപോലെ ഉച്ചഭക്ഷണം ഉപേക്ഷിച്ചുണ്ടാക്കിയ പണംകൊണ്ട് വാങ്ങിയ റെക്കോഡുകളും.

ഇന്നെന്താണ് എനിയ്ക്കു പറ്റിയത്?

ഇത് 2008 ആണ്. ശരിയ്ക്കു പറഞ്ഞാൽ ഏപ്രിൽ മാസം 30-ാം തിയ്യതി. ഐ.സി.യു.വിലെ ഒരാഴ്ചത്തെ ഏകാന്തവാസം കഴിഞ്ഞ് അയാൾ ആശുപത്രി മുറിയിലെത്തിയതാണ്. രക്തധമനികളിലെ തടസ്സം നീങ്ങാനായി കുത്തിവച്ചിരുന്ന ആന്റിത്രോമ്പോസിസിന്റെ ഫലമാണെന്നു തോന്നുന്നു അയാളുടെ തലച്ചോറിൽ അടഞ്ഞുകിടന്ന പല വാതിലുകളും തുറക്കപ്പെട്ടു. കഴിഞ്ഞുപോന്ന ജീവിതം ഒരു സ്ലോമോഷൻ സിനിമ പോലെ മുമ്പിൽ കാണുകയാണ്. പലപ്പോഴും സന്തോഷിപ്പിയ്ക്കുന്ന, പലപ്പോഴും വേദനിപ്പിയ്ക്കുന്ന രംഗങ്ങൾ നിറഞ്ഞ സിനിമ.

'എന്റെ ജീവിതത്തിൽ സന്തോഷിപ്പിയ്ക്കുന്ന സമയം വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു.' അയാൾ സ്വയം പറഞ്ഞു. 'ആ സന്തോഷം തന്നെ വേദനയുടെ മുന്നോടിയായിരുന്നു.'

'വേദനിയ്ക്ക്ണ്ണ്ടോ?' കയ്യിന്മേലുള്ള ഐവി കാന്യുലയിൽ നിന്ന് സിറിഞ്ച് വലിച്ചെടുക്കുമ്പോൾ നഴ്സ് ചോദിച്ചു.

'ഇല്ലല്ലോ?' അയാൾ അദ്ഭുതത്തോടെ അവളെ നോക്കി. അയാൾ വേദനയെപ്പറ്റി ഒരിയ്ക്കലും പരാതിപ്പെട്ടിരുന്നില്ല.

'അല്ലാ..... വേദനേപ്പറ്റി എന്തോ പറഞ്ഞു.'

'ഓ, അതു സാരല്ല്യ മോളെ. ഞാൻ ഇഞ്ചക്ഷനെപ്പറ്റ്യല്ല പറഞ്ഞത്.'

'ചേച്ചി എപ്പഴാ വര്വാ?'

'അവളോ, അവള് പോയി കുളിച്ച് ചോറും കൂട്ടാനും വെച്ച് അതുമായിട്ട് ഒരു പന്ത്രണ്ട് മണിയോടെ വരും.'

'പാവം ചേച്ചി. ഒറ്റയ്ക്കാണല്ലെ? വീട്ടില് വേറെ ആരുംല്ല്യേ?'

'ഇല്ല, മകനും ഭാര്യയും സ്റ്റേറ്റ്സിലാണ്.'

'ശരി, ഒറങ്ങിക്കോളു. എന്തെങ്കിലും ആവശ്യണ്ടെങ്കില് തലയ്ക്ക ൽ ഭാഗത്ത്ള്ള ബെല്ലടിച്ചാൽ മതി.'

'നന്ദി, നിങ്ങൾ ദയാലുക്കളാണ്.' അയാൾ കണ്ണടച്ചുകൊണ്ട് പറഞ്ഞു.

അയാൾ കളിപ്പിയ്ക്കുകയാണോ എന്നറിയാതെ ഒരു നിമിഷം അവിടെത്തന്നെ നിന്ന ശേഷം നഴ്സ് ഇഞ്ചക്ഷൻ ട്രേയുമായി നടന്നുപോയി.

എനിയ്ക്ക് എന്തോ സംഭവിയ്ക്കുന്നുണ്ട്. കണ്ണടച്ചുകൊണ്ട് കിടക്കെ അയാൾ ഓർത്തു. ഒരു ചിത്രം സ്കാൻ ചെയ്യുന്നപോലെ, തന്റെ തലച്ചോറ് ജീവിതത്തിന്റെ ഒരറ്റം മുതൽ സാവധാനത്തിൽ നീങ്ങുകയാണ്. ഇരുപതാം വയസ്സു തൊട്ട് ഇരുപത്തഞ്ചാം വയസ്സുവരെ വന്ന് അത് വീണ്ടും ഇരുപതാം വയസ്സിലേയ്ക്ക് തിരിച്ചു പോവുകയാണ്, അതേ ചിത്രങ്ങൾതന്നെ വീണ്ടും വീണ്ടും സ്കാൻ ചെയ്യുവാൻ. കാണുന്നത് ജീവിതവസന്തത്തിലെ നിറങ്ങൾ, കേട്ടു മറന്ന ഈണങ്ങൾ, മറന്നുവെന്ന് കരുതിയിരുന്ന മുഖങ്ങൾ. അതെല്ലാം കഴിഞ്ഞുപോയ, ഇനി തിരിച്ചുവരാത്ത കാര്യങ്ങളാണെന്ന് ഓർമ്മ വരികയാണ്. ഇനി തനിയ്ക്ക് ഒരു യൗവ്വനം വരാനില്ല, ആ മുഖങ്ങൾ, ഹൃദയത്തിൽ ആഴമുള്ള മുറിവും തന്ന് ഇനി കാണാൻ പറ്റാത്ത വിധം നഷ്ടപ്പെട്ടിരിയ്ക്കയാണ്. കേട്ടു മറന്ന ആ ഈണങ്ങൾ?

നിരാശയ്ക്കിടയിലും എല്ലാം നഷ്ടപ്പെട്ടിട്ടില്ലെന്ന ബോധം വളർന്നു വരികയാണ്. അതിനു കാരണമെന്താണെന്നൊന്നും അയാൾക്കു പറയാൻ കഴിഞ്ഞില്ല. എവിടെയോ ഒക്കെ നന്മ കതിരിടുന്നുണ്ട് എന്ന തോന്നൽ.

'ഒറങ്ങ്വാണോ?'

അയാൾ മയക്കത്തിൽനിന്നുണർന്നു. നന്ദിനി കട്ടിലിന്നടുത്തിട്ട കസേലയിൽ ഇരിയ്ക്കുകയാണ്.

'ഒരു മണിക്കൂറായി ഒറങ്ങുണു.' നന്ദിനി പറഞ്ഞു.

'സമയം എത്ര്യായി?'

'പന്ത്രണ്ടര. ഇന്നലെ നിങ്ങക്ക് നേർത്തെ വെശന്നൂന്ന് പറഞ്ഞില്ലെ. അപ്പൊ ഞാൻ നേരത്തെ ചോറ് കൊണ്ടന്നു. വെളമ്പട്ടെ?'

അയാൾ ഭാര്യയെ നോക്കി. ഇത് എത്രാമത്തെ ദിവസമാണ് അവൾ കഷ്ടപ്പെടുന്നത്. സ്വതവേ ക്ഷീണിച്ച പ്രകൃതമാണ്. ഇപ്പോൾ കൂടുതൽ ക്ഷീണിച്ചിരിയ്ക്കുന്നു.

‘ഇനി എനിയ്ക്ക് ഇവിടത്തെ കാന്റീൻ ഭക്ഷണം മതി. എന്തിനാ ഇങ്ങനെ കഷ്ടപ്പെടണത്?’

‘വേണ്ട, ഇനി കൊറച്ച് ദിവസൂംകൂടുല്ലെ വേണ്ടു. വയറ് കേടു വര്ത്തണ്ട. നിങ്ങടെ ബി.പി. നോർമലായാൽ ഡിസ്ചാർജ്ജ് ചെയ്യാംന്നാ ഡോക്ടറ് പറഞ്ഞത്.’

‘കല്യാണി വരാൻ തൊടങ്ങ്യോ?’ അയാൾ ചോദിച്ചു.

‘ഇല്യാ. അവള്ടെ കുട്ടിടെ അസുഖം മാറീട്ടില്യ.’

‘ആ ജോലീം കൂടി നീ ചെയ്യേണ്ടി വരുണു അല്ലെ?’

‘അതൊന്നും സാരല്യ. ഞാനിന്ന് പോയ ഒടനെ വീട് മുഴുവൻ അടിച്ചുവാരി തൊടച്ചു. വല്ലാതെ വൃത്തികേടായിരുന്നു. നിങ്ങള് അതിനെപ്പറ്റിയൊന്നും ആലോചിക്കണ്ട. നന്നായി വിശ്രമിയ്ക്കു. ചോറ് വെളമ്പട്ടെ. പതുക്കെ എണീറ്റാ മതീട്ടോ.’

ഇത്രയൊക്കെ കഷ്ടപ്പെട്ടിട്ടും അവൾക്ക് യാതൊരു പരാതിയുമില്ല.

രണ്ടാം ഭാര്യയെന്ന് നന്ദിനി വിശേഷിപ്പിയ്ക്കാറുള്ള കമ്പ്യൂട്ടറിനും യാതൊരു പരാതിയുമില്ല. ഡിസ്ചാർജ്ജു ചെയ്ത് വീട്ടിലെത്തിയ ഉടനെ ആദ്യം ചെയ്തത് അതിനു മുമ്പിലിരിയ്ക്കലായിരുന്നു. ഓണാക്കിയപ്പോൾ അല്പം നാണത്തോടെയാണെങ്കിലും അവൾ കണ്ണു മിഴിച്ചു ചിരിയ്ക്കാൻ തുടങ്ങി. അയാളുടെ മനസ്സിൽ അപ്പോഴും സജീവമായിരുന്ന അറുപതുകളുടെ ഈണങ്ങൾക്കു വേണ്ടി അയാൾ പരതുകയായിരുന്നു.

‘ഓ, അവള്ടെ അടുത്തെത്ത്യോ ഇത്ര വേഗം’ നന്ദിനി ചോദിയ്ക്കുന്നു. അയാൾ പക്ഷെ അതൊന്നും കേൾക്കാതെ ഇന്റർനെറ്റിലൂടെ അതിവേഗം പിന്നോട്ടു സഞ്ചരിയ്ക്കുകയാണ്. ഇപ്പോൾ കമ്പ്യൂട്ടറിനു മുമ്പിലിരിയ്ക്കുന്നത് ഒരു ഇരുപത്തഞ്ചുകാരനാണ്. അയാൾക്കു മുമ്പിൽ ഇന്റർനെറ്റിന്റെ കോട്ട വാതിൽ തുറന്ന് വരുന്നത് അറുപതുകളിലെ പോപ്പ് സംഗീതം, പാട്ടുകൾ, പാട്ടുകാർ. ഇതിത്ര എളുപ്പമായിരുന്നോ? താനിതുവരെ ശ്രമിച്ചിട്ടില്ലെന്നു പറഞ്ഞാൽ മതി. ആ പാട്ടുകളെല്ലാം നെറ്റിൽ തനിയ്ക്കായി കാത്തുനിൽക്കുകയായിരുന്നു. നഷ്ടപ്പെട്ടുവെന്നു കരുതിയ ഒരു കാലം, അതിന്റെ വർണ്ണപ്പൊലിമകൾ, എല്ലാംതന്നെ ഒരു കൊച്ചു ചെപ്പിൽ അടച്ചു മുദ്രവെച്ചിരിയ്ക്കയായിരുന്നു, ഭാവിയിൽ എന്നെങ്കിലുമൊരു ദിവസം തുറക്കപ്പെടാൻ, വീണ്ടും ആസ്വദിക്കപ്പെടാൻ.

സേർച്ചെഞ്ചിനിലെ കള്ളിയിൽനിന്ന് രക്ഷപ്പെട്ട് മോണിറ്ററിലെ കറുത്ത കള്ളി സജീവമാക്കിക്കൊണ്ട് വീഡിയോവിൽ എത്താൻ പെറ്റ്യുല ക്ലാർക്കിന് അധികം സമയം വേണ്ടിവന്നില്ല. പരിചയമുള്ള ആ പാട്ട്, തന്നെ തേടി വരുന്നതയാൾ കണ്ണടച്ചുകൊണ്ട് ശ്രവിച്ചു. ‘............ ഞാൻ നിന്നെ സ്നേഹിച്ചു, ഇപ്പോൾ നഷ്ടപ്പെട്ടു. നീ വിഷമിയ്ക്കരുത്, നീയതിൽ കുറ്റക്കാരനല്ല. വിട പറയും നേരം എനിയ്ക്കൊരു ചുംബനം തരു, ഞാൻ കരയാതിരിയ്ക്കാൻ ശ്രമിയ്ക്കാം............. മറ്റൊരു പെൺകുട്ടിയാണ് നിന്റെ ഇന്ന്, ഞാൻ ഇന്നലെയിലേയ്ക്കു തള്ളപ്പെട്ടിരിയ്ക്കുന്നു. ഒരു നിമിഷം നിൽക്കു. ഞാനൊരു വെറും സ്നേഹിതയെപ്പോലെ പിരിയാം, ഒരു മന്ദഹാസത്തോടെ. അതുവരെ, അവസാനമായി, നീ എന്റേതാണെന്ന് ഭാവിയ്ക്കു. എനിയ്ക്കൊരു........’

ഈ പാട്ട് അയാളുടെ നഷ്ടത്തിന്റെ കഥയാണ്. നാലു കൊല്ലത്തെ പ്രണയത്തിന്റെ അന്ത്യത്തിൽ, കൽക്കത്തയിൽ നിന്ന് എന്നെന്നേയ്ക്കുമായി വിട പറയുമ്പോൾ ജീന സമ്മാനിച്ചതാണ് ആ സിംഗ്ൾസ്. ഒരു ജീവിതകാലം മുഴുവൻ വേദന തരാനായിട്ടാണോ പെറ്റ്യുല ക്ലാർക്കിന്റെ ‘കിസ്സ് മി ഗുഡ്ബൈ’ തന്നെ സമ്മാനിച്ചത്? മുമ്പിൽ കാണുന്ന വീഡിയോവിൽ ജീനയുടെ ഛായയുള്ള പെറ്റ്യുലയുടെ വിവിധ ഡിസ്കുകളിൽനിന്ന് എടുത്ത ചിത്രങ്ങൾ.

‘ഈ പാട്ട് എവിടന്നാ കിട്ട്യേ?’

അയാൾ ഒന്നും പറഞ്ഞില്ല.

‘ഇതൊക്കെ ഇന്റർനെറ്റില് കിട്ട്വോ?’

‘ഉം.’

നന്ദിനിയ്ക്ക് ഉത്സാഹമായി. കല്യാണം കഴിഞ്ഞ് ആ ഇരുപത്തെട്ടുകാരന്റെ ഒപ്പം ദില്ലിയിൽ പോയപ്പോൾ ആ കൊച്ചുവീട്ടിൽ സംഗീതമുണ്ടായിരുന്നു. പിന്നെ എപ്പോഴോ അതെല്ലാം നഷ്ടമായി. എങ്ങിനെ നഷ്ടമായെന്ന് അവൾക്കും അറിയില്ല. പ്രതീക്ഷിയ്ക്കാതെ ദില്ലി വിട്ടു നാട്ടിലെത്തി. അതിനിടയ്ക്കാണോ അതെല്ലാം നഷ്ടമായത്? അല്ല, നാട്ടിൽ, മോൻ കുട്ടിയായിരുന്നപ്പോഴും അതെല്ലാമുണ്ടായിരുന്നു. ഈ പാട്ടുകളൊക്കെ അവൻ കേട്ട് ആസ്വദിച്ചിരുന്നവയാണ്.

‘നമ്മടെ അട്ത്ത് അന്ന്ണ്ടായിര്ന്ന പാട്ടുകളൊക്കെ കിട്ട്വോന്ന് നോക്കു.’

‘നോക്കാം.’

എല്ലാം നെറ്റിലുണ്ടായിരുന്നു. അയാൾ ഉത്സാഹത്തോടെ ഓരോന്നോരോന്നായി ഡൗൺലോഡ് ചെയ്യുകയാണ്.

‘മതി, അധികം നേരം കമ്പ്യൂട്ടറിന്റെ മുമ്പിലിരിയ്ക്കണ്ട. പോയി കിടക്കു. ഇപ്പോൾ ഡിസ്ചാർജ്ജ് ചെയ്ത് വന്നിട്ടേ ഉള്ളൂ. ഞാൻ കുറച്ച് ഹോർലിക്സ് കൂട്ടിത്തരട്ടെ?’

ഒറ്റയ്ക്കായപ്പോൾ ഓർമ്മകൾ അയാളെ അന്വേഷിച്ചെത്തി. തള്ളിവരുന്ന ഓർമ്മകളല്ല, ഞങ്ങൾ ഇവിട്യൊക്കെ ഉണ്ടേ എന്നു പറഞ്ഞ് ഒതുങ്ങിനിൽക്കുന്ന ഓർമ്മകൾ. അവ വീട്ടിനു മുമ്പിലെ ടെലഫോൺ കമ്പിമേൽ വരിവരിയായി നിൽക്കുന്ന കിളികളെപ്പോലെയാണ്. അയാൾക്കിപ്പോൾ അവയെ ഓരോന്നായി ശ്രദ്ധിയ്ക്കാം. ഇരുപതാം വയസ്സിൽ ഡൽഹൗസി സ്ക്വയറിലെ വലിയ ഓഫീസിൽ ഒഴിഞ്ഞ മേശയ്ക്കു മുമ്പിൽ ബോസിന്റെ വിളിയും കാത്ത് ഇരുന്ന ചെറുപ്പക്കാരനോട് അയാളുടെ ഇടതുവശത്തിരിയ്ക്കുന്ന ആംഗ്ലോ ഇന്ത്യൻ പെൺകുട്ടി ചോദിയ്ക്കുന്നു.

‘എന്താ പയ്യൻ, ആകെ ടെൻഷനടിച്ചിരിയ്ക്കണത്?’

ഓർമ്മകൾ അവിടെനിന്ന് തുടങ്ങുന്നു, നാലഞ്ചു വർഷങ്ങൾ മുന്നോട്ടു കുതിയ്ക്കുന്നു, വീണ്ടും അതെ ബിന്ദുവിൽ എത്തിച്ചേരാൻ. പ്രണയം ഇത്ര എളുപ്പമായിരുന്നുവെന്നവൻ കരുതിയില്ല, അതുപോലെത്തന്നെ വേദനിപ്പിയ്ക്കുന്ന താണെന്നും. 'കിസ്സ് മി ഗുഡ്ബൈ'. ജീന തന്ന ആ റെക്കോഡിപ്പോൾ എവിടെയാണ്? പെറ്റ്യുലയുടെതന്നെ 'ദിസീസ് മൈ സോങ്', 'സാൻ ഫ്രാൻസിസ്കോ'. ആ ഡിസ്കുകളും മറ്റനേകം പാട്ടുകളുടെ ഒപ്പം എവിടേയോ നഷ്ടപ്പെട്ടു. പിന്നെ റഫിയും, ലതയും, ആശയും കിശോറും, ഒപ്പംതന്നെ തന്റെ ഇഷ്ടഗായകരായിരുന്ന അനേകം പടിഞ്ഞാറൻ പോപ് സംഗീതജ്ഞരും മറവിയിൽ മാഞ്ഞു. ഒരിയ്ക്കൽ കോളജിൽ നിന്ന് ഓണക്കാല അവധിയ്ക്കു വന്നപ്പോൾ മകനാ റെക്കോഡുകൾ പരതി വീട്ടിനുള്ളിൽ നടന്നിരുന്നു. അതിനിടയ്ക്ക് പെട്ടെന്നൊരു ദിവസമെന്നപോലെ റെക്കോഡ് പ്ലെയറുകൾ സി.ഡി. പ്ലെയറുകൾക്കു വഴി മാറിക്കൊടുത്തു.

'ഇതാ ഈ ഹോർലിക്സ് കുടിച്ചു കിടന്നോളു. ഇന്ന് വൈകുന്നേരം മോൻ വിളിയ്ക്കും. ആറു മണിയ്ക്ക് വിളിയ്ക്കാംന്നാണ് പറഞ്ഞിട്ട്ള്ളത്. അപ്പഴേയ്ക്ക് ക്ഷീണൊക്കെ മാറട്ടെ.'

അയാൾ സ്വപ്നങ്ങൾക്കും യാഥാർത്ഥ്യങ്ങൾക്കുമിടയിലെ ഹൈവേയിൽക്കൂടി നടക്കുകയാണ്. പക്ഷെ ഏതു ഭാഗത്താണ് സ്വപ്നമെന്നോ എതു ഭാഗത്താണ് യാഥാർത്ഥ്യമെന്നോ പറയാൻ കഴിയുന്നില്ല. ഹൃദയം മിഡിയും ടോപ്പുമിട്ട ഒരു ആംഗ്ലോ ഇന്ത്യൻ പെൺകുട്ടിയോടുള്ള സ്നേഹം കൊണ്ട് നിറഞ്ഞു. അവൾ പറഞ്ഞു. 'നിനക്ക് പോകണമെന്ന് നിർബ്ബന്ധമാണോ? നമുക്കിങ്ങനെ കഴിഞ്ഞുകൂടെ? എനിയ്ക്ക് നിന്റെ സ്നേഹം മാത്രം മതി.'

ആ സ്നേഹമാണ് താൻ തട്ടിക്കളഞ്ഞത്? എന്തിനായി? അതുകൊണ്ട് താൻ വല്ലതും നേടിയോ? 'നമുക്കിങ്ങനെ കഴിഞ്ഞുകൂടെ' എന്നത് കടലിനു നടുവിലെ ചെറിയൊരു ദ്വീപിനേക്കാൾ ദുർബ്ബലമായ ഒരു സങ്കല്പം മാത്രമായി അവനന്നു തോന്നിയിരുന്നു. ഒരു വലിയ തിര വന്നാൽ മുടിപ്പോകാനുള്ള ഉയരമേ അതിനുള്ളു. എങ്കിൽ എന്തുകൊണ്ടാണവളെ കല്യാണം കഴിക്കാതിരുന്നത്? അതിനയാൾക്ക് ഇന്നും ഉത്തരമില്ല.

'നോക്കു എണീയ്ക്കു. ചായയുണ്ടാക്കീട്ടിണ്ട്?' നന്ദിനി മൃദുവായി ചുമലിൽ തട്ടിക്കൊണ്ട് പറഞ്ഞു.

'ചായയോ? സമയം എത്ര്യായി?'

'അഞ്ചര. നല്ലോം ഒറങ്ങീരിയ്ക്കുണു. ക്ഷീണംണ്ട്ന്നർത്ഥം. ആറു മണിയ്ക്ക് മോൻ വിളിയ്ക്കും. അപ്പഴേയ്ക്ക് ചായ കുടിച്ച് ഉഷാറായി ഇരുന്നോളു. ശബ്ദത്തില് അല്പം ക്ഷീണംണ്ടെങ്കില് അവൻ കണ്ടുപിടിയ്ക്കും.'

'നീ വല്ലാതെ കഷ്ടപ്പെട്ടു അല്ലെ?' നന്ദിനിയുടെ കൈ പിടിച്ചു തലോടിക്കൊണ്ട് അയാൾ ചോദിച്ചു.

'എന്തു കഷ്ടപ്പാട്? ഇതൊക്കെ ഒരു കഷ്ടപ്പാടാണോ? നിങ്ങടെ ആരോഗ്യം വേഗം തിരിച്ചു കിട്ട്യാ മതി.' അവൾ അയാളുടെ നെറ്റി തലോടിക്കൊണ്ട് പറഞ്ഞു.

ആറു മണിയ്ക്കുതന്നെ മകൻ വിളിച്ചു.

'എങ്ങിനെണ്ട് അച്ഛാ?'

'ഏയ്, കൊഴപ്പൊന്നുംല്യ. അമ്മടെ പേടിയാണ്. അല്ലെങ്കിൽ ആശുപത്രിയിൽ പോണ്ട ആവശ്യൊന്നും ണ്ടായിര്ന്നില്യ.' ശബ്ദം കഴിയുന്നത്ര നന്നാക്കിക്കൊണ്ട് അയാൾ സംസാരിച്ചു.

'എനിയ്ക്കറിയാം അച്ഛാ. അമ്മ എല്ലാം പറഞ്ഞിട്ട്ണ്ട്. അവര് തമാശയ്ക്കുവേണ്ടി ഐ.സി.യുവില് ഒരാഴ്ച കെടത്തീതാ അല്ലെ? പിന്നേയ്, ഞാൻ കുട്ട്യായിരിയ്ക്കുമ്പോ അച്ഛൻ കണ്ണടച്ചിട്ട് എന്നെ പേടിപ്പിച്ചിരുന്നതോർമ്മണ്ടോ?'

അയാൾക്കതോർമ്മയുണ്ട്. അവൻ വന്ന് അവന്റെ കുഞ്ഞിക്കൈകൊണ്ട് കണ്ണിന്റെ പോളകൾ തുറന്നു നോക്കും.

'ഇപ്പഴും ഒന്ന് പേടിപ്പിയ്ക്കാൻ നോക്കീതാ അല്ലെ? ഇപ്പൊ ഞാൻ വല്യേ കുട്ടിയായില്ലേ അച്ഛാ? ഇനി എന്നെ പേടിപ്പിയ്ക്കാനൊന്നും നോക്കണ്ട. അതോണ്ട് നല്ലോണം വിശ്രമിയ്ക്ക്യാ. നാട്ടുകാര്ടെ കാര്യങ്ങളൊക്കെ നോക്കി ടെൻഷ നടിയ്ക്കാതിരിക്ക്യാ. അച്ഛൻ എടപെട്ടില്ലെങ്കിലും കാര്യങ്ങളൊക്കെ നടക്കും. ബി കൂൾ...........'

ഉള്ളിൽ വന്ന തേങ്ങൽ കാരണം ഒന്നും പറയാൻ വയ്യാതെ അയാൾ നിന്നു.

'പിന്നെ, ഞാൻ കൊറച്ച് മ്യൂസിക് വീഡിയോകള് അയച്ചിട്ട്ണ്ട്. അച്ഛന്റെ ഫേവറിറ്റ് പാട്ടൊക്കെണ്ട്. ഏതാന്നറിയോ?'

ഏതു പാട്ടാണവൻ ഉദ്ദേശിയ്ക്കുന്നത് എന്നറിയാതെ അയാൾ വിഷമിച്ചു. അവൻ തുടർന്നു.

പെറ്റ്യുല ക്ലാർക്കിന്റെ 'കിസ് മി ഗുഡ്ബൈ'. അതുപോലെ എൽവിസിന്റെ 'ഇൻ ദ ഘെട്ടോ', സി.സി.ആറിന്റെ 'ഹൂ വിൽ സ്റ്റോപ്പ് ദ റെയിൻ', .......'

അവൻ സംസാരിച്ചുകൊണ്ടിരിയ്ക്കയാണ്. അതങ്ങിനെ നീണ്ടുപോകും, ചിലപ്പോൾ അര മണിക്കൂർ, ചിലപ്പോൾ ഒരു മണിക്കൂർ. സ്വീകരണമുറിയിലെ എക്സ്റ്റൻഷനിൽ ശ്രദ്ധിച്ചുകൊണ്ടിരുന്ന നന്ദിനി ഏപ്പോഴോ സംസാരം ഏറ്റെടുത്തിരിയ്ക്കുന്നു. അയാൾ കാലത്തിന്റെ അദ്ഭുതസിദ്ധികളെപ്പറ്റി ആലോചിയ്ക്കയായിരുന്നു.

back to index

# സ്ത്രീ, അവസാന രംഗത്തിൽ മാത്രം പ്രവേശിക്കുന്ന കഥാപാത്രം

ഒരു സ്കൂപ്പെഴുതാനാണ് രേവതി എന്ന പത്രപ്രവർത്തക ഇവിടെ വന്നത്. ഇപ്പോൾ സ്കൂപ്പിനു പകരം ഒരു വലിയ പുസ്തകമെഴുതാനുള്ള കോപ്പ് കയ്യിൽ കിട്ടിയിരിയ്ക്കുന്നു. പക്ഷെ അത് അവൾക്കു കിട്ടിയ വിഷയമാവില്ലാ എന്നേ ഉള്ളൂ. പത്രാധിപർ കസേലയിൽ 180 ഡിഗ്രി തിരിഞ്ഞ് കയ്യിലെ പെന്നും വിറപ്പിച്ചുകൊണ്ട് ഒരു ചെറിയ മുഖവുരയോടെ കനിഞ്ഞരുളിയതാണിത്. ഇപ്രാവശ്യം രേവതിയ്ക്ക് എളുപ്പം ചെയ്യാൻ പറ്റണ ഒരസൈൻമെന്റാണ് തരണത്. ഇവിടെത്തന്നെയൊന്ന് ചുറ്റിക്കറങ്ങിയാൽ മതി. വിഷയം വളരെ ലളിതമായിരുന്നു, സമ്മതിച്ചു. നഗരത്തിൽ ഉയർന്നുവരുന്ന ബഹുനിലകെട്ടിടങ്ങളുടെ നിർമ്മാണത്തിൽ സ്ത്രീ തൊഴിലാളിയ്ക്കുള്ള സ്ഥാനം.

ആദ്യം തിരഞ്ഞെടുത്ത കെട്ടിടം നഗരത്തിന്റെ നടുവിൽത്തന്നെയാണ്. എട്ടുനിലയിൽ രണ്ടു നില കഴിഞ്ഞിരിയ്ക്കുന്നു. അവിടെ പരിചയപ്പെട്ട സൂപ്പർവൈസർ അവൾക്ക് കെട്ടിടം പണിയുടെ സാങ്കേതികവശങ്ങളെപ്പറ്റി ഒരു ക്ലാസ്സ് നടത്തി. ഓരോ നിലയും കഴിഞ്ഞാൽ തട്ടടിയ്ക്കും, പിന്നെ റീയിൻഫോഴ്സ്ഡ് കമ്പികൾ തലങ്ങനെയും വിലങ്ങനെയും വച്ച് കമ്പികൊണ്ട് കെട്ടിമുറുക്കുന്നു. വൈന്നേരാമ്പളേയ്ക്കും ആ പണിയും കഴിഞ്ഞു. ഇനി വൈദ്യുതിക്കമ്പികൾ ഓരോ മുറിയിലും എത്തിയ്ക്കാനുള്ള കറുത്ത പൈപ്പുകൾ ഇടുന്ന പണിയാണ്.

'തേപ്പൊക്കെ കഴിഞ്ഞ് കമ്പി വലിയ്ക്കാൻ വേണ്ട കൊഴല്ടണ പണ്യാണ്. ഇതൊരു രണ്ടു മണിക്കൂർ നേരംകൊണ്ട് കഴിയും. എട്ട്, ഒമ്പത് മണീന്ന് കൂട്ടിക്കോളു. അതു കഴിഞ്ഞാൽ വാർപ്പാണ്.' സൂപ്പർവൈസർ അവളോട് പറഞ്ഞു. 'കുട്ടിയ്ക്കത് കാണണംന്ന്ണ്ടെങ്കില് ഊണു കഴിച്ചിട്ടു വന്നാ മതി.'

അയാൾക്കവളെ ഇഷ്ടപ്പെട്ടിരുന്നു. അവൾ എടുത്ത ഫോട്ടോകളിൽ രണ്ടു മൂന്നെണ്ണത്തിൽ അയാൾ പെട്ടിട്ടുണ്ട്. ചിലപ്പോൾ നാലോ അഞ്ചോ എണ്ണത്തിൽ. അയാൾക്കുറപ്പില്ല. ഈ ഫോട്ടോകൾ വാരികയിൽ വരും അയാളുടെ പേരിനോടൊപ്പം.

രേവതി കാത്തുനിന്നതു വാർപ്പു കാണാനാണ്. നേരം വൈകിയതുകൊണ്ട് അതിനി നാളെയേ ഉണ്ടാവൂ എന്ന വിചാരത്തിൽ പോവാൻ ഒരുമ്പെട്ടതാണ്. ഏറ്റവും കാതലായ ഭാഗമാണത്. ഏറ്റവുമധികം സ്ത്രീകളെ ആവശ്യമുള്ളതും അതിനുതന്നെ. അച്ഛൻ വീടുണ്ടാക്കിയപ്പോഴുള്ള ദൃശ്യങ്ങൾ അവളുടെ മനസ്സിലുണ്ട്, കരിങ്കല്ലു കഷ്ണങ്ങളും മണലും സിമന്റും വിഴുങ്ങി വലിയ ശബ്ദമുണ്ടാക്കി തിരിയുന്ന കോൺക്രീറ്റ് വൈബ്രേറ്റർ, അതിലും വലിയ ശബ്ദമുണ്ടാക്കി, കോൺക്രീറ്റ് കൂട്ടിയത് ഇരുമ്പ് ചട്ടിയിലാക്കി ഓടുന്ന സ്ത്രീകൾ, കോണിമേൽ നിൽക്കുന്ന സ്ത്രീകൾ ആ നിറചട്ടികൾ തന്റെ മുകളിൽ നിൽക്കുന്ന സ്ത്രീയ്ക്ക് എറിഞ്ഞുകൊടുക്കുന്നത്, മുകളിൽ അതും കാത്ത് നിൽക്കുന്ന പുരുഷന്മാർ. ഇരുമ്പ് കൽക്കഷ്ണത്തിൽ ഉരയുന്ന ശബ്ദത്തിന്റെ അകമ്പടിയോടെ ഒരു താളത്തിൽ ജോലി നടക്കുന്നു. ഇതെല്ലാം ഒരുകാലത്ത് അവൾക്ക് പരിചിതമായിരുന്നു. തന്റെ ഫീച്ചറിന്റെ കാതലായ ഭാഗമാണ് സ്ത്രീകളെ നിരത്തിക്കൊണ്ടുള്ള വാർപ്പ്.

അവൾ സ്കൂട്ടർ സ്റ്റാർട്ടാക്കി. സ്ഥിരം ഭക്ഷണം കഴിയ്ക്കുന്ന റസ്റ്റോറണ്ടിൽ കയറി. സമയം ആറരയാവുന്നേയുള്ളു. എന്നാലും എന്തെങ്കിലും കാര്യമായി കഴിയ്ക്കാം. വാർപ്പു കഴിഞ്ഞ് രണ്ടുമൂന്ന് സ്ത്രീകളെയെങ്കിലും ഇന്റർവ്യൂ ചെയ്ത് വരുമ്പോഴേയ്ക്ക് റസ്റ്റോറണ്ട് അടച്ചിട്ടുണ്ടാവും. പിന്നെ ഹോസ്റ്റലിൽ പോയി പച്ചവെള്ളം കുടിച്ച് കിടന്നുറങ്ങേണ്ടിവരും. വെയ്റ്റർ വന്നു ചോദിച്ചു.

'ഊണു റെഡ്യായിട്ട്ണ്ട്, കൊണ്ടരട്ടെ? അതോ ദോശീം കാപ്പീം മത്യോ?'

'ഊണു കഴിയ്ക്കാം.'

ഊണിനു വേണ്ടി കാത്തിരിയ്ക്കുമ്പോൾ അവൾ തന്റെ ഡിജിറ്റൽ ക്യാമറയിലെ ഡിസ്പ്ലേ വിൻഡോ സ്ക്രോൾ ചെയ്തു നോക്കി. രാവിലെ മുതൽ എടുത്ത ചിത്രങ്ങളാണ്. വാവൂ! അവൾ അമേരിയ്ക്കൻ ശൈലിയിൽ അദ്ഭുതം പ്രകടിപ്പിച്ചു. ചിലതെല്ലാം സ്റ്റണ്ണിങ് ഷോട്ടുകൾതന്നെയാണ്. പക്ഷെ പേജ് സെറ്റർ നന്ദുവിന്റെ കയ്യിലെത്തുമ്പോൾ അതിനെല്ലാം അംഗഭംഗം സംഭവിയ്ക്കുന്നു. കാതലായിട്ടുള്ള അംശമാണെന്ന് അവൻ കരുതുന്നതേ പേജുകളിലെത്തൂ. ഇത്തവണ അവനുമായി ഒരുരസലുണ്ടാക്കാൻ പോവ്വാണ്. ഞാനെടുത്ത ചിത്രങ്ങളുടെ പ്രാധാന്യം എനിയ്ക്കാണ് അറിയുക. അവനല്ല. അങ്ങിനെ സ്ക്രോൾ ചെയ്തുകൊണ്ടിരിയ്ക്കുമ്പോഴാണ് ഒരു കാര്യം ശ്രദ്ധയിൽ പെട്ടത്. ഇരുപത്തഞ്ച് ചിത്രങ്ങൾ കഴിഞ്ഞു. ഇതുവരെ ഒരൊറ്റ സ്ത്രീ പോലും പ്രത്യക്ഷപ്പെട്ടിട്ടില്ല. പുരുഷന്മാരും കുട്ടികളും ഉണ്ട്. ഒരൊറ്റ സ്ത്രീ ജോലിക്കാരിയായി വന്നിട്ടില്ല. ശരിയാണ് ഒരൊറ്റ സ്ത്രീയെ അവിടെ കണ്ടിട്ടില്ല. ഇത്രയും വലിയ ഒരു കെട്ടിടത്തിന്റെ പണി നടക്കുമ്പോൾ എന്തേ ഒരൊറ്റ സ്ത്രീ അവിടെ ജോലിക്കാരിയായി കാണാഞ്ഞത്? വഴിയിലെവിടെയോ താൻ ഉദ്ദേശംതന്നെ മറന്നുപോയപോലുണ്ട്. ഇതു തന്റെ മന്ദബുദ്ധിയിൽ തെളിയാൻ ഇത്ര സമയമെടുത്തൂ?

അവൾ ധൃതിയിൽ ബാക്കി ചിത്രങ്ങൾ കൂടി സ്ക്രോൾ ചെയ്തു. ഏറ്റവും അവസാനത്തെ ഷോട്ട്, നിരത്തിയ കമ്പികൾക്കു മുകളിലൂടെ ഒരു സഞ്ചിയും തൂക്കിപ്പിടിച്ച് നടക്കുന്ന രണ്ടു മെലിഞ്ഞ ആളുകളുടേതാണ്. സഞ്ചികളിലുള്ളത് സ്ഥാനത്തുവച്ച കറുത്ത പ്ലാസ്റ്റിക് പൈപ്പുകൾ അന്യോന്യം കൂട്ടിച്ചേർക്കാനുള്ള ജങ്ക്ഷൻ ബോക്സുകളും കോൺക്രീറ്റു വീഴുമ്പോൾ പൈപ്പുകൾ ഇളകാതെ അതാതിന്റെ സ്ഥാനത്തു തന്നെ നിർത്താനുള്ള കല്ലുകളുമാണ്. ശരിയാണ് ഏറ്റവും അവസാനമെടുത്ത ചിത്രം അതുതന്നെ. അവൾ ശരിയ്ക്കും അന്തംവിട്ടു നിൽക്കയാണ്. താലിയിൽ ഊണ് മുമ്പിലെത്തിയിട്ട് കുറച്ചു നേരമായെന്നു തോന്നുന്നു. വെയ്റ്റർ വന്ന് ചോദിച്ചു.

‘എന്താ കുട്ടീ, ഊണു കഴിയ്ക്കാൻ മറന്നോ?’

അവൾ അപ്പോഴും ആലോചിയ്ക്കുകയായിരുന്നു. അവരൊക്കെ എവിടെയാണ്? ജീവിതത്തിന്റെ നിരവധി പ്രശ്നങ്ങൾക്കിടയിലും ചിരിച്ചും കളിച്ചും ഓടിനടന്ന് ജോലിയെടുത്തിരുന്ന സ്ത്രീകൾ. പുരുഷന്മാരുടെ കൂലിയേക്കാൾ കുറവാണ് കിട്ടുന്നതെങ്കിലും അവരേക്കാൾ കൂടുതൽ ജോലിയെടുത്തിരുന്ന സ്ത്രീകൾ. അവരൊക്കെ എവിടെയാണ്? ഞാനെന്താണ് അവരുടെ അഭാവം ഇതുവരെ ശ്രദ്ധിയ്ക്കാതിരുന്നത്? മനസ്സു മുഴുവൻ വർഷങ്ങൾക്കു മുമ്പുള്ള ഒരു ചിത്രം നിറഞ്ഞു നിൽക്കുകയായിരുന്നു. അതു ലാക്കാക്കിയാണ് താൻ നടന്നിരുന്നത്. അവർ വഴിയെ വരുമെന്ന ധാരണയിൽ മറ്റുള്ള ജോലിക്കാരെ ഇന്റർവ്യു ചെയ്തു. കെട്ടിടനിർമ്മാണ രംഗത്തെക്കുറിച്ച് എല്ലാ തലത്തിലുള്ളവരുമായി സംസാരിച്ചു. തനിയ്ക്കിപ്പോൾ കെട്ടിടനിർമ്മാണത്തെപ്പറ്റി ഒരു സീരീസ് തന്നെ എഴുതിയുണ്ടാക്കാം. ബിൽഡർ തൊട്ട് ഏറ്റവും താഴെക്കിടയിലുള്ള തൊഴിലാളി വരെ ഇന്റർവ്യു ചെയ്യാൻ കിട്ടി.

പക്ഷെ സ്ത്രീകൾ! വാർപ്പിനെങ്കിലും അവരുണ്ടായാൽ മതിയായിരുന്നു. അവൾ, തണുത്തു തുടങ്ങിയതു കാരണം പയർമണികൾ പോലായ ചോറ് എടുത്തു വിഴുങ്ങാൻ തുടങ്ങി.

ഹോസ്റ്റൽ മുറിയിൽ രാധിക എത്തിയിരുന്നു.

‘താൻ എന്തിനേ ഇത്ര നേർത്തെ ഊണുകഴിച്ചത്? ഇനി ഞാൻ ഒറ്റയ്ക്ക് പോണ്ടെ?’

ജോലിയെടുക്കുന്ന സ്ത്രീകളുടെ അഭാവത്തെപ്പറ്റി പറഞ്ഞപ്പോൾ രാധിക തലയാട്ടി.

‘താനൊരു സ്വപ്നജീവിയാണ്. ഒരു റിപ്പോർട്ടർക്ക് പറ്റിയ ഗുണല്ല അത്. കെട്ടിടം പണീന്ന് മാത്രല്ല പല ജോലീന്നും സ്ത്രീകള് ഔട്ടായിട്ട്ണ്ട്. നീ ആ വിധത്തിൽ ഒരു സ്റ്റോറി ചെയ്യണതായിരിയ്ക്കും നല്ലത്.’

‘ഞാനെന്താ ചെയ്യാ? പോട്ടെ ഇനിയും കഴിഞ്ഞിട്ടില്ലല്ലൊ. ഒരുപക്ഷെ അവസാനരംഗത്തിലായിരിയ്ക്കും അവര് പ്രവേശിയ്ക്കുന്നത്. ഭാഗ്യണ്ടെങ്കിൽ അപ്പ കാണാം. ചെലപ്പൊ അവരൊക്കെ എത്തീട്ട്ണ്ടാവും. ഞാൻ പോയി നോക്കട്ടെ.’

‘തനിയ്ക്കൊറ്റയ്ക്കു തിരിച്ചുവരാൻ പറ്റ്വോ? ഒരു പത്തുപതിനൊന്നു മണ്യെങ്കിലും ആവില്ലെ?’

‘പേടിയ്ക്കണ്ട. എന്തെങ്കിലും പ്രശ്നം കണ്ടാൽ ഞാൻ സെല്ലിൽ വിളിയ്ക്കാം. നീ നമ്മടെ പെൺ പടം കൂട്ടി വന്നാ മതി.’

സമയം ഒമ്പതു മണി. വാർപ്പ് തുടങ്ങുന്നേയുണ്ടാവൂ. കെട്ടിടത്തിന്റെ ചട്ടക്കൂട് ശക്തിയുള്ള വെളിച്ചത്തിൽ തെളിഞ്ഞുനിന്നു. അതു ശ്രദ്ധിച്ചതുകൊണ്ടായിരിയ്ക്കണം മുമ്പിൽത്തന്നെ ഒരു വലിയ ട്രക്ക് വന്നുകിടക്കുന്നത് കാണാതിരുന്നത്. ട്രക്കിനു പിന്നിലോ അല്ലെങ്കിൽ സെക്യൂരിറ്റിക്കാരുടെ താൽക്കാലിക ഷെഡ്ഡിന്റെ ഓരത്തോ സ്കൂട്ടർ പാർക്കുചെയ്യാമെന്നു കരുതി. ട്രക്കിന്റെ പിന്നിലേയ്ക്കെടുത്തപ്പോഴാണ് മനസ്സിലായത് അത് വെറും ട്രക്കല്ല മറിച്ച് ഒരു വലിയ കോൺക്രീറ്റു ടാങ്കറാണെന്ന്. ഒരു പടുകൂറ്റൻ കോൺക്രീറ്റ് വൈബ്രേറ്റർ. അതിന്റെ ടാങ്ക് വളരെ സാവധാനത്തിൽ തിരിഞ്ഞുകൊണ്ടിരിയ്ക്കുന്നു.

സൂപ്പർവൈസർ ഉള്ളിലായിരുന്നു. രേവതിയെ കണ്ടപ്പോൾ അയാൾ പുറത്തുവന്നു.

‘ഇതെന്താണ് ഇത്ര വലിയ വൈബ്രേറ്റർ?’

‘ഇതു വൈബ്രേറ്ററല്ല.’ അയാൾ പറഞ്ഞു. രാവിലെ മുതൽ ആ പറമ്പിൽ കിടന്നു കളിച്ചിരുന്ന പെൺകുട്ടിയെ അയാൾക്ക് ഇഷ്ടമായിരുന്നു. ‘ഇത് തിരിയണ ഒരു ടാങ്ക് മാത്രാണ്. ഇതില്ത്തെ കോൺക്രീറ്റ് മുഴുവൻ വരണത് ഒരു ഫാക്ടറീന്നാ. അത് പമ്പ് ചെയ്ത് മോളിലേയ്ക്ക് കേറ്റ്വ മാത്രെ ഇവിടെ ചെയ്യുണ്ള്ളു.. അതിന്ള്ള ആളുകളൊക്കെ ഇപ്പ എത്തും. ഈ ടാങ്കില്ത്തെ കഴീമ്പളയ്ക്ക് വേറെ ടാങ്കെത്തും. വാർപ്പ് നിർത്താൻ പാടില്ലല്ലൊ.’

പറഞ്ഞു കഴിഞ്ഞപ്പോഴേയ്ക്കും വേറൊരു വണ്ടി വന്ന് അതിനു പിന്നിൽ നിർത്തി. അതിൽനിന്ന് ഓറഞ്ച് യൂനിഫോമിട്ട അഞ്ചാറു പേർ ചാടിയിറങ്ങി. അവർ വെള്ള നിറത്തിലുള്ള ഹെൽമെറ്റ് ധരിച്ചിരുന്നു. രേവതി പകച്ചു നിൽക്കുകയാണ്. സൂപ്പർവൈസർ അവളെ വിട്ട് കാര്യങ്ങളന്വേഷിക്കാൻ പോയി. അവൾ സ്കൂട്ടർ റോഡിന്റെ മറുഭാഗത്ത് പാർക്ക് ചെയ്ത് അതിനു മുമ്പിൽ നിന്നു. അവിടെനിന്ന് കൂടുതൽ നന്നായി കാണാൻ പറ്റും. കാര്യങ്ങളെല്ലാം വളരെ പെട്ടെന്നാണ് കഴിഞ്ഞത്. കണ്ണു തുറന്നടയ്ക്കുമ്പോഴേയ്ക്കും അവർ വലിയ ഇരുമ്പു പൈപ്പുകൾ പമ്പിൽനിന്ന്, വാർക്കാനുള്ള രണ്ടാംനിലയിലേയ്ക്ക് യോജിപ്പിച്ചെടുത്തു. ഒട്ടും താമസമില്ലാതെ വലിയ ടാങ്കറിൽനിന്ന് കോൺക്രീറ്റ് കൂട്ട് രണ്ടാം നിലയിലേയ്ക്ക് ഒഴുകി. ഗംബൂട്ടിട്ട യൂനിഫോംധാരികൾ മുകളിൽ അതെല്ലാം തുമ്പകൊണ്ട് പരത്തുന്നുണ്ടായിരുന്നു. അവരുടെ ജോലിയിൽ മുന്തിനിന്ന പ്രൊഫഷനലിസം പ്രശംസനീയമാണ്. പിന്നിൽ വേറൊരു ടാങ്കർ വന്നുനിന്നു തിരിയാൻ തുടങ്ങി.

ഇതാണോ താൻ ആശിച്ച അവസാനരംഗം. എവിടെ താൻ പ്രതീക്ഷിച്ച അഭിനേതാക്കൾ?

സൂപ്പർവൈസർ പുറത്തു വന്നപ്പോൾ രേവതി അടുത്തു ചെന്നു.

‘അപ്പോൾ ഇതിലൊന്നും സ്ത്രീകളില്ലെ ജോലിയ്ക്ക്?’

‘സ്ത്രീകളൊ, അവരെല്ലാം ഔട്ടായില്ലെ, കെട്ടിടം പണീന്ന്.’

‘മുമ്പൊക്കെ ധാരാളം സ്ത്രീകളെ കാണാറ്ണ്ട്. അവരെ ആരേം കാണാനില്ലാ?’

‘ശര്യാണ്. ഒരു കാലത്ത് ധാരാളം സ്ത്രീകള്ണ്ടായിരുന്നു ഈ പണീല്. ഞാന്തന്നെ എത്ര സ്ത്രീകൾക്ക് ജോലി കൊട്ത്തിട്ട്ണ്ട്. അവരൊക്കെ പോയി. ആദ്യം അവര് പോയത് കൃഷീന്നായിരുന്നു. വയലൊക്കെ നികത്തി കെട്ടിടം പണിതില്ലെ? അതൊന്നും അവ്ടെ കൃഷി ചെയ്തോർക്ക്ള്ള കെട്ടിടങ്ങളല്ല. പണക്കാർക്ക്ള്ള വീടുകള്. അവരാണാ സ്ഥലൊക്കെ വാങ്ങിക്കൂട്ടണത്. ഒരു വിധത്തിലതോണ്ട് വല്യെ കൊഴപ്പണ്ടായില്ല. കാരണം ആ സ്ത്രീകൾക്കൊക്കെ ആ കെട്ടിടം പണീലും അതു കഴിഞ്ഞ് അവിട്യൊക്കെ താമസിക്കണോര്ടെ വീട്ടിലും ഒക്കെ ജോലി കിട്ടി. എന്തായാലും

ഒന്നുംല്യാത്തതിനേക്കാൾ ഭേദാണതൊക്കെ. ഇപ്പൊ അതും അവർക്ക് നഷ്ടപ്പെട്ടു. അവര്ടെ കാര്യൊക്കെ കഷ്ടാ. പുരുഷമ്മാര് വീട് നോക്കൂലാ. കൊറേ കുട്ട്യോള്ണ്ടാവും ചെയ്യും. അവറ്റ്യൊക്കെ നോക്കിണ്ടാക്കാൻ ഈ പാവപ്പെട്ട അമ്മമാരേണ്ടാവൂ. വീടും കുടീം ഒക്കെ നോക്കി ജീവിയ്ക്കണ എത്ര ആണുങ്ങള്ണ്ട് നമ്മടെ നാട്ടില്. എന്നെപ്പോലെ അപൂർവ്വം ചെലര്ണ്ടാവും. ഞാനങ്ങന്യായതോണ്ട് എന്റെ അമ്മേം ഭാര്യേം മക്കളും രക്ഷപ്പെട്ടു.'

'അപ്പൊ അവരൊക്കെ ഇപ്പ എവിട്യാണ്?'

'കൊറേ പേര് ഇപ്പഴും വീട്ടുജോലി ചെയ്തു മാനത്തോടെ ജീവിയ്ക്കുണു. കൊറേ പേര്ടെ മക്കള് ഗൾഫിലേയ്ക്കു കടന്നു. അങ്ങിനെ അവര്ടെ കുടുംബം രക്ഷപ്പെട്ടു. വേറെ ചെലര്ടെ കാര്യം കഷ്ടാണ്. അവരും ജീവിയ്ക്ക്ണ്ണ്ട്. പക്ഷെ എന്തു ജീവിതം?'

'എന്നു വച്ചാൽ?'

സൂപ്പർവൈസർ ഒന്നും പറയുന്നില്ല.

'അവരിലാരെയെങ്കിലും കാണാൻ പറ്റ്വോ?'

അയാൾ കുറച്ചുനേരം ആലോചിച്ചു.'

'കുട്ടി ഇപ്പൊ പോവു. സമയം പത്തരയായി. ഇനി അധികം കറങ്ങാണ്ടെ വീട്ടീ പോവു.'

അവൾ പോകാനായി തിരിഞ്ഞു.

'വാർപ്പിന്റെ ഫോട്ടോ ഒന്നും എടുക്കണ്ടെ?'

ഫോട്ടോ എടുക്കാനുള്ള രേവതിയുടെ ഉത്സാഹം അവസാനിച്ചിരുന്നു.

'ശരി, എടുക്കാം.'

ഫ്രെയിമിൽ എങ്ങിനെയെങ്കിലും മുഖം കാണിയ്ക്കാനുള്ള ഉത്സാഹം സൂപ്പർവൈസർക്കുമില്ലാതായി.

രേവതി സ്കൂട്ടർ സ്റ്റാർട്ടാക്കി. സൂപ്പർവൈസർ എന്തോ വിളിച്ചു പറഞ്ഞത് കോൺക്രീറ്റ് പമ്പിന്റെ ശബ്ദത്തിൽ മുങ്ങിപ്പോയി. കെട്ടിടത്തിന്റെ രണ്ടാം നിലയിൽ യൂനിഫോമിട്ട ജോലിക്കാർ കോൺക്രീറ്റ് കൂട്ട് പമ്പുചെയ്തു കയറ്റുന്നത് അപ്പപ്പോൾ നിരപ്പാക്കുന്ന ജോലിയിലാണ്. ഇനി മൂന്നാം നില, പിന്നെ നാല്, അഞ്ച്. അങ്ങിനെ എട്ടു നിലകൾ. ഒരിമ വെട്ടുന്ന വേഗത്തിൽ ഇവിടെ ഒരു കെട്ടിടം പൊന്തും, കുറച്ചുപേർ അതിൽ കയറി താമസിയ്ക്കും. അർഹിക്കുന്നവരാവണമെന്നില്ല അവർ. രേവതിയ്ക്ക് അരിശം കയറി.

കവലയിൽ വളരെ കുറച്ചുപേർ മാത്രം. എല്ലാം ആണുങ്ങൾ. എന്താണാവോ സൂപ്പർവൈസർ വിളിച്ചു പറഞ്ഞത്? അവൾ നിർത്താനൊരുമ്പെട്ട സ്കൂട്ടർ വീണ്ടും സ്റ്റാർട്ടാക്കി. അപ്പോഴാണവൾ അതു കണ്ടത്. ആണുങ്ങൾക്കുമപ്പുറത്ത് നിഴലിൽ ചില സ്ത്രീരൂപങ്ങൾ. അവൾ സ്കൂട്ടർ നിർത്തി കുറച്ചുനേരം അവരെ നോക്കിനിന്നു. ഇതാണോ താൻ പ്രതീക്ഷിച്ചത്?

ഹോസ്റ്റലിൽ തിരിച്ചെത്തിയപ്പോൾ രേവതി തളർന്നിരുന്നു.

'തീരെ വയ്യാതായി അല്ലേ?' രാധിക ചോദിച്ചു. 'എങ്ങിനെണ്ടായിരുന്നു അവസാനരംഗം? എത്ര സ്ത്രീകള്ണ്ടായിരുന്നൂ?'

ക്യാമറയും സഞ്ചിയും കട്ടിലിലേയ്ക്ക് വലിച്ചെറിഞ്ഞ് കിടക്കയിലേയ്ക്കു വീണുകൊണ്ട് മടുപ്പോടെ രാധിക പറഞ്ഞു. 'നാലഞ്ചു പേരുണ്ടായിരുന്നു. അതായിരുന്നു എറ്റവും മനോഹരമായ രംഗം.' ഒരു ആങ്കോർ പറയാൻ തോന്നുന്ന രംഗം.' കുറച്ചുനേരം കണ്ണടച്ചുകിടന്നശേഷം അവൾ പറഞ്ഞു. 'എനിയ്ക്ക് ആകെ മടുത്തു.'

back to index

# ഒരു സന്തുഷ്ടകുടുംബം

ശ്രീധരൻ നായർ പ്രാണായാമം എടുക്കുകയാണ്. മുഴുവനായിട്ടൊന്നുമില്ല, വെറുതെ ശ്വാസകോശങ്ങളിലേയ്ക്ക് മുഴുവൻ വായു എടുക്കുക, അത് മൂക്കിന്റെ ഓരോ ദ്വാരത്തിലൂടെ സാവധാനത്തിൽ വിടുക. മനസ്സിന്റെ പെട്ടെന്നുണ്ടാവുന്ന വികാരത്തള്ളിച്ചയും പിരിമുറുക്കവും കുറയ്ക്കാൻ കുടുംബ ഡോക്ടർ പറഞ്ഞുതന്ന പ്രതിവിധിയാണ്. വളരെ ഫലപ്രദമാണത്. ഒരഞ്ചു മിനുറ്റ് ചെയ്യുമ്പോഴേയ്ക്കും ടെൻഷൻ കുറയാൻ തുടങ്ങുന്നു. വേറൊരു അഞ്ചു മിനുറ്റ്. പരസ്യങ്ങളിൽ കാണുന്നപോലെ. ഗോൺ!

'എന്താ ബി.പി. കൂടിയിട്ടുണ്ടോ?' പെട്ടെന്ന് കിടപ്പറയിലേയ്ക്കു കടന്നുവന്ന ഭാര്യ ചോദിച്ചു.

അബദ്ധമായി. ഈ പരിപാടി കഴിയുന്നതും ഭാര്യയുടെ മുമ്പിൽ വച്ച് നടത്താതിരിക്കാനുള്ള വിവേകവും പ്രായോഗിക ബുദ്ധിയും ശ്രീധരൻ നായർക്കുണ്ടായിരുന്നു. പ്രാതൽ കഴിച്ചുകൊണ്ടിരിക്കുന്ന മകളുടെ മുമ്പിൽനിന്ന് അവർ ഇത്ര പെട്ടെന്ന് എഴുന്നേറ്റു വരുമെന്ന് ഓർത്തില്ല. ഡോക്ടറെ കണ്ട വിവരങ്ങൾ പറയുകയായിരുന്നു മകളും മരുമകനും കൂടി. സാധാരണഗതിയിൽ അത്ര പെട്ടെന്നൊന്നും അവരെ വിട്ട് വരാറില്ല. അതുകൊണ്ട് പറ്റിയ അബദ്ധമാണ്. ഇനി ഇന്നു മുഴുവൻ താൻ അതിന്റെ വില കൊടുക്കേണ്ടി വരും. ഉച്ചയ്ക്ക് ഒരു ചട്ടുകം ചോറെ തരൂ, മീൻ വറുത്തത് തരില്ല, തനിയ്ക്കായി വറവിടാത്ത, ഉപ്പില്ലാത്ത കൂട്ടാൻ ഉണ്ടാക്കി വയ്ക്കും.

'മോളടെ ചായകുടി കഴിഞ്ഞോ?'

'ഇല്ല, അതിനെടയ്ക്ക് നിങ്ങളെവിട്യാണ്ന്ന് നോക്കാൻ വന്നതാണ്.'

'ഇല്ല, എന്റെ പൊന്നു സഹധർമ്മിണി. എനിയ്ക്ക് ടെൻഷനും ബി.പി.യും ഒന്നുംല്യ. മൂക്കില് എന്തോ പൊടി പോയപ്പോൾ ഒന്ന് ആഞ്ഞ് തുമ്മാൻ നോക്കിയതാ.'

'എന്നാ അങ്ങട്ട് വരു. മോളും മരുമകനും വല്യ സന്തോഷത്തിലാ.' ഭർത്താവു പറഞ്ഞതു മുഴുവൻ മുഖവിലയ്ക്ക് എടുത്തില്ലെങ്കിലും ഈ സന്തോഷത്തിന്റെ ഇടയിൽ അതൊരു വലിയ വാദവിഷയമാക്കേണ്ട എന്നു കരുതി അവർ പോയി. ദേവകിയമ്മയുടെ അപൂർവ്വം നല്ല പെരുമാറ്റങ്ങളിലൊന്നായിരുന്നു അത്.

ഏകമകളുടെ കന്നിഗർഭം ഏതച്ഛനമ്മമാരെയാണ് സന്തോഷിപ്പിക്കാത്തത്.

'അപ്പൊ നമ്മക്കൊന്നു കൂടണ്ടെ ദേവൻ?'

അമ്മായിയപ്പൻ മരുമകനോട് ചോ ദിച്ചു.

'പിന്നേ?'

'ഒന്നും വേണ്ട.' ദേവകിയമ്മ പറഞ്ഞു. 'ഒന്നു പറഞ്ഞ് രണ്ടാമത് കൂടലാണ്. ഉച്ചയ്ക്ക് നമ്മള് നാലു പേരും കൂടി കൂടിയാൽ മതി. ഞാനൊരു പായസംണ്ടാക്കാം. മോൾക്ക് ഇടിച്ചു പിഴിഞ്ഞ പായസം വല്യെ ഇഷ്ടാ, ദേവനും അതെ.'

'എനിക്കും അതെ.' ശ്രീധരൻ നായർ പറഞ്ഞു.

'അതെയതെ, നിങ്ങളിനി ഇടിച്ചു പിഴിഞ്ഞ പായസുംകൂട്യേ കഴിക്കണ്ടു. നാളികേരം ഒട്ടും പാടില്ലാന്ന് ഡോക്ടറ് പ്രത്യേകം പറഞ്ഞിട്ട്ണ്ട്. അതുപോലെ മധുരം അധികം വേണ്ടാന്നും.'

'അച്ഛന് കൊടുക്കണം. ഇല്ലെങ്കില് എനിയ്ക്കും വേണ്ട.' രാജേശ്വരി പറഞ്ഞു.

'എനിയ്ക്കും.' മരുമകൻ അതേറ്റു പാടി.

'ഒരു സ്പൂൺ പായസം കഴിച്ചോട്ടെ.' അമ്മ സമ്മതിച്ചു.

'താങ്ക്സ് ഫോർ ദ ടൈമ്‌ലി ഹെൽ പ്, ചിൽഡ്രൻ.' ശ്രീധരൻ നായർ പറഞ്ഞു. അതിനിടയ്ക്ക് രണ്ടുപേരുടെയും ഒത്തുകൂടൽ വൈകുന്നേരമാവാമെന്ന് മരുമകനോട് ആംഗ്യത്തിൽ കാണിക്കുകയും ചെയ്തു.

ഇങ്ങിനെ ചില്ലറ പ്രശ്നങ്ങളൊക്കെ ഉണ്ടെങ്കിലും അതൊരു സന്തുഷ്ട കുടുംബമായിരുന്നു.

എന്താണ് പ്രശ്നങ്ങൾ? ഏയ്, ഒന്നുമില്ലന്നേയ്. ഉച്ചയ്ക്ക് ഊണു കഴിക്കുമ്പോൾ ചോറ് വിളമ്പിയത് മകളായിരുന്നു. അവൾ രണ്ടു ചട്ടുകം ചോറെ അച്ഛന് വിളമ്പിയുള്ളു. പക്ഷെ അതിൽ, അമ്മ എന്തിനോ അടുക്കളയിൽ പോയ തക്കം നോക്കി പൂഴ്ത്തിവച്ച രണ്ടു കഷ്ണം വറുത്ത നെയ്മീൻ കിടന്നു പിടച്ചപ്പോൾ അതിനെ ഒതുക്കാൻ വേണ്ടി അരച്ചട്ടുകം കൂടി വിളമ്പി. അതുപോലെ പായസം മകളുടെ ഗ്ലാസ്സിൽനിന്ന് അമ്മ അറിയാതെ അച്ഛന്റെ ഗ്ലാസ്സിലേയ്ക്ക് ഒഴുകുന്നുണ്ടായിരുന്നു.

ഇതൊന്നും വലിയ പ്രശ്നങ്ങളായി ആരും കരുതുന്നില്ലെങ്കിലും ഒരു തുമ്പില്ലാതെ അപ്രത്യക്ഷമാവുന്ന മീൻകഷ്ണങ്ങൾ ഒരു പരിധിവരെ ദേവകിയമ്മയുടെ മനസ്സമാധാനം കളയുന്നുണ്ടായിരുന്നു.

'അപ്പൊ നമുക്ക് നാളെ രാവിലെത്തന്നെ പോവാം, എന്താ?' ശ്രീധരൻ നായർ മരുമകനോട് പറഞ്ഞു. 'രണ്ടു ദിവസം ലീവെടുത്താൽ മതി. നമുക്ക് പോണ വഴിയ്ക്ക് ദേവന്റെ അമ്മയെ കാണാം. ഈ ശുഭവാർത്ത അറിയിക്കുകയും ചെയ്യാം.'

ദേവൻ തയ്യാറായിരുന്നു. അതുപോലെ രാജേശ്വരിയും. പക്ഷെ സാധാരണപോലെ ദേവകിയമ്മ അതിനെ വീറ്റോ ചെയ്തു.

'ഇപ്പൊ അങ്ങിനെ അലഞ്ഞു തിരിയണ്ട സമയല്ല. ഒരു മൂന്നു മാസം കഴിഞ്ഞിട്ട്വേ യാത്ര്യാക്കെ പാടുള്ളു.'

'അപ്പൊ നമുക്ക് ഇവളെ നമ്മുടെ വീട്ടിലും കൊണ്ടുപോണ്ട അല്ലെ? ഞാൻ വിചാരിച്ചു നെന്റെ അമ്മേം ഒന്ന്

കാണിക്കാംന്ന്.'
'അതല്ല ഞാൻ പറഞ്ഞത്. അധികം അലയണ്ടാന്നാണ്.'
'നമ്മളതിന് അലയ്ണില്ലല്ലൊ.' ശ്രീധരൻ നായർ പറഞ്ഞു. 'നമ്മടെ വീട്ടില് കൊണ്ടുപോണം. പോണ വഴിയ്ക്ക് തന്ന്യാണ് ദേവന്റെ വീട്. കാറുംണ്ട്. അവിടെ എറങ്ങീട്ട് ചായ കുടിച്ചിട്ട് പോയാൽ എന്താ?'
നിൽക്കക്കള്ളിയില്ലെന്നു ദേവകിയമ്മയ്ക്കു മനസ്സിലായി. അവർ നിശ്ശബ്ദയായി.
മറ്റന്നാൾ ദേവന്റെ സഹപ്രവർത്തകന്റെ വിവാഹമാണ്. അതിനുവേണ്ടി രാജേശ്വരിയ്ക്ക് പുതിയൊരു ചൂരിദാർ വാങ്ങാനായി വൈകുന്നേരം അമ്മയും മകളും കൂടി ഇറങ്ങി. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഉണ്ടാവാറുള്ള പോലെ അന്നും ദേവന് കടുത്ത തലവേദനയുണ്ടായി. ഇങ്ങിനെയുള്ള അമ്മായിയപ്പന്മാരുണ്ടെങ്കിൽ തലവേദന വന്നില്ലെങ്കിലല്ലെ അദ്ഭുതമുള്ളൂ. അമ്മായിയമ്മയും ഭാര്യയും ഗെയ്റ്റ് കടന്ന ഉടനെ ശ്രീധരൻ നായരും മരുമകനും ചാടിയെഴുന്നേറ്റു. ശ്രീധരൻനായർ അലമാറിയിൽ ഒളിപ്പിച്ചുവെച്ച കുപ്പിയും ദേവൻ ഫ്രിഡ്ജിൽനിന്ന് ഐസ് ട്രേയും രണ്ടു ഗ്ലാസ്സുകളും എടുത്തു. ഇനി ഒന്നര, രണ്ട് മണിക്കൂർ നേരത്തേയ്ക്ക് അവിടെ ഉത്സവമാണ്. തലവേദന വന്നില്ലെങ്കിലല്ലെ അദ്ഭുതമുള്ളൂ.
കാര്യം എന്തുതന്നെയായാലും അതൊരു പെർഫക്ട് മർഡറാക്കാനായി രണ്ടുപേരുംകൂടി കുറേ പെർഫ്യൂമെടുത്ത് അടിച്ചു. അമ്മയും മകളും വരുമ്പോൾ രംഗം വളരെ ശാന്തം. മകൾ അവളുടെ ചൂരിദാർ അച്ഛനെയും ദേവനേയും കാണിക്കുകയായിരുന്നു. അതിനിടയ്ക്ക് അവൾ ശബ്ദം ചുരുക്കി രണ്ടുപേരോടുമായി പറഞ്ഞു.
'കള്ളന്മാര്. ഇതിനായിരുന്നു തലവേദന നടിച്ച് വീട്ടിലിരുന്നത് അല്ലെ?'
'ശ്...ശ്...' ശ്രീധരൻ നായർ മകളോട് പറഞ്ഞു.
'ഡാമേജ് എത്ര്യാ?' ഉടുപ്പിന്റെ സ്പോൺസറായ ദേവൻ ചോദിച്ചു.
'രണ്ടായിരത്തി ഇരുനൂറ്.' രാജേശ്വരി പറഞ്ഞു.
'എനിക്ക് ശരിയ്ക്കു പറഞ്ഞാൽ ഇതത്ര ഇഷ്ടായിട്ടില്ല.' ദേവകിയമ്മ പറഞ്ഞു. 'വേറൊന്ന്ണ്ടായിരുന്നു. നീലേല് മഞ്ഞപ്പൂക്കളായിട്ട്.'
'അപ്പൊ അതു വാങ്ങായിരുന്നില്ലെ?' ശ്രീധരൻ നായർ ചോദിച്ചു.
'അതിന് വെല കൊറവാ. ആയിരത്തി മുന്നൂറെ ഉള്ളൂ. നല്ല എടുപ്പ്ണ്ട്. ഒരു രണ്ടായിരത്തഞ്ഞൂറിന്റെ മതിപ്പ് തോന്നിയ്ക്കും. ഇപ്പൊ ഇവള് വാങ്ങിയതിന് അത്ര വെല തോന്നില്ല.'
'അപ്പൊ ഒരു കാര്യം ചെയ്യാം. കല്യാണത്തിന് പോവുമ്പൊ വെല എഴുതിയ പ്രൈസ്ടാഗില്ലെ, അത് മുമ്പില് പിൻ ചെയ്തു വെച്ചോട്ടെ. അപ്പൊ ആൾക്കാർക്ക് മനസ്സിലാവൂലോ നല്ല വെലള്ളതാണ്ന്ന്?'
മകളും മരുമകനും ഉറക്കെ ചിരിച്ചപ്പോൾ ദേവകിയമ്മ ഭർത്താവിനെ ഉഗ്രമായി നോക്കി, പിന്നെ കണ്ടോളാം എന്ന മട്ടിൽ.
പിറ്റേന്ന് രാവിലെ പോവാനുള്ള ഒരുക്കങ്ങൾക്കിടയിൽ ചെറിയ പ്രശ്നങ്ങളെല്ലാം അവസാനിച്ചു. അല്ലെങ്കിൽ അവസാനിച്ചപോലെ തോന്നി. ചായ കുടിക്കുമ്പോൾ ശ്രീധരൻ നായർ ഭാര്യയോടു പറഞ്ഞു.
'ദേവന്റെ  ചേച്ചീം അനിയത്തീം ഇപ്പോ വീട്ടില്ണ്ട്ന്നല്ലെ പറഞ്ഞത്?'
'അതേ?......' ഇനി ഭർത്താവ് എഴുന്നള്ളിക്കാൻ പോകുന്ന വിഡ്ഢിത്തമെന്തായിരിക്കുമെന്ന സന്ദേഹത്തിൽ അവർ പതുക്കെ പറഞ്ഞു.
'അവർടെ കുട്ട്യോളും അവിടെണ്ടല്ലെ?' ശ്രീധരൻ നായർ ചോദിച്ചു.
ഭർത്താവ് എന്തോ കുലുമാല് ആലോചിച്ചുണ്ടാക്കുകയാണ് എന്ന് ദേവകിയമ്മയ്ക്കു മനസ്സിലായി. അവർ ചോദിച്ചു.
'ഇന്ന് രാവിലെ ബി.പി.യ്ക്ക്ള്ള ഗുളിക കഴിച്ചില്ലേ?'
'കഴിച്ചു എന്റെ ദേവകി. എന്തേ?'
'ഒന്നുംല്യ. എനിയ്ക്ക് തോന്ന്വോ, ബി.പി. കൂടീട്ട്ണ്ടോന്ന്.'
മേശയുടെ മറ്റെ അറ്റത്ത് വളരെ കാര്യമായി സംസാരിച്ചുകൊണ്ടിരുന്ന മകളും മരുമകനും ഈ സംഭാഷണം ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല.
'നീ ഞാൻ ചോദിച്ചതിന് മറുപടി പറഞ്ഞില്ലല്ലൊ ദേവകീ.'
'എന്ത്?'
'ദേവന്റെ മരുമക്കള് അവിടെ ഇല്ലേന്ന്. പോമ്പ നമ്മക്ക് എന്തെങ്കിലും തിന്നാൻ വാങ്ങിക്കൊണ്ടോവണം. പിന്നെ അമ്മേം വയസ്സായിരിക്ക്യല്ലെ.'
'അത്വന്ന്യാ ബി.പി. കൂടീട്ട്ണ്ടോന്ന് എനിയ്ക്ക് സംശയം തോന്നീത്. പ്രഷറ് കൂടുമ്പഴാ ശ്രീധരേട്ടന് ഈ വക അനാവശ്യ ചിന്തകള് വര്വാ.'
'ഇതൊക്കെ അനാവശ്യചിന്തകളാന്നാ നീ പറേണത്? എഴുപത്തെട്ടു വയസ്സായ ഒരമ്മയും രണ്ടിനും പത്തിനും എടേല് പ്രായള്ള അഞ്ച് കുട്ട്യോളുംള്ള ഒരു വീട്ടിലേയ്ക്ക് പോമ്പ എന്തെങ്കിലും തിന്നാനുള്ളത് വാങ്ങിക്കൊണ്ടു പോവ്വാന്ന് പറേണതോ?'
'അല്ലാ പിന്നെ, ഞാനൊരു ഗുളിക എടുത്തു തരട്ടെ?'
'ഗുളിക കൊണ്ടുവന്നാ അടുത്ത നിമിഷം എന്റെ മുമ്പില്ള്ള പ്ലെയ്റ്റും അതില്ള്ള പിട്ടും കടലേം ഒക്കെ മിറ്റത്തെത്തും.' ശ്രീധരൻ നായർ പല്ലു കടിച്ചുകൊണ്ട്, പക്ഷെ ചുണ്ടിലുള്ള ചിരി നിലനിർത്തിക്കൊണ്ട് പറഞ്ഞു.

'എന്താ പ്രശ്നം?' ദേവൻ ചോദിച്ചു. കുറച്ചു നേരമായി അമ്മായിയപ്പനും അമ്മായിയമ്മയും കൂടി ഗൗരവമായ എന്തോ കാര്യം സംസാരിക്കുന്നതയാൾ കണ്ടിരുന്നു.

'ഏയ്, ഒന്നുംല്യ. അമ്മ പറയ്യാണ്, നമ്മള് ഒരു ശുഭവാർത്ത അറിയിക്കാൻ പോവ്വല്ലെ. അപ്പൊ ദേവന്റെ അമ്മയ്ക്ക് എന്തെങ്കിലും കൊണ്ടെക്കൊടുക്കണംന്ന്. ഞാൻ പറഞ്ഞു നമുക്കൊരു കേക്ക് വാങ്ങിക്കൊണ്ടുപോകാംന്ന്. അവിടെ കുട്ടികളും ഉള്ളതല്ലെ?'

'ങാ, അവർക്കൊക്കെ കേക്ക് വല്യ ഇഷ്ടാ.'

കള്ളൻ! നൊണ പറയ്യാണ്. അമ്മയുടെ ചീർത്ത മുഖം നോക്കിക്കൊണ്ട് രാജേശ്വരി മനസ്സിൽ കരുതി. അവൾക്ക് കാര്യം മനസ്സിലായിരുന്നു. അമ്മയുടെ പന്ന സ്വഭാവം പോലെത്തന്നെ മറ്റുള്ളവരുടെ മുമ്പിൽ അമ്മയെ പ്രതിരോധിച്ചുകൊണ്ടുള്ള അച്ഛന്റെ നീക്കങ്ങളും അവൾക്ക് ഒന്നാം ക്ലാസ്സിലെ പാഠപുസ്തകം പോലെ മനപ്പാഠമായിരുന്നു.

'പോണ വഴിക്ക്തന്നെ വല്യേ ഒരു ബേക്കറിണ്ടല്ലൊ. എന്താ അതിന്റെ പേര്?..... നമുക്കവിടന്ന് വാങ്ങാം.' ദേവൻ പറഞ്ഞു.

അങ്ങിനെ പ്രശ്നം പരിഹരിക്കപ്പെട്ടു.

പരിഹരിക്കപ്പെട്ടു?

പോകുന്നതിനു മുമ്പ് പ്രഷറിനുള്ള ഗുളിക ഒരെണ്ണം കൂടി ശ്രീധരൻ നായരെ കഴിപ്പിച്ചിട്ടേ ദേവകിയമ്മ കാറിൽ കയറിയുള്ളു.

'നിങ്ങക്ക് പ്രഷറ് കൂടാൻ പോണ്ണ്ട്. അതിന്റെയാണ് ഇക്കാണണ തോന്നലൊക്കെ.'

ഗുളിക കൈവിരലുകൾക്കിടയിലൂടെ ചോർത്തിക്കളഞ്ഞത് മിറ്റത്ത് കിടക്കുന്നത് മൂന്നു രൂപ നഷ്ടപ്പെട്ട ഖേദത്തോടെ ശ്രീധരൻ നായർ നോക്കി. അതിനു ശേഷം കയറിയ ദേവകിയമ്മ പക്ഷെ അതു കാണുകയുണ്ടായില്ല. വയസ്സായില്ലെന്നറിയിക്കാൻ ഭാര്യമാർ കണ്ണടയില്ലാതെ നടക്കുന്നതിന്റെ ഗുണവും ഭർത്താക്കന്മാരുടെ വ്യക്തിപരമായ സുരക്ഷയും എത്രയാണെന്ന് പറയാൻ വയ്യ.

ബേക്കറിയുടെ തൊട്ടടുത്തുതന്നെ ലേഡീസ് സ്റ്റോറുണ്ട്. രാജേശ്വരി പറഞ്ഞു.

'അച്ഛാ മറ്റന്നാളേയ്ക്ക് എന്റെ സൗന്ദര്യം വർദ്ധിപ്പിക്കാൻ കൊറച്ച് സാധനങ്ങള് വാങ്ങണം. നിങ്ങള് കേക്ക് വാങ്ങുമ്പഴേയ്ക്ക് ഞങ്ങളതൊക്കെ വാങ്ങാം.'

'ഇത്ര പെട്ടെന്ന് അതൊക്കണ്ടാക്കാൻ പറ്റ്വോ മോളെ?'

'എന്തച്ഛാ?'

'അല്ലാ, സൗന്ദര്യേയ്. ശൂന്യതേന്ന് തൊടങ്ങണ്ടേ?'

'അച്ഛന് എന്റെ കയ്യീന്ന് ഇടി കിട്ടും ന്നാ തോന്നണത്.'

നമ്മൾ ഒരു കേക്കു വാങ്ങാൻ ബേക്കറിയിൽ പോയാലെ അറിയൂ. എന്തൊക്കെത്തരം കേക്കുകളാണ്! ശ്രീധരൻ നായരുടെ കണ്ണുകളാകട്ടെ, കണ്ണടയുടെ പ്രശ്നം കാരണമാവണം, എപ്പോഴും പോകുന്നത് വലിയ കേക്കുകളിലേയ്ക്കാണ്. അതാകട്ടെ ദേവകിയമ്മയ്ക്ക് വല്ലാത്ത മനഃപ്രയാസമുണ്ടാക്കുന്നുമുണ്ട്. അവർ അപ്പപ്പോൾ ഭർത്താവിനെ തിരുത്തി നേർവഴിയ്ക്ക് നയിക്കുന്നുണ്ട്.

'ഇതു വാങ്ങാം അല്ലെ?' ഒരു കിലോവിന്റെ കേക്ക് ചൂണ്ടിക്കാട്ടി ശ്രീധരൻ നായർ പറഞ്ഞു.

'ഇതാണ് ഞാൻ പറയണത്, നിങ്ങക്ക് അസുഖം വരാന്ള്ള പൊറപ്പാട്ണ്ട്ന്ന്. അപ്പഴാ ഇങ്ങനെ ഓരോന്ന് തോന്ന്വാ. നോക്കൂ നിങ്ങടെ കയ്യ് ഐസ് പോലെ തണുത്തിട്ട്ണ്ട്. അതാ ഞാൻ പറേണത് പ്രഷറ് കൂടീട്ട്ണ്ട്ന്ന്. എന്തിനാപ്പ ഇത്ര വല്യ കേക്ക്. അതാ അപ്പുറത്ത് ഒരു ചെര്യേത് ഇരിക്കുണു. അതൊക്കെ മതി. അതെത്ര കിലോവിന്റ്യാ?'

'അത് മാഡം കാൽ കിലോവിന്റ്യാ.' കടക്കാരൻ ഭവ്യതയോടെ പറഞ്ഞു.

'അതൊക്കെ മതി.'

'ശര്യാണല്ലെ?' ശ്രീധരൻ നായർ തലയാട്ടി. 'നമ്മള് വല്യേ കേക്കൊക്കെ കൊണ്ടുപോയി കൊട്ത്ത് ആ കുട്ടികൾക്ക് വയറിന് വല്ല അസുഖോം വന്നാൽ കഷ്ടല്ലെ.' കാൽ കിലോ കേക്കിന് എകദേശം ഒരു ചെറിയ പപ്പടത്തിന്റെ വട്ടവും മൂന്നിഞ്ച് ഉയരവുമുണ്ട്.

'അപ്പൊ ഇതെടുത്തോളു.' ശ്രീധരൻ നായർ കടക്കാരനോട് പറഞ്ഞു.

'ശരി സാർ. വേറെ എന്തെങ്കിലും?'

'നീ ഒരു കാര്യം മറന്നില്ലെ? നിന്റെ വീട്ടില് അമ്മേം ചെറിയമ്മേം ഇല്ലെ? അവർക്ക് എന്തെങ്കിലും വാങ്ങിക്കൊണ്ടോവണ്ടെ?'

'ങാ, ശരിയാണ്. ഞാൻ മറന്നതാ. നല്ലൊരു കാര്യം പറയാൻ പോവ്വല്ലേ?'

'അമ്മയ്ക്ക് ചോക്കളേറ്റ് ടോപ്പിങ്ങ് ഉള്ള കേക്ക് ഇഷ്ടല്ലെ?'

'പിന്നേ, അമ്മയ്ക്കും ചെറിയമ്മയ്ക്കും അത് നല്ല ഇഷ്ടാണ്.'

'അപ്പൊ നമ്ക്ക് ഒരു കിലോവിന്റെ ആ കേക്കും എടുക്കാം. അവര് രണ്ടു പേരില്ലെ?'

'അതെയതെ. രണ്ടുപേർക്കും അതെ, നല്ല ഇഷ്ടാ.'

'എന്നാൽ ഈ ഒരു കിലോവിന്റെ കേക്കും ഒരെണ്ണം എടുത്തോളു. എന്താ അതിന് വെല?'

'ചോക്കളേറ്റ് ക്രീം ടോപ്പിങ്ങ്ള്ള ഒരു കിലോ കേക്കിന് നൂറ്റിയിരുപതു രൂപ. പ്ലം കേക്ക് കാൽ കിലോവിന് പതിനെട്ടു രൂപ.'

'എടുത്തോളൂ. രണ്ടും വെവ്വേറെ സഞ്ചീലാക്കിത്തരണം.'

കാര്യങ്ങൾ എത്ര ഭംഗിയായി നടന്നു! ദേവകിയമ്മയ്ക്ക് സന്തോഷമായി.

കാറിന്റെ ശബ്ദം കേട്ടപ്പോഴേയ്ക്ക് ദേവന്റെ ചേച്ചി കൃഷ്ണയും ഭർത്താവ് ഡോ. രാമകൃഷ്ണനനും അനുജത്തി രേഖയും മക്കളും മിറ്റത്തേയ്ക്ക് ഇറങ്ങിവന്നു. അമ്മ ഉമ്മറത്തു വന്ന് ഇരിക്കുകയാണ്. അവർക്ക് അധികം നേരം നിൽക്കാൻ വയ്യ.

ശ്രീധരൻ നായർ കേക്കിന്റെ സഞ്ചിയുമായി പുറത്തിറങ്ങി. ചവിട്ടുപടികൾ ധൃതിയിൽ കയറി ദേവന്റെ അമ്മയുടെ കയ്യിൽ സഞ്ചി ഏൽപ്പിച്ചു.

'ഞങ്ങളൊരു മംഗളവാർത്ത അറിയിക്കാൻ വന്നതാണ്.'

'ഊഹിച്ചു. ന്നാലും നിങ്ങടെ വായിൽനിന്ന്തന്നെ അത് കേൾക്കട്ടെ.'

'നമ്മടെ മക്കള് അച്ഛനമ്മമാരാവാൻ പോണു.'

'ഇവിടെ വാ മോളെ.' ആ അമ്മ വാത്സല്യത്തോടെ മരുമകളെ വിളിച്ച് തലയിൽ കൈ വെച്ച് അനുഗ്രഹിച്ചു.

'ഇവളടെ പെറന്നാള് മിനിഞ്ഞാന്നായിര്ന്നില്ലേ?'

'അതെ?' അദ്ഭുതത്തോടെ രാജേശ്വരി പറഞ്ഞു. 'അമ്മയ്ക്ക് എങ്ങിന്യാ അതൊക്കെ ഓർമ്മ?'

'അമ്മയ്ക്ക് എല്ലാ മക്കള്ടേം മരുമക്കള്ടേം പേരക്കുട്ടികള്ടേം നാള് ഓർമ്മണ്ട്. അന്നൊക്കെ ശിവന്റെ അമ്പലത്തില് പുഷ്പാഞ്ജലി കഴിക്കും.' കൃഷ്ണ പറഞ്ഞു.

'അതൊക്ക്യല്ലാതെ എനിക്കിനി എന്തോർമ്മിച്ചു വെയ്ക്കാനാണ്?' അമ്മ പറഞ്ഞു.

'അതെയതെ.' ശ്രീധരൻ നായർ പറഞ്ഞു. 'പക്ഷെ എനിയ്ക്ക് എന്റെ പെറന്നാളും കൂടി ഓർമ്മണ്ടാവില്ല. ഡോക്ടറെ കൺസൽട്ട് ചെയ്യാംന്ന് കരുതി വന്നതാണ്. വല്ല ഡിമെൻഷ്യയോ മറ്റൊ ആണോ?'

'നോ ഹോം കൺസൽട്ടൻസി.' രാമകൃഷ്ണൻ ചിരിച്ചുകൊണ്ട് പറഞ്ഞു. 'കാണാൻ ക്ലിനിക്കിൽത്തന്നെ വരണം.'

'ഇപ്പവൾക്ക് ഇരുപത്തിനാലായി അല്ലെ?' ചേച്ചി ചോദിച്ചു.

'അല്ലന്നേയ്.' ദേവകിയമ്മ പെട്ടെന്നു തിരുത്തി. 'അവൾക്ക് ഇരുപത്തിമൂന്നരയായിട്ടേള്ളൂ.'

'അപ്പൊ മിനിഞ്ഞാന്ന് നീയൊരുക്കീത് അവള്ടെ ഇരുപത്തിമൂന്നര തെകഞ്ഞ പെറന്നാളാണല്ലെ?' ശ്രീധരൻ നായർ കാര്യമായി ചോദിച്ചു. പിന്നെയുണ്ടായ പൊട്ടിച്ചിരിയിൽ മുതിർന്നവരെല്ലാം പങ്കെടുത്തപ്പോൾ കുട്ടികൾ അമ്മമ്മയുടെ അടുത്ത് വെച്ച സഞ്ചിയിൽ എന്തായിരിക്കുമെന്നതിനെപ്പറ്റി ചിന്തിയ്ക്കുകയായിരുന്നു.

'ഇതെന്താണ്?' അമ്മ ചോദിച്ചു.

'ഒരു ചെറിയ കേക്കാണ്.' നഷ്ടപ്പെട്ട മുഖം വീണ്ടെടുക്കാനുള്ള വ്യഗ്രതയിൽ ദേവകിയമ്മ പറഞ്ഞു. ദേവന്റ മ്മയ്ക്ക് പ്ലംകേക്കിഷ്ടാണല്ലൊ.'

'നീയിത് മുറിച്ച് കുട്ടികൾക്കൊക്കെ കൊട്ക്ക് കൃഷ്ണേ.' അമ്മ മൂത്ത മകളോട് പറഞ്ഞു.

കൃഷ്ണ കുനിഞ്ഞ് ആ സഞ്ചി നിലത്തുനിന്ന് എടുത്തപ്പോഴാണ് സഞ്ചിയ്ക്കുള്ളിലെ പെട്ടിയുടെ വലുപ്പം ദേവകിയമ്മ കാണുന്നത്. അവർ എന്തോ പറയാൻ വേണ്ടി ഭർത്താവിനെയും, സഞ്ചി എടുത്തു കൊണ്ടുപോകുന്ന കൃഷ്ണയേയും നോക്കി പാതി എഴുന്നേറ്റു.

'എന്തേ?' ശ്രീധരൻ നായർ ചോദിച്ചു.

'അല്ല, ആ സഞ്ചി......' അവർക്കൊന്നും പറയാൻ കിട്ടിയില്ല. ഇനി പറഞ്ഞാൽത്തന്നെ കാര്യമില്ലെന്ന അറിവിൽ അവർ സ്തബ്ധയായി ഇരുന്നു.

ഞാനിത്രയേ പറഞ്ഞുള്ളൂ. പ്രശ്നങ്ങളൊക്കെയുണ്ടെങ്കിലും അതൊരു സന്തുഷ്ട കുടുംബമാണ്.

back to index

# ശ്രീപാർവ്വതി

**അ**വൾക്ക് ഇരുപത്തെട്ടു വയസ്സേയുള്ളു. പക്ഷെ ഒരറുപതു വയസ്സിന്റെ പ്രാരാബ്ധങ്ങൾ ഏറ്റി നടക്കുകയാണവൾ. രാവിലെ വീട്ടിൽ നിന്നിറങ്ങിയപ്പോൾ ധരിച്ച ചൂരിദാർ പലവട്ടം വിയർപ്പിൽ കുതിർന്ന് ഉണങ്ങിയതാണ്. അല്ലെങ്കിൽ എന്നു തുടങ്ങിയതാണ് ഈ നടത്തം?

സമയം എത്രയായി? എത്രയായാലും വേണ്ടില്ല. ഇതുംകൂടി കഴിഞ്ഞേ അവൾ തിരിച്ചു പോകുന്നുള്ളു. രാവിലെ പുറപ്പെട്ടപ്പോൾ നേരിട്ട് പോയത് വലിയ പള്ളിയിലേയ്ക്കാണ്. അപ്പോൾ തൊട്ട് തുടങ്ങിയതാണ്. അതിനിടയ്ക്ക് പത്ത രയ്ക്കായിരുന്നു ഇന്റർവ്യൂ. അര മണിക്കൂർ മാത്രം. ബാക്കിയുള്ള സമയമെല്ലാം ആ ചുറ്റുവട്ടത്തുമുള്ള അമ്പലങ്ങളും പള്ളികളും സന്ദർശിച്ചു, എന്നെ കരകയറ്റണമേ എന്ന പ്രാർത്ഥനയോടെ.

സൂക്ഷിപ്പുകാരന്റെ കയ്യിൽ ചെരിപ്പ് ഏൽപിച്ച് ഷൈനി വലിയ കവാടത്തിനു മുമ്പിലേയ്ക്കു നടന്നു. അകത്തു കട ക്കാനുള്ള ധൈര്യം സംഭരിക്കാൻ. ഏതാനും നിമിഷം പുറത്തു നിന്നശേഷം ഷൈനി വടക്കുന്നാഥന്റെ അമ്പലത്തിനു ള്ളിലേയ്ക്കു കാലെടുത്തു വച്ചു. കരിങ്കല്ലിന്റെ നടപ്പാതയിലൂടെ നടക്കാൻ തുടങ്ങിയപ്പോൾ അവൾ അധീരയായി. ഇതു വരെ പോയ അമ്പലങ്ങളെല്ലാം ലളിതമായിരുന്നു. ഒരു ചുറ്റമ്പലം, പിന്നെ ശ്രീകോവിലിനു പുറത്തുള്ള പ്രദക്ഷിണവ ഴി. പ്രധാന പ്രതിഷ്ഠയെ തൊഴുത ശേഷം മറ്റു ദേവതകളെ തൊഴാം. മറിച്ചായാലും കുഴപ്പമില്ല. നിങ്ങളുടെ ഇഷ്ടമാണ്. വടക്കുന്നാഥന്റെ അമ്പലത്തിൽ അങ്ങിനെയല്ല എന്നവൾക്കറിയാം. ഈ മഹാക്ഷേത്രത്തിൽ പ്രദക്ഷിണം വയ്ക്കുന്ന തിനും തൊഴുന്നതിനും ഒരു ചിട്ടയുണ്ട്. അതുപോലെയേ ചെയ്യാവൂ. അവൾ സംശയിച്ച് അകത്തേയ്ക്കു കടന്നു. ഏതെ ങ്കിലും സ്ത്രീകളുടെ പിന്നാലെ കൂടി അവർ ചെയ്യുന്നപോലെ ചെയ്യുക, ധൈര്യപൂർവ്വം നടക്കുക.

സ്ത്രീകളെയൊന്നും കാണാനില്ല. ഒന്നോ രണ്ടോ പേരുള്ളത് ദർശനം കഴിഞ്ഞു പുറത്തിറങ്ങുകയാണ്. ഉള്ളിൽ വേറേയും ഉണ്ടാവും, പക്ഷെ തനിയ്ക്ക് കിട്ടേണ്ടത് ആദ്യംതൊട്ട് ദർശനം തുടങ്ങുന്ന വല്ലവരേയുമാണ്. അധികം സംശയിച്ചു നിൽക്കാനും അവൾക്ക് ഭയമായിരുന്നു. ഉച്ചത്തിലുള്ള ഹൃദയമിടിപ്പ് ആരെങ്കിലും കേട്ടാലോ? അവൾ ധൈര്യപൂർവ്വം മുന്നോട്ടു നടന്നു. ആദ്യം കണ്ട നടയിൽ അവൾ തൊഴാൻ തുടങ്ങി. പ്രതിഷ്ഠയ്ക്കു മുമ്പിൽ സ്വന്തം പ്രാരാബ്ധങ്ങൾ കെട്ടഴിച്ചു. ശ്രീകോവിലിനുള്ളിൽ നിലകൊള്ളുന്ന ചൈതന്യം ആരുടേതെന്നവൾക്കറിയില്ല. ചോദി യ്ക്കാനും നിവൃത്തിയില്ല. പ്രതിഷ്ഠ ആരാണെന്നറിയാതെയുള്ള പ്രാർത്ഥനയും അവളിഷ്ടപ്പെട്ടില്ല. പെട്ടെന്നാണ് ഒരു ചോദ്യം കേട്ടത്.

'കുട്ടി ആദ്യായിട്ട് വരാണല്ലെ?'

ഒരു സുന്ദരിയായ സ്ത്രീ. സാരിയാണ് വേഷം. അവൾ ഷൈനിയെ നോക്കി ചിരിച്ചു. അതിൽ കരുണയുണ്ട്, അടു പ്പമുണ്ട്. പിന്നെ ആശ്വസിപ്പിയ്ക്കുന്ന എന്തോ ഒന്നും. ഷൈനി ഭയത്തോടെ പറഞ്ഞു.

'അതെ.'

'കൃസ്ത്യാനിക്കുട്ടിയാണല്ലെ? കുരിശു വരയ്ക്കണത് കണ്ടപ്പൊ മനസ്സിലായി.'

ഷൈനി തലതാഴ്ത്തി നിന്നു. അബദ്ധത്തിൽ പറ്റിയതായിരിയ്ക്കണം. കർത്താവിനു കുരിശു വരച്ച ശീലമാണ്.

'അതോണ്ടെന്താ?' അവർ ചോദിച്ചു. 'ഏതു മതായാലെന്താ? എല്ലാ ആരാധനയും പോണത് ഒരു സ്ഥലത്തേയ്ക്ക ല്ലെ? ഇങ്ങിനെത്തന്ന്യാണ് വേണ്ടത്. അമ്പലായാലും, പള്ളിയായാലും അവനവന്റെ മനസ്സിന് ശാന്തി ലഭിക്കണ കാര്യം ചെയ്യാ. മനുഷ്യന് അതല്ലെ ഏറ്റവും പ്രധാനം?'

ഷൈനിയ്ക്ക് ആശ്വാസമായി. ആകെ കുഴപ്പമായി എന്നു കരുതിയപ്പോഴാണ് ഇവർ പറയുന്നത് ഏതു മതായാ ലെന്താ? വീണ്ടുകിട്ടിയ ധൈര്യത്തിൽ അവൾ ചോദിച്ചു.

'ഈയമ്പലത്തില് തൊഴേണ്ട വിധം എനിയ്ക്കറിയില്ല. ചേച്ചി തൊഴാൻ തൊടങ്ങീട്ടേള്ളൂച്ചാൽ ഞാൻ ഒപ്പം വരട്ടെ, എനിയ്ക്കൊന്നു പറഞ്ഞു തരണം.'

ഇടയ്ക്കയുടെ ശബ്ദം സുഗന്ധം കലർന്ന് അലകളായി വന്നു.

'കുട്ടി ഇപ്പോൾ തൊഴുതത് ഗോശാലകൃഷ്ണനാണ്. കൃഷ്ണനു ചുറ്റും ഒരു കാലത്ത് ധാരാളം പശുക്കള്ണ്ടായിരു ന്നു. അതെല്ലാം ഗോപാലനായ ശ്രീകൃഷ്ണന്റെയാണെന്നാണ് സങ്കൽപം. ഒരിയ്ക്കൽക്കൂടി തൊഴുതോളു.'

സങ്കല്പങ്ങളുടെ മേച്ചിൽപ്പുറങ്ങളിൽ അലഞ്ഞു നടക്കുന്ന പശുക്കൾക്കിടയിൽ നിൽക്കുന്ന ശ്രീകൃഷ്ണനെ അവൾ തൊഴുതു. അവളുടെ മനസ്സ് ആ പശുക്കളെപ്പോലെ അലയുന്നത് അവൾ അറിഞ്ഞില്ല. അവിടെ പശുക്കൾക്കു പകരം യാഥാർത്ഥ്യങ്ങളാണ്. അവ തിന്നുന്നതാകട്ടെ പുല്ലുകളല്ല അവളുടെതന്നെ ജീവിതമാണ്. ഷൈനിയുടെ മന സ്സിന്റെ അലച്ചിൽ ഒപ്പം നടക്കുന്ന സ്ത്രീ കണ്ടുപിടിച്ചെന്നു തോന്നുന്നു. അവർ പറഞ്ഞു.

'കുട്ടി വേറെ എവിടെയോ ഒക്ക്യാണ്. ഇങ്ങിന്യായാൽ പറ്റില്ലട്ടോ. പ്രാർത്ഥനയ്ക്ക് നല്ല ഏകാഗ്രത വേണം.'

'എനിയ്ക്ക് കൊറേ പ്രശ്നങ്ങള്ണ്ട് ചേച്ചി. എടയ്ക്ക് ഞാനതൊക്കെ ഓർത്തു പോവ്വാണ്.'

'എനിയ്ക്ക് കുട്ട്യേ കണ്ടപ്പൊ തോന്നീരുന്നു. എന്തൊക്ക്യാണ് കുട്ടീടെ പ്രശ്നങ്ങള്? പറയാൻ വെഷമണ്ടങ്കില് പറേണ്ട.'

'വെഷമൊന്നും ഇല്ല്യ. പക്ഷെ അതോണ്ട് കാര്യൊന്നുംല്ല്യ, ചേച്ചീടെ മനസ്സും കേടു വർത്ത്വാന്നല്ലാതെ.'

'അങ്ങന്യല്ല. വേറൊരാളോട് സംസാരിച്ചു കഴിഞ്ഞാൽ നമ്മടെ മനസ്സിന്റെ ഭാരം കൊറച്ച് കൊറഞ്ഞു കിട്ടും. ന്ന്

വെച്ചാൽ കേക്കുന്നോരും ആ ഭാരം കൊറച്ച് പങ്കു വെയ്ക്കുണൂന്ന് മാത്രം.'

'എനിക്കാ ജോലി കിട്ട്യാ മത്യായിരുന്നു. ന്നാൽ ഞാൻ രക്ഷപ്പെട്ടു. ഒന്നുംല്ലെങ്കിൽ സ്വന്തം കാലിൽ നിക്കാലോ?"

'എന്ത് ജോല്യാണ്?'

'കമ്പ്യൂട്ടറിലെ ജോലി. ഡേറ്റാബേസ് ന്ന് പറയും. ചേച്ചിയ്ക്ക് കമ്പ്യൂട്ടറിലൊക്കെ പരിചയണ്ടോ?'

'ഇല്ല കുട്ടീ, ഞാനീയുഗത്തിലെ ആളേ അല്ല.'

'അതത്ര വെഷമംള്ള ജോല്യൊന്നും അല്ല. ഞാൻ ആറു മാസം ഒരു കമ്പ്യൂട്ടർ ക്ലാസ്സില് പോയിട്ട്ണ്ട്. അപ്പഴാ കല്യാണം കഴിഞ്ഞത്. ഭർത്താവ് ജോലിയ്ക്കു പോവാൻ സമ്മതിച്ചില്ല. എന്നിട്ട് ഇപ്പൊ.....'

'ഇപ്പോ?'

'അതൊക്കെ പോട്ടെ, എങ്ങനെങ്കിലും ഈ ജോലി കിട്ട്യാൽ മത്യായിരുന്നു. അതിനുവേണ്ടി പ്രാർത്ഥിക്കാനാ ഞാനീ പള്ളീലും അമ്പലത്തിലൊക്കെ പോണത്.'

'അല്ലെങ്കിൽ പോവാറില്ലെ?'

'പിന്നേ? ഞങ്ങടട്ത്ത് ഒരു കൃഷ്ണന്റമ്പലണ്ട്, കൊറച്ചപ്രത്ത് ഒരു ദേവീക്ഷേത്രും. അതില് രണ്ടിലും ആഴ്ചേല് ഒരിക്കലെങ്കിലും പോവും, പിന്നെ ഞങ്ങടെ എടവക പള്ളീല് എല്ലാ ഞായറാഴ്ചീം കുർബാന കൂടും.......'

'നെറ്റീമ്മല്ള്ള പ്രസാദം എവിടുന്ന് കിട്ടി?'

'അത് പാറമേക്കാവ് അമ്മേട്യാണ്. ഇതിനുമുമ്പ് ഞാനവിട്യാ പോയത്.'

'ആട്ടെ ഇന്ന് ജോലിക്ക് ശ്രമിച്ചത് എങ്ങനെണ്ടായിരുന്നു? നന്നായി ചെയ്തോ?'

'സത്യം പറയട്ടെ? എനിക്കറിയില്ല. ഒരു റിട്ടയേഡ് പ്രൊഫസറാണ് ഇന്റർവ്യൂ ചെയ്തത്. നല്ല മനുഷ്യൻ. അങ്ങേരോട് ഞാൻ കാര്യൊക്കെ പറഞ്ഞു. എനിയ്ക്കീ ജോലി കിട്ട്യാലേ രക്ഷള്ളൂന്നും പറഞ്ഞു. ഞാൻ എല്ലാം നന്നായിട്ടന്ന്യാ ചെയ്തത്. ഇനി അങ്ങേര് തീർച്ച്യാക്കട്ടെ. അങ്ങേർടെ മനസ്സ് അലിയാൻ ദൈവങ്ങള് സഹായിക്കട്ടെ.'

'കുട്ടി വിഷമിക്കണ്ട. ആ ജോലി കുട്ടിയ്ക്ക് തന്നെ കിട്ടും.'

'കിട്ടോ?' ഷൈനി അവരെ നോക്കി. അവരുടെ മുഖത്ത് വിശ്വസിപ്പിക്കുന്ന എന്തോ ഉണ്ട്. അത് ഷൈനിയെ ആശ്വസിപ്പിച്ചു.

'ഉറപ്പാക്കിക്കോളു. എല്ലാം ശരിയാവും. കുട്ടീടെ അച്ഛന് ജോലിയൊന്നും ഇല്ലെ?'

'ഉണ്ട്, അത്ര വല്യ ജോല്യൊന്നും അല്ല. അതോണ്ടൊന്നും വീട്ടുകാര്യങ്ങള് നടക്കില്ല. പിന്നെ ഞങ്ങടെ ജാതീല് കല്യാണം കഴിച്ചു കൊടുത്താൽ വീട്ടുകാർക്ക് മകളെ നോക്കണ്ട ഉത്തരവാദിത്വൊന്നുംല്ല്യ. അവരെന്നെ ഉപേക്ഷിക്ക്യൊന്നുംല്ല്യ. പക്ഷെ അങ്ങന്യല്ലല്ലൊ. എനിയ്ക്ക് ന്റെ കാലില് നിക്കണ്ടെ. അപ്പനും അമ്മീം എത്ര കാലംണ്ടാവും?'

'അത് ശര്യാണ്. കുട്ടിയ്ക്ക് ഈ ജോലി എന്തായാലും കിട്ടും. അപ്പൊ പ്രശ്നൊക്കെ തീർന്നില്ലെ?'

തീർന്നുവോ? ഷൈനി ആലോചിച്ചു. തീരുമെന്ന് വിശ്വസിക്കാനാണ് അവൾക്കിഷ്ടം. പക്ഷെ ജീവിച്ചു തീർക്കാനുള്ള ക്ഷണവുമായി ഒരു ജീവിതം മുഴുവൻ മുമ്പിൽ നിവർന്നു കിടക്കുമ്പോൾ ഒറ്റയ്ക്കുള്ള ജീവിതത്തെക്കുറിച്ചുള്ള ചിന്ത ഒട്ടും ആശ്വാസം തരുന്നില്ല.

'സാരല്ല്യ, കുട്ടിയ്ക്ക് നല്ലൊരാളെ കിട്ടും. ഒരു കുടുംബം കെട്ടിപ്പടുക്കാൻ. കുട്ടികളുണ്ടാവും. അവര് വളർന്ന് വലുതായി അമ്മയെ നോക്കും. മോള് ഒന്നുകൊണ്ടും ഭയപ്പെടേണ്ട.'

ഈ സ്ത്രീ തന്റെ മനസ്സിലുള്ളത് ചോർത്തിയെടുക്കുന്നുണ്ട്. അവർ തരുന്ന ചിത്രം വെറും ഭാവനമാത്രമായിരിയ്ക്കുമെങ്കിലും വളരെയധികം ആശ്വാസം തോന്നുന്നു.

'വരു, ഗോശാലകൃഷ്ണനെ മാത്രെ നമ്മള് കണ്ടിട്ടുള്ളു.'

ഷൈനി പുറത്തു കടന്ന് മുമ്പിൽ നടക്കുന്ന സ്ത്രീയുടെ ഒപ്പമെത്തി.

'ഇത് നന്ദികേശ്വരനാണ്. ഇദ്ദേഹം ഉറക്കാണ്. കൈകൊട്ടി ശബ്ദണ്ടാക്കി വിളിച്ചശേഷം തൊഴു........... ഇനി തിരിച്ചു വരു. ഈ മൂലേന്ന് നോക്ക്യാൽ വടക്കുന്നാഥന്റെ താഴികക്കുടം കാണാം. കാണാന്ണ്ടോ?'

'ങാ, കാണാന്ണ്ട്.'

'തൊഴുതോളു.'

അവർ ചുറ്റമ്പലത്തിനു പുറമെയുള്ള പ്രദക്ഷിണവഴിയിലൂടെ നീങ്ങി. ഒപ്പമുള്ള സ്ത്രീ വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നു. എല്ലാം അമ്പലത്തെപ്പറ്റിത്തന്നെയാണ്.

'ഇതു കഴിഞ്ഞാൽ പരശുരാമനാണ്, അതു കഴിയുമ്പോൾ സിംഹോദരൻ. സിംഹോദരന്റെ കാര്യം പറഞ്ഞപ്പഴാണ് ഒരു കാര്യം ഓർമ്മ വന്നത്. മഹാദേവന് ഇരിയ്ക്കാൻ ഒരു സ്ഥലം നോക്കാനായി ഇദ്ദേഹത്തെ പറഞ്ഞയച്ചതായിരുന്നു. മൂപ്പര് ഇവിടെ വന്ന് കണ്ട് ഏറ്റവും നല്ല സ്ഥലം സ്വന്തം ഇരുപ്പിടായി കൈക്കലാക്കി. മഹാദേവന് അതുകണ്ട് ദേഷ്യം പിടിച്ചു സിംഹോദരനെ പുറത്താക്കി അമ്പലം പണിയിച്ചു. മാത്രല്ല ശ്രീകോവിലിന്റെ ഓവ് ഇദ്ദേഹത്തിന്റെ മുമ്പിലേയ്ക്കാക്കും ചെയ്തു.'

അവർ ചിരിച്ചു. നല്ല തെളിമയുള്ള ചിരി. തന്റെ താണുപോയ മനസ്സിനെ ഉയർത്തുന്ന എന്തോ ആ ചിരിയിലുണ്ടെന്ന് ഷൈനിയ്ക്കു തോന്നി.

'ഇവിടെയെത്തിയാല് തിരിഞ്ഞു നോക്കര്ത്. ഗതി കിട്ടാത്ത ആത്മാക്കളെയൊക്കെ കുടിയിരുത്തീട്ട്ള്ളത് ഇവിട്യാണ്.....'

'തിരിഞ്ഞു നോക്ക്യാലോ?'

'അപ്പൊ ഈ ക്ഷേത്രദർശനംകൊണ്ട് നമുക്ക് കിട്ടണ പുണ്യത്തിന്റെ പകുതീം അവർക്കു പോവും.'

ഷൈനിയ്ക്ക് പെട്ടെന്ന് വിഷമം തോന്നി. ഒരു ഗതി കിട്ടാത്ത ആത്മാവിനെപ്പോലെയല്ലേ ഞാനും കുറച്ചു കാലമായി നടക്കുന്നത്? എവിടെ നിന്നെങ്കിലും നീതി ലഭിക്കുമെന്ന പ്രതീക്ഷയിൽ. ഓരോ യാത്രയുടെയും തുടക്കം പ്രത്യാശയോടെയായിരിയ്ക്കും. അതവസാനിയ്ക്കുന്നതാവട്ടെ........ അവൾ തിരിഞ്ഞു നോക്കി.

'എന്തിനാണ് തിരിഞ്ഞു നോക്കിയത്?'

ഷൈനി ഒന്നും പറഞ്ഞില്ല.

'അത് കുട്ടിയുടെ നല്ല മനസ്സിനെയാണ് കാണിയ്ക്കുന്നത്. കുട്ടിയ്ക്കു നല്ലതു വരട്ടെ.'

അവർ മുന്നോട്ടു നടന്നു.

ഇതാ ഈ ചൊമരില്ള്ള ചെറിയ ദ്വാരത്തിൽക്കൂടി നോക്ക്യാല് വടക്കുന്നാഥന്റെ താഴികക്കുടം കാണാം. കണ്ടെങ്കിൽ തൊഴുതോളു.'

ഷൈനി തൊഴുതു.

'ഇതാ ഇവിട്ന്ന് വടക്കോട്ടു നോക്ക്യാല് കാശി വിശ്വനാഥനെ കാണാംന്നാണ് സങ്കല്പം. നമുക്ക് തൊഴാം......

'വരൂ...... ഇതാ ഇതാണ് തെക്കേ ഗോപുരനട. ഇവിടുന്ന് തെക്കോട്ട് നോക്കി കൊടുങ്ങല്ലൂരമ്മേ വണങ്ങണം........'

'ഇതാ ഇതാണ് ശംഖുചക്രം.........'

അവർ ശ്രീമൂലസ്ഥാനത്തെത്തിനിന്നു.

'ഇതാണ് പടിഞ്ഞാറെ നട. നമുക്കിതിലൂടെ അകത്തു കടക്കാം. ആദ്യം ഇവിടെ നിന്നുകൊണ്ടുതന്നെ തൊഴു.'

ഷൈനി തൊഴുതു. തന്റെ പ്രയാസങ്ങളെല്ലാം മാറ്റിത്തരണേ എന്ന്. രാവിലെ പുത്തൻ പള്ളിയിൽ മുട്ടുകുത്തി കർത്താവിനെ വിളിച്ച് പ്രാർത്ഥിച്ചതും അതുതന്നെയായിരുന്നു. അതു കഴിഞ്ഞ് പാറമേക്കാവിലെ അമ്മയോടും അതേ പ്രാർത്ഥന തന്നെ. ഇന്നലെ സന്ധ്യയ്ക്ക് ശ്രീകൃഷ്ണന്റെ അമ്പലത്തിൽ പോയി പ്രാർത്ഥിച്ചിരുന്നു. ഈ ദൈവങ്ങളെല്ലാം കൂടി തന്റെ മാർഗ്ഗം സുഗമമാക്കിത്തരുമെന്ന് അവൾ വിശ്വസിച്ചു.

'വരൂ നമുക്ക് ഉള്ളിൽ കടക്കാം.'

ഏതാനും മിനുറ്റുകൾ മാത്രം പരിചയമുള്ള ആ സ്ത്രീയുടെ പിന്നാലെ ഷൈനി വടക്കുന്നാഥന്റെ സന്നിധാനത്തിലേയ്ക്ക് പ്രവേശിച്ചു.

ആദ്യം അനുഭവപ്പെട്ടത് മനസ്സിൽ വന്ന മാറ്റമായിരുന്നു. അവൾ സ്വന്തം പ്രശ്നങ്ങൾ തല്ക്കാലത്തേയ്ക്കെങ്കിലും മറന്നു. അവിടം വളരെ ശാന്തമായി.

'ഇത് വേട്ടേക്കരനാണ്. പരമശിവന്റെ കിരാതമൂർത്തി രൂപമാണ്. തൊഴുതോളു. കുട്ടീടെ ദുഃഖങ്ങളൊക്കെ അകറ്റാൻ പ്രാർത്ഥിയ്ക്കൂ.'

ഷൈനി തല കുമ്പിട്ടു തൊഴുതു. അവിടെ ഒരു വിളക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൾ ചോദ്യപൂർവ്വം അവരെ നോക്കി.

'അതെ, ഒരു വിളക്കു മാത്രം. വേട്ടേക്കരന്റെ പ്രതിഷ്ഠ ഇവിടെണ്ടായിരുന്നു. ഇപ്പോഴത് അമ്പലത്തിനു പുറത്താണ്. ദൈവങ്ങൾ എവിടെ ഇരിയ്ക്കണംന്ന് മനുഷ്യർ തീർച്ചയാക്കുമ്പോഴുണ്ടാവണ ചെറിയൊരു ആശയക്കുഴപ്പം.'

ഷൈനിയ്ക്കതു മനസ്സിലായോ എന്നവർ ശ്രദ്ധിച്ചില്ല. അവർ മിക്കവാറും അവരോടുതന്നെയായിരുന്നു അതു പറഞ്ഞത്.

'വരു, ഇതാണ് വടക്കുന്നാഥന്റെ പ്രതിഷ്ഠ. കുട്ടീടെ പ്രശ്നങ്ങളൊക്കെ ഈ തിരുമുമ്പിൽ സമർപ്പിയ്ക്കു. എന്നിട്ട് പ്രാർത്ഥിയ്ക്കൂ. പരമശിവൻ അതു കേൾക്കാതിരിയ്ക്കില്ല.'

മുമ്പിൽ തുറന്നുകണ്ട ശ്രീകോവിലിനകത്ത് ശിവലിംഗത്തിനു മുകളിലുള്ള സ്വർണ്ണ ചന്ദ്രക്കലകൾ ഷൈനി കുറേ നേരം നോക്കി നിന്നു. അതിനിടയ്ക്ക് പ്രാർത്ഥിക്കാനവൾ മറന്നു. തന്റെ മനസ്സ് ശാന്തമായി. വടക്കുന്നാഥനോട് പറയാൻ മാത്രമുള്ള പ്രശ്നങ്ങളൊന്നും ആ നിമിഷത്തിൽ തനിയ്ക്കില്ലെന്ന് അവൾ തിരിച്ചറിഞ്ഞു. എത്ര സമയം അങ്ങിനെ നിന്നുവെന്നവൾക്കറിയില്ല. മുമ്പിൽ നീട്ടിയ താലത്തിൽ നിന്ന് ചന്ദനക്കൂട്ടെടുത്ത് നെറ്റിമേൽ ചാർത്തി പോകാനായി അവൾ തിരിഞ്ഞു. ഒപ്പം നടന്നിരുന്ന സ്ത്രീ അപ്രത്യക്ഷയായിരുന്നു. അല്ലെങ്കിൽ എന്നെപ്പോലെ ഒരു പെണ്ണിനു വേണ്ടി എത്രനേരം കാത്തുനിൽക്കും? അവൾ പ്രദക്ഷിണം വെയ്ക്കാനായി വലത്തോട്ടു തിരിഞ്ഞു. ശിവന്റെ പിന്നിലുള്ള പ്രതിഷ്ഠ ശ്രീപാർവ്വതിയുടേതാണ്. അതെങ്ങിനെയാണ് മനസ്സിലായത്, അറിയില്ല. അവൾ കൈകൂപ്പി പ്രാർത്ഥിച്ചു. എവിടെനിന്നോ 'നല്ലതു വരട്ടെ'യെന്ന അനുഗ്രഹം അവളെ തഴുകിക്കൊണ്ട് പോയി. അവൾ കണ്ണടച്ചുനിന്നു.

പെട്ടെന്നവൾ യാഥാർത്ഥ്യത്തിലേയ്ക്ക് തിരിച്ചുവന്നു. സമയം എത്രയായിട്ടുണ്ടാവും? നിലവിളക്കുകളുടെ ശോഭയിലും അന്തരീക്ഷത്തിൽ പടർന്നു നിൽക്കുന്ന സുഗന്ധത്തിലും മുഴുകി നിന്നതു കാരണം സമയം പോയതറിഞ്ഞില്ല.

'അയ്യോ സമയം എത്ര്യായീ ആവോ. എനിയ്ക്ക് കൊറേ ദൂരം പോണം.' അവൾ സ്വയം പറഞ്ഞു.

'സാരല്ല്യ, ഞാൻ കുട്ട്യേ കൊണ്ടാക്കാം.' അവളുടെ പിന്നിൽ നിന്ന് പരിചിതമായ ശബ്ദം.

'അയ്യോ അതൊന്നും വേണ്ട. ഞാൻ വിചാരിച്ചു ചേച്ചി പോയിട്ട്ണ്ടാവുംന്ന്.'

'കുട്ടിയെ ഒരു കരയിലെത്തിച്ചേ ഞാൻ തിരിച്ചു വരുണുള്ളു.'

'അയ്യോ അതൊന്നും വേണ്ട, ഞാൻ ഒറ്റയ്ക്ക് പൊയ്ക്കോളാം.'

'അതു സാരല്ല്യ. എനിയ്ക്കു വിഷമല്ല്യാത്ത ജോലിയേ ഞാൻ ഏറ്റെടുക്കാറുള്ളു. ബാക്കിയൊക്കെ നടന്നുകിട്ടാൻ മഹേശ്വരനോട് പ്രാർത്ഥിക്ക്യേള്ളു. വരു നമുക്ക് ഒന്നുരണ്ടിടത്തുകൂടി തൊഴാനുണ്ട്. എല്ലാം ഇതിനു ചുറ്റുമാണ്........'

തനിയ്ക്കൊന്നും ചെയ്യാനില്ലെന്ന് ഷൈനി ഓർത്തു. സുന്ദരിയായ ഈ സ്ത്രീയുടെ പിന്നാലെ നടക്കുക മാത്രം. ഉള്ളിന്റെ ഉള്ളിൽ അവൾ സഹായം കാംക്ഷിച്ചിരുന്നു.

രാവിലെത്തൊട്ട് അലഞ്ഞുനടക്കുകയാണെങ്കിലും ഒരു ചായപോലും കുടിയ്ക്കാൻ അവൾക്കു കഴിഞ്ഞിരുന്നില്ല. ഒറ്റയ്ക്ക് ഒരു ചായക്കടയിൽ കയറാനൊരു മടി. പിന്നെ കയ്യിലുള്ള ഏതാനും ചെറിയ നോട്ടുകൾ ചെലവാക്കാനുള്ള വിഷമം. പക്ഷെ ഇപ്പോൾ ഇവരുടെ കൂടെ നടക്കുമ്പോൾ ക്ഷീണമെല്ലാം വിട്ടകന്നിരുന്നു.

'ഇതു ശ്രീ മഹാഗണപതി. ഗണപതി ആരാണെന്നറിയ്യോ?'

'അറിയാം....'

'തൊഴുതോളൂ...... ഇനി നടക്കു. നമുക്ക് ശങ്കരനാരായണന്റെ പ്രതിഷ്ഠയിൽ തൊഴാം. അതു കഴിഞ്ഞാൽ ശ്രീരാമൻ.........'

തൊഴുതു കഴിഞ്ഞ് ആ മഹാക്ഷേത്രത്തിൽനിന്ന് അവരോടൊപ്പം പുറത്തിറങ്ങിയപ്പോൾ ഷൈനി പറഞ്ഞു.

'ഇനി ഞാൻ ഒറ്റയ്ക്ക് പൊയ്ക്കോളാം. ചേച്ചി ബുദ്ധിമുട്ടണ്ട.' എന്തുകൊണ്ടോ തന്നെ സഹായിക്കാനിറങ്ങിയ ഈ സ്ത്രീയെ ഇനിയും ബുദ്ധിമുട്ടിയ്ക്കരുതെന്നുണ്ടായിരുന്നു ഷൈനിയ്ക്ക്.

'നടക്കൂ, ഞാൻ പറഞ്ഞില്ലെ എനിയ്ക്കിതൊരു ബുദ്ധിമുട്ടല്ലെന്ന്. നേരം വൈകി, ഞാൻ കുട്ടിയെ ഒറ്റയ്ക്ക് വിടില്ല.'

നടക്കുമ്പോൾ അവർ വടക്കുന്നാഥൻ ക്ഷേത്രത്തിലെ മൂർത്തികളെപ്പറ്റി സംസാരിയ്ക്കുകയായിരുന്നു. കേൾക്കാൻ രസമുള്ള ആ കഥകളുടെ മാധുര്യത്തിൽ വീടെത്താറായത് അറിഞ്ഞില്ല. പെട്ടെന്നാണ് അവരുടെ പേരെന്താണെന്നു കൂടി അന്വേഷിച്ചില്ലെന്ന് ഷൈനി ഓർത്തത്. കഴിഞ്ഞ ഏതാനും മണിക്കൂറുകൾ തന്റെ ഒപ്പം നടക്കുകയും തന്നെ സമാശ്വസിപ്പിയ്ക്കയും ചെയ്ത സ്ത്രീയാണ്. ഇതുവരെ പേരുതന്നെ ചോദിച്ചില്ല.

'ചേച്ചിയുടെ പേരെന്താണ്? എന്റെ പ്രശ്നങ്ങള്ടെ എടേല് അതു ചോദിയ്ക്കാൻ മറന്നു.'

'എന്റെ പേരോ?' അവർ ചിരിച്ചുകൊണ്ട് പറഞ്ഞു. 'എന്റെ പേര് ശ്രീപാർവ്വതി.'

'ചേച്ചി എവിട്യാ താമസിക്കണത്?'

'ഞാനോ?...................' അകന്നു പോകുംപോലെ ആ ശബ്ദം നേർത്ത്, വളരെ ദൂരെനിന്ന് കേൾക്കുന്നപോലെ വീണ്ടും വീണ്ടും അലയടിച്ചു വന്നു. 'ഞാനോ?........ ഞാനോ?......'

ഗെയ്റ്റ് മുകളിലെ കൊളുത്ത് തുറക്കാൻ വേണ്ടി കൈയ്യുയർത്തിനിന്ന ഷൈനി പെട്ടെന്ന് തിരിഞ്ഞു നോക്കി. ശ്രീപാർവ്വതി എന്ന പേരുള്ള സുന്ദരിയായ ആ സ്ത്രീ മഞ്ഞൾപ്രസാദത്തിന്റെ സുഗന്ധം അവളുടെ മനസ്സിൽ വിതറി എങ്ങോ പോയ്മറഞ്ഞിരുന്നു.

'ഞാനോ....' എന്ന പൂരിപ്പിയ്ക്കാത്ത മറുപടിയുടെ മാസ്മരതയിൽ ഷൈനി പകച്ചുനിൽക്കവേ വീട്ടിനുള്ളിൽ നിന്ന് അപ്പൻ ഇറങ്ങി വന്നു.

back to index

# ഇനിയും മടുത്തിട്ടില്ലാത്ത
# ഒരു സമകാലീന കഥ

**ഒന്ന്.**

നാലായിരം എന്ന് പറഞ്ഞുപോയി എന്നേ ഉള്ളു. അവർ പിശകി മൂവ്വായിരമെങ്കിലും വാടക തരട്ടെ എന്നു വെച്ചിട്ടാണ് അതു പറഞ്ഞത്. അപ്പോൾ പ്രത്യേകം പറഞ്ഞു. ഇലക്ട്രിസിറ്റി ബില്ലു വരുന്നതിനനുസരിച്ച് തരണം. അതുപോലെ രണ്ടു മാസത്തെ വാടകയും കറന്റിന് ആയിരം രൂപയും കൂട്ടി ഒമ്പതിനായിരം അഡ്വാൻസും തരണമെന്ന്. അവർ ഒട്ടും പിശകാതെ എല്ലാം സമ്മതിച്ചുവെന്നു മാത്രമല്ല വീട് ഉറപ്പിയ്ക്കാനായി രണ്ടായിരം രൂപ അപ്പോൾത്തന്നെ അച്ചാരം എടുത്തുതന്നു.

'അവര് നല്ല മര്യാദക്കാരാണെന്ന് തോന്നുണു.' നാരായണൻ ഭാര്യയോടു പറഞ്ഞു. 'നല്ല പണംള്ള പാർട്ട്യാണ്ന്ന് തോന്നുണു, നാലായിരംന്ന് പറഞ്ഞപ്പൊ ഒരു മടീംല്യാതെ സമ്മതിച്ചു. മാത്രല്ലാ പറഞ്ഞ അഡ്വാൻസും തന്നു. ഒരച്ഛനും അമ്മേം നാലു പെൺമക്കളും താമസിക്കാൻണ്ടാവുംന്ന് പറഞ്ഞു. എടയ്ക്കും തലയ്ക്കും ആയി വല്ല ബന്ധുക്കള് വന്ന് പോവുംന്ന് മാത്രം. ആരും അങ്ങിനെ താമസിക്കാൻ വര്വൊന്നുംല്യാത്രെ. ആ മാഷ് താമസിച്ചിരുന്നപ്പൊ എന്തായിരുന്നു സ്ഥിതി. മൂന്ന് തലമുറേം കൂടി എട്ടുപത്ത് പേര്, അരഅര മണിക്കൂറ് കൂടുമ്പൊ പമ്പ് ഓൺ ചെയ്യണം. എന്നിട്ട യാള് എന്തേ തന്നിരുന്നത്?'

'രണ്ടായിരം രൂപേം ശല്യോം.' മാലതി കൂട്ടിച്ചേർത്തു.

ഇത്രയും കഥയുടെ തുടക്കം. പുതിയ വാടകക്കാർ രണ്ടു മാസമായി അവിടെ താമസിയ്ക്കുന്നു. ഒരു ശല്യവുമില്ല. കഥയുടെ ആദ്യഭാഗം അവസാനിച്ചത് നാലു പോലീസ് ജീപ്പും ഒരു പോലീസ് വാനും അവരുടെ പടിയ്ക്കൽ ബ്രേക്കിട്ടു നിർത്തി പോലീസുകാർ ഗെയ്റ്റു തുറന്ന് ഇരച്ചു കയറിയപ്പോഴാണ്. താഴെ നിലയിൽനിന്ന് തൂക്കി വാനിലേയ്ക്കിട്ടത് 'അച്ഛനും അമ്മയും നാലുമക്കളും' അടങ്ങുന്ന ആ 'കുടുംബ'ത്തെ മാത്രമല്ല വേറെയും അര ഡസൻ ചെറുപ്പക്കാരികളെയും നാലഞ്ച് ആണുങ്ങളെയുമായിരുന്നു.

**രണ്ട്.**

പിറ്റേന്ന് വർത്തമാനപത്രത്തിൽ നിന്നാണ് മുഴുവൻ വിവരവും കിട്ടിയത്. എന്തോ ഭാഗ്യത്തിന് തന്നെയും ഭാര്യയെയും മകളെയും പിടിച്ചു കൊണ്ടുപോയില്ല. രാവിലെത്തന്നെ രണ്ടു പോലീസുകാർ വീട്ടിലെത്തി.

'സാറ് പേപ്പറൊക്കെ വായിച്ചില്ലെ?'

'വായിച്ചു, എന്താ ചെയ്യാ ആൾക്കാര് ഇങ്ങിന്യായാല്? ഞങ്ങള് സ്വപ്നത്തില് വിചാരിച്ചിട്ടില്ല അയാള് ഇങ്ങനത്തെ ആളാണ്ന്ന്.'

'സർക്കിളേമാൻ സാറിനെ കണ്ടപ്പൊ പറഞ്ഞു അയാളൊരു പാവാണ്, കലക്ടറേറ്റീന്ന് റിട്ടയറ് ചെയ്ത മനുഷ്യനാണ്, ഒന്നും ചെയ്യണ്ടാന്ന്. അതൊണ്ട് സാറ് രക്ഷപ്പെട്ടതാണ്. അല്ലെങ്കിൽ സാറ് നാറ്യേനേ. മോളീന്ന് ഓർഡറ് വന്നത് ഈ വീട്ടിലെ എല്ലാവരേം തൂക്കിയെടുക്കാനായിരുന്നു.'

'എന്റെ ശിവനേ?' നാരായണൻ തലയിൽ കയ്യും വെച്ചിരുന്നു.

'ഞങ്ങള് പോവ്വാണ്. ഇത് പറയാൻ വന്നതാണ്. സാറെന്തായാലും സി.ഐ. ഏമാനെ കണ്ട് ഒരു നന്ദി പറയ്യാ നല്ലത്.'

'ശരിശരി, ഇന്നന്നെ പോവ്വാം.'

ഇവിടെ രണ്ടാം ഭാഗവും ഭംഗിയായി അവസാനിയ്ക്കുന്നു. അതോടെ ഇനി ആളെ എടുക്കുമ്പോൾ നല്ലവണ്ണം സൂക്ഷിച്ചേ എടുക്കുവെന്ന് നാരായണൻ തീർച്ചയാക്കുന്നു. നല്ല വാടക കിട്ടണമെങ്കിൽ ബിസിനസ്സുകാർക്ക് കൊടുക്കണം. അതാണ് പ്രശ്നം. ആദ്യം പറഞ്ഞുവരുന്ന കച്ചവടമായിരിക്കില്ല പിന്നീട്.

ഒരു മാസം വീട് വെറുതെ ഇട്ടു. അതിനിടയ്ക്ക് എന്തെങ്കിലും ദോഷങ്ങളുണ്ടെങ്കിൽ കളയാനായി ഒരു ഗണപതി ഹോമം നടത്തി, സർവ്വൈശ്വര്യപൂജയും ചെയ്തു.

പൂജ കഴിഞ്ഞ അന്ന് വൈകുന്നേരമാണ് വാടകയ്ക്ക് കൊടുക്കുമോ എന്നന്വേഷിച്ച് പുതിയൊരു പാർട്ടി വന്നത്. ഒരു ബ്രോക്കറായിരുന്നു.

'ആളെക്കണ്ട് സംസാരിച്ചതിന് ശേഷെ കൊടുക്കണോന്ന് തീർച്ചയാക്കൂ.' നാരായണൻ പറഞ്ഞു.

'ആളെക്കാണണ്ട ആവശ്യേല്യ സാറെ. അത്രയ്ക്ക് നല്ല മനുഷ്യനാ.'

'എന്താണയാള് ചെയ്യണത്?'

'ആ സാറ് ചാനലിന് വേണ്ടി ടി.വി. സീരിയലുകള്ണ്ടാക്കാണ്.'

ചാനൽ, ടി.വി. സീരിയൽ എന്നീ മാന്ത്രിക വാക്കുകൾ ബ്രോക്കറുടെ വായിൽനിന്ന് വന്നപ്പോൾ രംഗം മാറി. അതുവരെ ഡൈനിങ് ടേബിളിന്മേൽ വൈകുന്നേരത്തെ കൂട്ടാനും മെഴുക്കുപുരട്ടിയ്ക്കും കഷ്ണം നുറുക്കിയിരുന്ന ഭാര്യ മാലതി എഴുന്നേറ്റു വന്നു കാര്യങ്ങൾ, കാര്യക്ഷമത തീരെയില്ലാത്ത ഭർത്താവിൽനിന്ന് ഏറ്റെടുത്തു.

'അയാള് സീരിയല് എടുക്കാറ്ണ്ട്ന്നാ പറഞ്ഞത്?' മാലതി ചോദിച്ചു.

'അതെ ചേച്ചി. നല്ല മനുഷ്യനാണ്. സംസ്കാരംള്ള ആള്. അയാള്ണ്ടാവും ഭാര്യേം കോളജിൽ പഠിക്കണ രണ്ട്

പെൺമക്കളും മാത്രം. ഞാൻ സാറിനും ചേച്ചിയ്ക്കും നല്ലവരെയല്ലാതെ ആരെയെങ്കിലും കൊണ്ടരുമോ? ഇവിടേം ഒരു മോള് ഉള്ളതല്ലെ.'

'ന്നാ, അയാളെ നാളെ രാവിലെത്തന്നെ കൊണ്ടരു. ഒന്ന് സംസാരിക്കണല്ലോ.'

'കൊണ്ടരാം ചേച്ചി. രാവിലെത്തന്നെ കൊണ്ടരാം. പിന്നെ ഞാൻ ഒരു മാസത്തെ ബ്രോക്കറേജാണ് ചാർജ്ജ് ചെയ്യ ണത്.'

'ഒരു മാസത്തെ വാടകയോ?' നാരായണൻ ചോദിച്ചു.

'അതെ. അതില് പകുതി സാറ് തന്നാ മതി. ബാക്കി പകുതി ഞാൻ അവര്ടെ അട്ത്ത്ന്ന് വാങ്ങാം. അപ്പൊ, വാടക എന്താണ്ന്ന് പറഞ്ഞില്ല.'

'ഞങ്ങള് അയ്യായിരാ ചോദിക്കണത്. അല്ലെങ്കിൽ മൊതലാവില്ല. പിന്നെ കറന്റിന് ആയിരത്തഞ്ഞൂറ് ഡെപ്പോസിറ്റും വേണം.'

'ആയ്ക്കോട്ടെ. വാടക കൂട്യാ എനിക്ക് മെച്ചാ. അത്രേം കൂടുതല് ബ്രോക്കറേജ് കിട്ടൂലോ. ഞാൻ പറയാം. നാളെ രാവിലെത്തന്നെ ആളെ കൊണ്ടുവരാം.'

ഇനി വരാൻ പോകുന്നത് മൂന്നാം ഭാഗമാണ്.

**മൂന്ന്.**

പിറ്റേന്ന് രാവിലെ നാലു മണിയ്ക്ക് തുടങ്ങി മകളെ പുറപ്പെടുവിക്കൽ. അവളുടെ പ്രതിഷേധം കണക്കിലെടു ക്കാതെ നിർബ്ബന്ധപൂർവ്വം കുളിമുറിയിലേയ്ക്ക് വലിച്ചിഴച്ചു, ഷാംപൂ ഇട്ട് തല കുളിപ്പിച്ചു. കാച്ചിയ വെളിച്ചെണ്ണ മേൽ തേച്ച് കുളിപ്പിച്ചു. പൗഡറിടീച്ചു, കവിളിൽ അറിയാത്ത വിധത്തിൽ അത്യാവശ്യം റൂഷ് ഇട്ടുകൊടുത്തു. ചുണ്ടിൽ നേരിയ നിറം വരത്തക്കവിധത്തിൽ ലിപ്സ്റ്റിക്ക് തേച്ചു. ഇതെല്ലാം മകളുടെ പ്രതിഷേധം വകവെയ്ക്കാതെത്തന്നെ. ഒരു സീരിയൽ പ്രൊഡ്യൂസറാണ് വരുന്നത്. അയാൾ വന്ന് കാണുമ്പോൾത്തന്നെ നല്ലൊരു മതിപ്പുണ്ടാവണം.

'അമ്മേ എനിക്ക് താല്പര്യല്ല്യ. പിന്നെ എന്തിനാണ് എന്നെ ഇതിന് നിർബ്ബന്ധിക്കണത്? ഞാൻ അഭിനയിക്കാ നൊന്നും പോണില്ല്യ.'

'നെനക്കറിയാഞ്ഞിട്ടാ, കിട്ടാൻ പോണ പേര് എന്താന്നറിയോ? എല്ലാർക്കും അറിയാം ഒരു സീരിയൽ താരാണെങ്കി ല്. എത്ര ബഹുമാനത്തോട്യാണ് അവര്യൊക്കെ നോക്കണത്? പോരാത്തതിന് നല്ല പണോം ണ്ട് ഇതില്. ആറു മാസം കൊണ്ട് നമുക്ക് ഒരു കാറ് വാങ്ങാനാവും. നെനക്കെന്താ അഭിനയിച്ചാല്?'

'അമ്മേ, എനിയ്ക്ക് പഠിത്തം കഴിഞ്ഞാൽ എവിട്യെങ്കിലും നല്ലൊരു ജോലിയ്ക്ക് ശ്രമിക്കണം. എന്നിട്ട് കല്യാണം കഴിച്ച് നല്ലൊരു ജീവിതം നയിക്കണം. ഇത്ര്യേള്ളൂ എന്റെ മോഹം. ഈ അഭിനയൊക്കെ എനിയ്ക്കു പറ്റാത്തതാണ്. ടീച്ചർമാര് നിർബ്ബന്ധിച്ചിട്ടുകൂടി ഞാൻ ഡാൻസിനും നാടകത്തിനും ഒന്നും ചേരാറില്ലല്ലൊ. ഓരോരുത്തർക്ക് ഓരോ ന്നിലല്ലെ താല്പര്യം. എനിക്കിതിൽ താല്പര്യല്ല്യ. അമ്മ നിർബ്ബന്ധിക്ക്യാണെങ്കില് ഞാൻ അനുസരിച്ചൂന്ന് വരും. അത് പക്ഷെ എന്റെ ജീവിതം നശിപ്പിക്കലാവും.'

'അതൊക്കെ നെന്റെ തോന്നലാണ്. എനിയ്ക്കൂംല്യേ എന്റെ മോള് വലുതാവണം, നാലാള് കാണണംന്നൊക്കെ?'

'അമ്മേടെ ഇഷ്ടം പോലെ. പക്ഷെ ഞാൻ ഒരിക്കൽക്കൂടി പറേണു, അതെന്റെ ജീവിതം നശിപ്പിയ്ക്കലാവും.'

എല്ലാം കഴിഞ്ഞ് ചായ കുടിക്കുമ്പോഴാണ് നാരായണൻ മകളെ കാണുന്നത്. ഭാര്യയുടെ പാഴായിപ്പോയ അദ്ധ്വാനം കണ്ട് അയാൾക്ക് വിഷമമായി. സാധാരണ, മേയ്ക്കപ്പൊന്നും കൂടാതെ അവൾ നല്ല സുന്ദരിയായിരുന്നു. ഇന്ന്......

പ്രൊഡ്യൂസർ ഒരു ചെറുപ്പക്കാരനാണ്. അയാൾ ഭാര്യയുടെ ഒപ്പമാണ് വന്നത്. ഭാര്യ സുന്ദരിയാണ്. രണ്ടുപേരും നല്ല യോജിപ്പുണ്ട്. അവരെ പരിചയപ്പെടുത്തിയ ശേഷം ബ്രോക്കർ പറഞ്ഞു.

'ഞാനൊന്ന് അത്യാവശ്യം ഒരിടത്ത് പോവ്വാണ്. സാറ് വീട് കാണിച്ചുകൊടുക്ക്.'

വീട് കാണിച്ചുകൊടുക്കാൻ നാരായണനും മാലതിയും താഴേയ്ക്കിറങ്ങിപ്പോയി. അതിനു മുമ്പ് മകളെ പരിചയപ്പെ ടുത്താൻ മാലതി മറന്നില്ല.

'ഇത് ഞങ്ങടെ മകള് രമ. ഫസ്റ്റ് ഇയർ ബി.കോമാണ്. മിടുക്കിയാണ്. നാടകത്തിലൊക്കെ അഭിനയിക്കാൻ വല്യേ ഇഷ്ടാ. ധാരാളം സമ്മാനങ്ങള് കിട്ടീട്ട്ണ്ട്.'

എന്തിനാണ് അമ്മ ഇങ്ങനെ നുണ പറയണത്? രമ ആലോചിച്ചു.

'മിടുക്കിയാണെന്ന് കണ്ടാൽത്തന്നെ അറിയില്ലേ?' പ്രൊഡ്യൂസർ പറഞ്ഞു.

'ഇവൾക്ക് പറ്റുമെങ്കിൽ സീരിയലിൽ ചാൻസു കൊടുക്കണം.' മാലതി പറഞ്ഞു.

'എന്താ പറ്റാതെ?' അയാൾ പറഞ്ഞു. 'അടുത്ത സീരിയലിൽത്തന്നെ കൊടുക്കാലോ. ഞാനിപ്പോൾ അതിന്റെ പണീ ലാണ്.'

ഇത്ര പെട്ടെന്ന് കാര്യങ്ങൾ ശരിയാവുമെന്ന് മാലതി കരുതിയില്ല. അവർ ഇവിടെ വന്ന് താമസിക്കട്ടെ. സാവധാന ത്തിൽ മകളുടെ കാര്യം പറയാം, എങ്ങിനെയെങ്കിലും അവരെക്കൊണ്ട് ഒരു ചാൻസു കൊടുപ്പിയ്ക്കാൻ നോക്കാം എന്നൊക്കെയേ അവരും കരുതിയുള്ളു. പക്ഷെ ഇത്ര പെട്ടെന്ന്! രമ ടി.വി.സ്ക്രീനിൽ തിളങ്ങി നിൽക്കുമ്പോൾ അസൂ യപ്പെടുന്നവരുടെ പട്ടികയുണ്ടാക്കുകയായിരുന്നു അടുത്ത പടി. മനസ്സിൽ കോറിയിട്ട ആ പട്ടിക രാത്രി കിടക്കുമ്പോൾ ഭർത്താവുമായി ഒത്തു നോക്കി മാലതി. അബദ്ധത്തിൽ വിട്ടുപോയ പേരുകൾ കൂട്ടിച്ചേർത്ത് ലിസ്റ്റ് പൂർണ്ണമാക്കി.

ഭർത്താവിന് പക്ഷെ സംശയങ്ങളുണ്ടായിരുന്നു, മകളുടെ ഭാവിയെപ്പറ്റി ആശങ്കകളുള്ള ഏതച്ഛനെയും പോലെ. അയാൾ ചോദിച്ചു.

'ഇതൊക്കെ ശരിയാണോ മാലതി? ഈ സിനിമേലും സീരിയലിലും അഭിനയത്തിന് പറഞ്ഞയക്കണതൊക്കെ?'

'എന്തേ?'
'അല്ല, സീരിയലും സിനിമേം കാണണതും അതില് അഭിനയിക്കണതും രണ്ടും രണ്ടല്ലെ?'
'എനിക്ക് നിങ്ങള് പറേണത് മനസ്സിലാവ്ണില്ല്യ. അഭിനയിക്ക്യാന്ന് പറയണത് അത്ര മോശാണോ?'
ജീവിതംതന്നെ ഒരു വലിയ സിനിമയും പരസ്പരബന്ധങ്ങൾ അഭിനയമായും കണക്കാക്കുന്ന ഭാര്യയെ സംബന്ധിച്ചേടത്തോളം ആ പ്രസ്താവന വളരെ ശരിയായിരിക്കാമെന്നറിയുന്ന ഭർത്താവ് നിശ്ശബ്ദനായി.
ശരി, ഇനി മകളുടെ ഭാഗത്തുനിന്ന് നമുക്ക് സംഗതികൾ കാണാൻ ശ്രമിക്കാം. എങ്ങിനെയെങ്കിലും ഒരു ബി.കോം. ഡിഗ്രിയെടുത്ത് ബാങ്ക് പരീക്ഷയെഴുതി ഏതെങ്കിലും ബാങ്കിൽ കയറിപ്പറ്റണം. നല്ലൊരു പയ്യനെ കല്യാണം കഴിച്ച് എവിടെയെങ്കിലും സ്വൈരജീവിതം നയിക്കണം എന്നു കരുതിയിരുന്ന രമയ്ക്ക് അമ്മയുടെയും കുറെയൊക്കെ അച്ഛന്റെയും അതിമോഹങ്ങൾ തീരെ ഇഷ്ടപ്പെട്ടില്ല. അവളുടെ ഇഷ്ടമല്ലല്ലൊ കാര്യം. അവൾ സമ്മതിച്ചില്ലെങ്കിൽ പിന്നെ വീട്ടിലുണ്ടാകാൻ പോകുന്ന മോഹാന്ത്യങ്ങളും ഭ്രാന്തൻ പ്രകടനങ്ങളും അവൾക്കറിയാം. അച്ഛനോട് സംസാരിച്ചിട്ടു കാര്യമില്ല. അച്ഛൻ ഒരു നിഷ്ക്രിയനാണ്. ജീവിതത്തിലൊരിക്കലും അദ്ദേഹം അമ്മയോടോ, മറ്റൊരാളോടോ പ്രതിഷേധിച്ചിട്ടില്ല. ഒരു സഹായത്തിനുവേണ്ടി അച്ഛന്റെ അടുത്തേയ്ക്കു പോകുന്നത് വെറുതെയാണ്.
പിറ്റേന്ന് മുതൽ മകളെ സുന്ദരിയാക്കാനായി ഒരു ക്രാഷ് പ്രോഗ്രാം മാലതി വികസിപ്പിച്ചെടുത്തു. നാല്പാമര എണ്ണ തേച്ചു കുളി തൊട്ട് തുടങ്ങുന്ന ആ ദണ്ഡനമുറകൾ സഹിക്കുകയേ നിവർത്തിയുള്ളു എന്ന് മകൾ മനസ്സിലാക്കി. പുതിയ ആൾക്കാർ താമസിക്കാൻ വരാൻ ഇനി ഒരാഴ്ചയേ ഉള്ളൂ. മകളുടെ നിറത്തിന്റെ അപാകത കൊണ്ടോ, മുഖത്തുള്ള ഒന്നോ രണ്ടോ കുരുക്കൾകൊണ്ടോ തടിയുടെ കുറവുകൊണ്ടോ വീണുകിട്ടിയ അവസരം ഇല്ലാതാവണ്ട. സീരിയലിൽ അഭിനയിക്കുന്ന പെൺകുട്ടികളെല്ലാം ഒരുമാതിരി ആവശ്യത്തിന് തടിയുള്ളവരാണ്. മെലിഞ്ഞവരാരുമില്ല. ആ നിലവാരം വെച്ചുനോക്കുമ്പോൾ അമ്പത്തിനാലു കിലോമാത്രം തൂക്കമുള്ള രമ മെലിഞ്ഞിട്ടു തന്നെയാണ്. ഒരു ആറു കിലോവെങ്കിലും കൂടണം. അതും ഒരാഴ്ചയ്ക്കുള്ളിൽ. ഇത്രയും വിഷമം പിടിച്ച ഒരു ദൗത്യവുമായി ആ പാവം അമ്മ കഷ്ടപ്പെടുന്നതു കണ്ടുകൊണ്ട് നമുക്ക് ഈ ഭാഗവും അവസാനിപ്പിയ്ക്കാം. ഇനി വരാൻ പോകുന്നത് നാലാം ഭാഗം. മകളുടെ ഉയർച്ചയുടെ കഥ, അമ്മയുടെ ഡിപ്ലമസിയുടെയും സേയ്ൽസ്മാൻഷിപ്പിന്റെ വിജയത്തിന്റെയും കഥ.

### നാല്.

അമ്മയ്ക്കും അച്ഛനും മനസ്സിലാവാത്തതെന്തെന്നാൽ പുതിയ താമസക്കാർ ജീവിതത്തിലൊരിക്കലും ഒരു സീരിയലെടുത്തിട്ടില്ല. ഒരിക്കലും ഒരു സിനിമയുമെടുത്തിട്ടില്ല. സിനിമ എന്നു വെച്ചാൽ നമ്മുടെയൊക്കെ സങ്കല്പത്തിലുള്ള ഒരു സിനിമ. എന്നാൽ ശരിക്കുള്ള അർത്ഥത്തിൽ അയാൾ ഒരു സിനിമാ നിർമ്മാതാവായിരുന്നു. അയാൾ എടുക്കുന്നത് അശ്ലീല സിനിമകളാണെന്നു മാത്രം. അതറിയാത്തതുകൊണ്ട് മാലതിയും നാരായണനും അവർ വന്ന അന്നുതന്നെ വൈകുന്നേരം അവരെ കാണാൻ ചെന്ന് സുഖവിവരങ്ങൾ അന്വേഷിച്ചു. ഇറക്കിവെച്ച സാധനങ്ങൾ പാവം ഭാര്യയും ഭർത്താവും രണ്ടു പെൺമക്കളുംകൂടി ഒതുക്കുന്നതു സാനുകമ്പം നോക്കിനിന്നു. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ പറയണമെന്ന് ഏല്പിച്ച് അവർ മുകളിലേയ്ക്കു തന്നെ പോയി മകളോട് വിവരങ്ങൾ പറഞ്ഞു.
'നല്ല കൂട്ടരാണെന്നു തോന്നുണു.'
മകൾ വെറുതെ മൂളുക മാത്രം ചെയ്തു. അവൾ അമ്മ പറഞ്ഞതൊന്നും ശ്രദ്ധിച്ചിരുന്നില്ല. അവളുടെ മനസ്സിൽ ഒരു ചെറുപ്പക്കാരനും അയാളുമായുള്ള ഭാവിജീവിതവുമായിരുന്നു. നല്ല പയ്യൻ. എം.എ.യ്ക്കു പഠിക്കുന്നു. ഇനി എം.ഫിലിനു പോകണം. ഏതെങ്കിലും കോളജിൽ ലെക്ചററായി....... അതുവരെ കാത്തിരിക്കാമെന്ന് അവൾ അയാൾക്ക് വാക്കു കൊടുത്തിരുന്നു. വളരെ സുന്ദരമായ ഒരു സ്നേഹബന്ധം. ഒരു നടിയുമായുള്ള ജീവിതം അയാൾ ഇഷ്ടപ്പെടുമോ? വേണമെങ്കിൽ ചോദിക്കാം. പക്ഷെ എന്തു കാര്യം. ഇഷ്ടമല്ലെന്നു പറഞ്ഞാൽ തനിയ്ക്ക് അമ്മയുമായി അടികൂടി വീടു വിടാൻ പറ്റുമോ? അങ്ങിനെ ചെയ്താൽത്തന്നെ പഠിച്ചുകൊണ്ടിരിക്കുന്ന ആ ചെറുപ്പക്കാരന് തന്നെ സ്വീകരിക്കാൻ ഒക്കുമോ?
അമ്മ ഇരച്ചു കയറുക തന്നെയായിരുന്നു. ഒരാഴ്ചയ്ക്കുള്ളിൽ താമസക്കാരുമായി നല്ലൊരു ബന്ധത്തിലായി. അവർ അടുക്കള സജ്ജമാക്കുന്നതുവരെ മൂന്നു നേരം ഭക്ഷണം കൊണ്ടുപോയിക്കൊടുത്തു. പക്ഷെ അവരിൽ ഭർത്താവൊഴികെ ആരും മുകളിലേയ്ക്കു കയറിവന്നില്ല. അയാൾ തന്നെ ആകെ രണ്ടു പ്രാവശ്യമാണ് വന്നത്. ഭാര്യയും മക്കളും വന്നതേയില്ല. മാത്രമല്ല മാലതിയുടെ വരവ് അവർ പല കാരണങ്ങൾ പറഞ്ഞ് നിരുത്സാഹപ്പെടുത്തുകയും ചെയ്തു. സ്വാഭാവികമായും അവരുടെ പരിപാടികളിൽ മാലതിയെപ്പോലെയുള്ള ഒരു സ്ത്രീയുടെ നിത്യവരവ് പ്രശ്നങ്ങളുണ്ടാക്കും.
രമയ്ക്കൊരു ചാൻസു കൊടുക്കുന്നതിനെപ്പറ്റി ചോദിക്കുമ്പോൾ വാടകക്കാരൻ പറയും.
'എന്താ ചേച്ചീ ധൃതി. അവള് പഠിയ്ക്ക്യല്ലെ. ആ കോഴ്സ് ഒന്നു കഴിഞ്ഞോട്ടെ.'
മാലതിയ്ക്കതു ബോധ്യമായില്ല. ഇതാണവളുടെ പ്രായം. വൈകുംതോറും അവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിയ്ക്കയാണ്. പഠിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ അഭിനയിച്ച് പേരും പ്രശസ്തിയും നേടിയ എത്ര താരങ്ങളുണ്ട്? അവരുടെ നിർബ്ബന്ധം സഹിക്ക വയ്യാതായപ്പോൾ അയാൾ – നമുക്കയാളെ നിർമ്മാതാവ് എന്നു വിളിയ്ക്കാം – പറഞ്ഞു.
'അങ്ങിനെയാണെങ്കിൽ ചേച്ചീ മോളെ ഈ വരണ ഞായറാഴ്ച പറഞ്ഞയക്കു. പുതിയ സീരിയല് തുടങ്ങ്വാണ്. അതില് ഒരു ഫീമേയ്ൽ റോള്ണ്ട്.'
എന്താ ചെയ്യാ? ഈ അമ്മ തീരെ വിടണ മട്ടില്ല. ആ കുട്ടിയെ കണ്ടാലറിയാം അവൾക്ക് ഇതിലൊന്നും താല്പര്യല്യാന്ന്, മാത്രല്ല താങ്ങാനും ആവില്ലാന്ന്. ഒരു പാവം കൊച്ച്. ഇതിനൊക്കെ തയ്യാറായവര് തന്നെ ധാരാളമുണ്ടല്ലൊ, പിന്നെ

എന്തിനാണ് ഈ പാവം പെൺകൊച്ചിനെ കഷ്ടപ്പെടുത്തണത്? അയാൾ മനസ്സാക്ഷിയെ തൽക്കാലം തൃപ്തിപ്പെടുത്തുവാൻ ശ്രമിയ്ക്കുകയാണ്. അയാളും ചിലപ്പോൾ ഒരു ശരാശരി മനുഷ്യനിൽനിന്ന് ഉയരാറുണ്ട്. അതു വിജയിക്കാറുണ്ടോ എന്നത് വേറെ കാര്യം.

അതാണ് ആ പെൺകൊച്ചിന്റെ വിധിയെങ്കിൽ അതുതന്നെ നടക്കട്ടെ. അയാൾ മനസ്സിൽ കരുതി. അതിന്റെ തലേലെഴുത്ത് മായ്ക്കാൻ എന്നെക്കൊണ്ട് വിചാരിച്ചാൽ നടക്കുമോ? എനിയ്ക്ക് വേറെ പ്രശ്നങ്ങളൊന്നും വരാഞ്ഞാൽ മതിയായിരുന്നു. ഇത് ഒരു അശ്ലീല സിനിമാ നിർമ്മാതാവിന്റെ മനസ്സിൽ നിന്നു വരുന്ന പ്രാർത്ഥന എന്ന നിലയ്ക്ക് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. സാധാരണ നിലയിൽ ഒരശ്ലീല സിനിമാ നിർമ്മാതാവിന്റെ മനസ്സ് ഈ വക മൃദുല വികാരങ്ങൾ ഏശാത്തവിധം കഠിനമായിരിക്കും.

ഞായറാഴ്ച രാവിലെ രമ അമ്മയുടെ ഒപ്പം ചുറ്റുവട്ടത്തുള്ള മൂന്ന് അമ്പലങ്ങളിൽ തൊഴുത് ഗണപതിയ്ക്ക് തേങ്ങയുടച്ച് പ്രസാദവുമായി ഒമ്പതു മണിയ്ക്ക്തന്നെ വീട്ടിലെത്തി. കാത്തിരുന്ന അച്ഛന്റെ ഒപ്പം പ്രാതൽ കഴിച്ചു.

'ഞാനിവളെ താഴത്തു കൊണ്ടുപോയാക്കട്ടെ. നേരത്തെ ചെല്ലാനാണ് അവര് പറഞ്ഞിരിക്കണത്.'

മകളെ അനുഗ്രഹിക്കുന്ന സമയത്ത് നാരായണൻ ആലോചിച്ചിരുന്നത് ഇതൊക്കെ ശരിയാണോ എന്നുതന്നെയായിരുന്നു. ഇതിന്റെയൊക്കെ ആവശ്യമെന്താണ്? മകളുടെ മുഖത്തെ ഭാവമെന്താണെന്ന് അയാൾക്കു മനസ്സിലായില്ല. അയാൾ എന്തുകൊണ്ടോ നിരത്തിലൂടെ അറവുശാലയിലേയ്ക്ക് നടത്തിക്കൊണ്ടു പോകുന്ന മൃഗങ്ങളെ ഓർത്തു. തനിയ്ക്കവളെ ഇപ്പോഴും തടഞ്ഞു നിർത്താമെന്നു വിചാരിക്കുമ്പോഴേയ്ക്ക് അമ്മയും മകളും താഴത്തെത്തിക്കഴിഞ്ഞു.

താഴെ വി.ഐ.പി. സ്വീകരണത്തിലേയ്ക്ക് എന്നു പറയണം. അവിടെ നിർമ്മാതാവും ഭാര്യയും രണ്ടു മക്കളും ഒരുങ്ങിയിരിക്കയാണ്.

'നിങ്ങള് സമയത്തിനു തന്നെ വന്നു അല്ലെ? നന്നായി. ഈ ബിസിനസ്സിൽ കൃത്യനിഷ്ഠ വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ ഹീറോ ഇപ്പൊ വരും. ഒപ്പം ഹീറോയിനുമുണ്ടാവും. അവരെത്തിയാൽ നമുക്ക് ഉടനെ തുടങ്ങാം. ഇരിയ്ക്കൂ.'

മാലതി ഇരുന്നുകൊണ്ട് സംസാരിയ്ക്കാൻ തുടങ്ങി. അവരുടെ സംശയങ്ങൾ നിരവധിയായിരുന്നു.

'എന്താണ് സീരിയലിലെ കഥ?' മാലതിയ്ക്ക് അറിയേണ്ടത് കഥ മാത്രമല്ല, തന്റെ മകൾക്ക് അതിൽ എത്ര പ്രാധാന്യമുള്ള ഭാഗമാണ് കൊടുക്കുന്നത് എന്നുകൂടിയാണ്.

'നമ്മൾ ഇന്ന് എഴുതിണ്ടാക്കണ കഥ്യൊന്നും ആയിരിക്കില്ല ഷൂട്ട് ചെയ്ത് കഴിയുമ്പൊണ്ടാവ്വാ. അതിനെടയ്ക്ക് സംവിധായകൻ എന്തെങ്കിലും മാറ്റം പറയും, നായകൻ എന്തെങ്കിലും മാറ്റം പറയും. അങ്ങിനെ പോയിപ്പോയി തൊടങ്ങുമ്പൊള്ള കഥ്യേ ആയിരിക്കില്ല കഴിയുമ്പോ.'

'മോക്ക് എന്തു റോളാണ് കൊടുക്കണത്?'

'എന്തു റോളാണ് കൊടുക്കണ്ടത്?'

'അല്ല ഞാനുദ്ദേശിക്കണത് ധാരാളം എക്സ്പോഷറുള്ള ഒരു റോളായിരിക്കണം. സീരിയല് കഴിയുമ്പഴേയ്ക്ക് അവള് അറിയപ്പെടണം.'

'അങ്ങനത്തെ റോള്തന്ന്യാ ഞാനുദ്ദേശിക്കണത്.' നിർമ്മാതാവ് പറഞ്ഞു. ഒപ്പംതന്നെ കരുതുകയും ചെയ്തു. എക്സ്പോഷറ് കൂടിപ്പോവ്വോന്ന് മാത്രേ നോക്കണ്ടു. ഒരര മണിക്കൂർ നിർമ്മാതാവുമായി സംസാരിച്ചിട്ടും മാലതിയ്ക്ക് ഉദ്ദേശിച്ച മറുപടിയൊന്നും കിട്ടുകയുണ്ടായില്ല. കാരണം അവരുടെ ചോദ്യങ്ങൾക്കുള്ള മറുപടിയൊന്നും നിർമ്മാതാവിന്റെ കയ്യിലില്ല. എല്ലാ ചോദ്യങ്ങൾക്കും കിട്ടുന്ന ഒഴുക്കൻ മട്ടിലുള്ള മറുപടികൊണ്ട് അവർക്ക് തൃപ്തിപ്പെടേണ്ടി വന്നു.

'ങാ സംവിധായകൻ വന്നു.' അയാൾ എഴുന്നേറ്റുകൊണ്ട് പറഞ്ഞു. ഗേയ്റ്റു കടന്ന് ഒരു മെലിഞ്ഞ മനുഷ്യൻ വന്നു.

'ങാ, പിന്നാലെത്തന്നെ നമ്മടെ ഹീറോ ഹീറോയിനുംണ്ട്.'

പിന്നിലായി ഒരു ചെറുപ്പക്കാരനും സുന്ദരിയായ ചെറുപ്പക്കാരിയും നടന്നു വന്നു. രണ്ടുപേരെയും ഒരു സീരിയലിലും കണ്ടതായി ഓർമ്മയില്ല. നായകനെയും നായികയെയും കണ്ടാൽ അവരോട് സംസാരിക്കണം, അവരുടെ ഇന്നയിന്ന സീരിയലിലെ അഭിനയത്തെ പ്രശംസിക്കണം എന്നൊക്കെ കരുതിയിരുന്ന മാലതിയ്ക്ക് ഒരു വലിയ നിരാശ കൊടുത്തുകൊണ്ട് അവർ അകത്തേയ്ക്കു നടന്നുപോയി.

'നേരം വൈകേണ്ട എന്നു കരുതിയിട്ടാണ്. അവർക്ക് ഇന്നുച്ചയ്ക്ക് വേറൊരിടത്ത് ഷൂട്ടിങ്ങ്ണ്ട്.' മാലതിയുടെ മുഖം വായിച്ചുകൊണ്ട് നിർമ്മാതാവ് പറഞ്ഞു. 'അപ്പോൾ ഇനി ചേച്ചി പൊയ്ക്കൊളു. ചേച്ചി ഇവിടെ നിന്നാൽ മോൾ ആകെ നേർവ്വസ്സാവും.'

'എനിക്കൊന്ന് കാണണംന്ന്ണ്ടായിരുന്നു.'

'കുറച്ചു ദിവസം കഴിയട്ടെ. ഇപ്പൊ വേണ്ട. എന്തെങ്കിലും ആവശ്യണ്ടെങ്കില് മോളില്ത്തന്ന്യാണല്ലൊ. വിളിക്കാം. ഇന്ന് മോളടെ സാമ്പ്ള് കൊറച്ച് ഷൂട്ട് ചെയ്യാം. റഷസ് ചേച്ചിയെ കാണിക്കാം. ഇന്ന് വൈകുന്നേരോ നാളെ രാവില്യോ. ന്നാ പോരെ?'

നിർമ്മാതാവ് അതും പറഞ്ഞ് വാതിലിന്റെ അടുത്തേയ്ക്ക് നടക്കുകയാണ്. ഉദ്ദേശിച്ചത് വളരെ പ്രകടം. അവർ അയാളുടെ സമയം കളയാതെ വേഗം ഒഴിവാവണം. മാലതി എഴുന്നേറ്റു. ആകെ പരിഭ്രമിച്ച് സോഫയിൽ നിന്ന് എഴുന്നേൽക്കാൻ ശ്രമിക്കുന്ന മകളെ ഒരിക്കൽക്കൂടി തിരിഞ്ഞുനോക്കി അവർ പുറത്തേയ്ക്കു കടന്നു.

അങ്ങിനെ വലിയ സംഭവങ്ങളൊന്നും ഇല്ലാതെ നാലാം ഭാഗവും കഴിഞ്ഞു. വലിയ സംഭവങ്ങളൊന്നുമില്ലെ?

എന്താണ് പറയുന്നത്? മകൾ ഒരു പുതിയ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. വിവാഹമല്ല. അഭിനയം. വിവാഹത്തിനുമുമ്പ് ഏതൊരു സ്ത്രീയും പുരുഷനും പഠിച്ചിരിക്കേണ്ട വിഷയം. മകൾ താഴത്തെ നിലയിൽ എങ്ങിനെ പെരുമാറുന്നു എന്നറിയാതെ അടുക്കളയിൽനിന്ന് ബാൽക്കണിയിലേയ്ക്ക് മാലതി നിരന്തരം യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ രമ അഭിനയത്തിന്റെ ബാലപാഠങ്ങൾ പഠിക്കുകയായിരുന്നു. എങ്ങിനെ നിൽക്കണം, നടക്കണം, കിടക്കണം.

'നമുക്ക് കുറച്ച് ഔട്ട്ഡോർ ഷൂട്ടിങ് നോക്കാം.' നിർമ്മാതാവ് പറഞ്ഞു. 'തൽക്കാലം നമ്മുടെ മുറ്റത്തും പറമ്പിലുമൊക്കെ മതി. എന്താ?'

രമ തലയാട്ടി. അര മണിക്കൂർ കൊണ്ട് കുറെയൊക്കെ ധൈര്യം സംഭരിച്ച രമയ്ക്ക് പിന്നീടുള്ള കാര്യങ്ങൾ അത്ര വിഷമമുള്ളതായി തോന്നിയില്ല. നായകന്റെ ഒപ്പം പൂന്തോട്ടത്തിൽ നടക്കുകയാണ് വേണ്ടത്. ശരി. പറയേണ്ട ഡയലോഗുകൾ സംവിധായകൻ പറഞ്ഞു കൊടുത്തു. 'ഞാൻ നിന്നെ എത്ര സ്നേഹിക്കുന്നുണ്ട്' എന്നു പറയുമ്പോൾ നായകൻ അവളുടെ അരക്കെട്ടിലൂടെ പിടിക്കുമെന്നതു മാത്രം അവൾക്കു ദഹിച്ചില്ല. സീരിയലുകളിൽ അതിലപ്പുറം വരുന്നുണ്ടെന്നോർത്തപ്പോഴാണ് അവൾ ഓർത്തത് താനൊരു സീരിയലിൽ പ്രധാനപ്പെട്ട റോളിൽ അഭിനയിക്കുകയാണെന്ന്. അവൾ മനസ്സില്ലാ മനസ്സോടെ നായകന്റെ ഒപ്പം പുറത്തു കടന്നു.

അടുക്കളയിൽനിന്ന് ബാൽക്കണിയിലേയ്ക്കുള്ള നിരവധി ഓട്ടത്തിനിടയിൽ മാലതി കണ്ടു, കാമറകൾ, റിഫ്ളക്ടേഴ്സ് തുടങ്ങിയവ മുറ്റത്തെ തോട്ടത്തിൽ സ്ഥാപിയ്ക്കുന്നു. അവർ ഓടിപ്പോയി ഭർത്താവിനെ വിളിച്ചു.

'നോക്കു, അവർ മുറ്റത്തുവെച്ചാണ് ഷൂട്ടിങ് നടത്തണത്. നമ്മടെ മോള് ണ്ടാവും അതില്. വരു.'

അച്ഛനും അമ്മയും ബാൽക്കണിയിൽനിന്നു നോക്കി നിൽക്കേ മകൾ നേരത്തെ വന്ന ചെറുപ്പക്കാരനും സംവിധായകനുമൊപ്പം പുറത്തേയ്ക്കു വന്നു. വന്ന ഉടനെ അവൾ നോക്കിയത് മുകളിലേയ്ക്കായിരുന്നു. പ്രതീക്ഷിച്ചപോലെ അമ്മയും അച്ഛനും നോക്കിനിൽക്കുന്നു. അവൾക്ക് അഭിമാനമൊന്നുമല്ല തോന്നിയത്. വല്ലായ്മയായിരുന്നു, കാരണം ഇനി ഷൂട്ടു ചെയ്യാൻ പോകുന്ന രംഗങ്ങൾ അച്ഛന്റെയും അമ്മയുടെയും മുമ്പിൽ വെച്ച് ചെയ്യേണ്ടതല്ലെന്നവൾക്കു മനസ്സിലായിരുന്നു. വെറുതെ അരക്കെട്ടിലൂടെ പിടിച്ചടുപ്പിക്കലാണെങ്കിലും അത് അച്ഛനമ്മമാരുടെ മുമ്പിൽ വെച്ച് വയ്യ. അവൾ വിളിച്ചു പറഞ്ഞു.

'അകത്തേയ്ക്കു പോകു.'

'ഞങ്ങളൊന്ന് നോക്കി നിക്കട്ടെ മോളെ.'

'ന്നാ ഞാൻ ഇതൊക്കെ നിർത്തി മോളിലേയ്ക്ക് വര്വാണ്.'

സംവിധായകൻ ഇടപെട്ടു.

'ആദ്യത്തെ ദിവസല്ലെ അങ്ങിന്യൊക്കെണ്ടാവും. നിങ്ങള് അകത്തു പോവിൻ, അവളെ നേർവ്വസ്സാക്കണ്ട.'

അവർ അകത്തേയ്ക്കു വലിഞ്ഞു, സമയം കളയാതെ കിടപ്പറയിലേയ്ക്കോടി അടച്ചിട്ട ജനലിന്റെ നേരിയ വിടവിലൂടെ നോക്കാൻ തുടങ്ങി.

എന്താണ് ചെയ്യേണ്ടത് എന്ന് സംവിധായകൻ അവർക്കു കാണിച്ചുകൊടുക്കുന്നുണ്ടായിരുന്നു. അയാൾതന്നെ രമയുടെ ഒപ്പം നടന്ന് ഒരു പൂച്ചെടിയുടെ മുമ്പിൽ നിന്നു. എന്താണ് സംസാരമെന്ന് മുകളിൽ നിൽക്കുന്നവർക്കു കേൾക്കാനായില്ല. അതിനുശേഷം അയാൾ അവളുടെ അരക്കെട്ടിലുടെ കയ്യിട്ട് അടുപ്പിച്ചു. അവൾ ഒഴിഞ്ഞുമാറി. സംവിധായകനും കണ്ടു നിന്നിരുന്ന നിർമ്മാതാവും അവളെ ഗുണദോഷിച്ചു. അവൾ തലയാട്ടി. ഇപ്പോൾ ക്യാമറകൾ പ്രവർത്തിക്കാൻ തുടങ്ങി. നായകൻ വന്ന് സംവിധായകൻ പറഞ്ഞപോലെ അഭിനയിച്ചു.

മുകളിൽ കണ്ടുനിന്ന അച്ഛന് വിഷമമായി. അയാൾ പറഞ്ഞു. 'ഇങ്ങിന്യൊക്കെ ചെയ്യുമോ? മോശല്ലെ?'

'എന്തു മോശം, ഇത് അഭിനയല്ലെ. എട്ടു മണിടെ സീരിയല് കണ്ടിട്ടില്ലെ. അതില് എന്തൊക്കെ ചെയ്യ്ണ്ണ്ട്. സീരിയലില് അഭിനയിക്കുമ്പോ അതൊക്കെ കുറച്ച് ചെയ്യേണ്ടി വരും.'

മുഴുവൻ തൃപ്തിയില്ലാതെ അച്ഛൻ നിൽക്കുമ്പോൾ താഴെ ഷൂട്ടിങ് പുരോഗമിക്കുകയാണ്. കാൽ മണിക്കൂറെടുത്ത ആ സീൻ കഴിഞ്ഞതോടെ എല്ലാവരും വീട്ടിനകത്തേയ്ക്കുതന്നെ പോയി. ഇനി ഇൻഡോർ ഷൂട്ടിങ്ങാണ്.

'നോക്കൂ നമ്മടെ മോള് ഇപ്പൊ അഭിനയിച്ചില്ലെ ഒരാള്ടെ ഒപ്പം, അയാളാണ് ഹീറോ. അപ്പൊ അവര് നമ്മടെ മോക്ക് നല്ല റോള്തന്ന്യാ കൊടുക്കണത്. ഒന്നുകില് ഹീറോയിൻ ആയിട്ട്, അല്ലെങ്കില് നല്ലോരു റോള്.' മകളുടെ ഉയർച്ചയിൽ തൃപ്തയായ അമ്മ സോഫയിൽ അമർന്നിരുന്നു. ചുളിവിൽ നേടുന്ന ഉയർച്ചയിൽ വിശ്വാസമില്ലാതിരുന്ന അച്ഛനും സോഫയിലിരുന്നു, അത്രതന്നെ അമർന്നിട്ടല്ലെന്നു മാത്രം.

അവരെ വിട്ട് നമുക്ക് താഴെ എന്തു നടക്കുന്നുവെന്ന് നോക്കുക. നമുക്ക് കാണാനും കേൾക്കാനും താല്പര്യമതാണല്ലൊ. ഇവിടെ വേണമെങ്കിൽ അഞ്ചാം ഭാഗം തുടങ്ങുന്നുവെന്ന് പറയാം, കാരണം ഇതുവരെയുണ്ടായ വിധത്തിലല്ല ഇനിയുള്ള കാര്യങ്ങൾ നീങ്ങാൻ പോകുന്നത്.

## അഞ്ച്.

ഔട്ട്ഡോർ ഷൂട്ടിങ് വളരെ വിജയകരമായിരുന്നു. രമയുടെ പെർഫോമൻസ് ടി.വി. സ്ക്രീനിൽ കാണിച്ചു കൊടുത്തപ്പോൾ അവൾക്കുതന്നെ ഒരു മതിപ്പു തോന്നി. നായകൻ തന്നെ പിടിച്ചടുപ്പിച്ചത് കുറച്ച് കൂടുതലായില്ലെ എന്ന സംശയം മാത്രം നിലനിന്നു. ഉം, സാരല്ല്യ.

'ഉഗ്രൻ!' നിർമ്മാതാവും സംവിധായകനും ഒരേ സ്വരത്തിൽ പറഞ്ഞു. രണ്ടുപേരും മാറിമാറി അവൾക്കു കൈകൊടുത്ത് അഭിനന്ദിച്ചു.

'നമുക്ക് ഒന്ന് ആഘോഷിച്ച് ബാക്കി ഷൂട്ടിങ് നടത്താം, എന്താ?'

'ശരി.' രമ ഒഴികെ മറ്റെല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു.

നിർമ്മാതാവിന്റെ ഭാര്യ ഒരു ട്രെയിൽ എല്ലാവർക്കും നാരങ്ങവെള്ളം കൊണ്ടുവന്നു. മറ്റൊരു ട്രെയിൽ ബിസ്ക്കറ്റും മറ്റു തീറ്റസാധനങ്ങളുമായി മൂത്ത മകളും.

'ഒരു പുതിയ താരം ജനിയ്ക്കുന്നതിന് ഇങ്ങിനെയൊന്നും പോര.' സംവിധായകൻ പറഞ്ഞു.

'അതൊക്കെ നമുക്ക് സാവധാനത്തിലാവാം. ജോലി സമയത്ത് ജോലി, അതു കഴിഞ്ഞ് ആഘോഷം. അതാണെന്റെ ഫിലോസഫി.'

'ഞാൻ ഒമാർ ഖയ്യാമിന്റെ ഭാഗത്താണ്.' സംവിധായകൻ പറഞ്ഞു. 'ഇന്ന് ആഘോഷം നാളെ വേല.'

'അങ്ങിനെയാണെങ്കിൽ വേലയേ ഉണ്ടാവില്ലല്ലൊ.' നിർമ്മാതാവ് പറഞ്ഞു. ഇന്നത്തെ നാളെ നാളത്തെ ഇന്നല്ലെ?'

എല്ലാവരും ചിരിക്കുകയാണ്. ചുറ്റുമുള്ളവരെല്ലാം വളരെ അകലെ നിൽക്കുന്ന പോലെയാണ് രമയ്ക്ക് ആദ്യം തോന്നിയത്. അവരുടെയെല്ലാം ശബ്ദം ദൂരെയായി കേൾക്കുന്നു. എന്തിനാണവർ ചിരിക്കുന്നത്? ആരോ അവളെ എഴുന്നേൽപ്പിയ്ക്കുന്നുണ്ട്. ഞാൻ തന്നെ എഴുന്നേൽക്കാമെന്നവൾ പറയുന്നുണ്ട്. പക്ഷെ വാക്കുകൾ എവിടെയോ ഒക്കെ തടഞ്ഞ് പുറത്തെത്തുന്നില്ല. കിടപ്പറയുടെ വാതിൽ കടക്കുന്നതവളറിയുന്നുണ്ട്. എന്തൊരു വെളിച്ചം. അതവളുടെ വിഷമിച്ചു തുറക്കാൻ ശ്രമിക്കുന്ന കണ്ണുകളെ വേദനിപ്പിക്കുകയാണ്. അവൾ കണ്ണു തുറന്നു പിടിയ്ക്കുന്നുണ്ട്, പക്ഷെ ഒന്നും കാണുന്നില്ല. ആവൂ..... എന്താണവർ എന്നെ ചെയ്യണത്?

രണ്ടു മണിക്കൂർ കഴിഞ്ഞു കാണും. ഷൂട്ടിങ് എന്തായെന്നറിയാൻ മാലതി താഴേയ്ക്കിറങ്ങി വന്നു. നിർമ്മാതാവാണ് വാതിൽ തുറന്നത്.

'അയ്യോ, ഇപ്പോൾ നിങ്ങള് വന്നാൽ എല്ലാം കൊളാവും. വളരെ സെന്റിമെന്റലായ ഒരു ഭാഗാണ് ഷൂട്ട് ചെയ്യണത്. ഇപ്പോ അവള് നിങ്ങളെ കണ്ടാൽ അവള്ടെ കോൺസെന്റ്രേഷനൊക്കെ പോവും. കഴിഞ്ഞാൽ പറഞ്ഞയക്കാം. എന്നാൽ പോരെ.'

'ഒന്നു കണ്ട് പോവാംന്ന് വെച്ചിട്ടാണ്.'

'അതാ പറഞ്ഞത് ഇപ്പൊ കണ്ടാൽ ശരിയാവില്ല. നിങ്ങള് സമാധാനായി പോവൂ. മോള് എല്ലാം നന്നായി ചെയ്യ്ണ്ണ്ട്.'

'ശരി, ന്നാൽ ഞാൻ ഊണു കഴിക്കാറാവുമ്പോ വിളിക്കാൻ വരാം.'

'അതൊന്നും വേണ്ട ചേച്ചീ, ഞങ്ങളൊക്കെ ഊണു കഴിയ്ക്കാതിരിക്ക്യാണോ ഇവിടെ? ഷൂട്ടിങ്ങിന്റെ എടേല് സമയം കിട്ടുമ്പോ ഭക്ഷണം കഴിക്കും. അതിനായിട്ട് വരണ്ട. ഹീറോവിന്റെ കാൾഷീറ്റ് കിട്ടാ നല്ല വെഷമം പിടിച്ച സംഗത്യാണ്. അപ്പൊ ഒരിക്കല് കിട്ടുമ്പോ പരമാവധി ഷൂട്ടിങ് കഴിക്കണം. കഴിഞ്ഞാ ഉടനെ ഞങ്ങള് മോളെ വിടാം.'

ഒരു പഴുതിൽക്കൂടിയും കയറാൻ പറ്റില്ലെന്നു മനസ്സിലാക്കിയ മാലതി തിരിച്ചുപോയി.

അകത്ത് ഷൂട്ടിങ് തകൃതിയിൽ നടക്കുകയാണ്. കഥാപാത്രങ്ങളും അഭിനേതാക്കളും മാറിമാറി വന്നു. അതിനിടയിൽ രമ കണ്ണു തുറന്നു. കണ്ണു തുറന്നെങ്കിലും മുഴുവനും കാണാൻ പറ്റുന്നില്ല. കാഴ്ച മങ്ങിയിട്ടുണ്ട്, എവിടെയോ ഒക്കെ തടസ്സപ്പെടുന്നപോലെ. തടസ്സമില്ലാത്തിടത്ത് കണ്ട കാഴ്ച രസിപ്പിക്കുന്നതായിരുന്നു. ശക്തിയേറിയ വിളക്കുകളുടെ വെളിച്ചത്തിൽ നഗ്നരായ ഏതാനും സ്ത്രീകളും പുരുഷന്മാരും. അതിൽ നിർമ്മാതാവിന്റെ ഭാര്യയും രണ്ട് മക്കളുമുണ്ട്. രണ്ടു ക്യാമറകൾ അവർക്കുനേരെ പിടിച്ചിരിക്കയാണ്. അവരാകട്ടെ...... രേവതി മുഖം തിരിച്ചില്ല, ബഹളം വെച്ചതുമില്ല. മനസ്സാകെ മരവിച്ചിരിയ്ക്കയാണ്. അതിനിടയ്ക്ക് ഏതോ പുരുഷൻ അവളെ എഴുന്നേൽപ്പിച്ചു. അപ്പോഴാണ് അവൾ സ്വന്തം ശരീരം ശ്രദ്ധിക്കുന്നത്. എവിടെപ്പോയി എന്റെ ഉടുപ്പുകൾ?

ഷൂട്ടിങ് തുടർന്നു.

എല്ലാം കഴിഞ്ഞപ്പോൾ രാത്രി എട്ടുമണിയായിരുന്നു. ഹോട്ടലിൽനിന്ന് ഭക്ഷണമെത്തിയിരുന്നു. അവൾ പറഞ്ഞു. 'ഞാനിനി വീട്ടിൽ പോയി കഴിക്കാം.'

'അതു പറ്റില്ല, ഇന്ന് കുട്ടി ഞങ്ങളുടെ അതിഥിയാണ്.' രമയുടെ നിസ്സംഗതയിൽ അദ്ഭുതപ്പെട്ടുകൊണ്ടിരുന്ന നിർമ്മാതാവ് പറഞ്ഞു. എന്താണ് ഈ കുട്ടി ഇങ്ങിനെ? അവൾ ഇതൊക്കെയായിരുന്നോ പ്രതീക്ഷിച്ചിരുന്നത്? എന്തായാലും ഈ ബിസിനസ്സിൽ നല്ല പരിചയമുള്ള അയാൾ അവളുടെ നിസ്സംഗതയോ കൂസലില്ലായ്മയോ മുഖവിലയ്ക്കെടുത്തില്ല. ഇവിടെനിന്ന് രക്ഷപ്പെടാനുള്ള അടവായിരിക്കണം അതെല്ലാം. അയാൾ അവളെ വിളിച്ച് അകത്തെ മുറിയിൽ കൊണ്ടു പോയി.

'ഞാൻ കുട്ടിയ്ക്ക് കുറച്ചു ഫോട്ടോകൾ കാണിച്ചു തരാം. ഒരു ചെറിയ വാണിങ് മാത്രം.' മുമ്പിൽ സ്ക്രീനിൽ ഓരോന്നോരോന്നായി പ്രത്യക്ഷപ്പെടുന്ന ചിത്രങ്ങൾ അവൾ നോക്കി.

'ഞാൻ കുട്ടിയുടെ അമ്മയെ കുറേ നിരുത്സാഹപ്പെടുത്തിയതാണ്. എന്താ മോളടെ പേര് രമ. അതെ, രമ ഇതിനൊന്നും പറ്റിയതല്ലാന്ന്. പക്ഷെ അമ്മയ്ക്ക് ഒരേ നിർബ്ബന്ധം. ഞാനെന്താ ചെയ്യാ? ഏതായാലും തുടങ്ങിയ സ്ഥിതിയ്ക്ക് ഒന്നേ ചെയ്യാനുള്ളു. കുട്ടി നന്നായി നിന്നാൽ ഈ ചിത്രങ്ങളൊക്കെ എന്റെ കയ്യിൽത്തന്നെ ഇരിയ്ക്കും. മറിച്ചാണെങ്കിൽ ഒരു ദിവസത്തിനുള്ളിൽ ഈ ചിത്രങ്ങളൊക്കെ ഇന്റർനെറ്റിലെത്തും. മനസ്സിലായോ. ഇന്ന് ഷൂട്ട് ചെയ്ത മൂവി ഇവിട്യൊന്നും വിൽക്കാനുള്ളതല്ല. അതെല്ലാം പോണത് പുറം രാജ്യങ്ങളിലേയ്ക്കാണ്. കുട്ടിയ്ക്കതുകൊണ്ട് കുഴപ്പൊന്നുംണ്ടാവില്ല. ഇനിയും ഞാൻ വിളിച്ചാൽ വരണം. അടുത്ത ആഴ്ച തേക്കടിയിലും മൂന്നാറിലും ആണ് ഷൂട്ടിങ്. വരണം. മനസ്സിലായോ? പിന്നെ വേറൊരു കാര്യം, എന്തെങ്കിലും കുഴപ്പമുണ്ടാക്കിയാൽ എനിയ്ക്ക് ആളുകളുണ്ട്. എന്തും ചെയ്യാൻ മടിയ്ക്കാത്ത കൂട്ടർ. കുട്ടീടെ അച്ഛനും അമ്മയ്ക്കുമായിരിക്കും പ്രശ്നം.'

അയാൾ ഒരു കവർ അവൾക്കു നേരെ നീട്ടി. 'ഇതു കുട്ടിയ്ക്കാണ്. ഒരു ചെറിയ പാരിതോഷികം മാത്രം.'

അവൾ വേണ്ടെന്ന് പറഞ്ഞു.

'അതു പറ്റില്ല. ജോലി ചെയ്തതിന് പ്രതിഫലം വാങ്ങണം. ഇതു വാങ്ങു.' അയാൾ ആ കവർ രമയുടെ കയ്യിൽ പിടിപ്പിച്ചു.

രമ തലയാട്ടി. അവളുടെ മനസ്സ് മരവിച്ചിരിയ്ക്കയാണ്. സ്വന്തം ഭാവിയും സ്വപ്നങ്ങളും അവൾ ഒരു തീപ്പെട്ടിക്കോൽ കത്തിച്ചു കളയുന്ന ലാഘവത്തോടെ കത്തിച്ചു കളഞ്ഞു. ഇപ്പോൾ അവൾ കത്തിയ ഒരു കൊള്ളി മാത്രമാണ്.

ഒമ്പതു മണിയ്ക്ക് വീട്ടിലെത്തിയ അവളെ സ്വീകരിക്കാനും അന്നു നടന്ന കാര്യങ്ങളെക്കുറിച്ച് വിശദമായി റിപ്പോർട്ട് മേടിക്കാനും അമ്മ കാത്തു നിന്നിരുന്നു.

'നീ വല്ലതും കഴിച്ചുവോ മോളെ?'

'കഴിച്ചു. ഞാനുറങ്ങാൻ പോവ്വാണ്. എന്നെ ബുദ്ധിമുട്ടിയ്ക്കരുത്.'

'നീ നല്ലോണം ക്ഷീണിച്ചിട്ടുണ്ട്. ഒന്ന് മേൽ കഴുകീട്ട് കെടന്നോളു.'

'എന്നെക്കൊണ്ട് അതിനൊന്നും വയ്യ. ഞാനൊറങ്ങാൻ പോവ്വാണ്. ഇനി എന്നെ വിളിക്കര്ത്.' പെട്ടെന്ന് ഓർമ്മ വന്നപ്പോൾ അവൾ നിർമ്മാതാവ് തന്ന കവർ അമ്മയ്ക്കു കൊടുത്തു. 'ഇതാ ഇതയാള് തന്നതാണ്.' കൂടുതൽ പറയാൻ ഓങ്ങിയ അവൾ അച്ഛന്റെ മുഖത്തു നോക്കി. പിന്നെ ഒന്നും പറയാതെ അവളുടെ മുറിയിൽ കയറി വാതിലടച്ചു.

മകൾ ഇത്ര പരുഷമായി സംസാരിക്കാറില്ല.

'അവൾക്ക് തീരെ വയ്യാന്ന് തോന്നുണു.' മാലതി പറഞ്ഞു.

'എങ്ങിന്യാ വയ്ക്ക്യാ?' നാരായണൻ പറഞ്ഞു. 'നെന്റെ ഓരോ പ്രാന്തു കാരണം ആ പാവം കുട്ടിയ്ക്കാണ് പാടു മുഴുവൻ. ഇപ്പഴെങ്കിലും അതിന് സ്വൈരം കൊടുക്ക്.'

രമ തന്ന കവർ തുറക്കുകയായിരുന്നു മാലതി.

'നോക്കു, അഞ്ഞൂറു രൂപണ്ട്. ആദ്യത്തെ ദിവസംതന്നെ ആയാള് പ്രതിഫലം കൊടുത്തിരിക്കുണു.'

എന്തായാലും നാളെത്തന്നെ ഭഗവാന് ഒരു പായസം കഴിയ്ക്കണം. രാവിലെത്തന്നെ മോളേംകൊണ്ട് അമ്പലത്തില് പോണം.

അഞ്ഞൂറ് അയ്യായിരവും അമ്പതിനായിരവുമാകുന്നത് സ്വപ്നം കണ്ടുകൊണ്ട് ആ അമ്മ ഉറങ്ങാൻ പോകുമ്പോൾ നമ്മൾ ആറാമത്തെ ഭാഗത്തേയ്ക്കു കടക്കുകയാണ്.

**ആറ്.**

ആറാം ഭാഗത്തിൽ എനിയ്ക്ക് വേണമെങ്കിൽ അടുത്ത ആഴ്ച നിർമ്മാതാവും കൂട്ടരും രമയേയും കൂട്ടി മൂന്നാർ തേക്കടി ഭാഗങ്ങളിൽ പോയതിനെപ്പറ്റി വിശദമായി പറയാം. അതു കഴിഞ്ഞ് ഏഴും എട്ടും ഭാഗങ്ങളിലായി മറ്റു സുഖവാസസ്ഥലങ്ങളിൽ പോയതിനെപ്പറ്റിയും രമയെ വലിയ വലിയ ആളുകൾക്കു കാഴ്ചവെച്ചതിനെപ്പറ്റിയും എഴുതാം. മാസങ്ങൾ കഴിയുമ്പോൾ ആ പെൺകുട്ടി ഒരു ചണ്ടിയായി ഏതെങ്കിലും ആസ്പത്രിയിൽ ഒടുങ്ങുന്നതും.

അതും കഴിഞ്ഞാൽ തുടർച്ചയായ ഭാഗങ്ങളിൽ രാഷ്ട്രീയക്കാർ ആത്മാർത്ഥതയില്ലാതെ നടത്തുന്ന പ്രസ്താവനകൾ, കാലാകാലങ്ങളിൽ നിയമിതമാകുന്ന അന്വേഷണക്കമ്മീഷനുകൾ, അവയുടെ കണ്ടുപിടുത്തങ്ങൾ, സ്ത്രീസ്വത്വവാദികൾ ഇടയ്ക്കിടയ്ക്ക് മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് നിരത്തുകളിലൂടെ നടത്തുന്ന പ്രകടനങ്ങൾ എന്നിവയെപ്പറ്റിയെല്ലാം എഴുതാം. അവയെല്ലാം ഒരു ഭാഗത്ത് മുറയ്ക്കു നടക്കുമ്പോൾ മറ്റൊരു രമ ഇങ്ങിനെയുള്ള ഒരു കെണിയിൽ പെടുന്നു. പക്ഷെ പ്രശസ്തിയ്ക്കും പണത്തിനും വേണ്ടി ദാഹിക്കുകയും അതിനുവേണ്ടി സ്വന്തം പെൺമക്കളെ ഹോമിയ്ക്കാൻ തയ്യാറാവുകയും ചെയ്യുന്ന അച്ഛനമ്മമാരുടെ മനസ്സിന്റെ ഇരുണ്ടു നാറുന്ന ഇടവഴികളിലേയ്ക്ക് ആരാണ് വെളിച്ചം കാണിയ്ക്കുക?

back to index

# ദൈവത്തിന്റെ സ്വപ്നങ്ങൾ

**ദൈ**വം, ആശുപത്രി മുറിയുടെ വാതിൽക്കൽ വന്ന് കിടക്കയിൽ അമ്മയുടെ ഒപ്പം കിടക്കുന്ന ചിന്നുവിനെ നോക്കി, മൂക്കത്തു വിരൽ വെച്ചു. പിന്നെ സാവധാനത്തിൽ നടന്ന് കട്ടിലിന്നരികിലെത്തി. കുറച്ചുനേരം അവളെ നോക്കിനിന്ന ശേഷം ചോദിച്ചു.

'എന്താണീ കാണിച്ചു വച്ചിരിക്കണത്? ഞാനീ കുട്ടിയെ ഇങ്ങിനെയൊന്നുമല്ലല്ലൊ ഈ ലോകത്തേയ്ക്ക് പറഞ്ഞയിച്ചിരുന്നത്?'

ചിന്നുവിന് സങ്കടം വന്നു. അവൾ ചുണ്ടു പിളർത്തി കരയാൻ തുടങ്ങി.

'സാരല്ല്യ.' ദൈവം അവളുടെ നെറ്റിമേൽ തലോടി ആശ്വസിപ്പിച്ചു. 'എന്താണ്ടായത് മോളെ?'

ഒരു മണിക്കൂർ മുമ്പാണതുണ്ടായത്. സിസ്റ്റർ അവളുടെ പുറംകയ്യിൽ എത്ര കുത്താണ് കുത്തിയത്. അവസാനം അവിടെ ഒരു സൂചി താഴ്ത്തി അതിന്റെ അറ്റത്ത് രണ്ടു നിറത്തിലുള്ള പ്ലാസ്റ്റിക് മൊട്ടുകൾ സ്ഥാപിച്ചു. അവൾ വേദനകൊണ്ടും ഭയം കൊണ്ടും വാവിട്ട് നിലവിളിച്ചു. പുറത്തു കാത്തുനിന്നിരുന്ന അമ്മയും ചിന്നുവിനെ കണ്ടപ്പോൾ കരയാൻ തുടങ്ങി, ഒപ്പംതന്നെ അവളെ ആശ്വസിപ്പിക്കാനും. 'സാരല്യ മോളെ, അമ്മേടെ മോളെ ഇനി ആരും ഉപദ്രവിക്കില്ല. നമുക്ക് വേഗം മുറീല് പോയി അമ്മമ്മേ കാണാം.'

മുറിയിൽ അമ്മമ്മ കാത്തുനിന്നിരുന്നു. അമ്മമ്മയെ കണ്ടതും ചിന്നു വീണ്ടും ചുണ്ടു പിളർത്തി കരയാൻ തുടങ്ങി. അമ്മമ്മ അവളെ വാരിയെടുത്തു.

'മോള് കരയണ്ട.'

'നല്ലോണം വേദനിച്ചുന്ന് തോന്നുണു.' അമ്മ പറഞ്ഞു. 'പാവം എന്തു കരച്ചിലായിരുന്നു.'

'ങാ, കരച്ചില് ഇവിടെ കേട്ടു. എനിക്ക് വല്ലാണ്ടെ വെഷമായി. സാരല്യ മോളെ.' അമ്മമ്മ ഒരിക്കൽക്കൂടി പറഞ്ഞു. 'മോളടെ ഉവ്വ് മാറാനല്ലെ അവര് ഇതൊക്കെ ചെയ്യണത്.'

'അല്ലാ.....' അവൾ തേങ്ങലിനിടയിൽ പറഞ്ഞു.

'സാരല്യ, അമ്മോട് കുറച്ച് അമ്മിഞ്ഞ തരാൻ പറയാം.'

അമ്മ കിടക്കയിൽ കിടന്നു കഴിഞ്ഞു. പത്തു മിനുറ്റ് കഴിഞ്ഞ് അമ്മമ്മ ശബ്ദം താഴ്ത്തി ചോദിച്ചു.

'മോളെ ചിന്നു ഒറങ്ങ്യോ?'

'എവിടെ അമ്മേ? അവളിവിടെ കുടിച്ച് പൂസാവാണ്.'

ചിന്നു കുടി നിർത്തി മലർന്നു കിടന്ന് അല്പം ലഹരിയോടെ അമ്മമ്മയെ നോക്കി ചിരിച്ചു.

'അവളെ കുറച്ചു നേരം ഒറക്കാൻ നോക്ക്.' അമ്മമ്മ പറഞ്ഞു.

ചിന്നു വീണ്ടും അവളുടെ പാനപാത്രത്തിലേയ്ക്ക് തിരിഞ്ഞു.

അഞ്ചു മിനിറ്റിനകം ഡോക്ടർ വന്നപ്പോൾ ചിന്നുവിന്റെ പാനപാത്രം ഒളിപ്പിയ്ക്കപ്പെട്ടു. ഡോക്ടർ കുഴൽ വച്ച് പരിശോധിക്കാൻ തുടങ്ങി.

'എന്തേ പനി വരാൻ കാരണം?'

'അവൾ മഴയത്തു കളിച്ചു, അതുതന്നെ.' അമ്മ പറഞ്ഞു.

ഡോക്ടർ ഗൗരവത്തോടെ തലയാട്ടി. അവളുടെ പുറംകയ്യിൽ കുറച്ചുമുമ്പ് സിസ്റ്റർമാർ സൃഷ്ടിച്ച കലാവസ്തു അയാൾ സംതൃപ്തിയോടെ നോക്കി.

ഡോക്ടർ പോയി അല്പസമയത്തിനുള്ളിൽ സിസ്റ്റർ തലതിരിച്ചു പിടിച്ച കുപ്പിയും അതിൽനിന്ന് നീണ്ടു വരുന്ന കുഴലുമായി അവളുടെ അടുത്തു വന്നു. കുപ്പി സ്റ്റാന്റിൽ തൂക്കിയിട്ട ശേഷം ചിന്നുവിന്റെ പുറം കയ്യിലെ അടപ്പ് തുറന്ന് കുഴൽ അതിലേയ്ക്കു ഘടിപ്പിച്ചു. സിസ്റ്റർ വാച്ച് നോക്കി കുപ്പിയിൽനിന്നു വരുന്ന തുള്ളികൾ ക്രമപ്പെടുത്തുന്നത് ചിന്നു ഭീതിയോടെ നോക്കി.

'കുട്ടീടെ കയ്യ് എളകാതെ നോക്കണം.' പോകുമ്പോൾ സിസ്റ്റർ പറഞ്ഞു.

അമ്മമ്മ അവളുടെ കൈ കിടക്കയിൽ അമർത്തിപ്പിടിച്ചു.

അവൾ സാവധാനത്തിൽ ഉറക്കത്തിലേയ്ക്ക് യാത്രയായി. ഉറക്കത്തിൽ അവൾ ദൈവം വരുന്നതു കണ്ടു. അദ്ദേഹം അവളുടെ കവിളിലും നെറ്റിമേലും വളരെ മൃദുവായി തലോടി.

'എന്താണീ കാട്ടിയിരിക്കണത്?' ദൈവം ഗൗരവത്തോടെ വീണ്ടും ചോദിച്ചു. 'ഇങ്ങിന്യാണോ ഞാനീ കുട്ടിയെ ഇങ്ങട്ട് പറഞ്ഞയച്ചത്?'

ചിന്നുവിന് സങ്കടം വരുന്നുണ്ടായിരുന്നു.

'ആരാണീ പണി ചെയ്തത്?' ദൈവം ചോദിച്ചു. 'ഡോക്ടറാണോ?'

അവൾ ഓർത്തു. ഒരു സിസ്റ്റർ അവളുടെ കൈ അമർത്തി പിടിക്കുകയായിരുന്നു. മറ്റൊരു സിസ്റ്റർ അവളുടെ പുറം കയ്യിൽ സൂചി കയറ്റുകയും. ഡോക്ടർ അവിടെയൊന്നുമില്ലായിരുന്നു. എന്നിട്ടും ദൈവം ഡോക്ടറാണോ ഇതു ചെയ്തത് എന്നു ചോദിച്ചപ്പോൾ അവൾ അതെ എന്നു തലയാട്ടി. എന്തുകൊണ്ടോ ഡോക്ടറാണ് ഇതിനു പിന്നിലെന്നവൾക്കു തോന്നിയിരുന്നു. ഡോക്ടർ അവളുടെ പുറം കൈ പിടിച്ചു അവിടെ പിടിപ്പിച്ച സാധനം

നോക്കി സംതൃപ്തിയോടെ തലയാട്ടിയതവൾ ശ്രദ്ധിച്ചിരുന്നു.

ദൈവം കൈകൊണ്ട് എന്തോ കാണിച്ചു. അദ്ഭുതം തന്നെ, പിന്നെ ചിന്നു കണ്ടത് ഡോക്ടർ ദൈവത്തിനു മുമ്പിൽ നിൽക്കുന്നതാണ്. തല കുനിച്ചു നിൽക്കുന്ന ഡോക്ടറോട് ദൈവം കുറച്ചുറക്കെത്തന്നെ ചോദിച്ചു.

'ആരാണിതു ചെയ്തത്? എന്തായിരുന്നു അതിന്റെ ആവശ്യം?'

ഡോക്ടർ തലയുയർത്തി ചിന്നുവിനെ നോക്കി. അയാളുടെ മുഖത്തെ വല്ലായ്മ കണ്ടപ്പോൾ അവൾക്കു സങ്കടം തോന്നി. എന്തൊക്കെയായാലും അവൾക്ക് ഡോക്ടറങ്കിളിനെ ഇഷ്ടമായിരുന്നു.

'ഞാൻ ചോദിച്ചതിനു മറുപടി പറയു.'

'കുട്ടീടെ പനി മാറാൻ ഇതാവശ്യാണ്?'

'തീർച്ച്യാണോ?'

'അതെ, ദിവസത്തില് നാല് ഇഞ്ചക്ഷൻ കൊടുക്കണം. അപ്പൊ ഓരോ പ്രാവശ്യം വേദനിപ്പിക്കണതിലും ഭേദം ഒരിയ്ക്കൽ മാത്രം വേദനിപ്പിയ്ക്കല്ലെ?'

'എങ്ങിന്യാണ് പനി വന്നത്?'

ദൈവം തന്നോടല്ല ചോദിച്ചതെന്ന് ചിന്നുവിന് മനസ്സിലായി. എന്താണ് മറുപടി പറയേണ്ടത് എന്നാലോചിയ്ക്കുമ്പോഴേയ്ക്ക് അമ്മ പറഞ്ഞു.

'കുറുമ്പ് കാണിച്ചിട്ടാന്ന്. അവള് മഴയത്ത് ഓടിക്കളിയ്ക്ക്യായിരുന്നു.'

അപ്പോൾ, അമ്മ ഉണർന്നു കിടക്ക്വായിരുന്നു അല്ലേ? കേമി! ചിന്നു വിചാരിച്ചു.

'കുറുമ്പ് കാണിച്ചിട്ടോ?' ദൈവം ചോദിച്ചു.

'ഉം, വലിയ കുറുമ്പിയാണ്.' അമ്മയുടെ അഭിപ്രായം.

'അത് ശരിയല്ല.' ദൈവം പറഞ്ഞു. 'ഞാൻ മഴ പറഞ്ഞയക്കണത് കുട്ടികൾക്ക് കളിക്കാനല്ല, കെണറും കൊളവും പുഴയും ഒക്കെ നെറയാനാണ്. ചെടികൾക്കും മരങ്ങൾക്കും വളരാൻ വേണ്ടിയാണ്. അതില്ണ്ടാവണ പൂക്കളും പഴങ്ങളും കുട്ടികൾക്കും കിളികൾക്കും കണ്ടു രസിയ്ക്കാനും തിന്നാനും വേണ്ടിയാണ്.'

ചിന്നു മുഖം താഴ്ത്തിയിരുന്നു. ദൈവം തുടർന്നു. 'കൊച്ചുകുട്ടികളാവുമ്പോൾ അവർക്ക് പുറത്തിറങ്ങി മഴയത്ത് കളിക്കാനൊക്കെ തോന്നും. മുതിർന്നവർ സ്നേഹത്തോടെ അവരെ അതിൽനിന്നു വിലക്കാണ് വേണ്ടത്. അല്ലാതെ അവർക്കു പനി പിടിയ്ക്കണവരെ നോക്കിനിന്ന്ട്ട് അവരെ ആശുപത്രിയിൽ കൊണ്ടോന്ന് ഇഞ്ചക്ഷൻ കൊടുത്ത് വേദനിപ്പിക്ക്യല്ല.'

ദൈവം തന്റെ ഭാഗത്തു തന്നെയാണെന്നു കണ്ടപ്പോൾ ചിന്നുവിന് ആശ്വാസമായി.

അപ്പോഴാണ് അമ്മ പറയുന്നത്.

'ദൈവം തമ്പുരാൻ ഈ പെണ്ണിന്റെ കുറുമ്പ് അറിയാഞ്ഞിട്ടാ. പറഞ്ഞത് എപ്പഴെങ്കിലും കേട്ടങ്കിലല്ലെ.........'

'അത്യോ മോളെ?' ദൈവം തിരിഞ്ഞ് ചിന്നുവിനോട് ചോദിച്ചു.

അവൾ വലിയ ഉറപ്പില്ലാതെ തലയാട്ടി. അതിനർത്ഥം എന്തുമാവാം. തന്റെ കയ്യിലിരിപ്പ് ദൈവത്തിന് എങ്ങിനെയായാലും മനസ്സിലാവുമെന്നും അതുകൊണ്ട് നുണ പറഞ്ഞിട്ട് കാര്യമില്ലെന്നും അവൾക്കു തോന്നി.

'ഇല്ല,' ദൈവം പറഞ്ഞു. 'അവൾ നല്ല കുട്ടിയാണ്. കുട്ടികളായാൽ കുറച്ചൊക്കെ കുറുമ്പുണ്ടാവും. നിങ്ങളൊക്കെ ചെറുതാവുമ്പോഴുണ്ടായിരുന്നത്ര കുറുമ്പ് ഇവൾക്കില്ലല്ലൊ. നിങ്ങളുടെയൊക്കെ കുറുമ്പ് ഞാൻ എത്ര കണ്ടിരിയ്ക്കുന്നു? എത്ര സഹിച്ചിരിയ്ക്കുണു?'

ഇപ്പോൾ തല താഴ്ത്തിയത് അമ്മയും ഡോക്ടറുമാണ്.

'ശര്യാ തമ്പുരാൻ പറേണത്? ഇവൾക്ക് എന്തു കുറുമ്പായിരുന്നു കുട്ട്യാവുമ്പൊ?'

ചിന്നു തലതിരിച്ചു നോക്കി. അമ്മമ്മയാണ്. അമ്മമ്മ എപ്പഴാണ് ഒണർന്നത്? അമ്മമ്മ തുടർന്നു.

'ഒരീസം, പറഞ്ഞത് കേക്കാത്തതിന് രണ്ട് മണിക്കൂറ് നേരം മുറീല് അടച്ചിട്ടിട്ട്ണ്ട്. എന്നിട്ടെന്താ കുറുമ്പിന് ഭേദണ്ടായോ? ന്റെ കുഞ്ഞിമോൾക്ക് ഒരു കുറുമ്പുംല്ല്യ. ഇത്ര നല്ല കുട്ട്യേ കാണാൻ കിട്ടില്ല.'

ചിന്നു ആശ്വാസത്തോടെ ദീർഘശ്വാസം വിട്ടു. ആവു! അമ്മമ്മ അവളുടെ ഭാഗത്താണെന്ന് അവൾക്കറിയാമായിരുന്നു. എന്നാലും ഒരു നിർണ്ണായക ഘട്ടത്തിൽ എന്താണ്ടാവ്വാന്ന് പറയാൻ പറ്റില്ലല്ലൊ.

'നീ കേട്ടോ ചിന്നുമോൾടെ അമ്മമ്മ പറയണത്?' ദൈവം, ചമ്മിയ മുഖവുമായി നിൽക്കുന്ന അമ്മയോട് ചോദിച്ചു.'എന്നിട്ടല്ലെ ഇത്രേം നല്ലൊരു കുട്ടീനെ കുറുമ്പീന്ന് വിളിക്കണത്?'

ആർക്കും ഒന്നും പറയാനില്ലാതായി. അമ്മ തോറ്റ മുഖത്തോടെ ഇരിയ്ക്കുകയാണ്. ഡോക്ടറാകട്ടെ വാടിയ മുഖം താഴ്ത്തി നിൽക്കുന്നു.

'ആട്ടെ, ഇനി എന്താണ് വേണ്ടത്? ചിന്നുവിനെ വേദനിപ്പിച്ചതിന് ശിക്ഷ, അല്ലെ?'

ചിന്നു തലയാട്ടി. ദൈവം വായുവിലൂടെ കൈ ചുഴറ്റി. നോക്കുമ്പോൾ കയ്യിൽ ഒരു വലിയ ചൂരൽവടി.

'കൈ നീട്ടു.' ദൈവം ഡോക്ടറോടു പറഞ്ഞു.

ഡോക്ടർ ഭയത്തോടെ കൈ നീട്ടി. ദൈവം ചിന്നുവിനോടു ചോദിച്ചു.

'എത്ര അടി കൊടുക്കണം മോളെ?'

ഡോക്ടറുടെ മുഖം ദയനീയമായിരുന്നു. ചിന്നുവിന് സങ്കടം വന്നു. അവൾ കൈയ്യുയർത്തി പറഞ്ഞു.

'വേണ്ട, ഡോക്ടറങ്കിളിനെ അടിയ്ക്കണ്ട.'

'അടിയ്ക്കണ്ടെ, ന്നാൽ വേണ്ട.' ദൈവം പറഞ്ഞു.

ഡോക്ടറുടെ മുഖം തെളിഞ്ഞു. ഡോക്ടർ വന്ന് ചിന്നുവിന്റെ രണ്ടു കവിളിലും ഉമ്മവെച്ച് ഓടിപ്പോയി. ദൈവത്തിന്റെ കയ്യിൽനിന്ന് വടി അപ്രത്യക്ഷമായി.

'കണ്ടോ, എത്ര നല്ല കുട്ടിയാണവൾ? അവളെ വേദനിപ്പിച്ചവരെക്കൂടി ശിക്ഷിയ്ക്കുന്നില്ല!' ദൈവം അവളെ എടുത്ത് മാറോടു ചേർത്ത് ആട്ടി. അവളുടെ തലയിലും പുറത്തും തലോടിക്കൊണ്ട് ദൈവത്തിനു മാത്രം പാടാൻ പറ്റുന്ന താരാട്ടു പാടി.

വേദനയെല്ലാം മറന്ന് ചിന്നു ഉറക്കമായി. ഉറക്കത്തിൽ ചോദ്യങ്ങൾ അവൾക്കു ചുറ്റും ഇളംകാറ്റിൽ അപ്പൂപ്പൻതാടികൾപോലെ പറന്നു കളിയ്ക്കുന്നതവൾ കണ്ടു. പല വലുപ്പത്തിൽ പല തരത്തിലുള്ള ചോദ്യങ്ങൾ. അതിൽ ഏറ്റവും വലിയ ചോദ്യം ഇതായിരുന്നു. ഇത്രയും വേദന കൊടുക്കാതെ ഒരു കൊച്ചുകുട്ടിയുടെ അസുഖം മാറ്റാൻ പറ്റില്ലെ?

ആ അപ്പൂപ്പൻതാടികൾ ദൈവം കണ്ടിരുന്ന സ്വപ്നങ്ങളായിരുന്നു.

back to index

# അമ്മേ അവര് നമ്മടെ ആകാശം കട്ടെടുത്തു

## ഒന്ന്

**അ**രുൺ നോക്കുമ്പോൾ ആകാശം അവിടെത്തന്നെയുണ്ട്. അവന്റെ ആകാശം. ചിലപ്പോൾ നീല, ചിലപ്പോൾ ചാര നിറം. ഒഴിഞ്ഞുകിടക്കുന്ന ആകാശം, അവന്റെ വയർപോലെ. പണിയ്ക്കു പോയ അമ്മ തിരിച്ചുവന്നാലെ അവന്റെ വയർ നിറയു.

അഞ്ചു മിനുറ്റു ദൂരം നടക്കാനുള്ളിടത്തെ ഒരു രണ്ടുനില വീട്ടിൽ അവന്റെ അമ്മ ജോലിയെടുക്കുകയാണ്. സമയം എട്ടായി. ആറു മണിയ്ക്ക് തുടങ്ങിയ ജോലി ഇനിയും കഴിഞ്ഞിട്ടില്ല. നിലം തുടയ്ക്കുന്ന പണി ഇനിയും ബാക്കിയാണ്. കൈകൾ വഴങ്ങുന്നില്ല. കമലമ്മ രണ്ടു പ്രാവശ്യം തുണി തിരുമ്പുന്നിടത്തു വന്നു നോക്കി.

'എന്താ നീയിന്ന് ഒഴപ്പണത്, മാതൂ. അടുക്കളേല് ഒരൊറ്റ പാത്രം ഇല്ല. ഒക്കെ കഴുകാനിട്ടിരിക്ക്യാണ്. തുണി തിരുമ്പീട്ട് നീയിപ്പൊ വരുംച്ചിട്ട് ഞാനവിടെ കാത്തിരിക്ക്യാണ്.'

'ഇപ്പൊ വരാം ചേച്ചീ. ഇതൊക്കെ ഒന്ന് ഒലുമ്പിയെടുക്കട്ടെ.'

മലവെള്ളംപോലെ ടാപ്പിൽക്കൂടി കുത്തിയൊഴുകുന്ന വെള്ളം കണ്ടാൽ അവൾക്ക് ഹരമാണ്. രാത്രി നിരത്തിനു മുമ്പിലുള്ള പൊതുടാപ്പിൽനിന്ന് ഒന്നോ രണ്ടോ കുടം വെള്ളം പിടിയ്ക്കാൻ നിത്യവും ഉറക്കമൊഴിക്കുന്നത് ഓർമ്മ വരും. ഈ വലിയ വീടുകളെല്ലാം ഒരേ നിരത്തിൽത്തന്നെ ഇരുവശത്തുമാണ്. അപ്പോൾ ഇവിടെ വെള്ളമില്ലാത്ത പ്രശ്നമൊന്നുമില്ല. എന്നിട്ടും പൊതുടാപ്പിൽ നൂലിഴയിൽ വെള്ളം വരുന്നത്?

മാതു ഒലുമ്പൽ കഴിഞ്ഞു തുണിയെല്ലാം ടെറസ്സിൽ കൊണ്ടുപോയി തോരെയിട്ടു. ഇന്ന് നനഞ്ഞ തുണികളുള്ള ബക്കറ്റുകൾക്ക് കൂടുതൽ കനംവെച്ച പോലെ തോന്നുന്നു. സാധാരണ ഇതിലും ഭാരമുള്ള ബക്കറ്റുകൾ താങ്ങി രണ്ടു നില കയറാറുള്ളതാണ്.

എന്തിനാണ് കമലച്ചേച്ചി പോണ കാര്യം വന്ന ഒടനെ പറഞ്ഞത്?

'നെനക്ക് വേറെ എവിടെങ്കിലും ജോലി നോക്കാലോന്ന് വച്ചിട്ടാ മാതു ഞാൻ ഇപ്പത്തന്നെ പറേണത്. ഞങ്ങള് അട്ത്തെവിടെങ്കിലും ആണെങ്കിൽ നെന്നെത്തന്നെ വെയ്ക്കായിരുന്നു. ഇത് എട്ട് കിലോമീറ്റർ ദൂര്യാണ്. രാവിലെ ആറു മണിയ്ക്കൊക്കെ എങ്ങിന്യാ എത്ത്വാ? പോരാത്തതിന് കിട്ടണ ശമ്പളം മുഴുവൻ ബസ്സുകൂലി കൊടുക്കണ്ടിം വരും.'

ഇല്ല, അതൊന്നും പറ്റില്ല. നിരത്തിന്റെ ഒരു വശത്തുള്ള ഇരുപതു കുടിലിലുള്ളവർ നിത്യവൃത്തിക്കായി ആശ്രയിക്കുന്നത് മറുവശത്തുള്ള വീടുകളാണ്. ഏകദേശം ഒരേക്കർ സ്ഥലത്ത് ആ ഇരുനില വീടുകൾ ചിതറിക്കിടക്കുകയാണ്. സ്ത്രീകൾ ആ സമ്പന്ന വീടുകളിൽ മിറ്റമടിക്കാനും തിരുമ്പാനും പാത്രം മോറാനും പോകുമ്പോൾ അവരുടെ ഭർത്താക്കന്മാർ കുറേ ദൂരെ പലതരം പണിയ്ക്കായി പോകും. ചിലർ ആഴ്ചയിലൊരിക്കൽ വരുന്നു. ചിലർ മാസത്തിലൊരിക്കൽ മാത്രം. മാസത്തിലൊരിക്കൽ മാത്രം വരുന്നവരുടെ ഭാര്യമാർ ഭാഗ്യം ചെയ്തവരാണ്, കാരണം ചവിട്ടും തൊഴിയും മാസത്തിലൊരിക്കലല്ലെ ഉണ്ടാവൂ. ഭാര്യയെയും മക്കളെയും സ്നേഹിച്ച് കുടുംബം നോക്കി നടക്കുന്നവരുമുണ്ട്. അവർ ക്രമേണ അവരുടെ കുടിലുകൾ നന്നാക്കിയെടുക്കും. ഓടു മേയും അല്ലെങ്കിൽ വാർക്കും. മക്കൾ ക്കും ഭാര്യയ്ക്കും നല്ല വസ്ത്രങ്ങൾ വാങ്ങും. കടമെടുത്തിട്ടാണെങ്കിലും ടിവി വാങ്ങും. തനിയ്ക്ക് ആ ഭാഗ്യമൊന്നുമില്ല.

തന്റെ കെട്ടിയവൻ വരേണ്ട ദിവസമായിത്തുടങ്ങി. മാതു ആലോചിച്ചു. പാത്രം കഴുകി തലേന്നു ബാക്കിവന്ന ചോറും കറിയും ഒരു പാത്രത്തിലാക്കി അവൾ കുടിലിലേക്കു പോവാൻ പുറപ്പെട്ടു. അത് മോന് കൊണ്ടുപോയി കൊടുത്തിട്ട് വേണം മറ്റു മൂന്നു വീടുകളിൽ പോവാൻ. നേരം വൈകുന്നതിന് എന്നും ശകാരമാണ്.

തന്നെ യാത്രയാക്കി വാതിലടയ്ക്കാൻ വന്ന കമലമ്മ ചോദിച്ചു.

'മാതൂനോട് മറ്റു വീട്ടുകാര് വല്ലതും പറഞ്ഞോ?'

മാതു നിന്നു. എന്തോ ദുഃസൂചന കമലമ്മയുടെ സ്വരത്തിലുണ്ട്. അതവളെ തളർത്തി.

'എന്താണ് ചേച്ചീ?'

'അല്ല, ഈ കോളനീല്ള്ള എല്ലാ വീട്ടുകാരും ഈ നവമ്പറോടെ ഒഴിഞ്ഞുകൊടുക്കണ്ടിവരും. ഇവിടെ കൊറെ വല്യേ കെട്ടിടം വരാ ൻ പോവ്വാണ്. പതിനഞ്ച് നെലള്ള മൂന്ന് നാല് കെട്ടിടങ്ങള്. ഈ സ്ഥലൊ ക്കെ അവര് വാങ്ങീരിക്കുണു. ഒടമസ്ഥന്മാർക്കൊക്കെ രണ്ട് ഫ്ളാറ്റ് വീ തം കിട്ടും, പോരാത്തതിന് പണോം.'

'എല്ലാരും പോവ്വാണോ ചേച്ചീ?'

'അതെ പോവ്വാതെ പറ്റില്ല. ഇതിന്റെ എടേല് ഒരു വീട്ടുകാർക്കു മാത്രായി പിടിച്ചു നിൽക്കാൻ പറ്റ്വോ? അവര് ചുറ്റും പൈലിങ് തൊടങ്ങ്യാത്തന്നെ ഈ വീടൊക്കെ നെലം പൊത്തും. അത്ര പഴേ വീട്കളല്ലേ ഇതൊക്കെ. അപ്പൊ കിട്ടണത് വാങ്ങി സ്ഥലം വിടാ. അതിന്റെടയ്ക്ക് രണ്ട് ഫ്ളാറ്റ് വീതം കിട്ട്വാച്ചാൽ നല്ലതാന്ന് കര്ത്വാ.'

'എന്നാ ചേച്ചി പോണ്?'

'ഞങ്ങള് മിക്കവാറും ഈ ഒന്നാന്തിതന്നെ പോവും.'

'അപ്പൊ നാലാന്നാളോ?'
'മിക്കവാറും. തീർച്ച്യാക്ക്യ സ്ഥിതിയ്ക്ക് വേഗമാവല്ലെ നല്ലത്? തല്ക്കാലം പാലാരിവട്ടത്ത് ഒരു രണ്ടുമുറി വീട് വാട കയ്ക്കെടുത്തിട്ട്ണ്ട്. ഇന്നല്യാ കിട്ടീത്. അതോണ്ടാ നെന്നാട് പെട്ടെന്ന് പറയാണ്ടിര്ന്നത്.'
'എന്റെ ദൈവമേ!'
'എന്താ മാതൂ? നെനക്ക് വേറെ വല്ലിടത്തും ജോലി നോക്കിക്കൂടെ?'
'ഉം. ഞാൻ പോട്ടെ ചേച്ചീ, അരുൺ കാത്ത്നിക്ക്ണ്ണ്ടാവും.'

### രണ്ട്

വീട്ടിന്റെ ഉമ്മറച്ചായ്പിൽ അരുൺ കാത്തുനിന്നിരുന്നു.
അവൻ അമ്മയുടെ കയ്യിൽനിന്ന് പൊതി വാങ്ങിത്തുറന്നു, എന്നത്തേയുംപോലെ ചോദിച്ചു.
'അമ്മ തിന്നാ?'
അവൾ എന്നത്തെയും പോലെ നുണ പറഞ്ഞു.
'അമ്മ തിന്നു, ഇത് മോന്ള്ളതാ.' അവൾ മനസ്സിൽ കരുതി, ഇനി ഇതെത്രനാൾകൂടി ഉണ്ടാവും?
'അമ്മാ, നമ്മടെ മുമ്പിലെ പറമ്പില് ഒരു വണ്ടി വന്നിരിക്ക്ണ്.'
'വണ്ടിയോ?'
'അതെയമ്മാ, വല്യേ വണ്ടി. ഇപ്പൊ രണ്ടെണ്ണംണ്ട്. അമ്മ കണ്ടില്ലെ?'
മാതു മുറ്റത്തേയ്ക്കിറങ്ങി നോക്കി. ശരിയാണ്. രണ്ടു വലിയ യന്ത്രങ്ങൾ. ഉരുക്കിന്റെ നീണ്ട കൈകളും അതിന്റെ അറ്റത്ത് വലിയ ഉരുക്കു കോരികകളുമുള്ള കൂറ്റൻ യന്ത്രങ്ങൾ. അവ വലിയ ചക്രങ്ങളിന്മേൽ നിൽക്കുകയാണ്. രണ്ടു വലിയ രാക്ഷസന്മാരെപ്പോലെ.
'അമ്മ പോട്ടെ, മോൻ മിറ്റത്തേയ്ക്കിറങ്ങര്ത് കെട്ടോ?'
'ഇല്ലമ്മാ...'
മൂന്നു വയസ്സിനുള്ളിൽ അവന് ആ ചര്യ പരിചയമായിരിക്കുന്നു. അവൻ ഉമ്മറത്തെ ഒതുക്കുകല്ലിൽ ഇരുന്ന് മുമ്പിലുള്ള ഇരുനില വീടുകൾക്കിടയിൽ അമ്മ നഷ്ടപ്പെട്ടു പോകുന്നതും അതിനും മുകളിൽ ആകാശം അവനെ ക്ഷണിക്കുന്നതും നോക്കും.
ഇന്ന് സരസുച്ചേച്ചിയുടെ ചീത്ത കേൾക്കും. അവൾ ജോലിയെടുക്കുന്ന രണ്ടാമത്തെ വീട്ടിൽ ബെല്ലടിച്ചു കാത്തു നിൽക്കുമ്പോൾ മാതു കരുതി. അതുപോലെത്തന്നെയായി. വാതിൽ തുറന്നതും ശകാരത്തിന്റെ മലവെള്ളപ്പാച്ചിലും ഒപ്പമാണുണ്ടായത്. അവൾ ഒന്നും പറഞ്ഞില്ല. ശരിയാണ്. ഇന്ന് പതിനഞ്ചു മിനിറ്റു നേരം വൈകി. തന്റെ കൈകാലുകൾ വിചാരിച്ചിടത്തേയ്ക്കു പോകുന്നില്ല. ആകെ തളർച്ചയാണ്. സിങ്കിലിട്ട എച്ചിൽ പാത്രങ്ങൾ വല്ലാതെ നാറാൻ തുടങ്ങിയിരുന്നു. രാത്രി ഊണു കഴിഞ്ഞാൽ പാത്രങ്ങൾ വെറുതെ എച്ചിൽ കളഞ്ഞു വെച്ചാൽ ഇത്ര നാറ്റമുണ്ടാവില്ല. ഒരിക്കൽ അതു പറഞ്ഞതിന് വേറെയും കേൾക്കേണ്ടി വന്നു. 'എല്ലാം എനിക്കന്നെ അങ്ങട്ട് ചെയ്യാച്ചാ പിന്നെ നെന്റെ ആവശ്യല്യല്ലോ........'
ഇപ്പോൾ അവൾ ഒന്നും പറയാറില്ല. പക്ഷെ ഒരു കാര്യം അവൾക്കറിയണമെന്നുണ്ടായിരുന്നു.
'നിങ്ങളൊക്കെ ഇവ്ട്ന്ന് പോവ്വാണ്ന്ന് കേട്ടല്ലൊ.'
'ആരു പറഞ്ഞു.'
'കമലച്ചേച്ചി.'
'അവർക്കാണ് എന്നെക്കാൾ കൂടുതൽ അറിയ്വാച്ചാ അവരോട്തന്നെ ചോദിക്കായിര്ന്നില്ലേ?'
മാതു ഒന്നും പറഞ്ഞില്ല.
'പോവാണ്ടെ പറ്റ്വോ? പുത്യേ കെട്ടിടത്തിന്റെ പണി കഴിയാൻ മൂന്ന് നാല് കൊല്ലം എടുക്കും. അതുവരെ ഞങ്ങള് ഇടപ്പിള്ളീലാ താമസിക്ക്യാ.'
'അവ്ടേയക്കൊന്നും എനിക്ക് വരാൻ പറ്റില്ല ചേച്ചി.'
'ആരാ വരണംന്ന് പറയണത്? ഒക്കെ സൗകര്യംപോലെ ചെയ്യാ.'
'ചേച്ചിക്കിതു നേരത്തെ പറയായിരുന്നു. ന്നാ എനിക്ക് വേറെ വല്ല ജോലീം നോക്കായിരുന്നു.'
'അതിപ്പഴും ആയിക്കൂടെ?'
'ഈ നാലു ദെവസം കൊണ്ടോ?'
മാതു ഓടുകയായിരുന്നു. ഒരു വീട്ടിൽനിന്ന് വേറൊരു വീട്ടിലേയ്ക്ക്. സമയം അവളുടെ വരുതിയിൽ നിൽക്കുന്നില്ല. അതിനിടയ്ക്ക് മൂന്നാമത്തേയും നാലാമത്തേയും വീടുകളിൽനിന്ന് ഭക്ഷണം കിട്ടും. ഉച്ചത്തെ ഭക്ഷണം അവൾ മൂന്നാമത്തെ വീട്ടിൽനിന്നു കഴിക്കും. മറ്റെ വീട്ടിൽ നിന്ന് കിട്ടുന്നത് കുടിയിലേയ്ക്ക് കൊണ്ടുപോവുകയും ചെയ്യും. അതാണവളുടെ രാത്രിഭക്ഷണം. ഒട്ടും സമയമില്ലെങ്കിൽ അന്ന് ഉച്ചയ്ക്ക് ഭക്ഷണം കഴിക്കലുമുണ്ടാവില്ല. വൈകുന്നേരം നാലു മണിയോടുകൂടി വീട്ടിലെത്തിയാൽ മോന് വല്ലതും ഉണ്ടാക്കിക്കൊടുക്കും. ഒന്നാം തിയ്യതിയോടുകൂടി എല്ലാം അവസാനിക്കാൻ പോകുന്നുവെന്ന അറിവ് അവളെ തളർത്തി. അടുത്തുതന്നെ പത്തിരുപതു വീടുകളുള്ള വേറൊരു കോളനിയുണ്ട്. പക്ഷെ അവിടേയ്ക്കടുക്കാൻ പറ്റില്ല. ഒരിക്കൽ അടുത്ത വീട്ടിലെ തങ്കമ്മച്ചേച്ചി അവിടെ ജോലി കിട്ടുമോ എന്നു നോക്കാൻ പോയതായിരുന്നു. എങ്ങിനെയാണ് രക്ഷപ്പെട്ടു പോന്നതെന്നറിയില്ല. അവിടെ ജോലി

ക്കാർ ഒറ്റക്കെട്ടാണ്. പുറത്തു നിന്ന് ഒരാളെ അവിടെ ജോലി ചെയ്യാൻ സമ്മതിയ്ക്കില്ല. എന്തെങ്കിലും വഴിണ്ടാവും. കെട്ടിയോൻ മറ്റന്നാൾ വരുംന്ന് തോന്ന്ണ്ണ്ട്. അയാള് ഉണ്ടായിട്ട് എന്താ കാര്യം?

'അമ്മാ നിക്ക് പനിയ്ക്ക്ണ്ണ്ട്.'

അരുൺ കഴുത്തിൽ കൈവച്ചുകൊണ്ട് പറഞ്ഞു. അവൻ ആകെ കുഴഞ്ഞപോലെയുണ്ട്. കുറച്ചു ദിവസമായി അവനെ ആസ്പത്രീല് കൊണ്ടുപോകണംന്നു വിചാരിക്കുണു. എവിട്യാ സമയം. ആര്ടെ കയ്യിലാ പണംള്ളത്? കെട്ടിയോൻ വന്നാൽ കൊണ്ടുപോവാൻ പറയണം.

'അച്ഛൻ വരട്ടെ, ന്ന്ട്ട് ആസ്പത്രീല് കൊണ്ടുപോവാൻ പറയാം.'

'അമ്മ പോയി കടേന്ന് മര്ന്ന് വാങ്ങ്യാ മതി. നിക്ക് വയ്യമ്മാ.'

മാതു അവന്റെ നെറ്റി തൊട്ടുനോക്കി. നല്ല പനിയുണ്ട്. ഇത്രയുണ്ടാവുമെന്ന് അവൾ കരുതിയില്ല. അവൾ ഒരു വീട്ടിൽനിന്ന് കൊണ്ടുവന്ന ഇഡ്ഡലി പ്ലെയ്റ്റിലാക്കി അവന്റെ മുന്നിൽ വച്ചു.

'മോൻ ഇതു തിന്നോ. അപ്പഴേയ്ക്ക് അമ്മ പോയി മര്ന്ന് വാങ്ങിക്കൊണ്ടരാം.'

'നിക്ക് മര്ന്ന് മതി അമ്മാ, ഇത് വേണ്ടാ.'

മാതു മരുന്നുകടയിൽ പോയി. പനിയാണെന്നു പറഞ്ഞാൽ അവർ ഒരു ഗുളിക എടുത്തു തരാറുണ്ട്. അതു കഴിച്ചാൽ പനി വേഗം മാറും.

മരുന്നുകടയിൽനിന്ന് മടങ്ങുമ്പോൾ അടുത്ത വീട്ടിലെ ജ്യോതിയുണ്ടായിരുന്നു.

'നിന്നോട് വീട്ട്കാര് വല്ലതും പറഞ്ഞോ മാതൂ?'

'പറഞ്ഞു. ഇനി നമ്മള് എന്താ ചെയ്യാ?'

ജ്യോതി അതേ കോളനിയിൽ മൂന്നു വീട്ടിൽ ജോലിയെടുക്കുന്നുണ്ട്. അവൾക്ക് കുട്ടികളില്ലാത്തതുകൊണ്ട് അത്ര വിഷമമില്ലാതെ ജീവിച്ചുപോകുന്നു. ജോലിയില്ലാതായാൽ അവളും പട്ടിണിയിലാണ്. കാരണം അവൾക്കും തന്റെ കെട്ട്യോനെപ്പോലെ ഒരുത്തനാണ് ഭർത്താവായിട്ടുള്ളത്.

'എന്തെങ്കിലും നോക്കണം....'

'എന്തു നോക്കാനാണ്? നമക്കെവിട്യാ ജോലി കിട്ട്വാ? തെക്കെ കോളനിക്കാര് നമ്മളെ അടുപ്പിക്കില്ല. നമ്മടെ പിന്നിലെ തങ്കമ്മച്ചേച്ചി അവ്ടെ ജോലിയ്ക്ക് പോയിട്ട് എന്താണ്ടായത്ന്നറീല്ലേ?'

'ശര്യാ. പിന്നെ ഒരു കാര്യണ്ട്. നമ്മടെ മുമ്പില്ള്ള വീടുകളൊക്കെ പൊളിച്ചിട്ട് അവിടെ നാല് കെട്ടിടാ വരണത്. ഓരോന്നും പതിനഞ്ച് നെല്യാത്രെ. എല്ലാംപാടെ മുന്നൂറ് ഫ്‌ളാറ്റാ വരണത്ന്ന്. അതൊക്കെ വന്ന് കഴിഞ്ഞാ പിന്നെ ജോലിയ്ക്കൊന്നും വെഷമണ്ടാവില്ല.'

'അതിന് കാലം കൊറെ പിടിയ്ക്കില്ലേ ജ്യോതി?'

'മൂന്നു കൊല്ലംന്നാണ് അവര് പറേണത്. അതോണ്ടൊന്നും പണി തീരൂലാ. ഒരു നാലു കൊല്ലം കൂട്ടിക്കോ.'

'അതുവരെ നമ്മള് എന്താ ചെയ്യാ?' മാതു ചോദിച്ചു.

'ഒരു വഴീണ്ട്. ഇവിടെ കെട്ടിടം പണി തൊടങ്ങ്യാ നമ്ക്കൊക്കെ പണി കിട്ടും. നീ കാണാറില്ലെ, ഓരോ കെ ട്ടിടം പണിയ്ക്ക് സ്ത്രീകള് ജോലിട്ക്കണത്? ഒരു രണ്ടുനെല വീട്ണ്ടാക്കാൻതന്നെ എത്ര പെണ്ണുങ്ങള് വേണം. അപ്പൊപ്പിന്നെ ഇതിന്റെ കത പറയാന്ണ്ടോ?'

'നല്ല കൂലി കിട്ട്വായിരിക്കും അല്ലെ?'

'പിന്നേ? നൂറ്റിയിരുപത് നൂറ്റിമുപ്പതൊക്ക്യാ ഇപ്പത്തെ റേറ്റ്. മാസം നമ്ക്ക് ഇപ്പൊണ്ടാക്കണേക്കാ കൂടുതല്ണ്ടാക്കാം. നീ പേടിക്കാണ്ടിരിക്ക്.'

'സമാധാനായി ന്റെ ജ്യോതി.'

'പിന്നെ വേറൊരു കൊഴപ്പണ്ട്.' ജ്യോതി ഒരു താക്കീതോടെ പറഞ്ഞു. 'നമ്മട്യൊക്കെ കെട്ട്യോമ്മാർക്കും ഇവിടെത്തന്നെ ജോലി കിട്ടും. അട്ത്ത്തന്നെ ഒരു രണ്ട് ചാരായഷാപ്പും തൊറക്കും. പിന്നെ നമ്മടെ കഷ്ടകാലാ.'

'അത് ശര്യാ....... ഞാനീ മര്ന്ന് മോന് കൊണ്ടെക്കൊടുക്കട്ടെ.'

എല്ലാം നശിച്ചു എന്നു കരുതിക്കൊണ്ടിരുന്നപ്പോൾ ജ്യോതി മാതുവിന് കുറേ സ്വപ്നങ്ങൾ കൊടുത്തു. എപ്പോഴാണ് പണി തുടങ്ങുക എന്നറിയില്ല. ആ മഞ്ഞ യന്ത്രങ്ങളെക്കൊണ്ട് എന്താണ് ചെയ്യുക എന്നവൾക്കറിയില്ല. പക്ഷെ അത് കെട്ടിടം പണിയ്ക്കുള്ളതാണെന്ന് അവൾക്കു മനസ്സിലായി. അതെല്ലാം കൊണ്ടുവന്നിട്ട സ്ഥിതിയ്ക്ക് പണി വേഗം തുടങ്ങുമായിരിക്കും. ഒരു മാസത്തിനുള്ളിൽ, ചിലപ്പോൾ അതിലും നേർത്തെ. അതുവരെ ഈ നാലു വീട്ടിൽനിന്നു കിട്ടിയ ശമ്പളംകൊണ്ട് കഴിയാനാകും. പോകുമ്പോൾ അവർ വല്ലതും കൂടുതൽ തന്നാൽ നന്നായിരുന്നു. ഒരര മാസത്തെ ശമ്പളമെങ്കിലും. എന്തിനാണവർ തരുന്നതല്ലെ? എന്തോ കഥ. ഇനി ഒരു കാര്യമുള്ളത് കെട്ടിയോന് ഇവിടെ ജോലി കിട്ടി ഒപ്പം താമസിക്കാൻ തോന്നരുതേ എന്നു മാത്രമാണ്. ഓരോ പ്രാവശ്യവും അയാൾ വന്നുപോകുമ്പോൾ അവളുടെ പഴ്സ് തപ്പി ഉള്ള പണമെല്ലാം എടുത്തുകൊണ്ടുപോകുന്നു. അയാൾ കാണാതെ പണം ഒളിപ്പിച്ചുവെയ്ക്കുന്നതിലാണ് രക്ഷയെന്ന് മാതു മനസ്സിലാക്കിയിരുന്നു.

രാത്രി മുഴുവൻ അരുണിന് പനിയായിരുന്നു. പുലർച്ചെയായപ്പോഴാണ് അവന്റെ ദേഹം തണുത്തത്. എങ്ങിനെയാണ് അവനെ ഒറ്റയ്ക്കിട്ടു പണിയ്ക്കു പോവുക? പോവാതിരിക്കാനും പറ്റില്ല. ഇനി മൂന്നു ദിവസവും കൂടിയേ ഉള്ളൂ. പോമ്പൊ എന്തെങ്കിലും തരാൻ ഉദ്ദേശണ്ടെങ്കിൽ അതും ഇല്ലാണ്ടാവും.

നിരത്തിന്റെ എതിർവശത്ത് ഉയർന്നുവന്ന ഒരു വലിയ പരസ്യപ്പലക അപ്പോഴാണ് അവൾ ശ്രദ്ധിച്ചത്. സാമാന്യം വലിയ ഒരു വീടിന്റെ നീളവും ഉയരവുമുള്ള പടുകൂറ്റൻ പലക. അതിൽ നാലു വലിയ കെട്ടിടങ്ങളുടെ ചിത്രങ്ങൾ.

പതിനഞ്ചു നിലയുണ്ടാവും ഓരോ കെട്ടിടത്തിനും. അവൾക്ക് എണ്ണാൻ പറ്റിയില്ല. ഫ്ളാറ്റുകളുടെ ബാൽക്കണികളിൽ ഭംഗിയുള്ള ഗ്രില്ലുകൾ. കെട്ടിടങ്ങളുടെ ചുറ്റും പുൽമേടകൾ, പൂക്കൾ വിരിഞ്ഞുനിൽക്കുന്ന തോട്ടങ്ങൾ, ജലധാരകൾ. കണ്ണഞ്ചിപ്പോയി. നിരത്തു മുറിച്ചുകടക്കാതെ അതുതന്നെ നോക്കിനിൽക്കുന്ന മാതുവിനെ ഉണർത്തിയത് ജ്യോതിയായിരുന്നു.

'എന്താ മാതു നീ ഇതീ ഒരു ഫ്ളാറ്റ് വാങ്ങാൻ പോണ്ണ്ടോ?'

അവൾ ചിരിച്ചുകൊണ്ട് ധൃതിയിൽ ജ്യോതിയുടെ ഒപ്പം നടന്നു. ഇതിൽ എതു കെട്ടിടത്തിലാണാവോ അവൾ പണിയെടുക്കുന്ന വീടുകളിലെ ചേച്ചിമാർ താമസിക്കുക? നാലുപേരും ഒരേ കെട്ടിടത്തിലായാൽ മതിയായിരുന്നു.

അവൾ എട്ടു മണിയ്ക്ക് ഭക്ഷണവുമായി വീട്ടിലേയ്ക്ക് ഓടുമ്പോൾ നിരത്തിൽ കൂടുതൽ യന്ത്രങ്ങൾ നിരന്നിരുന്നു. പണി അടുത്തുതന്നെ തുടങ്ങുംന്ന് തോന്നുണു.

## മൂന്ന്

പിറ്റേന്നും അതിനു പിറ്റേന്നുമായി അവളുടെ നാലു ജോലിയും നഷ്ടപ്പെട്ടു. അവളെപ്പോലെ ജോലി നഷ്ടപ്പെട്ട സ്ത്രീകൾ തെരുവിൽ കൂട്ടമായി നിന്നു കെട്ടിടം പണിയെപ്പറ്റി സംസാരിച്ചു. എന്തു കൂലി കിട്ടുമെന്നാണവർ തർക്കിച്ചിരുന്നത്. ആണുങ്ങൾക്ക് കിട്ടുന്നത്ര പെണ്ണുങ്ങൾക്ക് കിട്ടില്ലെന്നവർക്കറിയാം. ശരിയ്ക്കു പറഞ്ഞാൽ മണ്ണും ഇഷ്ടികയും കരിങ്കല്ലും കോൺക്രീറ്റു കൂട്ടിയതും ചുമക്കുകയെന്ന പണിയേ സ്ത്രീകൾക്ക് കിട്ടാറുള്ളു. ആ പണി, പക്ഷെ ആണുങ്ങളേക്കാൾ ഭംഗിയായി കൂടുതൽ വേഗത്തിൽ പെണ്ണുങ്ങൾ ചെയ്യും. എന്നാലും അവർക്ക് ആണുങ്ങൾക്കു കിട്ടുന്ന കൂലി കിട്ടില്ല. അതങ്ങിനെയാണ്. ആരും ചോദ്യം ചെയ്യാത്ത നിയമം. ഉച്ചയായപ്പോഴേയ്ക്ക് എല്ലാവർക്കും എന്തു കിട്ടുമെന്നതിനെപ്പറ്റി പൊതുവായ ഒരറിവുണ്ടായി. അതാണെങ്കിൽ അത്. അതെന്തായാലും ഇപ്പോൾ കിട്ടുന്നതിനേക്കാൾ മെച്ചമായിരിക്കും.

കെട്ടിടത്തിന്റെ പണി മാതു പ്രതീക്ഷിച്ചതിലും നേരത്തെ തുടങ്ങി. പിറ്റേന്ന് രാവിലെ ഇരുമ്പായുധങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദം കേട്ടപ്പോൾ മാതു പുറത്തുവന്നു നോക്കി. അനങ്ങാതെ നിന്നിരുന്ന മഞ്ഞവണ്ടികൾ ഉരുണ്ടു നടക്കുകയാണ്. മരച്ചാപ്പയിൽ തടിയെടുത്ത് മാറ്റിയിടുന്ന ആനകളെപ്പോലെ ആ യന്ത്രങ്ങൾ മുമ്പിലുള്ള നീണ്ട കൈകൊണ്ട് മണ്ണു മാന്തി ഇടനിരത്തിൽ മണ്ണിനു വേണ്ടി കാത്തുനിൽക്കുന്ന ടിപ്പർ ലോറികളിൽ നിറയ്ക്കുന്നു. യന്ത്രങ്ങളുടെ കൈകൾകൊണ്ട് ആറോ എട്ടോ പ്രാവശ്യം കോരിയെടുക്കുമ്പോഴേയ്ക്ക് ഓരോ ലോറി നിറയുകയാണ്. നിറഞ്ഞു കഴിഞ്ഞ ടിപ്പറുകൾ ചീറിപ്പായുകയാണ്, തിരിച്ചുവരാൻ, വീണ്ടും നിറയ്ക്കാൻ, വീണ്ടും........

അനങ്ങാൻ വയ്യാതെ മാതു നിൽക്കുകയാണ്. മാതു മാത്രമല്ല ആ കോളനിയിലെ സ്ത്രീകളെല്ലാം. അവർക്കു കിട്ടുമെന്നു കരുതിയ ജോലിയാണ് ഉരുക്കിന്റെ യന്ത്രങ്ങൾ നിഷ്പ്രയാസം ചെയ്യുന്നത്. അവരെല്ലാവരും, ഏകദേശം അത്രതന്നെ പുരുഷന്മാരും കൂടി എട്ടോ പത്തോ ദിവസം എടുക്കുമായിരുന്ന ജോലിയാണ് രണ്ടു യന്ത്രങ്ങൾ ഉച്ചയാകുമ്പോഴേയ്ക്ക് ചെയ്തുതീർത്തത്. താൻ ജോലിയെടുത്തിരുന്ന നാലു വീടുകളും തീപ്പെട്ടിക്കൂടുപോലെ അടുക്കിവെയ്ക്കാൻ മാത്രം വലുപ്പമുള്ള, ഒരാൾ ആഴത്തിലുള്ള കുഴി.

ഭാവി എന്തായിരിക്കുമെന്നതിന് ഒരു താക്കീതായിരുന്നു മാതുവിന് അത്. അവൾ പോകാനായി തിരിഞ്ഞപ്പോഴാണ് കണ്ടത്. ആ കോളനിയിലെ എല്ലാ സ്ത്രീകളും വാടിയ മുഖത്തോടെ ആ കാഴ്ച നോക്കി നിൽക്കുകയായിരുന്നു. ആരും ഒന്നും പറഞ്ഞില്ല.

വീട്ടിന്റെ മുറ്റത്തെത്തിയപ്പോൾ ജ്യോതി നിന്നു. അവൾ മാതുവിന്റെ ചുമലിൽ കൈവെച്ചു.

'നീ വെഷമിക്കണ്ട. ഇതു മാത്രൊന്നും അല്ല കെട്ടിടം പണീല്ള്ളൂ. പണിയൊന്ന് തൊടങ്ങട്ടെ. നമ്ക്ക് അവിടെ കിട്ടാതിരിക്കില്ല.'

കെട്ടിടംപണി തുടങ്ങിക്കഴിഞ്ഞുവെന്നും അവർക്ക് പത്തു ദിവസത്തെ ജോലി നഷ്ടമായെന്നും രണ്ടുപേർക്കും മനസ്സിലായിരുന്നു.

ഭർത്താവു വന്നപ്പോൾ മാതു പറഞ്ഞു.

'ഞങ്ങട്യ്യാക്കെ പണി പോയി.'

അയാൾക്കതിൽ താല്പര്യമുണ്ടായിരുന്നില്ല. അയാൾ ലഹരിയിലായിരുന്നു. ഒരു മാസത്തിനു ശേഷം അയാൾ എത്തിയപ്പോൾ ആദ്യം പോയത് ഷാപ്പിലേയ്ക്കായിരുന്നു. ആദ്യത്തെ ലഹരി ഒരു വിധമായപ്പോൾ രണ്ടാമത്തെ ലഹരിക്കായി വീട്ടിലെത്തിയതാണ്. അരുൺ ഉറക്കമായിരുന്നു. അയാൾ സമയം പാഴാക്കിയില്ല.

'നിങ്ങള് ഊണ് കഴിച്ചാ?'

'കഴിച്ചു.' എവിടെനിന്നെന്ന് അയാൾ പറഞ്ഞില്ല. ഷാപ്പിൽനിന്ന് കിട്ടിയ മീൻ വറുത്തതിന്റെ സ്വാദ് നാവിൽ അപ്പോഴുമുണ്ടായിരുന്നു. മാതു ഒന്നും പറയാതെ അയാളോടൊപ്പം കിടന്നു. ഇനി സംസാരം രാവിലെയെ നടക്കൂ.

രാവിലെ വിവരങ്ങളറിഞ്ഞപ്പോൾ അയാൾക്ക് വിശേഷിച്ച് അദ്ഭുതമൊന്നുമുണ്ടായില്ല.

'വേറെ പണി കിട്ടില്ലെ?'

'ഇനി വീട്ടുജോലി കിട്ടുംന്ന് തോന്ന്ണില്യ. തെക്കെ കോളനീല് എല്ലാ വീട്ടിലും പണിക്ക് ആള്ണ്ട്. അവര് വേറെ ആരേം അങ്ങട്ട് കേറ്റൂല. പോരാത്തതിന് നമ്മടെ കോളനീലെ എല്ലാ പെണ്ണുങ്ങടേം ജോലി പോയിരിക്ക്യാണ്.'

മാതു കാര്യങ്ങളുടെ ഗൗരവം വിവരിച്ചു കൊടുത്തു. ഇത്ര വലിയ കെട്ടിടങ്ങളാണ് അവിടെയുണ്ടാക്കാൻ പോകു

ന്നതെന്ന് അയാൾക്കറിയില്ലായിരുന്നു. എന്തോ വരാൻ പോകുന്നുണ്ട് എന്ന് ഒരു മാസമായി കേൾക്കുന്നതാണ്.

'വീട്ടുപണി കിട്ടില്ലെങ്കീ കെട്ടിടം പണിയ്ക്ക് പൊയ്ക്കൊ. ഇത്ര വല്യേ കെട്ടിടങ്ങള്ണ്ടാക്കു മ്പോ ധാരാളം പെണ്ണുങ്ങളെ വേണ്ടിവരും.'

മാതു ഒന്നും പറഞ്ഞില്ല. ഒന്നും പറയാൻ തോന്നിയില്ല എന്നു പറയുകയാവും ഭംഗി. അയാൾ പണിയെടുക്കുന്നിടത്ത് ധാരാളം പെണ്ണുങ്ങളും പണിയ്ക്കുണ്ട്. അതെല്ലാം ചെറിയ ചെറിയ വീടുകളാണ്. അതുപോലെയല്ല ഇത്.

'മോന് നാല് ദെവസായിട്ട് നല്ല പന്യാ. ഒന്ന് ആസ്പത്രീല് കൊണ്ടോണം'

'ചായ കുടിച്ചിട്ട് പോവാം. നെന്റെ കയ്യില് പണംണ്ടോ? ണ്ടാവൂലോ ഈ നാല് സ്ഥലത്ത്ന്ന് ശമ്പളം കിട്ടീലെ. പിന്നെ അവര് പിരിച്ച് വിടുമ്പൊ എക്സ്റ്റ്രാ ഒന്നും തന്നില്ലെ?'

'ഇല്ല.' മാതു നുണ പറഞ്ഞു. ഒരു വീട്ടുകാര് മുഴുവൻ മാസത്തെ ശമ്പളം കൂടുതൽ തന്നു. മറ്റുള്ള മൂന്നു പേരും പകുതി മാസം വീതവും. അവൾ അത് ഒളിപ്പിച്ചു വെച്ചിരിക്കയാണ്.

'നീ ചോയ്ച്ച് വാങ്ങണ്ടതായിരുന്നു.'

'നിക്കറിയില്ലായിരുന്നു.'

'നെനക്കൊന്നും അറീല്യ!'

സാധാരണ അയാൾ തിങ്കളാഴ്ച രാവിലെയാണ് പോകാറ്. ഇന്ന് രാത്രി ഊണു കഴിച്ച് മോൻ ഉറങ്ങിയെന്നുറപ്പായപ്പോൾ ആ ആഴ്ചത്തെ ലഹരിയുടെ അവസാന ഗഡുകൂടി മേടിച്ച ശേഷം അയാൾ പുറപ്പെട്ടു. മാതു ചോദിച്ചു.

'പോവ്വാണോ?'

'അതെ, ഇവിടെ നിന്നിട്ട് എന്താ കാര്യം?'

മാതു ഒന്നും പറഞ്ഞില്ല.

'എനിക്കൊരു ഇരുന്നൂറു രൂപ വേണം.'

'ന്റെ അട്ത്ത് എവിട്ന്നാ പണം?' മാതുവിന് കലി വരുന്നുണ്ടായിരുന്നു. 'ന്റെ പണീം പോയിരിക്ക്യാണ്. എപ്പഴാ പണി കിട്ട്വാന്നറിയില്ല. അത്വരെ പട്ടിണി കെടക്കാൻ പറ്റ്വോ?'

'അതൊന്നും നിക്കറീല്യ. എനിക്കിപ്പൊ പണത്തിന് ആവശ്യണ്ട്. അടുത്ത ആഴ്ച വരാം. അപ്പൊ കൊണ്ടന്ന് തരാം.'

അതുണ്ടാവില്ലെന്ന് മാതുവിന്നറിയാം. അങ്ങിനെ കുറേ ആഴ്ചകൾ അയാളുടെ നാവിൻതുമ്പത്തുകൂടെ പോയിട്ടുണ്ട്. അവൾ ഒന്നും പറയാതെ പഴ്സ് തുറന്ന് നൂറിന്റെ രണ്ടു നോട്ടുകൾ അയാളുടെ മുമ്പിലേയ്ക്കു വലിച്ചെറിഞ്ഞു. അതു പെറുക്കിയെടുത്ത് അയാൾ സ്ഥലം വിട്ടു.

ഈ ഭർത്താവിനെ ഒപ്പം താമസിക്കാൻ തരാത്തതിന് മാതു ദൈവത്തോട് നന്ദി പറഞ്ഞു.

## നാല്

യന്ത്രങ്ങൾ മുന്നേറുകയായിരുന്നു. ഇപ്പോൾ ആ പറമ്പിലുണ്ടായിരുന്ന വീടുകൾ പൊളിച്ചു മാറ്റുകയാണ്. നീണ്ട ഉരുക്കുകയറിന്റെ അറ്റത്തുള്ള കനത്ത ഇരുമ്പു ഗോളങ്ങൾ ശക്തിയിൽ വന്നടിയ്ക്കുമ്പോൾ ഒരു കുട്ടി മുറ്റത്തുണ്ടാക്കിയ കളിവീടുപോലെ ആ വീടുകൾ നിലം പൊത്തി. മണ്ണുമാന്തികൾ ആ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ നിഷ്പ്രയാസം കോരി കാത്തുനിൽക്കുന്ന ടിപ്പർ ലോറികളിൽ നിറച്ചു. തങ്ങളുടെ ജോലി ഓരോന്നോരോന്നായി യന്ത്രങ്ങൾ ഏറ്റെടുക്കുന്നത് ആ കോളനിയിലെ സ്ത്രീകൾ ഇടിഞ്ഞ മനസ്സോടെ നോക്കിനിന്നു. അവിടെ പൊളിക്കുന്ന വീടുകൾ നല്ല ബലമുള്ള കെട്ടിടങ്ങളായിരുന്നു. സ്വന്തം വീട് എത്ര മോശാണ്ന്ന് മാതുവിന് ഓർക്കാതിരിക്കാൻ പറ്റിയില്ല. മുമ്പിലുള്ള കെട്ടിടങ്ങളല്ല അവരുടെ ഭാവിയാണ് അവിടെ ഇടിച്ചു പൊളിക്കപ്പെടുന്നത്.

'നോക്ക്, എത്ര നല്ല വീടുകളാണ് പൊളിക്കണത്?' തന്റെ അടുത്ത് ഈ കാഴ്ച കണ്ടുനിന്ന ജ്യോതിയോട് മാതു പറഞ്ഞു. 'ആ വീടുകളൊക്കെ നമ്മടെ പറമ്പിലേയ്ക്ക് കൊണ്ടരാൻ പറ്റിയാൽ എത്ര നന്നായിരുന്നു അല്ലെ?'

'അതാണ് ഞാനും ആലോചിച്ചോണ്ടിരുന്നത്.'

'ഒരു കാര്യം മനസ്സിലാക്ക്യോ?' മാതു പറഞ്ഞു. 'ഇക്കണക്കിന് പോയാൽ നമ്മക്ക് ഇവിടെ പണിയൊന്നും കിട്ടുംന്ന് തോന്ന്ണ്ല്യ.'

'സാരല്യ.' ജ്യോതി അവളെ ആശ്വസിപ്പിച്ചു. 'പണി തൊടങ്ങീട്ടല്ലെള്ളൂ. ഇനി തറ പണ്യൊക്കെ തൊടങ്ങുമ്പളാണ് നമ്മട്യൊക്കെ ആവശ്യം വര്വാ.'

തറപ്പണി, ജ്യോതിയും അവളെപ്പോലുള്ള മറ്റു സ്ത്രീകളും വിചാരിച്ച പോലെ, അത്ര എളുപ്പമായിരുന്നില്ല. വലിയ ഡ്രില്ലിംഗ് മെഷിനുകളും പഞ്ചിംഗ് ഹാമറുകളും പ്രവർത്തനം തുടങ്ങി. അവ ഭൂമിയിൽ അഗാധമായ ദ്വാരങ്ങളുണ്ടാക്കുമ്പോൾ ചുറ്റുവട്ടത്തുമുള്ള വീടുകൾ വിറച്ചു. അവയുടെ ചുമരുകളിൽ വിള്ളലുണ്ടായി. ആ യന്ത്രങ്ങൾ രാത്രി പകലില്ലാതെ കുഴിക്കൽ തുടർന്നു.

ഒരു രാവിലെ മാതു നോക്കി നിൽക്കെ ഒരു ട്രക്കിൽനിന്ന് സ്ത്രീകൾ ചാടിയിറങ്ങി. ഒപ്പംതന്നെ തുമ്പകളും സിമന്റ് കൂട്ടിയത് എടുക്കാനുള്ള ഇരുമ്പുചട്ടികളും കൊണ്ട് ആണുങ്ങളും. നിമിഷങ്ങൾക്കകം കോൺക്രീറ്റ് മിക്സ്ചറുകൾ പ്രവർത്തനമാരംഭിച്ചു.

കോളനിയിലെ സ്ത്രീകൾ മുഖത്തോടുമുഖം നോക്കി. അവരുടെ അവസാനത്തെ പ്രതീക്ഷയും ആ യന്ത്രങ്ങളുടെ ശബ്ദത്തിൽ നഷ്ടപ്പെട്ടു.

‘നമുക്കൊന്ന് പോയി നോക്കാം.’ ജ്യോതി പറഞ്ഞു. മാതുവിന് ഒരഭിപ്രായവുമുണ്ടായിരുന്നില്ല. തലേന്നു രാത്രിയും അവൾ കയ്യിൽ ബാക്കിയുള്ള പണം എണ്ണിനോക്കിയിരുന്നു. മോന്റെ ചികിത്സക്കായി പണം നല്ലവണ്ണം ചെലവാകുന്നുണ്ട്. അവനെന്താണ് അസുഖമെന്ന് ഡോക്ടർമാർ പറഞ്ഞില്ല. ഓരോ ആഴ്ചയും അവൾ അരുണിനെയും കൂട്ടി ആസ്പത്രയിൽ പോകും. ഡോക്ടർ മരുന്നെഴുതിത്തരും.

‘ഇതൊരു പുതിയ മരുന്നാണ്. ഇതോണ്ട് ഭേദാവും. പേടിക്കാനൊന്നുംല്യ.’

മരുന്നുകൾക്ക് ഭയങ്കര വിലയാണ്. ഒരാഴ്ചത്തെ മരുന്നിന് അറുപത്തഞ്ചു രൂപ ചുരുങ്ങിയത് വരും. കഴിഞ്ഞ ആഴ്ചത്തെ മരുന്നിന് എൺപതിൽ ചില്വാനം വന്നു. ഇതൊക്കെ പോരാത്തതിനാണ് കെട്ട്യോന്റെ കൊള്ളയും. ഇനി ഒരാഴ്ചത്തെ മരുന്നും അരീം വാങ്ങാൻ കഷ്ടിച്ചു പണം കാണും. ജോലി നഷ്ടപ്പെട്ടിട്ട് ഒന്നര മാസമായി. അന്ന് വന്ന ശേഷം കെട്ട്യോൻ തിരിഞ്ഞു നോക്കിയിട്ടില്ല. അതു നന്നായി എന്ന് ജ്യോതി പറയുന്നു. അല്ലെങ്കിൽ അയാൾക്ക് തിന്നാൻ കൊടുക്കാൻ കടം വാങ്ങേണ്ടി വരും. ആരുടെ കയ്യിൽനിന്നാണ് കടം വാങ്ങുക? എല്ലാവർക്കും അവരുടെ സ്ഥിതിതന്നെയാണ്. ആഴ്ചയിലൊരിക്കൽ വരുന്ന ജ്യോതിയുടെ ഭർത്താവും ഒരിക്കൽ വന്നു പോയതാണ്. അവർക്കെല്ലാം പണിയുണ്ട്. വല്ലപ്പോഴും ഭാര്യയുടെ അടുത്തുനിന്നു കിട്ടുന്നത് അവർക്ക് അവിടെത്തന്നെ കിട്ടും. പിന്നെ എന്തിനാണ് കഷ്ടപ്പെട്ടു വരുന്നത്. മാതുവിന്റെ ഭർത്താവിനും വിവരങ്ങൾ കിട്ടുന്നുണ്ടാവും. ഇനി വന്നിട്ട് കാര്യമില്ലെന്ന് അയാൾക്കും മനസ്സിലായിട്ടുണ്ടാവും.

പറഞ്ഞു വരുമ്പോൾ ആ കോളനിയിലെ പല സ്ത്രീകളുടെയും ഭർത്താക്കന്മാർ വരവു കുറക്കുകയോ പാടെ നിർത്തുകയോ ചെയ്തിരിക്കുന്നു.

വൈകുന്നേരം മാതു ജ്യോതിയുടെ ഒപ്പം ധൈര്യം സംഭരിച്ച് പോയപ്പോൾ അന്നത്തെ പണി കഴിഞ്ഞ് പെണ്ണുങ്ങൾ ട്രക്കിൽ കയറുകയായിരുന്നു. അവരുടെ സംസാരത്തിൽനിന്ന് അവർ തമിഴത്തികളാണെന്നു മനസ്സിലായി. അവർക്ക് നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടിരുന്ന ഒരാളോട് ജ്യോതി ചോദിച്ചു.

‘നാളെ പണിണ്ടോ?’

‘ണ്ടല്ലോ.’ അയാൾ രണ്ടു പേരുടെയും ദേഹത്തിൽ ഉഴിഞ്ഞു നോക്കി. ഇരുണ്ട നിറമുള്ള മെലിഞ്ഞ തമിഴത്തിപ്പെണ്ണുങ്ങൾക്കിടയിൽ അവരുടെ ദേഹം ഉദിച്ചു കണ്ടു. ആ ഉരുണ്ട ദേഹങ്ങൾ അയാൾ കൊതിയോടെ നോക്കുകയാണ്.

‘നാളെ ഞങ്ങളും വരട്ടെ പണിയ്ക്ക്.’

‘ദാ, അവ്ടെ ചോദിയ്ക്ക്. അയാളാണ് കണ്ട്രാക്.’ അടുത്തുതന്നെ കെട്ടിയുണ്ടാക്കിയ ടെന്റിനു മുമ്പിൽ ആരോടോ സംസാരിച്ചുകൊണ്ട് നിന്ന ഒരു തടിയനെ ചൂണ്ടിക്കാട്ടി അയാൾ ട്രക്കിന്റെ മുൻസീറ്റിൽ കയറിയിരുന്നു. വണ്ടി പുറപ്പെട്ടു പോവുകയും ചെയ്തു.

കോൺട്രാക്ടറോട് സംസാരിച്ചുനിന്ന ആൾ പോവാനായി ആ രണ്ടു സ്ത്രീകൾ കാത്തുനിന്നു. ഇത്ര എളുപ്പമാണെന്നവർ കരുതിയിരുന്നില്ല. കുറച്ചു നേരത്തെത്തന്നെ ഇവിടെ വന്ന് അന്വേഷിക്കാമായിരുന്നു. സംസാരിച്ചുനിന്ന ആളെ പറഞ്ഞയച്ചശേഷം അയാൾ ടെന്റിന്റെ ഉള്ളിലേയ്ക്കു പോയി. ടെന്റി ന്റെ വാതിൽ ഒരു തുണികൊണ്ട് മറച്ചിരുന്നു. അവർ വാതിൽക്കൽ ചെന്നു തുണി മാറ്റി നോക്കി. അയാൾ ഒരു മേശയക്കു മുമ്പിലിരുന്ന് എന്തോ കടലാസുകൾ നോക്കുകയാണ്.

‘എന്തേ?’

‘ഞങ്ങള് മുമ്പില്ത്തെ കോളനീലാ താമസിക്കണത്.’ മാതു പറഞ്ഞു.

‘എനിക്കറിയാം.’

അറിയാം? അതവരെ അദ്ഭുതപ്പെടുത്തി. അയാൾ വീണ്ടും ചോദിച്ചു. ‘എന്താ വേണ്ടത്?’

‘നാളെ ഞങ്ങള് പണിയ്ക്ക് വരട്ടെ?’ രണ്ടു സ്ത്രീകളും ഒന്നിച്ചാണ് പറഞ്ഞത്.

‘പണീ..........’ അയാൾ നിർത്തി, അവരെ അടിമുതൽ മുടിവരെ നോക്കുകയാണ്.

‘നിങ്ങക്ക് എന്തു പണ്യാണ് അറിയ്യാ?’

‘സിമന്റിന്റെ പണ്യൊക്കെ പടിപ്പിച്ചു തന്നാമതി. തല്ക്കാലം കൂലിപ്പണി ചെ യ്യാം. ഇപ്പൊപ്പോയ പെണ്ണുങ്ങള് ചെയ്ത പോലത്തെ പണി.’

‘ഞാൻ സത്യം പറയട്ടെ?’ മുമ്പിലുള്ള പ്ലാസ്റ്റിക് കുപ്പിയിൽനിന്ന് ഒരു കവിൾ വെള്ളം കുടിച്ച് അയാൾ പറഞ്ഞു. ‘ഈ തമിഴ് പെണ്ണുങ്ങള് ഇല്ലേ, അവര്യൊക്കെ തമിഴ്നാട്ടീന്ന് ആട്ടിത്തെളിച്ചു കൊണ്ടരണതാണ്. ഒരാൾക്ക് ഞാൻ കൊടുക്കണത് അറുപതു രൂപ്യാണ്. എൺപത്ന്നൊക്കെ ആദ്യം പറയും. ഒരിക്കല് നാടു വിട്ടാൽ പിന്നെ അവര് ഒന്നും പറയില്ല. ഇവിടത്തെ പെണ്ണുങ്ങൾക്ക് ചുരുങ്ങിയത് നൂറ്റിയിരുപത് കൊടുക്കണം. ഈ തമിഴത്തികളില്ലേ, അവറ്റ പൊരിഞ്ഞ് ജോലിയെടുത്തോളും. ഇവിടുത്തോര് അങ്ങന്യാണോ? സമയം നോക്കും. വാർക്കപ്പണീലൊന്നും സമയം നോക്കാൻ പറ്റൂല. അഞ്ചുമണി കഴിഞ്ഞാൽ ഡബ്ള് കൂലി വേണംന്ന് പറയും. അതൊക്കെ മൊതലാവ്വോ? അങ്ങിന്യൊന്നും കൊടുത്തില്ലെങ്കില് രാഷ്ട്രീയക്കാര് വന്ന് ബഹളംണ്ടാക്കും. പിന്നെ അവർക്കും കൊടുക്കണ്ടി വരും കാശ്. എന്തിനീ പൊല്ലാപ്പിനൊക്കെ പോണത്.’

മാതുവും ജ്യോതിയും മുഖത്തോടുമുഖം നോക്കി.

‘ഒരു പണീം കിട്ടില്ലേ?’ മാതു ചോദിച്ചു. ‘ഞങ്ങക്കൊക്കെ ഈ പറമ്പില് വീട്ടുപണിണ്ടായിര്ന്നതാ. ആ വീട്ടുകാരൊക്കെ പോയപ്പൊ പണില്യാതായതാ.’

‘ഞാനെന്താ ചെയ്യാ. ശരിയ്ക്ക് പറഞ്ഞാ, ആ ട്രക്കില് പോയ ആളില്ലെ, അയാളാണ് ലേബർ കൺട്രാക്ടറ്. അയാളാണ് ഇവറ്റ്യോക്കെ സൂക്ഷിക്കണത്. ന്ന് വെച്ചാല് വല്ല ഒഴിഞ്ഞ പറമ്പിലും ടെന്റ് കെട്ടി അവിടെത്തന്നെ ഭക്ഷണംണ്ടാക്കിക്കഴിച്ച് കൂടിക്കോളും. ഞാനിപ്പൊ ഒന്നോ രണ്ടോ പെണ്ണുങ്ങളെ വേറെ എടുത്താ അയാള് ഒടക്കും.’

‘ഞങ്ങ പോട്ടെ?......’

‘നിങ്ങട്യൊക്കെ കെട്ട്യോന്മാര് ഇല്ലെ? ആണ്ങ്ങളെ ഒന്നും കാണാറില്ലല്ലൊ ഇവ്ടെ?’

‘അവർക്കൊക്കെ ദൂരെ ജോല്യാണ്. വല്ലപ്പഴും വരും. രണ്ടാഴ്ച കൂടുമ്പഴോ മാസത്തിലൊരിക്കലോ.....’

‘അപ്പൊ ഒരു കാര്യം ചെയ്യാമോ?’ വാതിൽക്കലെത്തിയ സ്ത്രീകൾ നിന്നു. അയാൾ തുടർന്നു. ‘ഒരു എട്ടു മണി കഴിഞ്ഞാ ഒന്ന് വരാമോ? ന്നെ സഹായിക്കാനാ. ഇവ്ട്ന്ന് തന്നെ നിങ്ങക്കും ഭക്ഷണം കഴിക്കാം. പറ്റ്വെങ്കീ രാത്രി ഇവ്ടെ കെട്ക്കും ചെയ്യാം. അല്ലാ, നിങ്ങക്ക് ഇഷ്ടണ്ടെങ്കീ മതി.’

‘അതു വേണ്ട.’ രണ്ടു പേരും ഒന്നിച്ചു പറഞ്ഞു. അയാളെ ചീത്ത പറഞ്ഞ് ഓടിപ്പോവാനാണ് ആദ്യം തോന്നിയത്. പിന്നെ, ഭാവി പുറത്തെ ഇരുട്ടുപോലെ അവർക്കു മുമ്പിൽ വിടർന്നു നിന്നപ്പോൾ അവർ നിശ്ശബ്ദരായി പുറത്തേയ്ക്കു കടന്നു.

‘അങ്ങനെ പറ്റ്വെങ്കില് വാ.’ അയാൾ പിന്നിൽനിന്ന് വിളിച്ചുപറഞ്ഞു.

അവർ വേഗത്തിൽ നടന്നു. അയാളുടെ സംസാരത്തിൽ അവ്യക്തതയൊന്നുമില്ല. അയാളുദ്ദേശിക്കുന്നത്, പ്രതീക്ഷിക്കുന്നത് വളരെ വ്യക്തമാണ്. അതിന് തയ്യാറാണെങ്കിൽ വാ, അല്ലെങ്കിൽ നിർബ്ബന്ധിക്ക്ണ്ല്യ. ന്യായമാണത്.

**അഞ്ച്**

വീട്ടിലെത്തിയ മാതു കുറേ നേരം ഓരോന്ന് ആലോചിച്ചു. അരുൺ തളർന്ന് ഉറങ്ങുകയാണ്. അവൻ മെലിഞ്ഞ് എല്ലും കോലുമായിരിക്കുന്നു. എന്തിനാണ് ഇങ്ങിനെ ഒരു ജീവിതം? നാലു വീടുകളിൽ ജോലിയെടുത്തു കൊണ്ടിരിക്കുമ്പോൾ അവൾ എന്നും ആലോചിക്കുന്നതാണ്. എന്താണ് അവരുടെയും തങ്ങളുടെയും ജീവിതം രണ്ടു വിധത്തിലാവുന്നത്? എന്താണ് രണ്ടും തമ്മിൽ ഇത്ര അന്തരം? അവൾക്ക് കെട്ട്യോനോട് കലശലായ ദേഷ്യം വന്നു. അയാൾ സഹായിച്ചാൽ ജീവിതം കുറേക്കൂടി നന്നാക്കാമായിരുന്നു. അതിനു പകരം അവളെ ദ്രോഹിക്കുകയാണ് അയാൾ ചെയ്യുന്നത്. ഇനി രണ്ടോ മൂന്നോ ദിവസങ്ങൾക്കുള്ളിൽ കയ്യിലുള്ള പണം മുഴുവൻ തീരും. അതു കഴിഞ്ഞാലോ?

അവളുടെ പണം കഴിയുകതന്നെ ചെയ്തു, പ്രതീക്ഷിച്ചതിലും വേഗം. വീട്ടുജോലിയുണ്ടായിരുന്ന കാലത്ത് ഭക്ഷണത്തിനുവേണ്ടി അധികം പണം ചെലവാക്കേണ്ടി വന്നിരുന്നില്ല. ഇപ്പോൾ അരിമുതൽ ഉപ്പുവരെയുള്ള സാധനങ്ങൾ കാശുകൊടുത്തു വാങ്ങണം. പോരാത്തതിന് മോന്റെ മരുന്നുകളും. നാളെ അവനെ ഡോക്ടറുടെ അടുത്ത് കൊണ്ടുപോണ്ട ദിവസമാണ്. ചുരുങ്ങിയത് നൂറു രൂപയെങ്കിലും വേണ്ടിവരും. അവൾ എഴുന്നേറ്റു. പ്രതീക്ഷിക്കാത്ത ചെലവ് വല്ലതും വന്നാൽ എടുക്കാനായി അവൾ ആയിരത്തിച്ചില്ലാനം രൂപ ഒരു സ്ഥലത്ത് ഒളിപ്പിച്ചു വെച്ചിരുന്നു. മൂന്നു നാലു കൊല്ലത്തെ ആ സമ്പാദ്യം കെട്ട്യോനിൽനിന്ന് രക്ഷപ്പെടുത്തി ഒളിപ്പിച്ചു വെയ്ക്കാൻ അവൾ പാടുപെട്ടിരുന്നു. അതെടുക്കാൻ വരട്ടെ. അവൾ പിന്നിലെ വേലിക്കൽ ചെന്ന് വിളിച്ചു. ‘ജ്യോതീ.....’

ജ്യോതി പുറത്തുകടന്നു വേലിക്കലേയ്ക്കു വന്നു.

‘ജ്യോതി, ഒരു നൂറു രൂപ എട്ക്കാണ്ടാവ്വോ? നാളെ രാവിലെ മോനെ ഡോക്ടറ്ടെ അട്ത്ത് കൊണ്ടുപോണം.’

ജ്യോതി ഒരു മിനുറ്റ് ഒന്നും പറഞ്ഞില്ല. പിന്നെ സാവധാനത്തിൽ പറയാൻ തുടങ്ങി.

‘ഞാനെങ്ങന്യാ നെന്നോട് അങ്ങട്ട് ചോദിക്ക്യാന്ന് വിചാരിച്ചിരിക്ക്യായിരുന്നു. ന്റട്ത്ത് ഇരുപത് രൂപണ്ട്, ചില്ലറ്യൊക്കെ ആയിട്ട്. അത് വേണങ്കീ തരാം. നമ്മള് എന്താ ചെയ്യാൻ കണ്ടിരിക്കണത്?’

‘നിക്കറീല്യ. പോട്ടെ. എന്തെങ്കിലും വഴിണ്ടാവും.’

മാതു തിരിഞ്ഞു നടന്നു. അവൾ ഒളിപ്പിച്ചുവച്ച സമ്പാദ്യത്തെക്കുറിച്ച് ആലോചിച്ചു. ഇപ്പോൾ അതെടുക്കേണ്ട സമയമായിരിക്കുന്നു. ഒരു നൂറു രൂപയെങ്കിലും ജ്യോതിയ്ക്കും കൊടുക്കാം. അവൾ കട്ടിലിന്റെ അടിയിൽനിന്ന് പെട്ടി വലിച്ചെടുത്ത് അടിയിൽ തപ്പി.

അതവിടെനിന്ന് പോയിരിക്കുന്നു! ആയിരത്തിച്ചില്ലാനം രൂപ. അവളുടെ നാലു കൊല്ലത്തെ സമ്പാദ്യം. ഭക്ഷണത്തിൽ മിച്ചം വെച്ച് ആവശ്യങ്ങൾ കുറച്ച് അവളുണ്ടാക്കിയ പണം! അവൾ തരിച്ചിരുന്നു. അവളറിയാതെ കെട്ട്യോൻ അതു മോട്ടിച്ചിരിക്കുന്നു.

ആ ഇരുപ്പിൽ സമയം ഏഴായിട്ടുണ്ടാകണം. അവൾ എഴുന്നേറ്റു. വീടിനു പിന്നിലെ ചായ്പിൽ കെട്ടിയുണ്ടാക്കിയ കുളിമുറിയിലെ മൺകുടത്തിൽ മുക്കാൽ ഭാഗം വെള്ളമുണ്ടായിരുന്നു. അതെടുത്തു നന്നായി മേൽക്കഴുകി, അകത്തുവന്ന് പെട്ടിയിൽനിന്ന് അവളുടെ ഏറ്റവും നല്ല സാരിയും ബ്ലൗസും പുറത്തെടുത്തു. വസ്ത്രങ്ങൾക്ക് വാസനയുണ്ടാവാൻ അവൾ രണ്ടു വാസനസോപ്പുകളിട്ടിരുന്നു. അവൾ തലമുടി കോതി മിനുസപ്പെടുത്തി, കണ്ണെഴുതി. മുഖത്തും ദേഹത്തും പൗഡറിട്ടു. പഴകിയ കാരണം അതിന്റെ വാസന കുറെ നഷ്ടപ്പെട്ടിരുന്നു. സാവധാനത്തിൽ അടിവസ്ത്രങ്ങളും സാരിയും ബ്ലൗസും ധരിച്ചു. ചെറിയ പഴ്സ് എടുത്തു അതിൽ രണ്ടു രൂപയും കുറച്ചു നാണ്യങ്ങളും ഇട്ടു.

മോൻ അപ്പോഴും ഉറങ്ങുകയാണ്. അവൾ വാതിൽ പൂട്ടി പുറത്തിറങ്ങി. ദേവിയുടെ അമ്പലം അടുത്തുതന്നെയാണ്. അവിടെ പോയി ദേവിയെ തൊഴുത് പ്രാർത്ഥിച്ചു.

‘ദേവി എന്നോട് പൊറുക്കണേ.’

രണ്ടു രൂപ കാണിക്കപ്പെട്ടിയിലിട്ടു. പ്രസാദവും വാങ്ങി കുറി തൊട്ട് അവൾ പുറത്തിറങ്ങി.
അവൾക്ക് സംശയങ്ങളൊന്നുമുണ്ടായിരുന്നില്ല.
കോൺട്രാക്ടർ മേശപ്പുറത്ത് ഒരു കുപ്പിയും പകുതി ഒഴിഞ്ഞ ഗ്ലാസ്സുമായി ഇരിക്കുകയാണ്. അവളെ കണ്ടപ്പോൾ അയാൾ എഴുന്നേറ്റു. അയാൾ അവളെ പ്രതീക്ഷിച്ചിരുന്നില്ല.
'വാ.'
അവൾ സങ്കോചമില്ലാതെ അകത്തു കടന്നു. അയാൾ അവളുടെ അരക്കെട്ടിലൂടെ കയ്യിട്ട് അടുപ്പിച്ചു, രണ്ടു ബെഞ്ചുകൾ കൂട്ടിയിട്ട് മേലെ കട്ടികുറഞ്ഞ കിടക്ക വിരിച്ചുണ്ടാക്കിയ കട്ടിൽ ചൂണ്ടിക്കാട്ടി പറഞ്ഞു.
'നന്നായി നീ വന്നത്, ഇരിയ്ക്ക്.'
അവൾ കട്ടിലിലിരുന്നു. അയാൾ അകത്ത് ചാരിവച്ച അസ്ബസ്റ്റോസ് ഷീറ്റുകൊണ്ട് വാതിലടച്ചു.
സമയമെത്രയായിട്ടുണ്ടാകുമെന്നവൾക്കു മനസ്സിലായില്ല. എല്ലാം കഴിഞ്ഞ് പോകുമ്പോൾ അയാൾ തന്ന നോട്ടുകൾ എത്രയുണ്ടെന്ന് നോക്കുകകൂടി ചെയ്യാതെ അവൾ പഴ്സിലിട്ടു. തലമുടി കെട്ടിവച്ച് പോകാൻ നോക്കുമ്പോൾ അയാൾ വീണ്ടും അവളുടെ അരക്കെട്ടിലൂടെ കയ്യിട്ട് പറഞ്ഞു.
'നാളെ രാവിലെ വാ, എന്തെങ്കിലും പണീല് നെന്നെ ഇടാൻ പറ്റ്വോന്ന് നോക്കാം. നീ പേടിക്കണ്ട. ഈ കെട്ടിടം പണി കഴീണവരെ നെനക്ക് ജോലിണ്ട്.'
അയാൾ എടുത്തു മാറ്റിയ അസ് ബസ്റ്റേസ് ഷീറ്റിന്റെ വിടവിലൂടെ അവൾ പുറത്തു കടന്നു, തിങ്ങിക്കൂടിയ ഇരുട്ടിലുടെ മെയിൻ റോട്ടിലെ തെരുവു വിളക്കുകളടെ വെളിച്ചത്തിലേയ്ക്ക് അവൾ നടന്നു.

## ആറ്

'അരുൺ ഇപ്പൊ മിടുക്കനായിരിക്കുണു അല്ലെ?' ജ്യോതി ചോദിച്ചു.
'ഉം, ഇപ്പൊ കൊറച്ച് മാസായിട്ട് പ്രശ്നൊന്നുംല്യ. അങ്ങനെ നിന്നാ മത്യായ്ര്ന്നു.'
അരുണിന്റെ മുഖത്തെ വിളർച്ച മാറിത്തുടങ്ങിയിരുന്നു. പുതിയ ഡോക്ടറുടെ ചികിത്സ ഫലിക്കുന്നുണ്ട്. ഇപ്പോൾ അവന് ധാരാളം പഴങ്ങളും ഹോർലിക്സിട്ട പാലും കൊടുക്കുന്നുണ്ട്. കൂടാതെ മീനും മുട്ടയും. ഡോക്ടർ പറഞ്ഞിരുന്നു.
'നീ ഇങ്ങിനെ വേണ്ടാതെ മരുന്നൊന്നും കൊടുത്ത് അവനെ നശിപ്പിക്കല്ലെ. നല്ല ഭക്ഷണം, കളിക്കാനുള്ള അവസരം അതൊക്കെ മതി അവന്റെ അസുഖം മാറാൻ.'
ആദ്യം ചികിത്സിച്ച ഡോക്ടർ ഇത്ര മോശമായിരുന്നു എന്ന് മനസ്സിലാക്കാൻ തനിയ്ക്ക് എത്ര കാലമെടുത്തു.
അരുൺ കേൾക്കില്ലെന്നുറപ്പായപ്പോൾ ജ്യോതി ചോദിച്ചു.
'നെന്റെ കെട്ട്യാൻ ഇപ്പൊ വരാറേയില്ല അല്ലെ?'
'ഉം, ഉം.' അവൾ ആശ്വാസത്തോടെ പറഞ്ഞു. 'ഇനി വരാഞ്ഞാ മത്യായിരുന്നു. നെന്റെ കെട്ട്യോനോ?'
'രണ്ടു മാസം മുമ്പെ വന്നതാ. നിക്ക് പണ്യൊന്നും ഇല്ല, കാശ് വേണംന്ന് പറഞ്ഞപ്പൊ വേഗം തിരിച്ചു പോയി. അയിന്റെ ശേഷം വന്നിട്ടില്ല. കെട്ടിടം പണീല്ണ്ട്ന്ന് ഞാൻ പറയാൻ പോയില്ല.'
ഒരു ദിവസം മാതു ജോലി കഴിഞ്ഞ് വരുമ്പോൾ അരുൺ ഉമ്മറത്തിരിയ്ക്കയായിരുന്നു. അവന്റെ മുഖം മങ്ങിയിരുന്നു.
'എന്താ മോനെ, സുഖംല്യേ?'
'ഉം, ഉം.' അവൻ തലയാട്ടി.
'വെശക്ക്ണ്ണ്ടോ?'
'ഇല്ലമ്മാ.'
അവൻ വീണ്ടും മുമ്പിലേയ്ക്കു നോക്കി. അവന്റേതു മാത്രമായ ആകാശം നിന്നിരുന്ന സ്ഥലത്ത് ഒരു വലിയ ഇരുമ്പുകൂട് ഉയർന്നുവന്നത് അവൻ കുറച്ചു മുമ്പാണ് ശ്രദ്ധിച്ചത്. തലങ്ങനെയും വിലങ്ങനെയും ഓടുന്ന ഉരുക്കു കമ്പികളുടെ കൂടാരം. അതു ചൂണ്ടിക്കാട്ടി അവൻ പറഞ്ഞു.
'അമ്മേ, അവര് നമ്മടെ ആകാശം കട്ടെടുത്തു.'

back to index

# കുറേ ചിത്രങ്ങളുള്ള ഒരു രാത്രി, അതിൽ ഒരു ചെറുപ്പക്കാരനും ചെറുപ്പക്കാരിയും

ഒരു രാത്രി. മുപ്പത്തഞ്ചു വയസ്സുള്ള ഒരു ചെറുപ്പക്കാരൻ. അയാൾ തെരുവിൽനിന്ന് വിലപേശി കൊണ്ടുവന്ന ഒരു ചെറുപ്പക്കാരി. വരട്ടെ, ഒരു വലിയ ഹോട്ടൽ മുറിയും. ഇത്രയും ഘടകങ്ങളാണ് ഈ കഥയിലുള്ളത്. അയാൾ എഴുനൂറ്റാറാം നമ്പർ മുറി തുറന്ന് അകത്തുകടന്ന് വാതിലിനു തൊട്ടടുത്തുള്ള സ്വിച്ചമർത്തി. പുറത്ത് ഇടനാഴിയിൽ കാത്തു നിൽക്കുന്ന സ്ത്രീയോട് പറഞ്ഞു.

'അകത്തു വരൂ.'

അവൾ അകത്തു കടന്നു. മുറിയു ടെ ഉള്ളു കണ്ടപ്പോൾ ആലോചിച്ചു. ഇവിടെ വരേണ്ടത് എന്നെപ്പോലെ ഒരുത്തി യല്ല. അവൾ അനങ്ങാതെ പകച്ചു നിൽക്കുന്നതു കണ്ടപ്പോൾ അയാൾ ചോദിച്ചു.

'എന്താ അന്തംവിട്ട് നിൽക്കണത്?'

'ഞാനിതുവരെ ഇത്ര വല്യെ ഹോട്ടലില് വന്നിട്ടില്ല.'

'ബിസിനസ്സ് പച്ചപിടിച്ചു വര്ണേ ള്ളു അല്ലെ?'

'എന്തു ബിസിനസ്സ്?'

'ഈ കച്ചോടം തന്നെ.'

അവൾക്കത് ഇഷ്ടായില്ല. സംഗതി അതു തന്ന്യാണ്. പക്ഷെ അതിനെ ഇ ങ്ങനത്തെ ഒരു വാക്കുകൊണ്ട് പച്ചയായി വിശേഷിപ്പിച്ചത് ശര്യായില്ല.

'ഞാൻ പറഞ്ഞത് ഇഷ്ടായില്ല അല്ലെ. ശരി, ഇങ്ങിനത്തെ ഒരു പ്രൊഫഷൻ. പോരെ?'

അതിന്റെ അർത്ഥമൊന്നും മനസ്സിലായില്ലെങ്കിലും അവൾ തലയാട്ടി. എന്തായാലും കച്ചോടം എന്നു പറേണേക്കാൾ ഭേദായിരിക്കും. ഇംഗ്ലീഷ് വാക്കുകൾക്ക് അവയുടേതായ മാന്യതയുണ്ട്.

'എന്നെ വേഗം ഒഴിവാക്കണം. ഒന്ന് ഒന്നര മണിക്കൂർന്നല്ലെ പറഞ്ഞത്. ഒരു മണിക്കൂറ് കൊണ്ട് കഴീല്ലേ?'

അയാൾ കയ്യിലുള്ള ബാഗ് ഉയരം കുറഞ്ഞ മേശപ്പുറത്ത് വെച്ച് അതിൽ നിന്ന് രണ്ട് ഹാഫ് ബോട്ടിൽ പുറത്തെടുത്തു.

'കുടിക്കാമ്പോവ്വാ?' അവൾ ചോദിച്ചു. അവൾക്കറിയാം ഇവരൊക്കെ കുടിക്കാൻ തൊടങ്ങ്യാൽ സമയം പോണതറിയില്ല.

സോറി. കൂടുതൽ ചിത്രങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. സൂര്യൻ അസ്തമിക്കാൻ തുടങ്ങുന്ന ഒരാകാശത്തിൽ ഏതാനും കടൽക്കാക്കകളും അതിനു താഴെ കലമ്പൽ കൂട്ടുന്ന കടലും അതിനും താഴെ യുവമിഥുനങ്ങൾ ഇരിക്കുന്ന മണൽപ്പുറവും. (ചിത്രം ഏറെ ഉപയോഗിക്കയാൽ തേഞ്ഞുമാഞ്ഞു തുടങ്ങിയിരിക്കുന്നു, എന്നാലും തൽക്കാലം ആവശ്യം നടക്കട്ടെ.) ആ മണൽപ്പുറത്ത് ചെറുപ്പക്കാരൻ നിലക്കടലയും കൊറിച്ചുകൊണ്ട് നടക്കുകയാണ്. അപ്പോൾത്തന്നെ നല്ല വിശപ്പുണ്ടായിരുന്നു. അങ്ങിനെ നടക്കുമ്പോഴാണ് ഈ ചെറുപ്പക്കാരിയെ കണ്ടത്. അതോടെ വിശപ്പിന്റെ സ്ഥാനം മാറി. ഇപ്പോൾ ആ ചിത്രം ഓർമ്മയിൽ വന്നപ്പോൾ ശരിക്കുള്ള വിശപ്പ് വീണ്ടുമുണ്ടായി. അയാൾ ചോദിച്ചു.

'നീയെന്താണ് കഴിക്കണത്?'

അവൾ രണ്ടു കുപ്പികളും മാറിമാറി നോക്കി. രണ്ടു നിറത്തിലുള്ള കുപ്പികളാണ്. രണ്ടുതരം കള്ളാണെന്നു തോന്നുണു. ഒന്ന് വിസ്കിയാണ്. മറ്റേതെന്താണെന്നവൾക്കറിയില്ല. കുടിപ്പിച്ചു കാര്യം നടത്തി ഒന്നും തരാതെ വിടാനുള്ള ഭാവമാണ്. അതു നടക്കില്ല.

'ഞാൻ കുടിക്കാറില്ല.' അവൾ പറഞ്ഞു.

'കുടിക്കാനല്ല. തിന്നാൻ. ഞാൻ റൂം സർവ്വീസിൽനിന്ന് ഓർഡർ ചെയ്യാൻ പോവ്വാണ്.'

'എന്തൊക്ക്യാണ്ടാവ്വാ?'

'അപ്പോൾ ഭക്ഷണം വേണം?' അയാൾ റൂം സർവ്വീസിലേയ്ക്ക് വിളിച്ചു. മറുഭാഗത്ത് ഫോണെടുത്തു. 'വെൽക്കം ടു റൂം സർവ്വീസ്.'

'എന്തൊക്കെയാണ് കഴിക്കാന്ള്ളത്?'

'ഡിന്നറിനോ സർ?'

'അതെ....'

അയാൾ മെനു മുഴുവൻ ഉരുവിട്ടു.

'ഒരു മിനുറ്റ്.'

'ചിക്കൻ ബിര്യാണിണ്ട്. നിനക്കിഷ്ടാണോ?'

'അതു മതി.' അവൾ കുറച്ച് ആർത്തിയോടെ പറഞ്ഞു. ഒരു ബിര്യാണി കഴിച്ചിട്ട് കാലെത്ര്യായി. ഒരിക്കൽ ഒരുത്തൻ കൊണ്ടുപോയിട്ട് അവളുടെ മുമ്പിൽ വെച്ചാണ് ഒരു മുഴു കോഴി പൊരിച്ചതും ചപ്പാത്തിയും തട്ടിയത്.

'രണ്ടു ചിക്കൻ ബിര്യാണി.'

'ഗെസ്റ്റുണ്ട് അല്ലെ സർ.'

'ങാ.'

'പിന്നെ എന്തൊക്ക്യാ വേണ്ടത് സർ?.....'

എല്ലാം ഓർഡർ ചെയ്തു കഴിഞ്ഞപ്പോൾ അയാൾ പറഞ്ഞു. 'രണ്ടു ഗ്ലാസ്സും നാലഞ്ചു സോഡയും കുറേ ഐസ്ക്യൂബ്സും വേണം. ഗ്ലാസ്സും സോഡയും ഐസ്ക്യൂബ്സും വേഗം കൊണ്ടരണം.'

'ശരി സർ.'

ഫോൺ വെച്ചപ്പോൾ അവൾ ചോദിച്ചു.

'ഇതൊക്കെ തൊടങ്ങ്യാൽ കൊറേ സമയം എടുക്കില്ലേ? എനിയ്ക്ക് പോവ്വാൻ ധൃതിണ്ട്.'

'അതു സാരല്ല്യ. ഇന്ന് ഞാൻ ആഘോഷിക്കാൻ തീർച്ചയാക്കിയിരിക്ക്യാണ്.'

'എന്താ പെറന്നാളാണോ?'

'അല്ല പോണ നാള്. ഇത് എന്റെ അവസാനത്തെ രാത്ര്യാണ്.'

'എന്താ ചാവാൻ പോവ്വാണോ. ന്റെ പണം തന്ന്ട്ട് പോണം. കാര്യം പറഞ്ഞേക്കാം.'

'അതൊരു പ്രശ്നല്ല.' അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു. 'അതാ ആ മേശപ്പുറത്തിരിക്കണ ബാഗില്ല്യേ, അതില് എന്റെ പഴ്സ്ണ്ട്. അതിൽനിന്ന് എടുക്കാം.'

അവൾ അതൊരു നല്ല തമാശയായി കണക്കാക്കി. സാധാരണ ഇവന്മാരൊക്കെ സ്വല്പം അകത്തു ചെന്നാലെ ഇങ്ങിനെയൊക്കെ പറയാറുള്ളു. ഇയ്യാള് കുടി തൊടങ്ങ്ണേന്റെ മുമ്പന്നെ പറഞ്ഞുതൊടങ്ങിയിരിക്കുണു.

വാതിൽക്കൽ ഒരു മുട്ട്.

'കമിൻ.'

വെള്ള യൂനിഫോമിട്ട വെയ്റ്റർ ഇടതുകയ്യിൽ താലവുമായി വാതിൽ തുറന്ന് വന്നു. താലത്തിലുള്ള സോഡക്കുപ്പികളും ഓപ്പനറും രണ്ടു ഗ്ലാസ്സുകളും ഐസിന്റെ പാത്രവും മേശമേൽ കൊണ്ടു വന്നു നിരത്തി.

'ഭക്ഷണം അര മണിക്കൂർ കഴിഞ്ഞ് കൊണ്ടുവന്നാൽ പോരെ സർ?'

'മതി.'

വെയ്റ്റർ പോയപ്പോൾ അയാൾ എഴുന്നേറ്റു.

ചെറിയ മേശമേൽ വച്ചിരുന്ന കുപ്പികളിലൊന്ന് തുറന്ന് രണ്ട് ഗ്ലാസ്സുകളിലേയ്ക്ക് ഒഴിച്ചു. ഐസ്ബോക്സിൽനിന്ന് ഐസ്ക്യൂബുകൾ വാരിയിട്ടു. ഗ്ലാസ്സ് ചെരിച്ചുപിടിച്ച് അതിലേയ്ക്ക് സോഡ ഒഴിച്ചു. ഒരു ഗ്ലാസ്സ് അവൾക്കു നേരെ നീട്ടിക്കൊണ്ട് പറഞ്ഞു.

'കുടിയ്ക്ക്യല്ലെ?'

'കയ്യിലിരിക്കട്ടെ വിദ്യ.' അവൾ അല്പം ചൂടായിത്തന്നെ പറഞ്ഞു. 'എന്നെ കുടിപ്പിച്ചു പൂസാക്കി എല്ലാം ഒപ്പിച്ച്, കാൽക്കാശു തരാതെ ഇറക്കിവിടാനല്ലെ ഈ പങ്കപ്പാടൊക്കെ?'

അയാൾ ചിരിച്ചു. വളരെ ഹൃദ്യമായ ചിരി. ആ സ്ത്രീയുടെ നിസ്സഹായതയിൽ, നിഷ്കളങ്കതയിൽ മനമലിഞ്ഞ ചിരി.

'അയ്യോ, എന്നെ കണ്ടാൽ അങ്ങിനെയൊക്കെ തോന്ന്വോ? ഒരു പാവം മനുഷ്യൻ! നീയൊരു കാര്യം ചെയ്യ്. നീയാ ബാഗെടുത്തു തൊറന്ന് നോക്ക്.'

'നിങ്ങള്തന്നെ നോക്ക്യാ മതി. ഞാനത് തൊറന്നിട്ട് വേണം എന്തെങ്കിലും മോട്ടിച്ചുന്ന് പറഞ്ഞ് എന്നെ കുറ്റക്കാരിയാക്കാൻ.'

'എന്തൊക്കെയോ തെറ്റിദ്ധാരണകള്.' അയാൾ ഗ്ലാസ്സ് മേശപ്പുറത്ത് വെച്ച് മറ്റെ മേശപ്പുറത്തെ ബാഗിലെ പഴ്സെടുത്ത് തുറന്നു കാണിച്ചു. അവളുടെ കണ്ണു തള്ളിപ്പോയി. നിറയെ നോട്ടുകൾ.

'നമ്മൾ എത്രയ്ക്കാണ് കച്ചോടം ഒറപ്പിച്ചത്?'

കച്ചോടം എന്ന വാക്ക് ഇഷ്ടമായില്ലെങ്കിലും അവൾ പറഞ്ഞു. 'അമ്പത്. പക്ഷെ നിങ്ങള് ഇത്ര വല്യ പണക്കാരനാണ്ന്ന് ഞാൻ അറിഞ്ഞിര്ന്നില്ല. ഒരു നൂറെങ്കിലും തന്നൂടെ?'

'ഇന്നു രാത്രി എന്റെ ഒപ്പം ഇവിടെ താമസിച്ചാൽ നിനക്ക് എത്ര നഷ്ടം വരും?'

അവൾ മുഖം ചുളിച്ചു. അവൾക്ക് അയാൾ പറഞ്ഞതു മുഴുവൻ മനസ്സിലായില്ല.

'ഞാനുദ്ദേശിക്കണത്, സാധാരണ ഗതിയിൽ നീ ഒരു രാത്രി എത്രണ്ടാക്കും?'

'അത് കിട്ടണ ആൾക്കാര്ടെ തരംപോലിരിയ്ക്കും. ചെല ദെവസം നൂറ്റമ്പതും ഇരുനൂറും ഒക്കെണ്ടാക്കാൻ പറ്റും. ചെല ദെവസം ഭക്ഷണോം കിട്ടും. ഇങ്ങനെ ബിരിയാണിയൊന്നും അല്ല. സാധാരണ ഭക്ഷണം.'

'അപ്പൊ ഞാൻ കാരണം നെനക്ക് നൂറ്റമ്പത് രൂപ നഷ്ടം വന്നു. അല്ലെ?'

അവൾ തലയാട്ടി.

'ഇതാ അഞ്ഞൂറു രൂപ പിടിച്ചോളു.' അഞ്ഞൂറു രൂപയുടെ ഒരു നോട്ട് നീട്ടിക്കൊണ്ട് അയാൾ പറഞ്ഞു. 'ഇനി കള്ള് കുടിക്കാൻ തന്ന് മയക്കിക്കിടത്തി ആ പണം ഞാൻതന്നെ അടിച്ചെടുക്കുംന്ന് തോന്ന്വാണെങ്കില് ഈ പണോം വാങ്ങി നിനക്ക് ഇപ്പൊത്തന്നെ പോവാം. ഭക്ഷണം പാക്കറ്റിലാക്കി കൊണ്ടരാൻ പറയാം. അതു നീ വീട്ടിൽ കൊണ്ടുപോയി കഴിച്ചോ.'

അവൾ ആകെ വല്ലാതായി. ആ നോട്ട് വാങ്ങി അതിൽത്തന്നെ നോക്കിക്കൊണ്ട് അവൾ ഇരുന്നു.

'കൂടുതൽ വേണോ?'

'അയ്യോ വേണ്ട, ഇത് തന്നെ അധികാ. സാറെ ഞാനങ്ങന്യൊന്നും വിചാരിച്ച് പറേണതല്ല. ഇതിനായി എറങ്ങിത്തിരിക്കണ ആൾക്കാരൊക്കെ ഒരു ജാതി സ്വഭാവക്കാരാ. അവര് പെശക്ണ് കണ്ടാത്തന്നെ നമ്മടെ തുണി ഉരിഞ്ഞുപോവും. നാറികള്.'

'ഞാനും ഒരു പക്ഷെ അങ്ങിന്യൊക്ക്യായിരിക്കും. ഇന്ന് ഞാൻ മരിക്കാൻ തീർച്ചയാക്കിയതോണ്ടായിരിക്കും

ഇങ്ങിനെ പണം എടുത്ത് തരണത്.'
'അല്ലല്ല, സാറ് നല്ലവനാ.'
'എന്നാൽ ഗ്ലാസ്സ് തരട്ടെ?'
'എനിക്ക് കുടിച്ച ശീലല്ല്യ. തരു, നോക്കാം. ചർദ്ദിക്ക്യാണെങ്കീ ഒന്നും വിചാരിക്കല്ലേ.'
'എന്തു വിചാരിക്കാനാണ്?'
അവൾ ഗ്ലാസ്സു വാങ്ങി. അയാൾ സ്വന്തം ഗ്ലാസ്സെടുത്ത് അവളുടെ ഗ്ലാസ്സുമായി കൂട്ടിമുട്ടിച്ചു.
'ചീയേഴ്‌സ്.'
'എന്താ അതിന്റെ അർത്ഥം?'
'വല്യേ അർത്ഥൊന്നും ഇല്ല. സായ്‌വ്മാര് ഇട്ടുപോയ ചെല പഴംതുണികള് നമ്മള് എടുത്തുടുക്കുണുന്ന് മാത്രം. കുടിയ്ക്ക്.'
അവൾ ഗ്ലാസ്സെടുത്തു മോന്തി.
'പതുക്കെ കുടിച്ചാ മതി. ഇന്ന് നിനക്കിവിടെ താമസിക്കാം.'
അവൾ ഒന്നും പറയുന്നില്ല.
'ഇനി ഐസ് വേണോ?'
അവൾ വേണ്ടെന്നു തലയാട്ടി.
'സാറ് മരിക്കാൻ ശരിക്ക് തീർച്ച്യാക്കീതാ?'
'അതെ. എന്തേ?'
'എന്തിനാ മരിക്കണത്?'
'അതൊരു രഹസ്യാണ്.'
'എങ്ങനെ മരിക്കാനാ തീർച്ച്യാക്കീരിക്കണത്?'
'എന്താ താല്പര്യണ്ടോ?'
'ഊംങ്ങും.'
'എന്നാൽ പറയില്ല. അതും ഒരു രഹസ്യാണ്.'
വാതിൽക്കൽ മുട്ടു കേട്ടു.
'കമിൻ.'
വെയ്റ്റർ ഒരു വലിയ ട്രേയിൽ വിഭവങ്ങളെല്ലാം കൊണ്ടുവന്ന് മേശമേൽ നിരത്തി.
'സർവ് ചെയ്യട്ടെ സർ.'
'വേണ്ട. താങ്ക്സ്.' അയാൾ ബിൽ നോക്കി പഴ്സിൽ നിന്ന് ഏതാനും നോട്ടുകളെടുത്ത് വെയ്റ്റർക്കു കൊടുത്തു.
'ബാക്കി വെച്ചോളു.'
അതീവ സന്തുഷ്ടനായി സലാംവെച്ച് പോകുന്ന വെയ്റ്ററെ അവൾ അദ്ഭുതത്തോടെ നോക്കി. എത്ര കൊടുത്തു ആവോ. ഈ മനുഷ്യൻ ശരിക്കും ചാവാൻ പോവ്വാണോ?
'വരു, നമുക്ക് ഭക്ഷണം കഴിക്കാം.' അയാൾ എഴുന്നേറ്റു. 'കഴിക്കാറായില്ലേ?'
'ഉം, കഴിക്കാം.' അവളും എഴുന്നേറ്റു. അവളുടെ ഗ്ലാസ്സ് മുക്കാൽ ഭാഗവും കഴിഞ്ഞിരുന്നു. അവൾ കുറേശ്ശെ ആടുന്നുണ്ട്.
'ങും, തലക്ക് പിടിയ്ക്ക്ണ്ട് അല്ലെ? അവിടെ ഇരുന്നാൽ മതി. ഞാൻ വിളമ്പിത്തരാം.' അയാൾ ചൂടുള്ള പ്ലെയ്റ്റിൽ ബിര്യാണിയും സാലഡും എടുത്ത് അവൾക്കു കൊടുത്തു.
കുറേ ദിവസങ്ങൾക്കു ശേഷം, അല്ലെങ്കിൽ മാസങ്ങൾക്കു ശേഷം ഇന്ന് നന്നായി ഭക്ഷണം കഴിക്കാം. അയാൾ ആലോചിക്കുകയാണ്. താനത് ഉറക്കെ പറഞ്ഞുവോ? അയാൾ ചോദിച്ചു.
'ഞാനിപ്പോൾ എന്തെങ്കിലും പറഞ്ഞോ?'
'ഉം, കൊറേ ദെവസത്തിന് ശേഷം നന്നായി തിന്ന്വാണ്ന്ന്. ഞാനും അതെ.'
'എന്താ വീട്ടിൽ മനസ്സമാധാനം ഇല്ലാ അല്ലെ?'
അവൾ വീടിനെപ്പറ്റി ആലോചിക്കാൻ ഇഷ്ടപ്പെട്ടില്ല. ഭർത്താവെന്നു പറഞ്ഞു ഒപ്പം കൂടിയിട്ടുള്ള ആ മനുഷ്യന് പുറത്തിറങ്ങി രണ്ട് ആണുങ്ങളെ തേടിപ്പിടിച്ചു കൊണ്ടുവരാൻ പോലും കഴീല്ല്യ. അതാണ് തനിയ്ക്ക് സന്ധ്യ മയങ്ങാൻ വേണ്ടി കാത്തിരുന്ന് പുറത്തിറങ്ങി നിരത്തിന്റെ വക്കത്തു പോയി പാത്തും പതുങ്ങിയും നിക്കേണ്ടി വരണത്.
'നിനക്ക് ഭർത്താവില്ലെ? അയാളെന്താണ് ചെയ്യണത്?'
'അതല്ലെ ഞാനിപ്പോൾ പറഞ്ഞത്?'
'നീയെന്നോട് വല്ലതും പറഞ്ഞോ?'
'ഉം, അയാളെക്കൊണ്ട് ഒരു കാര്യും ഇല്ല്യാന്ന്.'
അയാൾ ഭാര്യയെക്കുറിച്ച് ആലോചിച്ചു. ഉടനെ അത് മനസ്സിൽനിന്ന് തുടച്ചു നീക്കുകയും ചെയ്തു. ഇന്ന് അങ്ങിനത്തെ ചിന്തകൾകൊണ്ട് കലുഷമാക്കാനുള്ളതല്ല തന്റെ മനസ്സ്. കഴിയുന്നത്ര സന്തോഷത്തോടെ ഇരിക്കുക. ഏതാനും മണിക്കൂർ മാത്രമേയുള്ളു തനിയ്ക്ക്. വിലപിടിച്ച ആ മണിക്കൂറുകൾ എന്തിനു നശിപ്പിക്കണം. അയാൾ ചോദിച്ചു.
'എങ്ങനെണ്ട് ബിര്യാണി, സ്വാദുണ്ടോ?'
അവൾ പ്ലെയ്റ്റ് മേശപ്പുറത്തുവെച്ച് അയാളെ നോക്കി. വായിലുള്ള കഷ്ണം ചവച്ച്തിന്ന ശേഷം പറഞ്ഞു.
'ഇങ്ങിനെ സ്വാദ്ള്ള സാധനങ്ങളും ഈ നഗരത്തില് കിട്ടും അല്ലെ?'

‘കിട്ടും, എന്റെ ഒപ്പം വന്നാൽ മാത്രം. പിന്നെ വേറൊരു കാര്യം. ഇത് നീ വൈകുന്നേരം ഇരതേടിനടന്നിരുന്ന നഗരല്ല. മറ്റൊരു നഗരാണ്. നോക്ക്.’

അയാൾ ഒരു ക്ലാസ്സിക് സന്ധ്യക്കുവേണ്ടി ഉപയോഗിച്ച തേഞ്ഞ ചിത്രം വലിച്ചെറിഞ്ഞു. പകരം പുതിയൊരു ചിത്രമെടുത്തു. അവൾ അദ്ഭുതത്തോടെ ചുറ്റും നോക്കി. നേരിയ നീല നിറമുള്ള ഭിത്തികളിൽ അലങ്കാരവിളക്കുകൾ, അവയ്ക്കുതാഴെ തൂക്കിയ വലിയ ചിത്രങ്ങൾ. ഒരു വശത്ത് നിറയെ ഞെറികളുള്ള നീല കർട്ടൻ.

‘വരൂ. പ്ലെയ്റ്റ് എടുത്തോളു. കാഴ്ചകൾ കാണുമ്പോൾ ഒപ്പം ഭക്ഷണവും കഴിക്കാം.’

അയാൾ ഒരു ബട്ടനമർത്തിയപ്പോൾ കർട്ടൻ ഇരുവശത്തേയ്ക്കും മാറിപ്പോയി. താഴെ നീല നിറത്തിൽ വെളിച്ചം തുടിച്ചുനിൽക്കുന്ന നീന്തൽകുളത്തിൽ രണ്ടു സ്ത്രീകളും ഒരു പുരുഷനും നീന്തുന്നു.

‘ഇതെല്ലാം ഒരു ദിവസത്തേക്കെങ്കിലും അനുഭവിക്കാൻ പറ്റീലോ.’

‘ഒരു രാത്രിയിലേയ്ക്ക്. നാളെ നമ്മള് രണ്ടുപേരും എവിടെയായിരിക്കുംന്ന് പറയാൻ പറ്റില്ല.’

ചിത്രത്തിന്റെ നിറം മങ്ങിയില്ല.

അവൾ രണ്ടാമത്തെ ഗ്ലാസ്സ് പകുതിയിലധികം തീർത്തിരുന്നു. നടക്കുമ്പോൾ വീഴാൻ പോകുന്നു.

‘ഇനി നമുക്ക് അല്പം ഐസ്ക്രീം കഴിക്കാം.’ ഐസ് ക്രീമിന്റെ പാത്രം തുറന്നുകൊണ്ട് അയാൾ പറഞ്ഞു.

‘ദൈവമേ, ഇതൊക്കെ എവിടേയ്ക്കാണാവോ ചെല്ലാ?’ വയർ തലോടിക്കൊണ്ട് അവൾ പറഞ്ഞു. അതയാളെ രസിപ്പിച്ചു. അവളുടെ ഒരു കരുതലുമില്ലാത്ത സംസാരം അയാളിൽ കൗതുകമുണർത്തി. അയാൾ അവളുടുത്തിരുന്ന സാരി ശ്രദ്ധിച്ചു. ഒരു വെറും സാധാരണ സാരി. അതാകട്ടെ അവളിരുന്ന പരിസരത്തിൽ മുഴച്ചുനിന്നു. അയാൾക്ക് വിഷമമായി. അവൾ പ്ലെയ്റ്റിലെ ഐസ്ക്രീമിന്റെ വലിയ കഷ്ണത്തിൽനിന്ന് സ്പൂൺ കൊണ്ട് കോരിത്തിന്നുകയാണ്.

അയാൾ കുളിമുറിയിൽ പോയി ബാത്ത്ടബ്ബ് നിറക്കാൻ തുടങ്ങി. അഞ്ചു മിനിറ്റു കഴിഞ്ഞ് തിരിച്ചുവന്നപ്പോൾ അവൾ കിടക്കയിൽ പോയി കിടപ്പായിരുന്നു. ഇരിക്കാൻ നോക്കി വീണപോലെയാണ് തോന്നിയത്. കാലുകൾ താഴേയ്ക്ക് തൂങ്ങിക്കിടക്കുകയാണ്. നല്ല ഉറക്കം. അയാൾ അവളുടെ കാലുകളെടുത്ത് കിടക്കയിലേയ്ക്കു കയറ്റിവെച്ച ശേഷം അവളെ കട്ടിലിന്റെ നടുവിലേയ്ക്കു നീക്കിക്കിടത്തി. അവൾ മലർന്നുകിടന്ന് ഉറക്കംതന്നെ. കട്ടിലിന്മേൽ അവളെ നോക്കിക്കൊണ്ട് കുറച്ചുനേരം ഇരുന്നപ്പോൾ അയാളുടെ മനസ്സ് അലിവുകൊണ്ട് നിറഞ്ഞു. കണ്ണുകൾ ആർദ്രമായി. എത്രനേരം അങ്ങിനെ നോക്കിനിന്നുവെന്നറിയില്ല. വാച്ചുനോക്കിയപ്പോൾ സമയം ഒന്നേഅമ്പത്. അയാൾ കുനിഞ്ഞ് അവളുടെ കവിളുകളിൽ ഉമ്മവെച്ചു. ഒരു കുട്ടിയെ എന്നപോലെ അവളുടെ നെറ്റിയിൽ വീണുകിടക്കുന്ന മുടി കൈപ്പത്തികൊണ്ട് മാടിവെച്ചു. നല്ല ഉറക്കം.

അയാൾ എഴുന്നേറ്റ് കാൽക്കൽ ഭാഗത്തുള്ള പുതപ്പെടുത്ത് അവളുടെ കഴുത്തുവരെ പുതപ്പിച്ചു. അവൾ ഉറക്കത്തിൽത്തന്നെ ആ പുതപ്പ് പിടിച്ച് തിരിഞ്ഞുകിടന്നു. അയാൾ പഴ്സെടുത്ത് നോട്ടുകൾ മുഴുവൻ പുറത്തെടുത്ത് നൂറിന്റെ എതാനും നോട്ടുകളൊഴികെ ബാക്കിയെല്ലാം അവളുടെ കൈസഞ്ചിയിലിട്ടു. മുറിയുടെ താക്കോൽ കിടക്കയിൽ അവൾ കാണുന്ന സ്ഥലത്ത് വെച്ചു. ഒപ്പം ഒരു ചെറിയ കുറിപ്പും. ‘രാവിലെ പോകുമ്പോൾ ഈ താക്കോൽ താഴെ റിസപ്ഷനിൽ കൊടുക്കണം.’ കൈസഞ്ചി അവളുടെ കൈകൾക്കിടയിൽ വെച്ചു പുതപ്പുകൊണ്ടു മൂടി. ഭദ്രമായിരിക്കട്ടെ.

പഴ്സ് കീശയിലിട്ട് അയാൾ പുറത്തിറങ്ങി. വാതിലിന്റെ ഉള്ളിൽ തൂക്കിയിട്ട ‘ഡോണ്ട് ഡിസ്റ്റർബ്’ സൈൻ എടുത്ത് വാതിലിന്റെ പുറത്ത് പിടിമേൽ തൂക്കിയിട്ട് ലിഫ്റ്റിന്നടുത്തേയ്ക്കു നടന്നു. താഴെ കൗണ്ടറിൽ റിസപ്ഷനിസ്റ്റ് ഒരു ചെറുപ്പക്കാരനായിരുന്നു. രണ്ടു ദിവസത്തെ പരിചയത്തിൽ അയാൾ ചിരിച്ചു. ഉറക്കം തൂങ്ങിക്കൊണ്ടുള്ള ചിരി.

‘എനിയ്ക്ക് അത്യാവശ്യം ഒരിടത്ത് പോണം.’ അയാൾ പറഞ്ഞു. ‘മുറിയിൽ എന്റെ ഭാര്യണ്ട്. രാവിലെ ചായ വേണ്ടിവരും. അവള് രാവിലെ പോവും. അപ്പോൾ ചെക്കൗട്ട് ചെയ്താൽ മതി. പോരെ?’

‘മതി സർ.’ റിസപ്ഷനിസ്റ്റ് പറഞ്ഞു.

‘ഞാൻ പതിനയ്യായിരല്ലെ തന്നത്? അത് മതിയാവില്ലെ?’

‘മതി. കൂടുതലായിരിക്കും. മുറി ഇന്നത്തെ രാത്രി ഡബ്ൾ ഒക്യുപ്പൻസി ചാർജ്ജ് ചെയ്യേണ്ടിവരും സർ. എന്നാലും മതിയാവും.’

‘അതൊക്കെ നിങ്ങളുടെ സൗകര്യം പോലെ ചെയ്യു. ബാക്കി വരണത് നിങ്ങൾ വെച്ചോളു. ശരി ബൈ. താങ്ക്സ് ഫോർ ദ ഹോസ്പിറ്റാലിറ്റി.’ അയാൾ കൈ നീട്ടി.

‘താങ്ക്സ് സർ. ടാക്സി വിളിക്കട്ടെ?’

‘വേണ്ട, താങ്ക്സ്.’

വാതിൽ തുറന്നു പിടിച്ച ഡോർമാന് ഒരു നോട്ട് കൈമാറി ആദരപൂർവ്വമുള്ള സലാം സ്വീകരിച്ചുകൊണ്ട് അയാൾ പുറത്തേയ്ക്കു കടന്നു.

ഇവിടെ ഒരു ഘടകം കൂടി കൊണ്ടു വരണം. ഒരു മങ്ങിയ ചിത്രം. ഞാനത് നിവർത്തിപ്പിടിയ്ക്കാം. രണ്ടരുകിലും നിറയെ കാറുകൾ പാർക്കു ചെയ്ത വിശാലമായ മുറ്റം. അതിൽനിന്ന് പുറത്തെ നിരത്തിലേയ്ക്ക് കടക്കാൻ വീതിയുള്ള ഗെയ്റ്റ്. അതു തുറന്നു പിടിക്കുന്ന സെക്യൂരിറ്റിക്കാരൻ. അതിനുമപ്പുറത്ത് ഇരുവശത്തും വേപ്പർ ലാമ്പുകൾ തെളിഞ്ഞു കത്തുന്ന വീഥി. ആ വിഥിയിലൂടെ അയാൾ സാവധാനത്തിൽ നടന്നു നീങ്ങുകയാണ്.

ഇനിയും ചിത്രങ്ങൾ വേണമെങ്കിൽ കൊണ്ടുവരാം. പക്ഷെ അവയെല്ലാം വളരെ ഇരുണ്ടതും മ്ലാനവുമാണ്. ശോകാകുലമായ ആ ചിത്രങ്ങൾ ഞാനെന്തിനാണ് കൊണ്ടുവരുന്നത്?

back to index

# ഈ നിരത്തിൽ താവളങ്ങളില്ല

ടിക്കു അധികവും കണ്ടിരുന്നത് കാർട്ടൂൺ ചാനലുകളാണ്. മുന്നു വയസ്സിനു ഉൾക്കൊള്ളാവുന്നതിലധികം ചാനലുകൾ ഉള്ളതുകൊണ്ട് വീട്ടിൽ അവന്റെ ഉപദ്രവം തീരെ ഉണ്ടായിരുന്നില്ലെന്നു പറയാം. കുടുംബ സ്നേഹിതരും ബന്ധുക്കളും വിരുന്നിനു വരുമ്പോൾ അവനെപ്പറ്റി കേൾക്കേണ്ടി വരാറുള്ള അപദാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും അതുതന്നെയായിരുന്നു. വൺ, ടൂ, ത്രീ തൊട്ട് ട്വന്റി വരെയും, എ മുതൽ സെഡ് വരെയും തെറ്റാതെ ചെല്ലും, ക്യാറ്റ്, ഡോഗ്, ആപ്പ്ൾ എന്ന മൂന്നു വാക്കുകളുടെ സ്പെല്ലിങ് തെറ്റാതെ പറയും എന്നു തൊട്ട്, ഒരു മൂന്നു വയസ്സുകാരനു ചെയ്യാവുന്നതിലധികം അദ്ഭുതകൃത്യങ്ങൾ ചെയ്യുന്നതിന്റെ സാക്ഷ്യപത്രങ്ങൾ നിരത്തു മ്പോൾ അതൊന്നും ശ്രദ്ധിക്കാതെ അവൻ റിമോട്ടും പിടിച്ച്, ബന്ധുവീട്ടിൽനിന്ന് വിരുന്നുവന്ന കുട്ടികൾ ഇരുവശത്തും നിൽക്കുന്നതുപോലും കാണാതെ സ്ക്രീനിൽ കണ്ണുംനട്ട് ഇരിയ്ക്കും. അവ നെ സംബന്ധിച്ചേടത്തോളം ആ ടി.വി. സ്ക്രീ നും അവനു ചുറ്റുമുള്ള ലോകവും തമ്മിൽ വ്യത്യാസമൊന്നുമില്ല. ചുറ്റുമുള്ളവർ ഒരു വലിയ ടി.വി.യിൽ നടന്നുകൊണ്ടിരിയ്ക്കുന്ന പരിപാടിയിലെ അഭിനേതാക്കൾ മാത്രമാണ്. അതാകട്ടെ ആവർത്തന വിരസതകൊണ്ട് അവന് തീരെ ഇഷ്ടമാകുന്നുമില്ല. അതുകൊണ്ടവൻ വീണ്ടും ടി.വി.യിലേയ്ക്കും റിമോട്ടിലേയ്ക്കും തിരിയുന്നു.

കാർട്ടൂൺ മാത്രമല്ല അവൻ കണ്ടിരുന്ന പരിപാടികൾ. റിമോട്ട് അമർത്തുമ്പോൾ മാറിമാറി വരുന്ന ചാനലുകളോരോന്നും അവന്റെ ബോധമണ്ഡലത്തിൽ ആഴത്തിലുള്ള പോറലുകൾ വീഴ്ത്തി കടന്നുപോയി. ഭേദ്യം ചെയ്യൽ, കൊലപാതകം, കെട്ടിടങ്ങളും തീവണ്ടികളും പാലങ്ങളും ബോംബിട്ടു തകർക്കൽ തുടങ്ങിയവ ആദ്യമെല്ലാം അവനിൽ ഒരു നടുക്കം സൃഷ്ടിച്ചിരുന്നു. അവൻ ഒരു വിറയലോടെ മാത്രം അവ നോക്കിക്കണ്ടു. പിന്നീടാണ് ഒരു കാര്യം ശ്രദ്ധിച്ചത്. കാർട്ടൂണുകളിൽ ചത്തുപോയ ജന്തുക്കൾ, അവ പൂച്ചയായാലും, എലിയായാലും, നായയായാലും വീണ്ടും എഴുന്നേറ്റു വരികയും അംഗഭംഗമൊന്നുമില്ലാതെ തുടർജീവിതം നയിക്കുകയും ചെയ്യുന്നു. അവനത് ആശ്വാസം നൽകി. പിന്നീട് കൊലപാതകങ്ങളും തീവെട്ടിക്കൊള്ളകളും നടക്കുന്നതു കാണാൻ വിഷമമുണ്ടായില്ല. അഥവാ വിഷമമുണ്ടായാൽ കയ്യിലുള്ള റിമോട്ടിൽ അമർത്തുകയേ വേണ്ടൂ, അത്രതന്നെ പ്രശ്നമില്ലാത്ത മറ്റൊരു ചാനലിലെത്താൻ.

അച്ഛനും അമ്മയും സ്കൂളിൽ ജോലിയ്ക്കു പോകുമ്പോൾ അവനെ രമണിയെന്ന ചെറുപ്പക്കാരി ആയയെ ഏൽപ്പിയ്ക്കുന്നു. അവളാണ് ടിക്കുവിനെ തൊട്ടടുത്തുള്ള ക്രെഷെയിൽ കൊണ്ടുപോയാക്കന്നത്. ഗൃഹസന്ദർശകരിൽ മതിപ്പുണ്ടാക്കുന്ന അറിവു സമ്പാദിയ്ക്കുന്നത് അവിടെനിന്നാണ്. ടി.വി.യിൽ കാണുന്ന കാർട്ടൂണുകൾ പരീക്ഷിക്കാനായി അവൻ വിനിയോഗിയ്ക്കുന്നതും രാവിലെ 10 മുതൽ 12 വരെയുള്ള സമയം തന്നെ. പലപ്പോഴും ടീച്ചർമാരുടെയും ആയമാരുടെയും സന്ദർഭോചിതമായ ഇടപെടലില്ലായിരുന്നുവെങ്കിൽ പല കുട്ടികൾക്കും ടോം ക്യാറ്റിന്റെയോ ജെറി മൗസിന്റെയോ ഗതി വന്നുചേരുമായിരുന്നു. ഗീതുവും, നന്ദുവും അനീഷും ടോമിനെപ്പോലെ ഒരു പലകപോലാവുന്നതും, പിന്നീട് ഊതിവീർപ്പിച്ച ബലൂൺ പോലാവുന്നതും കാണാൻ അവൻ ആഗ്രഹിച്ചു. ഒരു റിമോട്ട് കണ്ടേൽ ഞെക്കിക്കൊണ്ട് അതിനു കഴിഞ്ഞാലെത്ര നന്നെന്നും അവൻ ഓർത്തു.

12 മണിയ്ക്ക് രമണി വന്ന് അവനെ കൂട്ടിക്കൊണ്ടു പോകുന്നു. ടി.വി.യ്ക്കു മുമ്പിലിരുന്നുകൊണ്ട് അവൻ ഷൂ അഴിച്ചുമാറ്റാൻ രമണിയ്ക്ക് കാൽ നീട്ടിക്കൊടുക്കുന്നു. ഷർട്ടും ട്രൗസറും ഊരി മാറ്റിയിടാൻ കഷ്ടിച്ച് സമ്മതിയ്ക്കുന്നു. പിന്നെ അറിയാതെ വാ തുറക്കുമ്പോൾ ചോറ് കുഴച്ച് ചെറിയ ഉരുളകളാക്കി കൊടുക്കുന്നത് അവൻ അകത്താക്കുന്നു. രമണിയുടെ ഓരോ ചലനവും പ്രതിരോധത്തിന്റേതാണ്. ആദ്യമെല്ലാം ഒരു കുട്ടിയെ എങ്ങിനെയാണ് വളർത്തേണ്ടതെന്ന സ്വന്തം അറിവും ധാരണയുമുപയോഗിച്ച് അവന്റെ കാര്യങ്ങൾ ചെയ്തുകൊടുക്കാറുണ്ട്. പിന്നീട് ടിക്കുവിന്റെ കയ്യിൽ നിന്ന് മുഖത്തും അവന്റെ അമ്മയുടെ കയ്യിൽ നിന്നു മനസ്സിലും കിട്ടിയ മാന്തുകൾ ഒരു തട്ടിലും ഒരു കൊച്ചുകുട്ടി നന്നായി വളരണമെന്ന ആഗ്രഹം മറുതട്ടിലും വച്ചുനോക്കിയപ്പോൾ താൻ നഷ്ടക്കാരിയാവുകയാണെന്ന് അവൾക്കു മനസ്സിലായി. അവൾക്ക് ഇവിടെനിന്നു കിട്ടുന്ന ശംബളം വേണം ഒരു കുടുംബം പുലർത്താൻ. അവൾക്കും രണ്ടു വയസ്സു പ്രായമുള്ള ഒരു മകളുണ്ട്, പകൽ മുഴുവൻ തന്റെ വയസ്സായ അമ്മ നോക്കി വളർത്തുന്ന കുട്ടി.

ഇപ്പോൾ പരാതികളില്ല. കുറച്ചു കൂടുതൽ ജോലിയെടുക്കണമെന്നു മാത്രം. ടിക്കു വലിച്ചെറിയുന്ന ഭക്ഷണവും മറ്റും ചുമരിൽനിന്നും നിലത്തുനിന്നും വീട്ടുസാമാനങ്ങളിൽനിന്നും എടുത്തു കളഞ്ഞ് അവിടം വൃത്തിയാക്കുന്നതുതന്നെ നല്ലൊരു ജോലിയായിരുന്നു.

നാലരയോടെ അമ്മ സ്കൂളിൽനിന്നെത്തുന്നു. അതോടെ ഒരു ദീർഘശ്വാസവും വിട്ട് രമണി പോകാനുള്ള ഒരുക്കങ്ങൾ നോക്കും. ടീച്ചർക്കുള്ള ലഘുഭക്ഷണവും ചായയും മേശപ്പുറത്തെത്തിയ്ക്കും. അവർ കുളിമുറിയിൽനിന്ന് സാരി മാറി നൈറ്റിയിലേയ്ക്കു കയറി മേശക്കുമുമ്പിലിരുന്നാൽ രമണിയ്ക്കു പോകാം. അതിനിടയ്ക്ക് മകനെപ്പറ്റി ചോദ്യങ്ങളുണ്ടാവും. 'അവൻ ഉച്ചയ്ക്ക് എന്താ കഴിച്ചത്? ഊണുകഴിഞ്ഞ് നന്നായി ഉറങ്ങ്യോ......?' ഇപ്പോൾ അവളുടെ ഉത്തരങ്ങൾ വളരെ തൃപ്തികരമായിരുന്നു.

മാസ്റ്റർ എപ്പോഴാണ് വരികയെന്നറിയില്ല. അങ്ങേര് രാഷ്ട്രീയപ്രവർത്തനവും അമ്പലക്കമ്മിറ്റി മീറ്റിങ്ങും മറ്റും കഴിഞ്ഞ് എത്തുക പല സമയത്താണ്.

ബെല്ലടിച്ചപ്പോൾ അശ്വിനി പറഞ്ഞു. 'മോനെ, അച്ഛൻ വര്ണ്ണ്ട്.'

ടിക്കുവിന് ഒരു ഭാവഭേദവുമുണ്ടായില്ല. അവൻ ടി.വി.യിൽനിന്ന് കണ്ണെടുത്തുമില്ല.

പുറത്തുനിന്ന് കുറച്ചധികം ആൾക്കാരുടെ ശബ്ദം കേട്ടപ്പോൾ അവൾ സ്വയം പറഞ്ഞു. 'ഓ, ഇന്ന് കുറെയധികം പേർടെകൂട്യാണല്ലൊ വരവ്.'

അത് സാധാരണയുണ്ടാവാറുള്ളതാണ്. അവർ കുറേ നേരം സംസാരിച്ച ശേഷം പോകുകയും ചെയ്യും. ചായയുണ്ടാക്കേണ്ട ശല്യംകൂടിയില്ല. ആദ്യമെല്ലാം ചായയുണ്ടാക്കട്ടെ എന്ന ഭംഗിവാക്കു പറഞ്ഞിരുന്നു. പിന്നെ അവർതന്നെയാണ് പറഞ്ഞത്. 'ടീച്ചറെ, അതിന്റ്യൊന്നും ആവശ്യല്ല.' അതിനു ശേഷം അവൾ ചോദിയ്ക്കാറുമില്ല. അശ്വിനി വാതിൽ തുറന്നപ്പോൾ കണ്ടത് മുറ്റത്ത് അഞ്ചെട്ടുപേർ നിൽക്കുന്നതാണ്. മൂന്നുപേർ തലയിൽ തോർത്തുകൊണ്ട് കെട്ടിയിട്ടുണ്ട്. അതിൽ മാസ്റ്ററുടെ ഒപ്പം വരാറുള്ള ആരുമില്ല.

'മാഷില്ല്യേ?'

'വന്നിട്ടില്ലല്ലൊ.'

'എവിടെ പോയിരിക്ക്യാണ്?'

'അറിയില്ല്യാട്ടോ. നിങ്ങളാരാ?'

'അതൊന്നും നിങ്ങളറിയണ്ട. മാഷോട് ഈവക കാര്യങ്ങള് ചെയ്താൽ അതിന്റെ ഫലൂം അനുഭവിക്കേണ്ടി വരൂന്ന് പറഞ്ഞേക്ക്.'

'എനിയ്ക്ക് മനസ്സിലായില്ല......'

'അനുഭവിക്കുമ്പ മനസ്സിലാവും. ഒരു കാര്യം പറഞ്ഞേക്കാം. കഴിഞ്ഞ ഒരു മാസത്തിനുള്ളല് ഞങ്ങടെ പാർട്ടീന്ന് ഈ ഏര്യേൽത്തന്നെ കൊഴ്ഞ്ഞ് പോയിട്ട്ള്ളത് ഒന്നും രണ്ടു പേരൊന്ന്വല്ല. ഇരുപത് പേരാണ്. അതിന്റ്യൊക്കെ പിന്നില് ആരാണ്ന്ന് ഞങ്ങക്കറിയാം. മര്യാദയ്ക്ക് ഭാര്യീം കുടുംബ്വായിട്ട് ഒതുങ്ങി ജീവിച്ചോളാൻ പറ. അല്ലെങ്കീ വിവരം അറിയും.'

'വാ, പോവാടാ....' മറ്റൊരുത്തൻ സംസാരിച്ചിരുന്നവന്റെ കൈ പിടിച്ചുകൊണ്ട് പറഞ്ഞു. അവർ തിരിഞ്ഞുനടക്കാൻ തുടങ്ങി.

അശ്വിനി തളർന്നിരുന്നു. വന്നവരുടെ സ്വരം ഭീഷണമായിരുന്നു. എന്തും ചെയ്യാൻ മടിക്കില്ലെന്ന അർത്ഥം വാക്കുകൾക്കിടയിൽ ഒളിച്ചിരുന്നു. ഞാനെന്താണ് ചെയ്യേണ്ടത്? ഭർത്താവിനോട് പറഞ്ഞാൽ കിട്ടിയേക്കാവുന്ന മറുപടി ഇതായിരിക്കും. 'അവർക്കെന്തു ചെയ്യാൻ പറ്റും, നോക്കാലോ?'

അവൾ തളർന്ന് ഒരു കസേലയിൽ ഇരുന്നു. ടിക്കു ചുറ്റുവട്ടത്തും എന്താണ് സംഭവിയ്ക്കുന്നതെന്ന് ശ്രദ്ധിയ്ക്കാതെ ടി.വി.യ്ക്കു മുമ്പിലായിരുന്നു. അവൻ കണ്ടിരുന്നത് കാർട്ടൂൺ ചിത്രങ്ങളല്ല ഏതോ സിനിമയാണെന്ന് ഒരു ഞെട്ടലോടെ അവൾ മനസ്സിലാക്കി. ഏതോ വയലന്റ് മൂവി. കഥാപാത്രങ്ങളെല്ലാം വളരെ വലിയ തോക്കുകളും റോക്കറ്റുകളും ഏറ്റി ഓടുകയാണ്. പശ്ചാത്തലത്തിൽ ആളിപ്പടരുന്ന തീ, പുക. അതിനിടയിൽ മരിച്ചുവീഴുന്ന മനുഷ്യർ. എന്നുതൊട്ടാണ് മോൻ ഇത്തരം സിനിമകൾ കാണാൻ തുടങ്ങിയത്? മുതിർന്നവർക്കു കൂടി ഭയമുണ്ടാക്കുന്ന സിനിമകൾ! ആഴ്ചകളായി അവൻ ആ സിനിമകൾ കാണാൻ തുടങ്ങിയിട്ട് എന്ന് അവന്റെ ആയക്കു മാത്രമേ അറിയൂ. അതിനെതിരെ ഒന്നും പറയാത്തത് അവളുടെ സ്വയംപ്രതിരോധത്തിന്റ ഭാഗമായിട്ടാണ്. അഥവാ രമണി അതിനെപ്പറ്റി എന്തെങ്കിലും ടിക്കുവിനോടു പറഞ്ഞാൽ അവളുടെ മുഖത്തെ തോലു പോവുകയോ തലമുടി പറിഞ്ഞുപോവുകയോ ചെയ്യും. മറിച്ച് അവന്റെ അമ്മയോടു പറഞ്ഞിരുന്നെങ്കിൽ കിട്ടുന്ന മറുപടി എന്തായിരിയ്ക്കുമെന്നും അവൾക്ക് നന്നായി അറിയാം.

'ഏയ്, അവൻ കാർട്ടൂണോ ഡിസ്ക്കവറി ചാനലോ അല്ലാതെ ഒന്നും കാണില്ല. രമണിയോട് ഞാൻ പറഞ്ഞിട്ട്ണ്ട് കുട്ടീടെ മുമ്പീന്ന് സിനിമ കാണര്ത്ന്ന്. അവൻ ഒറങ്ങ്യാൽത്തന്നെ ആ സമയം വല്ല ജോലീം ചെയ്യാന്നല്ലാതെ ടി.വി.ടെ മുമ്പിലിര്ക്കര്ത്.........'

ആയക്കതു നന്നായി അറിയാം. മകൻ ഏതു ചാനലുകളാണ് കാണുന്നത് എന്ന വിവരം പണ്ടേ ഇല്ലാതായത് അമ്മ അറിഞ്ഞിട്ടില്ല. സ്കൂളിൽ നിന്ന് വന്നാൽ പിറ്റേന്നു ക്ലാസ്സിലേയ്ക്കു വേണ്ട നോട്സ് എഴുതി തയ്യാറാക്കുക. വൈകുന്നേരത്തെ ഭക്ഷണം എന്തൊക്കെയാണ് വേണ്ടത് എന്നു നോക്കുക. അങ്ങിനെ തിരക്കിനിടയിൽ മകനെ ശ്രദ്ധിക്കാൻ പറ്റാറില്ല. അവരുടെ മനസ്സിൽ അവൻ ഇപ്പോഴും കാർട്ടൂൺ ചാനലുകൾ മാത്രം കാണുന്ന ഒരു ചെറിയ കുട്ടിയാണ്. അതുകൊണ്ട് അവൾ ടിക്കുവിന്റെ അടുത്തു ചെന്നിരുന്ന് റിമോട്ട് കണ്ട്രോൾ പിടിച്ചുവാങ്ങി ചാനൽ മാറ്റി.

'എന്താ മോനെ കാർട്ടൂൺ ചാനലിലൊക്കെ പരസ്യാണോ?'

കണ്ടുകൊണ്ടിരിയ്ക്കുന്ന ചാനലിൽ പരസ്യം വന്നാൽ അവനതു ചെയ്യാറുണ്ട്. അപ്പോൾ മിക്കവാറും എല്ലായിടത്തും പരസ്യം തന്നെയായിരിയ്ക്കും. അവൻ തിരിച്ച് കണ്ടുകൊണ്ടിരുന്ന പരിപാടിയിലേയ്ക്ക് വരികയും ചെയ്യും.

ഇന്നവൻ അതല്ല ചെയ്തത്. അവൻ ദേഷ്യത്തോടെ അമ്മയുടെ കയ്യിൽനിന്ന് ഉപകരണം തട്ടിപ്പറിച്ച് ധൃതിയിൽ ചാനൽ മാറ്റി. കണ്ടുകൊണ്ടിരുന്ന സിനിമയെത്തിയപ്പോഴാണ് അവൻ ശാന്തനായത്. ഒരഞ്ചു മിനിറ്റിലധികം സ്ക്രീനിൽ നോക്കിയിരിയ്ക്കാൻ അശ്വിനിയ്ക്കായില്ല. പിടയുന്ന മനുഷ്യർ, ചോര, നിറയെ മുറിവുകൾ കൊണ്ട് വികൃതമായ മുഖങ്ങൾ. മനംപിരട്ടുന്നതുപോലെ തോന്നി, അവൾ എഴുന്നേറ്റ് കിടപ്പുമുറിയിലേയ്ക്കു പോയി.

രാത്രി ഒമ്പതു മണിയ്ക്ക് വീട്ടിലെത്തിയ ഭർത്താവ് ആദ്യം ചോദിച്ചത് ഭീഷണിയുമായി വീട്ടിൽ വന്നവരെക്കുറിച്ചായിരുന്നു.

'ഇന്ന് അവര് വന്നിരുന്നു അല്ലെ?'

ഉണ്ടായ കാര്യങ്ങളെല്ലാം പറഞ്ഞപ്പോൾ അയാൾ പറഞ്ഞു.

‘അതിനൊക്കെ തയ്യാറായിട്ടാണ് ഞാൻ രാഷ്ട്രീയത്തിൽ കടന്നത്. അവർക്ക് ചെയ്യാൻ പറ്റ്ണത് അവര് നോക്കട്ടെ. ഞങ്ങൾക്കും ആള്ണ്ട്ന്ന് അവരറിഞ്ഞോളും.’

‘എനിയ്ക്ക് പേടിയാവുന്നു. നിങ്ങള് ഇങ്ങനെ നേരം വൈകണ്ട ഇനിതൊട്ട്.’

‘എന്റെ ജോലിയൊക്കെ കഴിയുമ്പൊ ഈ സമയം എന്തായാലും ആവും. ഒപ്പമുള്ളോരെ പാതി വഴീലിട്ട് പോരാൻ പറ്റില്ലല്ലൊ. എന്തായാലും ആര് മുട്ട്യാലും വാതിൽ തൊറക്കണ്ട.’

ഭക്ഷണം കഴിയ്ക്കുമ്പോൾ അവൾ വീണ്ടും ഈ വിഷയം എടുത്തിട്ടു. അവൾക്ക് അയാളിൽ നിന്ന് ഒരുറപ്പ് വേണം, ഒന്നും സംഭവിയ്ക്കാൻ പോകുന്നില്ലെന്ന്. അവളെ ആശ്വസിപ്പിക്കാനെങ്കിലും അങ്ങിനെ ഒരുറപ്പ് കൊടുക്കാൻ അയാൾ തയ്യാറായില്ല.

‘ഓർമ്മണ്ടോ വിദ്യാധരൻ മാഷടെ കാര്യം?’ അശ്വിനി ചോദിച്ചു.

അയാൾ തലയാട്ടി. എന്തും സംഭവിയ്ക്കാമെന്നയാൾക്കറിയാം. അയാളുടെ സഹപ്രവർത്തകൻ വിദ്യാധരൻ മാഷെ ക്ലാസ്സെടുക്കുമ്പോൾ കുട്ടികളുടെ മുമ്പിൽവച്ചാണ് വെട്ടിക്കൊന്നത്.

‘എന്നിട്ടെന്തുണ്ടായി? ആ രക്തസാക്ഷിത്വംകൊണ്ട് എന്തു നേടി?’

അയാൾ ഒന്നും പറഞ്ഞില്ല. വാക്കുകൾ മനസ്സിൽ കിടന്ന് കലാപം കൂട്ടുകയാണ്. എന്തു നേടി? അതുകൊണ്ട് പാർട്ടി കൂടുതൽ ശക്തിയാർജ്ജിച്ചുവോ?

‘ഒന്നുംല്ല്യ.’ അയാൾ ക്ഷീണിച്ചുകൊണ്ട് പറഞ്ഞു. ‘മാഷടെ ഭാര്യക്കും കുട്ട്യോൾക്കും നഷ്ടം. അത്ര്യന്നെ.’

‘അതാ ഞാമ്പറേണത്. ഇതീന്നൊക്കെ ഒഴിവായിക്കൂടെ? ഇത്രീം കാലം ഞാൻ ഇങ്ങിന്യൊന്നും പറഞ്ഞിട്ടില്ല. ഇപ്പൊ എനിയ്ക്ക് ശരിയ്ക്ക് പേടിയാവുന്നു. നമുക്കൊരു മോൻ ഉള്ളതാണ്. നേരത്തെ ഇവിടെ വന്നോര്...... അവര് എന്തും ചെയ്യാൻ മടിക്കാത്ത കൂട്ടരാണ്ന്ന് കണ്ടാ അറിയാം.’

‘നീയൊന്ന് പരിഭ്രമിയ്ക്കാതിരിയ്ക്ക്. എനിയ്ക്കും ആൾക്കാര്ണ്ട്. അത്ര എളുപ്പൊന്നും അവർക്ക് എന്നെ തൊടാൻ പറ്റില്ല. പിന്നെ, രാഷ്ട്രീയത്തീന്ന് ഒഴിവായി വര്വാന്നത് നടക്കണ കാര്യല്ല. അതൊരു വൺവേ നിരത്താണ്. തിരിച്ചു പോകാൻ പറ്റില്ല. മുമ്പോട്ടുതന്നെ പോവണം. വിശ്രമിക്കാനൊരു താവളംകൂടിയില്ലാത്ത നിരത്ത്.’

‘നിങ്ങള് തിരിച്ചു വരണവരെ എനിക്കെന്തു ടെൻഷനാന്നറിയ്യോ? ഇവിടെ ഞാനൊറ്റയ്ക്കാണ്. മോൻ ഒരു കൂട്ടല്ല. അവൻ ഏതു നേരും ആ വിഡ്ഢിപ്പെട്ടിടെ മുമ്പിലാണ്. നിങ്ങക്കറിയോ അവൻ ഏതൊക്കെ ചാനലാണ് ഇപ്പ കാണണ ത്ന്ന്? സ്റ്റാർ മൂവീസ്, എ.എക്സ്.എൻ., എച്.ബി.ഒ. കൊറച്ച് നേർത്തെ അവൻ കണ്ടിര്ന്ന ഒരു മൂവീല് നെറയെ വെടിവെപ്പും, കൊല്ലലും മാത്രേള്ളു. ഒരര മിനുറ്റ് അത് കണ്ടപ്പൊ എനിയ്ക്ക് ശർദ്ദിക്കാൻ തോന്നി. ആ ചാനല് മാറ്റാൻ ശ്രമിച്ചപ്പൊ അവന്റെ മുഖഭാവം ഒന്ന് കാണണം. റിമോട്ട് എന്റെ കയ്യീന്ന് തട്ടിപ്പറിച്ചു വാങ്ങി ഒരു നോട്ടം.’

കുട്ടികൾ കാണാൻ പാടില്ലാത്ത ചാനലുകളാണ് ഇതെല്ലാം. പ്രത്യേകിച്ചും കൊല്ലും കൊലയുമുള്ള സിനിമകൾ. ആ സിനിമകളിൽ ചിത്രീകരിയ്ക്കുന്ന രംഗങ്ങൾ അവരുടെ ഇളം മനസ്സിനെ എങ്ങിനെ ബാധിക്കുമെന്ന് അയാൾക്കറിയാം. അയാൾ സ്വയം പറഞ്ഞു.

‘നമ്മൾ രണ്ടുപേരും അദ്ധ്യാപകരാണ്. എന്നിട്ടും നമ്മുടെ കുട്ടിയെ വളർത്തണത് എങ്ങിന്യാണ്?’

‘ഞാൻ വേണങ്കീ ജോലി വിരമിയ്ക്കാം. അതുകൊണ്ട് കാര്യമുണ്ടാവുമെങ്കിൽ. പക്ഷെ എനിയ്ക്കു തോന്ന്ണില്ല......’

‘രാജി വെയ്ക്കലൊരു പോംവഴിയാണെന്നു തോന്ന്ണില്ല. അത് കൂടുതൽ പ്രശ്നങ്ങളുണ്ടാക്കുകയേ ഉള്ളു.’

രാത്രികളുടെ ഭയാനകമായ അന്തരീക്ഷം നേരം വെളുക്കുന്നതോടെ മാഞ്ഞു പോകുന്നു. രമണി ഏഴുമണിയ്ക്കുതന്നെ എത്തി ടിക്കുവിന്റെയും പ്രാതലിന്റെയും ചുമതല ഏറ്റെടുത്തു. എട്ടു മണിയ്ക്ക് മാഷ് പുറത്തിറങ്ങി. അശ്വിനി ഒമ്പതരയ്ക്കും. ക്ലാസ്സുകൾ, റിസസ്സ് ടൈം, വീണ്ടും ക്ലാസ്സുകൾ. ദിവസങ്ങൾ കഴിഞ്ഞു പോയപ്പോൾ അവൾക്ക് ഒരു കാര്യം ഉറപ്പായി, അന്നു വൈകുന്നേരം വീട്ടിൽ വന്ന് ഭീഷണിപ്പെടുത്തിയതെല്ലാം വെറും ഭീഷണിയായിരുന്നെന്നും അങ്ങിനെയൊന്നും സംഭവിയ്ക്കാൻ പോകുന്നില്ലെന്നും.

ടിക്കുവിനെ കുറെ ശാസിച്ചതിനുശേഷം അവനും കാർട്ടൂൺ ചാനലല്ലാതെ ഒന്നും കാണുന്നില്ല..... കാണുന്നില്ലെന്ന് അമ്മ കരുതി. അമ്മയില്ലാത്ത സമയത്തെല്ലാം അവൻ കണ്ടിരുന്നത് മറ്റു ചാനലുകളായിരുന്നു. അവനെ മറ്റു ചാനലുകൾ കാണാൻ സമ്മതിയ്ക്കരുതെന്ന് രമണിയോടും പറഞ്ഞിരുന്നു. അവൾ ഒരിയ്ക്കൽ ശ്രമിച്ചതാണ്. മുഖത്ത് ചോര പൊടിയുമാറ് മാന്തും കൈവണ്ണയിൽ കടിയും കിട്ടി മതിയായപ്പോൾ അവനെ നന്നാക്കുന്നതിനേക്കാൾ അവനോടൊപ്പമിരുന്ന് ആ പരിപാടികൾ കാണുകയാണ് ആരോഗ്യത്തിന് നല്ലതെന്ന് മനസ്സിലായി.

ഒരു ദിവസം സ്കൂളിൽനിന്ന് വന്നപ്പോൾ അശ്വിനി കണ്ടത് ടിക്കു ടിവിയിൽ ഏതോ ഹൊറർ മുവി കാണുന്നതാണ്. വാതിൽ തുറന്ന രമണിയോട് അവൾ ചോദിച്ചു.

‘ഞാൻ പറഞ്ഞിട്ടില്ലെ ഇവിടെ നിന്ന് സിനിമ്യൊന്നും കാണര്ത്ന്ന്, അതും ഇങ്ങനത്തെ വൃത്തികെട്ട സിനിമകള് മോന്റെ മുമ്പില് വച്ച് കാണര്ത്ന്ന്?’

‘ഞാൻ ടി.വി. തൊടാറില്ല ടീച്ചർ.’ അവൾ സത്യം പറഞ്ഞു.

‘പിന്നെ അവൻതന്ന്യാണോ ഈ ചവറൊക്കെ വച്ചുകാണണത്?’

‘അതെ, ടീച്ചർ.’

‘ഞാൻ പറഞ്ഞിട്ടില്ല്യേ ഇതൊന്നും കാണാൻ അവനെ സമ്മതിയ്ക്കരുത്ന്ന്?’

‘ഇന്നവൻ കാണണത് അവൻ തീരെ കാണാൻ പാടില്ല്യാത്തതാണ്ന്ന് തോന്നി. കൊറെ കാലത്തിനു ശേഷം ഞാനവനെ വിലക്കി. നോക്കൂ, അതിനു കിട്ട്യ സമ്മാനം.’

രമണി, അവളുടെ മുഖവും കഴുത്തും കൈയ്യും കാണിച്ചുകൊടുത്തു. അവിടെ മാന്തിയ പോറലുകളും കടിച്ചു ചോര വരുത്തിയപാടും തെളിഞ്ഞു കിടന്നു.

'പട്ടിണി കിടന്നാലും വേണ്ടില്ല ടീച്ചർ, ഇങ്ങിനത്തെ ജോലി എനിയ് ക്കു വേണ്ട.' അവൾ വിതുമ്പി. 'ഞാൻ ഈ ശനിയാഴ്ച പോവ്വാണ്. ഇനി രണ്ടു ദിവസുംകൂടിയ്യല്ലെള്ളു.'

അശ്വിനി, അമ്മ വന്നതുംകൂടി ശ്രദ്ധിക്കാതെ ടി.വി.സ്ക്രീനിൽ നോക്കിയിരിയ്ക്കുന്ന മകനെ നോക്കി. ഇങ്ങിനെയാണോ കുട്ടികൾ? ടീച്ചേഴ്സ് റൂമിൽ ഓരോ ടീച്ചർമാർ വീട്ടിലെത്തിയാലുള്ള അനുഭവങ്ങൾ വിവരിയ്ക്കാറുണ്ട്. അമ്മയെ കണ്ടാൽ മക്കൾക്കുള്ള ആർ ത്തി, കെട്ടിപ്പിടിയ്ക്കൽ, ഉമ്മവയ്ക്കൽ, സാരി അഴിച്ചുമാറ്റാൻകൂടി സമ്മതിയ്ക്കാ തെ അവർ പൊതിയുന്നു.....

അശ്വിനി ഒന്നും പറയാതെ അകത്തേയ്ക്കു പോയി.

മാഷ് എത്തിയപ്പോൾ എട്ടുമണിയാവുന്നേയുള്ളു. അയാൾ ആകെ പ്രക്ഷുബ്ധനായപോലെ തോന്നി.

'ആരു വന്നാലും വാതില് തൊറക്കണ്ട.'

'എന്തേ, കൊഴപ്പം വല്ലതുംണ്ടായ്യോ?'

'കുറച്ച്, സാരല്യ, നീ പരിഭ്രമിക്ക്യ്യോന്നും വേണ്ട.'

അര മണിക്കൂറിനുള്ളിൽ അവരെത്തി. വാതിൽക്കൽ ആദ്യം ഒരു മുട്ട്, പിന്നെ തുടർച്ചയായി മുട്ടുകൾ. ആൾക്കാരുടെ ബഹളം.

'പുറത്ത് കടക്കട നായിന്റെ.......'

മുട്ടലുകൾ നിന്നു. ഇപ്പോൾ വാതിലിനു മേൽ എന്തോ കനത്ത ആയുധം പതിയ്ക്കുന്ന ശബ്ദം. ഒരു മഴുവിന്റെ അലക് വാതിൽപ്പലകയിലൂടെ കടന്നുവന്നു. അവർ വാതിൽ വെട്ടിപ്പൊളിയ്ക്കുകയായിരുന്നു. രണ്ടു മിനുറ്റിനുള്ളിൽ വാതിൽ വെട്ടി തുറക്കപ്പെട്ടു. ഇരച്ചു കയറിയത് പത്തോ പന്ത്രണ്ടോ ആയുധധാരികൾ. മഴു, വടിവാൾ, നാടൻ തോക്ക്.....

ടി.വി.യിൽ നിന്ന് കണ്ണെടുത്ത് ടിക്കു ഈ കാഴ്ച രസത്തോടെ നോക്കി. ഒരു നിമിഷം മുമ്പുവരെ വിരസമായിരുന്ന സ്ക്രീൻ പെട്ടെന്ന് രസകരമാവുകയാണ്. വടിവാൾ ഓങ്ങി അച്ഛനെ വെട്ടുന്നതും, ഒരു ആർത്തനാദത്തോടെ അച്ഛൻ വീഴുന്നതും, വീണ്ടും വീണ്ടും വാളുകൾ പതിയ്ക്കുന്നതും, അടുത്ത നിമിഷം അമ്മയും ഒരു ചോരപ്രളയത്തിൽ മുങ്ങി വീഴുന്നതും അവൻ നോക്കിനിന്നു.

വന്നവർ വന്ന അതേ ബഹളത്തോടെ തിരിച്ചുപോകുന്നതും അവൻ കണ്ടു. അച്ഛനും അമ്മയും എഴുന്നേറ്റ് ചോരയെല്ലാം കഴുകിക്കളഞ്ഞ് വരാനായി അവൻ കാത്തിരുന്നു. അവർ എഴുന്നേൽക്കുകയുണ്ടായില്ല. സ്ക്രീനിന്റെ വിരസത അവനെ മുഷിപ്പിച്ചു. മുറിയുടെ ചാനൽ മാറ്റാനായി അവൻ റിമോട്ടിൽ ഞെക്കിക്കൊണ്ടിരുന്നു. ചാനൽ ഒരു രക്തപ്പുഴയിൽ ഉറച്ചുപോയിരുന്നു.

back to index

# ഒരു നാലു വയസ്സുകാരന്റെ പ്രശ്നങ്ങൾ

**മൂ**ന്നു വയസ്സു കഴിഞ്ഞപ്പോഴെ അപ്പുവിന് ഒരു കാര്യം വ്യക്തമായിരുന്നു. ലോകം താൻ വിചാരിക്കുന്ന മട്ടിൽ അത്ര എളുപ്പം ജീവിച്ചു പോകാൻ പറ്റുന്ന ഒന്നല്ല. അമ്മയ്ക്ക് തന്റെ കാര്യത്തിലുള്ള അശ്രദ്ധ അമ്മമ്മയുടെ അതിശ്രദ്ധയുമായി താരതമ്യപ്പെടുത്തുമ്പോൾ എത്ര ആശ്വാസകരമാണെന്ന് മനസ്സിലാവുന്നു. അമ്മമ്മ ഏതു നേരവും തന്റെ പിന്നാലെയാണ്. അച്ഛൻ അത്ര കുഴപ്പക്കാരനല്ല, പക്ഷേ അദ്ദേഹം ദൂരെ മുംബൈയിലാണ്. ഇതിൽ അല്പം ആത്മാവുള്ള കക്ഷി മുത്തച്ഛൻ മാത്രമാണ്. അമ്മമ്മ ഇഡ്ഢലി തിന്നാൻ നിർബ്ബന്ധിക്കുമ്പോഴും, കുളിപ്പിക്കാൻ പിടിച്ചുകൊണ്ടുപോകുമ്പോഴും തൽക്കാലത്തേയ്ക്കെങ്കിലും രക്ഷപ്പെടുത്തുന്നത് അദ്ദേഹമാണ്. വലിയ കാര്യമൊന്നുമില്ല. അരമണിക്കൂറിനുള്ളിൽ താൻ ഇഡ്ഢലിയ്ക്കു മുമ്പിലോ, മേലാസകലം എണ്ണയുമായി കുളിമുറിയിൽ അമ്മമ്മയുടെ സമരമുറകൾക്ക് ഇരയായി നിസ്സംഗതയോടെ നിൽക്കുകയോ ആവും. പിന്നെ നിരന്തരം സ്വീകരിക്കാൻ വിഷമമായ നിർദ്ദേശങ്ങളാണ്. എവിടെ പോകരുത്, എന്തു ചെയ്യരുത്, എന്തു ചെയ്യണം, എന്തു പറയണം. ഗതികെട്ടാൽ അപ്പു പറയുന്നു.

'അമ്മമ്മ ന്റെ ബി.പി. കൂട്ടര്ത്.'

കേട്ടുവരുന്ന മുത്തച്ഛൻ അവന്റെ നാഡി പിടിച്ചു നോക്കുന്നു. ഗൗരവത്തിൽ തലയാട്ടുന്നു.

'ശരിയാണ്. ബി.പി.ണ്ട്. എന്തിനാ ഈ കുട്ടിയ്ക്ക് ഇങ്ങിനെ ബി.പി.ണ്ടാക്കണത് അമ്മമ്മ? ആട്ടെ എന്റെ കയ്യിൽ മരുന്നുണ്ട്, തരാം.'

മുത്തച്ഛൻ എഴുന്നേറ്റു അകത്തു പോയി ചുമരിൽ തൂക്കിയിട്ട ഷർട്ടിൽ നിന്ന് ഗുളികകളടങ്ങുന്ന ഭംഗിയുള്ള പാക്കറ്റ് എടുത്തു. അതു ശരി! ഇതാണ് മുത്തച്ഛന്റെ ജാലവിദ്യയുടെ ഉറവിടം. ഇടയ്ക്കിടയ്ക്ക് കൈവഴക്കത്തോടെ ആകാശത്തുനിന്ന് എടുക്കുന്ന മിട്ടായികൾ ഇവിടെനിന്നാണല്ലേ വരുന്നത്. അതിനുശേഷം ജാലവിദ്യയുടെ ഭാഗം അപ്പു തന്നെ ഏറ്റെടുത്തു. വേദിയിലെത്താൻ ഒരു കസേല വലിച്ചിടണമെന്നു മാത്രം.

പോസ്റ്റ്മാൻ വന്നപ്പോൾ കുറച്ചു സസ്പെൻസുണ്ടായി. അയാൾ ചോദിച്ചു.

'ആരാണ് ആനന്ദ്?'

മുംബൈയിൽനിന്ന് രണ്ടാഴ്ച മുമ്പ് വന്നശേഷം കത്തുകൾ വാങ്ങുന്ന ജോലി അപ്പുവിന്റെ കുത്തകയാണ്. അപ്പു പറഞ്ഞു.

'ഞാനാണ്.'

പോസ്റ്റ്മാന്റെ മുഖത്ത് സംശയം.

'മോന്റെ പേര് അപ്പൂന്നല്ലെ?'

'എന്റെ പേര് അപ്പൂന്നാ, അല്ല ആനന്ദ് ന്നാ. എന്നെ വിളിക്കണ പേരാ അപ്പൂന്ന്.'

കണ്ടില്ലേ രണ്ടു പേരുണ്ടായതുകൊണ്ടുള്ള ആശയക്കുഴപ്പം? ഈ ഇരട്ടപ്പേര് തനിക്കൊരു ഇരട്ട വ്യക്തിത്വം നൽകുകയാണ്. അതിഥികൾ വന്നാൽ ചോദിക്കുന്നു.

'മോനെവിടെ?'

അപ്പുവിനെ ആചാരപൂർവ്വം അവതരിപ്പിക്കുന്നു.

'മോന്റെ പേരെന്താ?'

മടിച്ചു നിൽക്കുന്ന അപ്പുവിനെ അമ്മ പ്രോത്സാഹിപ്പിക്കുന്നു.

'മോന്റെ പേര് പറഞ്ഞുകൊടുക്ക്.'

അവൻ സംശയിച്ചുകൊണ്ട് പറയുന്നു.

'ആനന്ദ്.'

കാര്യമിങ്ങനെയാണ്. തന്നെ ആനന്ദ് എന്നു വിളിക്കുന്നവരോടും അപ്പു എന്നു വിളിക്കുന്നവരോടും രണ്ടുതരം പെരുമാറ്റമാണ് വേണ്ടത്. ആനന്ദ് എന്നു വിളിക്കുന്നവർ നഴ്സറി റൈം ചെല്ലാൻ പറഞ്ഞാൽ യാതൊരു സംശയവും കൂടാതെ തനിക്ക് മുഴുവനും അറിയുന്ന ഒരേയൊരു റൈമായ 'ബാബാ ബ്ലാക് ഷീപ് ഹാവ്യു എനി വൂൾ..' ചെല്ലണം. അമ്മയുടെ ആത്മാഭിമാനത്തിന്റെ പ്രശ്നമാണ്. അവർ മിടുക്കൻ എന്നു പറഞ്ഞാൽ 'താങ്ക് യു ആന്റി' അല്ലെങ്കിൽ 'താങ്ക് യു അങ്കിൾ' എന്നു പറഞ്ഞ് പ്രശ്നങ്ങളൊന്നുമുണ്ടാക്കാതെ സ്ഥലം വിടണം. മറിച്ച് അപ്പു എന്നു വിളിക്കുന്നവരുടെ അടുത്ത് യാതൊരു ഔപചാരികതയും ആവശ്യമില്ല. അതായത് തന്റെ ശരിക്കുള്ള സ്വഭാവം കാണിക്കാം. അമ്മയ്ക്കത് പ്രശ്നമാവുമെങ്കിലും.

ഒപ്പിട്ടു കൊടുക്കുക മുതലായ ചടങ്ങുകളെല്ലാം അമ്മയ്ക്ക് വിട്ടുകൊടുത്ത് പോസ്റ്റ്മാൻ തന്ന പാക്കറ്റുമായി അപ്പു അകത്തേയ്ക്കോടി. കാര്യമില്ല. പാക്കറ്റ് തുറക്കണമെങ്കിൽ അമ്മ തന്നെ വേണം. അച്ഛന്റെ ഒരു പാക്കിങ്! ഈ മുത്തച്ഛൻ ഇങ്ങിനെയുള്ള ആവശ്യങ്ങൾക്ക് സഹായിക്കാനുണ്ടാവില്ല. അമ്മ വന്നു, തന്റെ ക്ഷമ പരിശോധിച്ചുകൊണ്ട് പാക്കറ്റ് സാവധാനത്തിൽ അഴിച്ചു. ഭംഗിയുള്ള മഞ്ഞ ടീഷർട്ടും ട്രൗസറും. ഒപ്പം ഒരു ബർത്ത്ഡേ കാർഡും. നല്ല പിറന്നാൾ സമ്മാനം, പക്ഷേ അച്ഛന് കുറച്ചുകൂടി ഭാവനയുണ്ടാകുമെന്ന് അപ്പു പ്രതീക്ഷിച്ചിരുന്നു. സമ്മാനമായി കിട്ടേണ്ടത് എന്തെങ്കിലും കളിപ്പാട്ടങ്ങളാണ്, പിന്നെ ബോണസ്സായി ചോക്കളേറ്റും.

അപ്പു അല്പം നിരാശയോടെ എഴുന്നേറ്റു. അപ്പോഴാണ് അമ്മ പെട്ടിയുടെ അടിയിൽ ഉണ്ടായിരുന്ന തെർമോ

ക്കോൾ കഷ്ണം പൊന്തിച്ചു നോക്കിയതും മൂന്നു ചോക്കളെറ്റ് ബാറുകളും രണ്ട് മിനിക്കാറുകളും പ്രത്യക്ഷപ്പെട്ടതും. അച്ഛന്റെ ഭാവനയെപ്പറ്റി പറഞ്ഞതെല്ലാം പിൻവലിച്ചിരിക്കുന്നു. അവൻ ഉടുപ്പും ചോക്കളേറ്റുകളും മാറ്റിവച്ച് തന്റെ കാർ ഫ്ളീറ്റിൽ പുതുതായി ചേർത്ത രണ്ടു കാറുകൾ ഓടിക്കാൻ തുടങ്ങി.

പിറന്നാൾ ദിവസം മറ്റെല്ലാ ദിവസത്തെയും പോലെ പിറന്നു. ഒരു മിനുറ്റ്..... പറയാറായിട്ടില്ല. അമ്മമ്മയുടെ വരവുണ്ട്.

'മോനെ ഇന്ന് മോന്റെ പിറന്നാളല്ലെ. നേരത്തെ കുളിച്ച് അമ്പലത്തിൽ പോണം. എണീക്ക്.'

ഞാൻ പറഞ്ഞില്ലെ? അപ്പു സ്വയം പറഞ്ഞു. രാവിലെ ഏഴുമണിയ്ക്ക് എഴുന്നേറ്റ് കുളിക്കുക! ഒരു നല്ല ദിവസത്തിന്റെ തുടക്കത്തെപ്പറ്റി തനിക്കുള്ള സങ്കല്പമല്ല അമ്മമ്മയക്കുള്ളത്. ഇനി ഈ വയസ്സുകാലത്ത് അതു മാറ്റാൻ പറ്റുമോ? അമ്മമ്മയുടെ കയ്യിൽനിന്ന് അമ്മ എങ്ങിനെയാണ് രക്ഷപ്പെടുന്നത് എന്ന് പഠിക്കണമെന്ന് അപ്പു തീർച്ചയാക്കി. അമ്മമ്മ രാവിലെതൊട്ട് അമ്മയോട് കുളിക്കാൻ പറഞ്ഞുതുടങ്ങും, എന്നാലും അമ്മ കുളിക്കുന്നത് അടുക്കളയിലെ ജോലിയെല്ലാം കഴിഞ്ഞശേഷം പന്ത്രണ്ടു മണിക്കാണ്. അതും അന്ന് കുളിക്കാനുള്ള ഉദ്ദേശ്യമുണ്ടെങ്കിൽ മാത്രം.

മുത്തച്ഛന്റെ സമീപനവും തീരെ സഹായകമായിരുന്നില്ല. പിറന്നാൾ ദിവസം രാവിലെത്തന്നെ കുളിച്ച് അമ്പലത്തിൽ പോകണമെന്ന അഭിപ്രായമായിരുന്നു അദ്ദേഹത്തിന്. ഇനി ആരുടെ സഹായമാണ് തേടുക? അമ്മയുടെയോ? ശരിയായി! ദോശയുണ്ടാക്കുന്നതിനിടയിൽ ഉപദേശം തേടിയാൽ ഉപദേശത്തിനു പകരം കിട്ടുന്നത് ചന്തിമേൽ ചട്ടുകംകൊണ്ട് രണ്ടടിയായിരിക്കും. വിധിയോട് പൊരുത്തപ്പെടാൻ തന്നെ അപ്പു തീരുമാനിച്ചു.

അമ്പലത്തിൽവച്ച് അവൻ പ്രാർത്ഥിച്ചത് അമ്മമ്മയുടെ കിടികിടിയാക്കുന്ന സ്വഭാവം മാറ്റണേ എന്നാണ്. മറ്റെല്ലാ കാര്യങ്ങളും പ്രാർത്ഥിക്കാതെത്തന്നെ അവന് കിട്ടുന്നുണ്ട്. അച്ഛൻ വന്ന് തന്നേയും അമ്മയേയും വേഗം കൊണ്ടുപോകണമെന്നും അവൻ പ്രാർത്ഥിച്ചു. അപ്പോഴാണ് മുത്തച്ഛന്റെ ഓർമ്മ വന്നത്. മുത്തച്ഛനെ അവന് നല്ല ഇഷ്ടമായിരുന്നു. അതുപോലെത്തന്നെ അമ്മമ്മയേയും. പിന്നാലെ നടന്ന് സ്വൈരം കെടുത്തുന്ന പതിവില്ലെങ്കിൽ അമ്മമ്മയും നല്ലതുതന്നെ. അവരെ വിട്ടു പോകുന്ന കാര്യം ആലോചിക്കുമ്പോൾ വിഷമം. എന്തെങ്കിലുമാവട്ടെ അച്ഛൻ വന്ന് കൊണ്ടുപോകുന്ന ദിവസത്തിന്റെ കാര്യം അവൻ ദൈവത്തിനു വിട്ടുകൊടുത്തു.

അമ്പലത്തിൽനിന്നു തിരിച്ചു വീട്ടിലെത്തിയപ്പോഴാണ് കണ്ടത്. അമ്മ മേശമേൽ പിറന്നാൾ കേക്ക് ഒരുക്കിയിരിക്കുന്നു. കേക്കിന്മൽ ഹാപ്പി ബർത്ത്ഡേ ടു ആനന്ദ് എന്നെഴുതി നാലു മെഴുകുതിരികൾ ഉറപ്പിച്ചത് കത്തിക്കാനുള്ള ശ്രമത്തിലാണ്. കേക്കു മുറിക്കാനുള്ള കത്തിയുടെ പിടിമേൽ ചുവപ്പു റിബ്ബൺ. എല്ലാം മുംബൈയിലെ ഫ്ളാറ്റിൽ ചെയ്യുന്നപോലെ. എല്ലാം? ഇല്ല അവന്റെ മുംബൈ കൂട്ടുകാരായ കുട്ടികളാരുമില്ല. ഉള്ളതാകട്ടെ വല്ല്യമ്മയുടെ മകൾ ശാലിനിയാണ്. അപ്പു മുഖം കനപ്പിച്ചു. ഇന്നലെ വൈകുന്നേരം അടിപിടികൂടി പോയതാണ്. ഇപ്പോൾ വന്നിരിക്കുന്നു! അമ്മ കൂട്ടിക്കൊണ്ടു വന്നതാവും.

ശാലിനി പറഞ്ഞു.

'ഹാപ്പി ബർത്ത്ഡേ അപ്പൂ.'

ഇത് അമ്മ പഠിപ്പിച്ചുകൊടുത്തതാവാനെ വഴിയുള്ളു. ഇത്രയും സംസ്കാരമുള്ള വാക്കുകളൊന്നും ആ അഞ്ചു വയസ്സുകാരിയുടെ വായിൽ നിന്ന് വീഴാറില്ല. അവൻ മറുപടിയൊന്നും പറയാതെ മുഖം വീർപ്പിച്ചുനിന്നു. ഒരു പിറന്നാൾ ആഘോഷത്തിനു തുടക്കം കുറിക്കാൻ പറ്റിയ കമ്പനിയൊന്നുമല്ല മുമ്പിലുള്ളത്. അമ്മ വിളിച്ചു.

'അപ്പൂ.'

ആ വിളിയിലെ നീട്ടലിൽ ഒളിച്ചിരുന്ന ഭീഷണി അവന്ന് അവഗണിക്കാൻ പറ്റിയില്ല. അവൻ ഓട്ടക്കണ്ണിട്ട് അമ്മയെ നോക്കി.

'ശാലിനി വിഷ് ചെയ്തത് കേട്ടില്ലെ?'

അപ്പു തലയാട്ടി.

'അവൾക്ക് താങ്ക്യു പറയൂ.'

അവൻ ചുറ്റും നോക്കി. തന്റെ ഭാഗത്താണെന്ന് വിശ്വസിക്കുന്ന മുത്തച്ഛനോ അമ്മമ്മയോ ചുറ്റുവട്ടമൊന്നും കാണാനില്ല. സ്ഥിതി കൂടുതൽ വഷളാകുന്നതിനുമുമ്പ് കാര്യം രമ്യമായി പരിഹരിക്കുന്നതായിരിക്കും ഭംഗി. അവൻ വളരെ ഔപചാരികമായി പറഞ്ഞു.

'താങ്ക്യു.'

പക്ഷേ കേക്ക് മുറിച്ചപ്പോൾ ഏറ്റവും ചെറിയ കഷ്ണം ശാലിനിക്ക് കൊടുത്തുകൊണ്ട് അപ്പു പകരം വീട്ടി. അതുകൊണ്ട് കാര്യമില്ലെന്നറിയാം, കാരണം കേക്കിന്റെ പകുതിയും പോകുക വല്ല്യമ്മയുടെ വീട്ടിലേയ്ക്കു തന്നെയായിരിക്കും. അവിടെ ശാലിനിയുടെ സാമ്രാജ്യമാണ്. എങ്കിലും സ്വന്തം വിശ്വാസപ്രമാണങ്ങൾ കാത്തുസൂക്ഷിക്കാൻ ശ്രമം നടത്തിയെന്നെങ്കിലും ആശ്വസിക്കാമല്ലൊ.

ഉച്ചത്തെ സദ്യ ഗംഭീരമായിരുന്നു. മുംബൈയിൽ ഇത്ര നല്ല സദ്യയൊന്നും അവൻ കഴിച്ചിട്ടില്ല. ഊണുകഴിഞ്ഞപ്പോൾ ശാലിനിയുടെ പ്രലോഭനങ്ങൾക്കു വഴങ്ങി പാമ്പും കോണിയും കളിക്കാനിരുന്നു, തന്റെ കരുക്കൾ പാമ്പുകൾ വിഴുങ്ങുന്നതിനിടയിൽ എപ്പോഴോ ഉറങ്ങിപ്പോവുകയും ചെയ്തു.

എഴുന്നേറ്റപ്പോൾ സമയം വൈകുന്നേരമായിരുന്നു. അടുക്കളയിൽ അമ്മയുടെയും അമ്മമ്മയുടെയും ബഹളം കേൾക്കാനുണ്ട്. ആ ഭാഗത്തേയ്ക്കു പോകാൻ താല്പര്യമില്ലാതെ അവൻ ഉമ്മറത്തേയ്ക്കു നടന്നു. കോലായിൽ ഇരിക്കാറുള്ള മുത്തച്ഛനെ അവിടെ കണ്ടില്ല. ഇനി? വേണമെങ്കിൽ അടുക്കളയിൽ പോയി എന്തെങ്കിലും കാരണം പറഞ്ഞ് ബഹളമുണ്ടാക്കാം. അപ്പോഴാണ് മുത്തച്ഛന്റെ വിളി കേട്ടത്.

‘അപ്പൂ.’
മുത്തച്ഛൻ മുറ്റത്ത് നടക്കുകയാണ്. മുണ്ടും, തോളത്തിട്ട തോർത്തും വേഷം.
‘അപ്പു ഇവിടെ വാ.’
‘മുത്തച്ഛൻ എന്താ ചെയ്യണത്?’ അവൻ ചോദിച്ചു. എന്നും ഈ സമയത്ത് ഉമ്മറത്ത് ചാരുകസേലയിൽ ഇരിക്കാറുള്ള മുത്തച്ഛൻ ഇന്നെന്താണ് എഴുന്നേറ്റു നടക്കുന്നത്? അവൻ മുറ്റത്തേയ്ക്ക് ഇറങ്ങിച്ചെന്നു.
‘ഉച്ചയ്ക്ക് കുറച്ചു കൂടുതൽ ഊണുകഴിച്ചു.’ വയർ തലോടിക്കൊണ്ട് അദ്ദേഹം പറഞ്ഞു. ‘കുറച്ചു നേരം നടക്കട്ടെ.’
ശരിയാണ്, അപ്പുവിന് ഓർമ്മ വന്നു. മുത്തച്ഛൻ കുടുതൽ ഊണുകഴിച്ചിട്ടുണ്ട്. പാവം തോന്നിയിട്ടായിരിക്കണം അമ്മമ്മയുടെ സാധാരണ ഇടപെടൽ ഇന്നുണ്ടായിരുന്നില്ല. മുത്തച്ഛന്റെ വയർ നല്ലവണ്ണം വീർത്തിരുന്നു. പറഞ്ഞപ്പോഴാണ് ഓർത്തത്. താനും നന്നായി ഊണു കഴിച്ചിരുന്നു. പായസവും രണ്ടു ഗ്ലാസ്സ് കുടിച്ചിട്ടുണ്ട്. കുറച്ചു നടത്തം തനിക്കും ആകാം. അവൻ മുത്തച്ഛന്റെ ഒപ്പം നടക്കാൻ തുടങ്ങി. അമ്മമ്മ ഉമ്മറത്തു വന്ന് കുറച്ചുനേരം ഈ രംഗം വീക്ഷിച്ചു. മുത്തച്ഛന്റെ ഇടത്തുവശത്തായി പേരക്കുട്ടിയും നടക്കുന്നു. കൈകൾ പിന്നിൽ കെട്ടിക്കൊണ്ട് വലിയൊരാളെപ്പോലെയാണ് നടത്തം.
‘എന്താ മുത്തച്ഛനും പേരക്കുട്ടീം കൂടി നടക്ക്വാ?’
അവൻ അമ്മമ്മയെ ഒന്നു നോക്കി മുഖം തിരിച്ചു. അമ്മമ്മ പറയുന്ന എല്ലാ കാര്യങ്ങളും ഗൗരവമായി എടുക്കരുതെന്ന് അപ്പുവിന്നറിയാം. ഇത് അവനും മുത്തച്ഛനും കൂടിയുള്ള ഇടപാടാണ്. അതിൽ അമ്മമ്മയ്ക്കെന്തു കാര്യം? പിന്നീട് നടത്തം തുടർന്നപ്പോൾ ഒരു വീണ്ടുവിചാരത്തോടെ അവൻ പറഞ്ഞു. ഒരു കാര്യം പറഞ്ഞേയ്ക്കാം. ഇനി ഇതിൽ ഫെമിനിസമൊന്നും വലിച്ചിഴക്കേണ്ട.
‘എന്താ മോൻ പിറുപിറുക്കണത്?’ മുത്തച്ഛൻ ചോദിച്ചു.
‘ഒന്നുംല്ല്യ.’
അമ്മമ്മ പോയി. ഇത്രയേള്ളു കാര്യം. അവൻ സ്വയം പറഞ്ഞു.
മുത്തച്ഛൻ നിന്ന് അപ്പുവിന്റെ മുഖത്ത് കണ്ണടയുടെ വിടവിലൂടെ നോക്കി.
‘മോൻ എന്തോ പറയ്ണ്ണ്ട്ല്ലോ. എണീറ്റ്ട്ട് പാല് കുടിച്ചോ?’
‘പാലോ? ഞാൻ ചായ്യാണ് കുടിക്കാറ്. രാവിലെ മാത്രെ പാല് കുടിക്കൂ.’
‘എന്നാൽ വരൂ. നമുക്ക് അടുക്കളേല് പോയി നോക്കാം ചായ കിട്ട്വോന്ന്. മുത്തച്ഛൻ നാല് മണിക്ക് ഒരു ചായ കുടിച്ചു. ഇപ്പൊ ആറായില്ലെ. ഇനി മോന്റെ ഒപ്പം ഒരു ചായ കൂടി ആവാം.’
‘ഇപ്പൊ വേണ്ട മുത്തച്ഛാ, നമുക്ക് നടക്കാം.’
മുത്തച്ഛന്റെ ഒപ്പമുള്ള ആ നടത്തം അവന് ഇഷ്ടമായി.
അമ്മയും അമ്മമ്മയും അടക്കളയിൽ പാത്രങ്ങളുമായി പൊരുതുമ്പോൾ മുത്തച്ഛനും പേരക്കുട്ടിയും പുരുഷമേധാവിത്വത്തിന്റെ ചിഹ്നമായ സായാഹ്നസവാരി തുടർന്നു.
കുറച്ചുനേരം അങ്ങിനെ നടന്നപ്പോൾ ഒരു കുട്ടിയുടെ ശബ്ദം കേട്ടു.
‘വെശക്കുണൂ, എന്തെങ്കിലും തിന്നാൻ തര്വോ?’
അപ്പു ആലോചിച്ചു, ഇത് ഞാൻ പറയുന്നതല്ലല്ലോ. കാരണം തനിക്ക് വിശക്കുന്നില്ല. മുത്തച്ഛനും കരുതിയത് അപ്പുവാണത് പറഞ്ഞതെന്നായിരുന്നു. അദ്ദേഹം അവന്റെ മുഖത്തു നോക്കി. അവൻ തലയാട്ടി.
‘ഞാനൊന്നും പറഞ്ഞില്ല മുത്തച്ഛാ.’
അവർ തിരിഞ്ഞുനോക്കി.
ഗെയ്റ്റിൽ ഒരു കുട്ടി നിൽക്കുന്നു. അപ്പുവിനെക്കാൾ ഒന്നോ രണ്ടോ വയസ്സു കൂടുതൽ കാണും. ഒരു ട്രൗസർ മാത്രമിട്ട് ഇരുമ്പുഗെയ്റ്റിന്റെ അഴികൾ പിടിച്ച് അവൻ നില്ക്കുകയാണ്. അവർ ഗെയ്റ്റിലേയ്ക്കു നടന്നു. ഇരുണ്ട നിറം, എണ്ണമയമില്ലാത്ത പാറിപ്പറന്ന മുടി. മെലിഞ്ഞ ശരീരത്തിൽ ഒട്ടിയ വയർ വാചാലമായി.
‘വെശക്കുണു.....’ അവൻ വീണ്ടും പറഞ്ഞു.
ഗെയ്റ്റിനടുത്തെത്തിയപ്പോൾ മുത്തച്ഛൻ പറഞ്ഞു.
‘പോ, പോ, ഇപ്പൊ ഒന്നുംല്ല്യ.’ പിന്നെ തന്നോടുതന്നെ എന്ന മട്ടിൽ പറഞ്ഞു. ‘സന്ധ്യാനേരത്ത് ഓരോരുത്തര് കേറി വരും. അശ്രീകരം.’
അപ്പു വല്ലാതായി. ആ കുട്ടിയുടെ സ്ഥിതി വളരെ കഷ്ടമായിരിക്കണം. താൻ ഉച്ചയ്ക്ക് സദ്യയുണ്ടതുകൊണ്ടാണ് ഇത്രയും നേരം വിശപ്പില്ലാതിരുന്നത്. എന്നിട്ടും ഇപ്പോൾ വിശന്നു തുടങ്ങിയിരിക്കുന്നു. മുത്തച്ഛന്റെ ഒപ്പം നടക്കാനുള്ള രസംകൊണ്ട് മാത്രമാണ് അടുക്കളയിലേയ്ക്കോടാതിരിക്കുന്നത്. ആ കുട്ടിയ്ക്ക് ശരിക്കും വിശക്കുന്നുണ്ടാവും. മുത്തച്ഛൻ അമ്മമ്മയെ വിളിച്ച് വല്ലതും കൊടുക്കാൻ പറയുമെന്നാണവൻ പ്രതീക്ഷിച്ചത്.
‘എന്തെങ്കിലും തരൂ, വെശന്നിട്ടാണ്.’ അവൻ കെഞ്ചുകയാണ്.
‘പോവാൻ പറഞ്ഞില്ലെ?’ മുത്തച്ഛൻ ശബ്ദമുയർത്തി.
അവൻ ഗെയ്റ്റിൽ പിടിച്ച മെലിഞ്ഞ കൈകൾ അടർത്തിയെടുത്തു തിരിഞ്ഞു. നിരത്തിലെത്തിയപ്പോൾ ഒരിക്കൽ തിരിഞ്ഞു നോക്കി. ഉള്ളവരുടെ ദയാദാക്ഷിണ്യമുണരുകയും അവനെ തിരിച്ചു വിളിക്കുകയും ചെയ്യുമെന്ന് ആ കുട്ടി കരുതിയിരിക്കണം. തിരിച്ചുവിളിയുണ്ടായില്ല.
മുത്തച്ഛൻ തിരിച്ചു നടക്കാൻ തുടങ്ങി. അപ്പു ഗെയ്റ്റും പിടിച്ചുകൊണ്ട് നിന്നു. അവന്റെ മുഖം വാടിയിരുന്നു. അപ്പു കുറച്ചുനേരം എന്തോ ആലോചിച്ചു. മുംബൈയിൽ അവന്റെ വീടിനെപ്പറ്റി, അച്ഛനെപ്പറ്റി, അവന്റെ നഴ്സറി സ്കൂളി

നെപ്പറ്റി. രാവിലെ ഏഴു മണിയ്ക്ക് പ്രാതൽ കഴിഞ്ഞ് സ്കൂളിൽ പോകുമ്പോൾ സ്കൂൾബാഗിൽ രണ്ട് ലഞ്ചു ബോക്സുകളുണ്ടാവും. സ്കൂളിലെത്തിയാലുടൻ ഒരെണ്ണം തുറന്ന് കാലിയാക്കുന്നു. സ്കൂൾ ബസ്സിൽവെച്ച് ലഞ്ചു ബോക്സ് തുറക്കുന്നവരും ഉണ്ട്. രണ്ടാമത്തേത് പതിനൊന്നു മണിയ്ക്ക് ലഞ്ചുടൈമിലും. അതുകഴിഞ്ഞ് ഒരു മണിയ്ക്ക് യാത്ര തുടങ്ങുന്ന സ്കൂൾ ബസ്സ് എല്ലായിടത്തും കറങ്ങി കുട്ടികളെ ഇറക്കി അപ്പു താമസിക്കുന്നിടത്തെത്തുമ്പോൾ സമയം ഒന്നരയാകുന്നു. സ്കൂൾ ബാഗ് വലിച്ചറിഞ്ഞ് അടുക്കളയിലേയ്ക്കോടി ഫ്രിഡ്ജിൽനിന്നോ, അലമാറികളിൽനിന്നോ കിട്ടാവുന്നതൊക്കെയെടുത്ത് വാരിത്തിന്നുന്നു. കടും വിശപ്പ് ഒരുമാതിരി മാറിയാലെ, അപ്പോഴേയ്ക്ക് അമ്മ മേശപ്പുറത്ത് നിരത്തിയ ഭക്ഷണത്തിനു മുമ്പിലിരിക്കൂ.

രണ്ടു ചാൽ നടന്നശേഷം മുത്തച്ഛൻ അവന്റ അടുത്തു വന്ന് ചോദിച്ചു.

‘എന്താ മോൻ നടക്ക്ണ്ല്ല്യേ?’

അവന്റെ മറുപടി കിട്ടാതിരുന്നപ്പോൾ മുത്തച്ഛൻ ചോദിച്ചു.

‘എന്താ അപ്പൂ?’

അവന്റെ മുഖം അപ്പോഴാണ് മുത്തച്ഛൻ ശ്രദ്ധിക്കുന്നത്. അദ്ദേഹം ചോദിച്ചു.

‘എന്താ അപ്പൂന്റെ മുഖത്തൊരു വല്ലായ?’

‘മുത്തച്ഛനെന്താ ആ കുട്ടിക്ക് ഒന്നും കൊടുക്കാതിരുന്നത്? അവന് നല്ല വെശപ്പ്ണ്ടന്ന് തോന്നുണു.’

‘മോനെ, സന്ധ്യയ്ക്ക് വിളക്കു കൊളുത്തണ നേരത്ത് ഭിക്ഷ കൊടുക്കാൻ പാടില്ല. അശ്രീകരാണ്.’

‘പക്ഷേ മുത്തച്ഛാ അവന് നല്ല വെശപ്പ്ണ്ടായിരുന്നു. അതോണ്ടല്ലെ അവൻ ചോദിച്ചത്?’

മുത്തച്ഛൻ ഒന്നും പറഞ്ഞില്ല.

അപ്പു ആലോചിക്കുകയായിരുന്നു. മുതിർന്നവർക്കു മനസ്സിലാവാത്ത വിശപ്പിനെപ്പറ്റി. അവൻ പറഞ്ഞു.

‘മുത്തച്ഛാ....’

‘എന്താ മോനേ.’

‘ഞാനാണ്പ്പൊ ആ കുട്ടീടെ സ്ഥാനത്ത് ഇങ്ങനെ നടക്ക്ണ്ച്ചാലോ? എന്നിട്ട് ഈ വീട്ടിലെത്ത്യാ അപ്പഴും മുത്തച്ഛൻ ഇത് പറയ്വോ?’

‘അയ്യോ, മോൻ എന്തൊക്ക്യാണ് പറേണത്?’ അദ്ദേഹം അവനെ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു. ഒരു നിമിഷം എന്താണ് ചെയ്യേണ്ടതെന്നറിയാതെ പകച്ചു നിന്നശേഷം അദ്ദേഹം ഗെയ്റ്റ് തുറന്ന് നിരത്തിലേയ്ക്കിറങ്ങി. ധൃതിയിൽ ആ കുട്ടി പോയ വഴിയിൽ കുറച്ചു നേരം നടന്നു. ഒപ്പം അപ്പുവുമുണ്ടായിരുന്നു. പക്ഷേ ആ കുട്ടി എവിടെയുമുണ്ടായിരുന്നില്ല. ഒരഞ്ചു മിനിറ്റുനേരത്തെ തിരച്ചിലിനു ശേഷം തിരിച്ചു നടക്കുമ്പോൾ മുത്തച്ഛൻ അദ്ഭുതപ്പെട്ടു.

‘അല്ലാ, ഇത്രവേഗം അവൻ എങ്ങോട്ടു പോയി?’

‘ആർക്കെങ്കിലും സങ്കടം തോന്നി അവന് ഭക്ഷണം കൊട്ക്ക്ണ്ണ്ടാവും.’

അപ്പു സ്വയം ആശ്വസിക്കാനായി പറഞ്ഞു.

back to index